# ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ
# DIPLOMA IN ELEMENTARY EDUCATION D.El.Ed.

സെമസ്റ്റർ – 1

## പേപ്പർ – 102 വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ

യൂണിറ്റ് 1 – വിദ്യാഭ്യാസത്തിന്റെ വളർച്ചയും വികാസവും
യൂണിറ്റ് 2 – കേരളവിദ്യാഭ്യാസം – വളർച്ചയും വികാസവും
യൂണിറ്റ് 3 – വിദ്യാഭ്യാസദർശനങ്ങൾ
യൂണിറ്റ് 4 – അധ്യാപകവിദ്യാഭ്യാസം


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (**SCERT**)

# വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവും ചരിത്രപരവുമായ അടിത്തറ

## യൂണിറ്റ് : 1 വിദ്യാഭ്യാസത്തിന്റെ വളർച്ചയും വികാസവും

### ആമുഖം

വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധം, ഇന്ത്യൻ വിദ്യാഭ്യാത്തിന്റെ വളർച്ചയും വികാസവും, ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കു സഹായകമായി വർത്തിച്ച നിയമനിർമ്മാണങ്ങളും വിദ്യാഭ്യാസകമ്മീഷനുകളും സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ വിദ്യാഭ്യാസത്തിനുണ്ടായ പുരോഗതി, വർത്തമാന ഇന്ത്യൻവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ എന്നിവ സമഗ്രമായി പ്രതിപാദിക്കുന്ന യൂണിറ്റാണിത്. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വിശകലനത്തിലൂടെ അതു നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്താൻ കഴിയേണ്ടതുണ്ട്. ഇതിനാവശ്യമായ ആശയപരമായ അടിത്തറയുണ്ടാക്കുകയാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം.

### പഠനനേട്ടം

വിദ്യാഭ്യാസവും സമൂഹവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്തു കണ്ടെത്തുന്നു.

### പ്രധാനാശയങ്ങൾ

- വിദ്യാലയം ഒരു സാമൂഹിക സ്ഥാപനം.
- വിദ്യാലയവളർച്ചയിൽ സമൂഹത്തിനും സാമൂഹിക വളർച്ചയിൽ വിദ്യാലയത്തിനും പങ്കുണ്ട്.
- സമൂഹത്തിന്റെ കാഴ്ചപ്പാടും ആശയങ്ങളുമാണ് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തീരുമാനിക്കുന്നത്.
- പൊതുവിദ്യാലയങ്ങൾ മതേതരജനാധിപത്യസ്ഥാപനം.

**താഴെക്കൊടുത്ത ചോദ്യങ്ങളോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്?**

- വിദ്യാഭ്യാസത്തിന് സാമൂഹികലക്ഷ്യങ്ങളുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ?
- വിദ്യാലയം ഒരു സാമൂഹികസ്ഥാപനമാണെന്ന് പറയുന്നത് എന്തുകൊണ്ടാണ്?
- നാടിന്റെ പുരോഗതിക്കും ക്ഷേമത്തിനും വിദ്യാഭ്യാസം സഹായകമാണോ? എന്തുകൊണ്ട്?
- കേരളത്തിലെ വിദ്യാലയങ്ങൾ സാമൂഹിക ഇച്ഛകൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നത്? എന്തുകൊണ്ട്?

ഈ മേഖലയുമായി ബന്ധപ്പെട്ട ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് വായനയിലൂടെ ആശയങ്ങൾ ശേഖരിക്കാവുന്നതാണ്. ഇതിനായി ഉപയോഗപ്പെടുത്താവുന്ന പുസ്തകങ്ങൾ.


1. വിദ്യാഭ്യാസത്തിന്റെ സാമൂഹ്യഭൂമിക ജെ. ജോസഫ് (കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്)
2. Sociology – Principles of Sociology with an itnroduction to Social thought – C.N. Shankar Rao S. Chand & Company Ltd.
3. വിദ്യാഭ്യാസം ഡോ. കെ. ശിവദാസൻപിള്ള (കലാനികേതൻ, നന്ദാവനം) ഉള്ളടക്കം

**ഉള്ളടക്കം**

വ്യക്തിത്വവികസനപ്രക്രിയയാണ് വിദ്യാഭ്യാസം. ശിശുവിന്റെ വിദ്യാഭ്യാസം മാതാപിതാക്കളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമാണ്. മനുഷ്യസമൂഹത്തിന്റെ ആവിർഭാവത്തോടൊപ്പം വിദ്യാഭ്യാസവും നിലവിൽ വന്നു. സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഒപ്പം വിദ്യാഭ്യാസരീതിയും അതിന്റെ ഉള്ളടക്കവും മാറുകയും വികസിക്കുകയും ചെയ്തു. ഇന്ന് വിദ്യാഭ്യാസം വ്യവസ്ഥാപിതമാവുകയും ഏറെക്കുറെ രാഷ്ട്രങ്ങളുടെ ഉത്തരവാദിത്തമായി മാറുകയും ചെയ്തിരിക്കുന്നു.

സമൂഹത്തിലാണ് വ്യക്തിവളരുകയും വികസിക്കുകയും ചെയ്യുന്നത്. ഭാഷ, പെരുമാറ്റരീതികൾ, വിട്ടുവീഴ്ച ചെയ്ത് പൊരുത്തപ്പെട്ടു ജീവിക്കാനുള്ള കഴിവ് എന്നിവയെല്ലാം ഓരോരുത്തരും നേടുന്നത് സാമൂഹികജീവിതത്തിലൂടെയാണ്. വ്യക്തിവികസനം നടക്കുന്നത് അതാത് സമൂഹത്തിന്റെ പാരമ്പര്യം അനുസരിച്ചാണ് ഭാഷ, മതം, സംസ്കാരം, ആചാരങ്ങൾ, ജീവിതരീതികൾ മുതലായവയാണ് സമൂഹത്തിന്റെ പാരമ്പര്യത്തെ നിർണയിക്കുന്നത്. പാരമ്പര്യത്തെ നിർണയിക്കുന്ന ഇത്തരം ഘടകങ്ങളെ ഓരോ വ്യക്തിയും വിമർശനാത്മകമായി വിലയിരുത്തി സ്വാംശീകരിക്കുകയും വ്യക്തിത്വവികസനം നേടുകയും ചെയ്യുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.

ഓരോ കാലത്തെയും സാമൂഹികാവശ്യങ്ങളാണ് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും രീതിയും തീരുമാനിക്കുന്നത്. സമൂഹജീവിതത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ ഉപജീവനമാർഗങ്ങൾ നേടുന്നതിനു പരിശീലിപ്പിച്ചെടുക്കലായിരുന്നു വിദ്യാഭ്യാസം. വ്യാവസായികയുഗത്തിൽ തൊഴിലെടുക്കുന്നതിന് ധാരാളം ആളുകൾ ആവശ്യമായി വന്നപ്പോൾ സാർവ്വത്രികവിദ്യാഭ്യാസം എന്ന ആശയം നിലവിൽ വന്നു. ബഹുജനവിദ്യാഭ്യാസം ശക്തിപ്പെടുകയും ശാസ്ത്രബോധവും സാമൂഹ്യചിന്താരീതികളും ജനായത്താദർശങ്ങളും അക്കാലത്ത് വിദ്യാഭ്യാസത്തിലൂടെ പകർന്നു നൽകപ്പെടുകയും ചെയ്തു. അന്ധവിശ്വാസങ്ങളില്ലാത്ത, സാമൂഹികബോധമുള്ള വ്യക്തികളെ രൂപപ്പെടുത്തുന്നതിലൂടെ മാത്രമേ വ്യാവസായികയുഗത്തിനാവശ്യമായ തൊഴിൽ സേനയെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ എന്നതുകൊണ്ടായിരിക്കണം അത്തരത്തിലുള്ള വിദ്യാഭ്യാസത്തിന് ആ കാലത്ത് രൂപം കൊടുത്തത്.

സമൂഹത്തിന്റെ ഇച്ഛയാണ് വിദ്യാഭ്യാസത്തിനു രൂപം നൽകുന്നതെങ്കിലും ആ സമൂഹത്തെ പരിവർത്തിപ്പിക്കുന്നതിനുള്ള അപാരമായ ശക്തി വിദ്യാഭ്യാസത്തിനുണ്ട്. മനുഷ്യവംശത്തെ പുരോഗതിയിലേക്കു നയിച്ച കണ്ടുപിടിത്തങ്ങളെക്കുറിച്ചും സാമൂഹിക പരിവർത്തനത്തിനു നിദാനമായിത്തീർന്ന പ്രവർത്തനങ്ങളെയും പറ്റി പഠിക്കുന്ന വിദ്യാർഥികൾക്ക് തങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാനുള്ള വിമർശനാത്മക ബുദ്ധി രൂപപ്പെടും. നിലവിലുള്ള വ്യവസ്ഥകളെയും രീതികളെയും സൃഷ്ടിപരമായി നിരൂപണം ചെയ്ത് പരിവർത്തനത്തിലേക്കു നയിക്കാൻ അവർക്കു കഴിയും. ഇങ്ങനെയുള്ള സാമൂഹ്യലക്ഷ്യങ്ങളോടൊപ്പം വ്യക്തിജീവിതം മെച്ചപ്പെടാനും വിദ്യാഭ്യാസം സഹായിക്കുന്നു. അഭ്യസ്തവിദ്യനായ ഒരാൾക്ക് ജീവിതായോധനം നേടുന്നതിനുള്ള കഴിവും ജീവിതത്തെ ആസൂത്രിതമായി മുന്നോട്ടു നയിക്കുന്നതിനുള്ള ബോധവും ഉണ്ടായിരിക്കും. ഇന്ന് ലോകത്തെമ്പാടും ദാരിദ്രനിർമാർജനത്തിനുള്ള ഒരു പരിപാടിയായിക്കാണുന്നത് നിരക്ഷരതാനിർമാർജനത്തെയാണ്.

### വിദ്യാഭ്യാസം എന്ന സ്ഥാപനം

സമൂഹശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസം ഒരു സ്ഥാപന (Institution)മാണ്. സ്ഥാപനം എന്നാൽ ഒരു കെട്ടിടമല്ല. സമൂഹ ജീവിതത്തിലെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനിവേണ്ടി രൂപപ്പെടുത്തിയ ഔപചാരിക സംവിധാനങ്ങളാണ് അവ. കുടുംബം, ഗവൺമെന്റ്, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം, മതം എന്നിവയാണ് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ.

ആദിമ സമൂഹത്തിൽ വിദ്യാഭ്യാസം എന്ന സ്ഥാപനമുണ്ടായിരുന്നില്ല. അച്ഛൻ മകനെ വേട്ടയാടാൻ പഠിപ്പിച്ചിരുന്നു. അത് വിദ്യാഭ്യാസമല്ല, അച്ഛന്റെ കുടുംബപരമായ ഉത്തരവാദിത്തമായിരുന്നു. മനുഷ്യസംസ്കാരം വളർന്നു സങ്കീർണമായതോടെ വിദ്യാഭ്യാസം എല്ലാവർക്കും എളുപ്പത്തിൽ കിട്ടേണ്ട അവസ്ഥയുണ്ടായി. സാമ്രാജ്യങ്ങൾ വളർന്നപ്പോൾ നികുതി പിരിവും രേഖകൾ സൂക്ഷിക്കലും ആവശ്യമായി. ഇതിന് എഴുത്തറിയുന്നവർ വേണം. മതങ്ങൾ വളർന്നപ്പോൾ പുരോഹിതൻമാർ ആവശ്യമായി വന്നു. അങ്ങനെ എഴുതാനും പുരോഹിതരാകാനും വേണ്ടി പഠിച്ചവരാണ് ചരിത്രത്തിലെ ആദ്യത്തെ വിദ്യാർഥികൾ. ഇതു വളർന്നു വികസിച്ചു സ്ഥിരം അധ്യാപകരുള്ള വിദ്യാലയമുണ്ടായി. അവിടെ നിന്നും സ്ഥിരമായി വിദ്യനേടുന്ന രീതി നിലവിൽ വന്നു. ഓരോ കാലത്തെയും സാമൂഹ്യജിവിതാവശ്യമനുസരിച്ചുള്ള പൗരസമൂഹത്തെ വാർത്തെടുക്കുന്നത് വിദ്യാഭ്യാസത്തിന്റെ ആവശ്യമായിത്തീർന്നു.

### വിദ്യാലയം ഒരു സാമൂഹികസ്ഥാപനം

ഔപചാരികവിദ്യാഭ്യാസം വളരെയധികം ശക്തിപ്രാപിച്ചിരിക്കുന്ന ഇക്കാലത്ത് നമ്മുടെ നാട്ടിലുള്ള വിദ്യാലയങ്ങളുടെ ചരിത്രം നാം മനസ്സിലാക്കേണ്ടതുണ്ട്. ഓരോ വിദ്യാലയത്തിനും ഒരു കഥയുണ്ട്. അവ കെട്ടിപ്പടുത്തത് പ്രാദേശിക സമൂഹമായിരിക്കും. പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസമാണ് ഇതിനുള്ള പ്രേരകശക്തി. അങ്ങനെ എല്ലാവിഭാഗവും വിദ്യാഭ്യാസം നേടിയതാണ് കേരളത്തിന്റെ ഇന്നത്തെ പുരോഗതിക്കുള്ള പ്രധാനകാരണം. ഓരോ പ്രദേശത്തെയും വിദ്യാലയങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി മാത്രമല്ല, സാമൂഹികാവശ്യങ്ങൾക്കുവേണ്ടിക്കൂടി ഉപയോഗപ്പെടുത്തുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളാണ്.

ഓരോപ്രദേശത്തെയും വിദ്യാലയങ്ങൾ പ്രാദേശികസമൂഹവുമായി ഏറ്റവും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഇടങ്ങളാണ് തങ്ങളുടെ കുട്ടികൾ വിദ്യനേടുന്ന സ്ഥാപനമെന്ന നിലയിൽ എല്ലാവർക്കും അതിനോടു മമതയുണ്ട്. വിദ്യാലയത്തിനു വേണ്ടി എന്തുചെയ്യുന്നതിനും അവർ തയ്യാറാണ്. ആയതിനാൽ പ്രാദേശികകൂട്ടായ്മകൾ വളർത്തുന്നതിനു സഹായകമായ കേന്ദ്രങ്ങൾ കൂടിയാണയവ. വിദ്യാലയങ്ങൾ കെട്ടിലും മട്ടിലും പഴമയുടെ ഗന്ധം വഹിക്കുന്നതെങ്കിലും നാടിന്റെ പുരോഗതിക്കു അടിത്തറയിട്ട സ്ഥാപനമെന്ന നിലയിൽ സമൂഹമനസ്സിൽ വിദ്യാലയത്തോടുള്ള സ്നേഹം എന്നും നിലനിൽക്കും. സമൂഹം വിദ്യാലയത്തെയും വിദ്യാലയം സമൂഹത്തെയും പരസ്പരം രൂപപ്പെടുത്തുന്ന ആരോഗ്യകരമായ ഒരു പാരമ്പര്യമാണ് നിലനിൽക്കുന്നത്.

### വിദ്യാലയം ഒരു മതേതര ജനാധിപത്യസ്ഥാപനം

ഓരോ വിദ്യാലയത്തിലും അതിന്റെ സമീപസ്ഥ സമൂഹത്തിലെ കുട്ടികളാണ് പഠിക്കുന്നത്. ജാതിമതവർഗഭേദമെന്യേ വിദ്യാലയം എല്ലാർക്കുമുള്ളതാണ്. എല്ലാവിഭാഗങ്ങളും വിദ്യാലയത്തിൽ തോളോടുതോൾ ചേർന്നു പഠിക്കുന്നതിനാൽ മതേതരമായ ഒരു അന്തരീക്ഷം

സൃഷ്ടിക്കുന്നതിൽ പൊതുവിദ്യാലയങ്ങൾ മുഖ്യ പങ്കുവഹിക്കുന്നു. അതുകൊണ്ട് അവയെ മതേതരജനാധിപത്യസ്ഥാപനങ്ങൾ എന്നുവിളിക്കാം. ഇന്ത്യൻ ഭരണഘടന വിഭാവനചെയ്യുന്ന മതേതരജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിയിൽ പൊതുവിദ്യാലയങ്ങൾ പ്രധാനപങ്കുവഹിക്കുന്നു.

**തുടർപ്രവർത്തനങ്ങൾ**

1. നിലവിലുള്ള സ്കൂൾ വിദ്യാഭ്യാസത്തിന് വ്യക്തിത്വവികസനത്തിനു കഴിയുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.
2. 'പൊതുവിദ്യാലയങ്ങളുടെ തകർച്ച സാമൂഹികജീവിതത്തിൽ പ്രത്യാഘാതങ്ങളുണ്ടാക്കും' പ്രസ്താവനയോട് പ്രതികരിക്കുക.
3. നിങ്ങളുടെ പ്രദേശത്തുള്ള ഒരു പ്രൈമറി വിദ്യാലയത്തെക്കുറിച്ച് വിവരശേഖരണം നടത്തി റിപ്പോർട്ട് തയാറാക്കുക. അന്വേഷിക്കേണ്ട കാര്യങ്ങൾ.
    - വിദ്യാലയവും പ്രാദേശികസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം.
    - വിദ്യാലയവും പ്രാദേശികസമൂഹവുമായുള്ളബന്ധം.
    - രക്ഷിതാക്കളുമായുള്ള ബന്ധം.

## ഇന്ത്യയിലെ വിദ്യാഭ്യാസം

**പഠനനേട്ടം**

വിവിധകാലങ്ങളിലെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

**പ്രധാനാശയങ്ങൾ**:

- ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ വളർച്ചയും വികാസവും
- വേദകാലവിദ്യാഭ്യാസത്തിന്റെ സവിശേഷതകൾ ഉള്ളടക്കം, ബോധനരീതി.
- ബുദ്ധജൈന ഇസ്ലാമികവിദ്യാഭ്യാസം ഉള്ളടക്കം, ബോധനരീതി.
- ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനവും സവിശേഷതകളും.
- സ്വാതന്ത്ര്യാനന്തരവിദ്യാഭ്യാസത്തിന്റെ വളർച്ച, ഊന്നൽമേഖലകൾ, സ്ഥിതി വിവരക്കണക്കുകൾ വിശകലനം ചെയ്ത് വിമർശനാത്മകകാഴ്ചപ്പാട് രൂപീകരിക്കൽ.

**റഫറൻസ്**


1. ഇന്ത്യൻവിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ തായാട്ട് ശങ്കരൻ (കെ.എസ്.ടി.എ പ്രസിദ്ധീകരണം)
2. വിദ്യാഭ്യാസം ഭാരതത്തിൽ ഡോ. ടി.കെ. മുഹമ്മദ്.
3. Education in India (1781-1985) Policies planning and implimentation. (Cetnre for Research in Rural & Industrial Development – 1985)
4. Development of Education System in India and Statistics – Sujata Acharya. (Mother's Books International – NewDelhi – 2014)

**താഴെക്കൊടുക്കുന്ന ചോദ്യങ്ങളോടു പ്രതികരിക്കുക.**

- ഇന്ത്യയ്ക്കു തനതായ വിദ്യാഭ്യാസപാരമ്പര്യം ഉണ്ടായിരുന്നോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവം എന്തായിരുന്നു?
- സ്വാതന്ത്ര്യം നേടുമ്പോൾ ഇന്ത്യയുടെ സാക്ഷരതാനിലവാരം എന്തായിരുന്നു?
- 14 വയസ്സുവരെയുള്ള എല്ലാകുട്ടികൾക്കും നിർബന്ധിതവും സാർവത്രികവുമായ വിദ്യാഭ്യാസം നടപ്പാക്കും എന്ന് ഭരണഘടനയുടെ നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടുത്താൻ കാരണമെന്ത്?
- സ്വതന്ത്ര്യാനന്തരം ഇന്ത്യൻ വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ചയെക്കുറിച്ചു പറയുമ്പോൾ എടുത്തുപറയേണ്ട വസ്തുതകൾ എന്തൊക്കെ? വിദ്യാഭ്യാസ കാര്യത്തിൽ സംസ്ഥാനങ്ങൾ വ്യത്യസ്തനിലവാരം പുലർത്താൻ കാരണമെന്ത്?

### 1. വേദകാലവിദ്യാഭ്യാസം

പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസരീതിയെക്കുറിച്ച് വേദങ്ങൾ, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ എന്നിവയിൽ നിന്നു മനസ്സിലാക്കാം.

### വിദ്യാഭ്യാസലക്ഷ്യങ്ങൾ

വ്യക്തിയുടെ സമഗ്രവികസനമാണ് ലക്ഷ്യംവച്ചിരുന്നത്. ശാരീരികവും മാനസികവും ആത്മീയവുമായ വികസനമാണ് ഇത്. വ്യക്തിയുടെ ജീവിതത്തെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നു നാല് ആശ്രമങ്ങളായിതിരിക്കുകയും ഇതിലൂടെ സമഗ്രവികാസം വിഭാവന ചെയ്യുകയും ചെയ്തിരുന്നു.

ജീവിതത്തെ സഫലമാക്കാനും ആത്മാവിന് മോക്ഷം കൈവരിക്കാനും ഉതകുന്ന വിദ്യാഭ്യാസമാണ് ആസൂത്രണം ചെയ്തിരുന്നത്. ഭൗതികമായ നേട്ടങ്ങളെക്കാളുപരി സനാതനസത്യത്തെ കണ്ടെത്തുകയും അതുമായി താരതമ്യം പ്രാപിക്കുകയുമായിരുന്നു. പ്രാചീനഭാരതീയരുടെ ജീവിതലക്ഷ്യം, വിദ്യാഭ്യാസം ഈ ലക്ഷ്യം കൈവരിക്കാനുള്ള ഒരുപാധിയായിരുന്നു. ഭൗതികസുഖങ്ങളിൽ മുഴുകിക്കഴിയുന്നവർക്ക് മുക്തി ലഭിക്കുകയില്ല. വ്യക്തികളുടെ മനസ്സിനെ വിജ്ഞാനം കുത്തിനിറച്ച് വീർപ്പുമുട്ടിക്കാതെ അതിനെ സംസ്കരിക്കുകയും പ്രവർത്തനക്ഷമമാക്കുകയുമാണ് വേണ്ടതെന്ന് പ്രാചീനഭാരതീയർക്കറിയാ മായിരുന്നു.

### ഉള്ളടക്കം

വേദങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, വ്യാകരണം, ജീവശാസ്ത്രം, ഗണിതം, തർക്കം, രാജ്യതന്ത്രം, ശബ്ദശാസ്ത്രം, ഛന്ദസ്സ്, മായാജാലം, നക്ഷത്രവിദ്യ, യുദ്ധമുറകൾ, സംഗീതം, നൃത്തം, ശിൽപ്പവിദ്യ, ആയുർവേദം മുതലായവ.

### വിദ്യാഭ്യാസസമ്പ്രദായം/അധ്യാപനരീതി

ചോദ്യോത്തരങ്ങളടങ്ങിയ സംവാദരീതിയിലാണ് അധ്യാപനം നടന്നിരുന്നത്. വിവരണങ്ങൾ, കഥകൾ, സൻമാർഗകഥകൾ മുതലായവ ഉപയോഗിച്ച് ഗുരു ശിഷ്യന്മാർക്കു വിജ്ഞാനം നൽകി. ഗുരുവിന്റെ കൂടെ താമസിച്ച് വിദ്യയഭ്യസിക്കുന്ന ഗുരുകുലവിദ്യാഭ്യാസരീതിയാണ് അന്ന് പൊതുവിൽ നിലനിന്നിരുന്നത്.

### അധ്യാപകവിദ്യാർഥി ബന്ധം

പ്രാചീനഭാരതീയ വിദ്യാഭ്യാസത്തിൽ അധ്യാപകവിദ്യാർഥിബന്ധത്തിന് ധാർമികമായ പരിശുദ്ധികൽപ്പിക്കപ്പെട്ടിരുന്നു. കേവലം വിജ്ഞാനം പകർന്നുനൽകുന്ന വ്യക്തിയെന്നതിലുപരി

സൻമാർഗകാര്യങ്ങളിലും സദാചാര്യമൂല്യങ്ങളിലും ആത്മീയ കാര്യങ്ങളിലും മാർഗദർശിയും ഉപദേശകനുമായിരുന്നു. ശിഷ്യരെ ആത്മീയമായ പൂർണ്ണതയിലേക്കും തുടർന്നു സാക്ഷാൽക്കാരത്തിലേക്കും നയിക്കുകയായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

| |
|---|
| വേദകാലത്തെ അബ്രാഹ്മണ വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം എന്നിവയെക്കുറിച്ച് വിവരങ്ങൾ ലഭ്യമാണ്. അതു ശേഖരിക്കുക. ക്ലാസ്ഡയറിയിൽ എഴുതുക. |

## 2. ബുദ്ധജൈനമതകാല വിദ്യാഭ്യാസം

ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയ്ക്കും ബ്രാഹ്മണമേധാവിത്വത്തിനും വെല്ലുവിളി യുയർത്തിക്കൊണ്ട് ബി.സി. 600 ൽ ബുദ്ധമതം ആവിർഭവിച്ചു.

ബുദ്ധവിഹാരങ്ങളായിരുന്നു വിദ്യാഭ്യാസകേന്ദ്രങ്ങൾ ജാതിപരിഗണനകൂടാതെ ഏവർക്കും അവിടെ പ്രവേശനമനുവദിച്ചിരുന്നു. തന്മൂലം എല്ലാജാതിയിലും പെട്ടവർ അവിടെനിന്നും വിദ്യനേടി. ബ്രാഹ്മണമേധാവിത്വത്തിൽ നിന്നും വിദ്യാഭ്യാസത്തിന്റെ കുത്തക എടുത്തുമാറ്റി വിദ്യാഭ്യാസം ജനകീയമാക്കിമാറ്റി എന്നത് ബുദ്ധമത വിദ്യാഭ്യാസത്തിലെ വിപ്ലവകരമായ വശമാണ്.

### വിദ്യാഭ്യാസലക്ഷ്യങ്ങൾ

വ്യക്തിയുടെ സർവതോമുഖമായ വികസനമാണ് വിദ്യാഭ്യാസലക്ഷ്യം. ജീവിതത്തിന്റെ പരമമായ ലക്ഷ്യം നിർവാണപ്രാപ്തിയായതുകൊണ്ട്, വിദ്യാഭ്യാസം ഈ ലക്ഷ്യത്തിൽ ഊന്നിയുള്ള തായിരുന്നു. മൂല്യാധിഷ്ഠിതമായിരുന്നു വിദ്യാഭ്യാസ പരിപാടികൾ. ആധ്യാത്മികാര്യ ങ്ങളോടൊപ്പം ഭൗതികകാര്യങ്ങളിലുള്ള ജ്ഞാനത്തിനും ബുദ്ധമത വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രാധാന്യം നൽകിയിരുന്നു.

### ഉള്ളടക്കം

എഴുത്ത്, വായന, ഗണിതം, നൂൽനൂൽപ്പ്, നെയ്ത്ത്, തുന്നൽപണി, കണക്കെഴുത്ത്, പെയിന്റിങ്, വൈദ്യം, മതം, തത്ത്വശാസ്ത്രം, യുദ്ധശാസ്ത്രം മുതലായവ.

### അധ്യാപനരീതി

സംസാരഭാഷയിലുള്ള വിവരണം, പ്രഭാഷണം, ചർച്ച എന്നിവയിലൂടെയാണ് അധ്യാപനം നടത്തിയിരുന്നത്. അധ്യാപകർ പറയുന്ന കാര്യങ്ങൾ ഓർമയിൽ വയ്ക്കുകയും മനപ്പാഠമാക്കുകയും ചെയ്തിരുന്നു. വിദ്യാർഥികളുടെ പ്രഭാഷണചാതുര്യം വികസിപ്പിക്കാൻ ഇടയ്ക്കിടെ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിച്ചിരുന്നു. പ്രഗത്ഭരായ പ്രഭാഷകരെ ക്ഷണിച്ചുവരുത്തി മതം, തത്ത്വശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തിച്ചിരുന്നു.

### അധ്യാപകവിദ്യാർഥി ബന്ധം

ബുദ്ധവിഹാരങ്ങളിൽ ആചാര്യന്മാരും ശിഷ്യന്മാരും സമൂഹമായി ജീവിച്ചു. തന്മൂലം സാമൂഹികജീവിതത്തിന്റെ സദ്ഗുണങ്ങൾ പഠിതാക്കൾക്കു ലഭിച്ചു. ശിഷ്യൻ ഗുരുവിന് എല്ലാവിധത്തിലുള്ള സേവനങ്ങളും ചെയ്യണം. ഗുരുവിന്റെ ദിനചര്യ, ഭിക്ഷാടനം, ഭക്ഷണം, വസ്ത്രധാരണം എന്നീ കാര്യങ്ങളെല്ലാം ശ്രദ്ധിക്കുകയും അദ്ദേഹത്തെ പരിചരിക്കുകയും ചെയ്യണം.

### പ്രാചീനഭാരതത്തിലെ വിദ്യാകേന്ദ്രങ്ങൾ

പ്രാചീനഭാരതത്തിൽ അതിപ്രശസ്തങ്ങളായ സർവ്വകലാശാലകൾ ഉണ്ടായിരുന്നു. രാജ്യത്തിന്റെ പലഭാഗങ്ങളിൽ നിന്നും ചൈന, തിബത്ത്, ജപ്പാൻ, ബർമ, ശ്രീലങ്ക, തെക്കുകിഴക്കൻ ഏഷ്യയിലെ രാജ്യങ്ങൾ മുതലായ ഇടങ്ങളിൽ നിന്നും ഉള്ള വിദ്യാർഥികൾ ഇവിടെ താമസിച്ചുപഠിച്ചിരുന്നു.

### തക്ഷശില

ബി.സി. ഏഴാംനൂറ്റാണ്ടിൽ ഗാന്ധാരരാജ്യത്തിന്റെ തലസ്ഥാനമായ തക്ഷശില പ്രസിദ്ധമായ ഒരു വിദ്യാകേന്ദ്രമായിരുന്നു. വൈദ്യം, രാഷ്ട്രതന്ത്രം, ശിൽപ്പവിദ്യ, സംഗീതം, വാണിജ്യശാസ്ത്രം, വ്യാകരണം, സുകുമാരകലകൾ എന്നിവയിലെല്ലാം പ്രഗത്ഭരായ അധ്യാപകർ അവിടെയുണ്ടായിരുന്നു. അധ്യാപകർ ഓരോ വിദ്യാർഥിയെയും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിദ്യാർഥികൾക്ക് എട്ടുവർഷം വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടായിരുന്നു. പ്രവേശനത്തിന് ജാതീയമായ പരിഗണനകൾ ഉണ്ടായിരുന്നില്ല.

### നളന്ദ

ബീഹാറിലെ പാറ്റ്നയുടെ അടുത്തു സ്ഥിതിചെയ്യുന്ന നളന്ദ പ്രസിദ്ധമായ വിജ്ഞാനകേന്ദ്രമായിരുന്നു. എ.ഡി. 414 മുതൽ 454 വരെ രാജാവായിരുന്ന കുമാരഗുപ്തനായി രുന്നു നളന്ദയുടെ സ്ഥാപകൻ. ഏതാണ്ട് 1½ കി.മീറ്റർ നീളവും മുക്കാൽ കി.മീ വീതിയുമുള്ള തായിരുന്നു നളന്ദ സർവ്വകലാശാല വളപ്പ്. വലിയ ലൈബ്രറിയും എട്ടുവലിയ ഹാളുകളും മുന്നൂറോളം മുറികളും ഇവിടെയുണ്ടായിരുന്നു. വിദ്യാർഥികൾക്കും അധ്യാപകർക്കും ഇവിടെ ഭക്ഷണം സൗജന്യമായിരുന്നു. അഗാധപണ്ഡിതന്മാരും പ്രസിദ്ധരായ ഗ്രന്ഥകാരന്മാരുമായിരുന്നു അധ്യാപകർ. ഇവർ വിദ്യാർഥികളുടെ സുഹൃത്തുക്കളും മാർഗദർശികളുമായിരുന്നു. നളന്ദയിൽ ഏതാണ്ട് പതിനായിരത്തോളം വിദ്യാർഥികളുണ്ടായിരുന്നു. ആറുവയസ്സിനു മുമ്പ് എഴുത്തും വായനയും പഠിച്ചിരുന്നു. ഇതിനുശേഷമുള്ള രണ്ടാം ഘട്ടത്തിൽ പാണിനീയസൂത്രങ്ങളായിരുന്നു പഠിച്ചിരുന്നത്. 11 മുതൽ 15 വയസ്സുവരെയുള്ള പ്രായത്തിൽ മറ്റുപലവിജ്ഞാനശാഖകളും പഠിപ്പിച്ചു പോന്നു. വരമൊഴി വികസിച്ചിട്ടില്ലാത്ത അക്കാലത്ത് പ്രഭാഷണം, വിവരണം, ചർച്ചകൾ, സംവാദം മുതലായരീതികളായിരുന്നു വിദ്യാഭ്യാസത്തിന് അവലംബിച്ചിരുന്നത്.

### വിക്രമശില

എ.ഡി എട്ടാം നൂറ്റാണ്ടിൽ ഗംഗാതീരത്തെ വിക്രമശിലയിൽ സ്ഥാപിക്കപ്പെട്ടു വിജ്ഞാനകേന്ദ്രം പ്രസിദ്ധമാണ്. ബുദ്ധമതാനുയായിയായ ധർമ്മപാലരാജാവായിരുന്നു ഇതിന്റെ സ്ഥാപകൻ. തത്ത്വശാസ്ത്രം, വ്യകരണം, തർക്കശാസ്ത്രം, മഹായാനബുദ്ധമതദർശനം മുതലായ വിഷയങ്ങൾ ഇവിടെ പഠിപ്പിച്ചിരുന്നു. അഗാധപണ്ഡിതന്മാരായിരുന്നു ഈ സ്ഥാപനത്തിന്റെ അധിപൻ.

### 3. ഇസ്‌ലാമികവിദ്യാഭ്യാസം

എ.ഡി 12-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മുസ്‌ലീംഭരണം സ്ഥാപിക്കാനിടവന്നതോടെ ഇന്ത്യയിൽ ഇസ്‌ലാമികവിദ്യാഭ്യാസം പ്രചരിക്കാനിടയായി. മുസ്ലീങ്ങൾക്കു മതപരമായ ബോധനം നൽകുകയും പേർഷ്യൻ, തുർക്കി മുതലായ ഭാഷകളിൽ വിജ്ഞാനമുള്ളവരെ സൃഷ്ടിക്കുകയുമായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിന് ധനസഹായം നൽകുകയും ധാരാളം മക്തബകളും മദ്രസകളും സ്ഥാപിക്കപ്പെടുകയും ചെയ്തു.

### വിദ്യാഭ്യാസലക്ഷ്യങ്ങൾ

ഇസ്ലാമിന്റെ വിദ്യാഭ്യാസവീക്ഷണം ഭൗതികതയും ആത്മീയതയും തമ്മിലുള്ള ആരോഗ്യകരമായ സമന്വയമാണ്. വിജ്ഞാനസമ്പ്രദായം, സ്വഭാവരൂപവൽക്കരണം, ഇസ്ലാമികതത്ത്വങ്ങൾക്കനുസൃതമായ പ്രായോഗികജീവിതം മുതലായ ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളാണ്. സത്യസന്ധത, സ്നേഹം, സഹിഷ്ണുത, ധൈര്യം, ദേശസ്നേഹം, സഹജീവിസ്നേഹം, സൗന്ദര്യബോധം മുതലായ ഗുണങ്ങളും മൂല്യങ്ങളും വികസിപ്പിച്ചെടുക്കുന്നതിനും ഇതു ശ്രദ്ധിച്ചു.

**ഉള്ളടക്കം:**

ഇസ്ലാമികവിദ്യാഭ്യാസം നടന്നിരുന്നത് മക്തബകളിലും മദ്രസകളിലുമായിരുന്നു. പ്രാഥമികവിദ്യാഭ്യാസസ്ഥാപനങ്ങളായ മക്തബകളിൽനിന്നും എഴുത്ത്, വായന, ഖുർ ആൻ പാരായണം, പ്രവാചകവചനങ്ങൾ, ഇസ്ലാമികചരിത്രവും കഥകളും പ്രാഥമികഗണിതം മുതലായവപഠിപ്പിച്ചു. വിവരണവും പ്രഭാഷണവുമായിരുന്നു അധ്യാപനരീതി. സെക്കണ്ടറിവിദ്യഭ്യാസം നൽകിയിരുന്ന മദ്രസകളിൽ ഖുർ ആൻ സൂക്തങ്ങളുടെ വ്യാഖ്യാനം, ഭാഷ, വ്യാകരണം, സാഹിത്യം, ഗണിതം, വാനശാസ്ത്രം, ഭൂമിശാസ്ത്രം, വൈദ്യം, തർക്കശാസ്ത്രം, ചരിത്രം, വാസ്തുശിൽപ്പവിദ്യ, കയ്യെഴുത്തുവിദ്യ എന്നിവ പഠിപ്പിച്ചു.

**അധ്യാപകവിദ്യാർഥിബന്ധം:**

ഇസ്ലാമികവിദ്യാഭ്യാസത്തിൽ പണ്ഡിതന്മാർക്കും അധ്യാപകർക്കും പ്രത്യേകമായ ആദരവും സ്ഥാനവും നൽകപ്പെട്ടിരുന്നു. സമൂഹത്തിനു നേതൃത്വം നൽകേണ്ട ചുമതല പണ്ഡിതന്മാർക്കാണെന്ന് ഇസ്ലാം കരുതുന്നു. ഉദ്ബോധനം പണ്ഡിതന്മാരുടെയും അധ്യാപകരുടെയും കഥയാണ്. അധ്യാപകർക്കും പണ്ഡിതർക്കും വേണ്ട സൗകര്യവും സംരക്ഷണവും നൽകേണ്ടത് സമൂഹത്തിന്റെയും ഭരണാധികാരികളുടെയും ചുമതലയായി കണക്കാക്കിയിരുന്നു. വ്യക്തിബോധനത്തിനും ചെറുസംഘങ്ങളായി തിരിച്ചുള്ള ബോധനത്തിനും അധ്യാപനരീതിയിൽ സ്ഥാനമുണ്ടായിരുന്നു. ഒരു പാഠം പഠിക്കാത്ത വിദ്യാർഥിക്കു അടുത്തപാഠം പഠിക്കാനുള്ള അർഹതയുണ്ടായിരുന്നില്ല. അതുകൊണ്ട് പഠനത്തിൽ മിടുക്കരായവർക്ക് വേഗത്തിൽ പഠനം പൂർത്തിയാക്കാനും ഉയർന്നപഠനം നടത്താനും അവസരം ലഭിച്ചിരുന്നു.

## 4. ബ്രിട്ടീഷ് കാലവിദ്യാഭ്യാസം

1498 ൽ വാസ്കോഡഗാമ കോഴിക്കോടെത്തിയതോടെ മതപ്രചാരണം ലക്ഷ്യമാക്കി മിഷനറിമാർ ഇന്ത്യയിലെത്തിത്തുടങ്ങി. പോർച്ചുഗീസുകാർ ഗോവ, ദാമൻ, ദിയു, കൊച്ചി മുതലായ ഇടങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഫ്രഞ്ചുകാർ പോണ്ടിച്ചേരി, മാഹി. ചന്ദ്രനഗർ എന്നിവിടങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയും വിദ്യാലയങ്ങൾ തുടങ്ങി.

ഇന്ത്യയിൽ മിഷനറിപ്രവർത്തനങ്ങൾ യഥേഷ്ടം നടത്തുന്നതിനും ഇന്ത്യയെ സാമൂഹികമായും സാമ്പത്തികമായും ഉദ്ധരിക്കുന്നതിനും ഇവിടെ പാശ്ചാത്യ വിദ്യാഭ്യാസം പ്രചരിപ്പിക്കണമെന്ന് അവർ തിരിച്ചറിഞ്ഞു. 1813 ലെ ചാർട്ടർ ആക്ട് പ്രകാരം ക്രൈസ്തവമിഷനറിമാർക്ക് മതപ്രചാരണം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ഇന്ത്യൻജനതയെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള ഉത്തരവാദിത്തം കമ്പനിയുടേതായിത്തീരുകയും ചെയ്തു.

1835 ലെ മെക്കാളയുടെ മിനിട്സ് ആധുനികഇന്ത്യൻവിദ്യാഭ്യാസത്തിന്റെ നയരേഖയായിത്തീർന്നു. 'ഭരണകർത്താക്കളായ നമ്മളും നാട്ടുകാരായ ഇന്ത്യക്കാരും തമ്മിൽ ആശയവിനിമയം ചെയ്യാൻ സഹായിക്കുന്ന ഒരു വർഗത്തെ രക്തത്തിലും വർണത്തിലും ഇന്ത്യക്കാരാണെങ്കിലും അഭിരുചിയിലും വീക്ഷണത്തിലും സദാചാര ബോധത്തിലും ഇംഗ്ലീഷുകാരായ ഒരു വർഗത്തെ

സൃഷ്ടിക്കാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു'' എന്നു പ്രസ്താവിച്ചുകൊണ്ട് ഇന്ത്യയിലെ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അദ്ദേഹം വിശദമാക്കി.

താമസിയാതെ ഇന്ത്യയുടെ വിവിധപ്രദേശങ്ങളിൽ വിദ്യാഭ്യാസവകുപ്പുകൾ തുടങ്ങുകയും സ്കൂളുകളും കോളേജുകളും സ്ഥാപിക്കുകയും ചെയ്തു. സ്വകാര്യഏജൻസികൾക്ക് സ്കൂളും കോളേജും നടത്താൻ ധനസഹായം നൽകി. സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തോടെ ആധുനിക കാഴ്ചപ്പാടുകളുടെയും ലിബറൽമനോഭാവത്തിന്റെയും വ്യാപനവും നടന്നു. ഇതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് വലിയമാറ്റങ്ങൾ ഉണ്ടായി.

- പ്രാഥമികവിദ്യാഭ്യാസം ഗവൺമെന്റിന്റെ ബാധ്യതയാണെന്നു അംഗീകരിച്ചു. അതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഗവൺമെന്റും ഫണ്ടുനീക്കി വയ്ക്കാൻ തീരുമാനിച്ചു.
- അധ്യാപകപരിശീലനം നൽകി സമർഥരായ അധ്യാപകരെ സൃഷ്ടിക്കുക.
- സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- സർവ്വകലാശാലകളുടെ മേൽനോട്ടത്തിൽ ഉന്നതവിദ്യാഭ്യാസം വ്യാപിപ്പിക്കുക.
- പാവപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, ഉച്ചഭക്ഷണപരിപാടി.
- വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കുക.
- അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണം.
- യുവാക്കളെ ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനും പ്രാപ്തരാക്കുന്ന സെക്കണ്ടറി വിദ്യാഭ്യാസം.

മുതലായ കാഴ്ചപ്പാടുകളോടുകൂടിയ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസരംഗത്ത് തുടക്കം കുറിച്ചത് ബ്രിട്ടീഷ്ഭരണകാലത്താണ്. ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ യിടുന്ന വമ്പിച്ചകാൽവയ്പ്പു കളായിരുന്നു അന്നു നടന്നത്. ഇന്നത്തെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, അധ്യാപ നരീതി, വിലയിരുത്തൽ സമ്പ്രദായം എന്നിവയുടെയെല്ലാം ആദ്യരൂപങ്ങൾ ഈ കാലത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കണ്ടെത്താൻ കഴിയും.

### 5. സ്വതന്ത്ര്യാനന്തരവിദ്യാഭ്യാസം

ഇന്ത്യസ്വാതന്ത്ര്യംനേടുമ്പോൾ 36 കോടിയോളം വരുന്ന ജനങ്ങളിൽ 83% ആളുകളും നിരക്ഷരരായിരുന്നു. ഭാരതീയന്റെ ശരാശരി ആയുർദൈർഘ്യം 32 വയസ്സും ആളോഹരിവരുമാനം 237.5 രൂപയുമായിരുന്നു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായും വളരെ ശോചനീയമായ അവസ്ഥയാണ് നിലവിലുണ്ടാ യിരുന്നത്.

ഒരു സോഷ്യലിസ്റ്റുസമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനമാണ് ഭരണഘടന നിലവിൽവന്നതിനുശേഷം ഇന്ത്യയിൽ നടന്നത്. സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ വളർച്ചയ്ക്ക് വിദ്യാഭ്യാസം കൂടിയേ കഴിയൂ. സാമൂഹിക പരിവർത്തനം സാധ്യമാക്കാനുള്ള ശക്തമായ ഉപാധിയായി വിദ്യാഭ്യാസത്തെ തിരിച്ചറിഞ്ഞതുകൊണ്ടാണ് ഭരണഘടനയിൽത്തന്നെ സാർവ്വജനീന വിദ്യാഭ്യാസം നിർബന്ധിതമായി പ്രഖ്യാപിച്ചിരിക്കുന്നത്.

വിദ്യാഭ്യാസവ്യാപനത്തിനുവേണ്ടി സ്വതന്ത്രഇന്ത്യയിൽ സുപ്രധാനമായ പല ചുവടുവയ്പ്പുകളും നടന്നു.

- കേന്ദ്രസംസ്ഥാനതലങ്ങളിൽ വിദ്യാഭ്യാസഭരണസംവിധാനങ്ങൾ രൂപപ്പെടുത്തി.

- പഞ്ചവത്സരപദ്ധതികളിൽ കൂടുതൽ തുക വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചു.
- വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ധസമിതികളെ നിയോഗിച്ചു.
- വിദഗ്ധകമ്മറ്റികളുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് പ്രത്യേക പദ്ധതികളും പരിപാടികളും നടപ്പാക്കി.
- ഇതിന്റെ ഫലമായി ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് വൻ പുരോഗതിയുണ്ടായി.

**തുടർപ്രവർത്തനങ്ങൾ**

(1) വേദകാലവിദ്യാഭ്യാസത്തെക്കാൾ ജനകീയമായിരുന്നു ബുദ്ധജൈന വിദ്യാഭ്യാസം എന്നു പറയുന്നത് എന്തുകൊണ്ടാണ്?

(2) ബ്രിട്ടീഷ് വിദ്യാഭ്യാസമാണ് ഇന്ത്യയിലെ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറയിട്ടത് എന്ന അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

(3) 'മെക്കാളെയുടെ വിദ്യാഭ്യാസ കാഴ്ചപാടിൽ നിന്നും മോചനം നേടാൻ ഇന്ത്യൻ വിദ്യാഭ്യാസത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല' വസ്തുതകളെ വിശകലനം ചെയ്ത് അഭിപ്രായം രേഖപ്പെടുത്തുക.

(4) സ്വതന്ത്രഇന്ത്യയിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വികസനത്തിനായി നടന്ന പരിശ്രമങ്ങൾ സംഗ്രഹിക്കുക.

(5) പ്രാചീനഭാരതത്തിലെ സ്ത്രീവിദ്യാഭ്യാസത്തിന്റെ അവസ്ഥയെന്തായിരുന്നു?

**സിമ്പോസിയം**

ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പ്രധാനപ്പെട്ട ഓരോ ഘട്ടങ്ങളെക്കുറിച്ചും വേദകാല വിദ്യാഭ്യാസം, ബുദ്ധജൈനവിദ്യാഭ്യാസം, ഇസ്ലാമികവിദ്യാഭ്യാസം, ബ്രിട്ടീഷ് വിദ്യാഭ്യാസം, സ്വതന്ത്ര്യാനന്തരവിദ്യാഭ്യാസം പ്രത്യേകം പേപ്പറുകൾ തയാറാക്കി അവതരിപ്പിച്ചു നടത്തുന്ന ചർച്ച. ചർച്ചയിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ക്രോഡീകരിച്ചു സിംമ്പോസിയത്തിന്റെ റിപ്പോർട്ടും തയാറാക്കുമല്ലോ.

**ലോകവിദ്യാഭ്യാസം**

**പഠനനേട്ടം**

വിവിധകാലഘട്ടങ്ങളിലെ ലോകവിദ്യാഭ്യാസത്തിന്റെ പ്രത്യേകതകൾ താരതമ്യം ചെയ്യുന്നു. വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കു പ്രേരകമായ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾ തിരിച്ചറിയുന്നു.

**പ്രധാനാശയങ്ങൾ**:

- ഈജിപ്ത്, മെസപൊട്ടോമിയ, ഗ്രീസ് തുടങ്ങിയ പ്രാചീനനാഗരികതകളിൽ തനതായ വിദ്യഭ്യാസസമ്പ്രദായം ഉണ്ടായിരുന്നു.
- മധ്യകാലവിദ്യാഭ്യാസത്തിൽ മതത്തിന്റെ സ്വാധീനം ഉണ്ടായിരുന്നു.
- സാർവ്വത്രികവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചിന്തകൾ ശക്തമായത് വ്യാവസായികയുഗത്തിലാണ്.

- ഇരുപത്തൊന്നാം നൂറ്റാണ്ടിലെ തൊഴിൽ സേനയ്ക്കുണ്ടാകേണ്ട കഴിവുകൾ പരമ്പരാഗത വിദ്യാഭ്യാസത്തിലൂടെ നേടിയെടുക്കാനാവില്ല. ഉയർന്നനിലയിലുള്ള വിശകലനശേഷി പ്രശ്നവിശകലനശേഷി എന്നിവ ആർജിക്കാനുള്ള അവസരം എല്ലാവർക്കും ലഭ്യമാക്കണം.

**ചർച്ചചെയ്യുക**

(1) ഇന്ത്യയുടെ വിദ്യാഭ്യാസപാരമ്പര്യം പോലെ ലോകത്തെ മറ്റു പ്രദേശങ്ങളിലും പ്രാചീനകാലത്തുതന്നെ വിദ്യാഭ്യാസ സമ്പ്രദായം നിലവിലിരുന്നിരുന്നു. ഇതിന് ഇന്ത്യൻ വിദ്യാഭ്യാസസമ്പ്രദായത്തിൽ നിന്നും എന്തെങ്കിലും വ്യത്യാസം ഉണ്ടായിരുന്നോ?

(2) വ്യാവസായിക വിപ്ലവം വിദ്യാഭ്യാസത്തിൽ ചെലുത്തിയ സ്വാധീനം എന്തായിരുന്നു?

(3) ലോകവിദ്യാഭ്യാസത്തിൽ സമകാലിക പ്രവണതകൾ കേരളവിദ്യാഭ്യാസത്തിൽ എത്രമാത്രം ദൃശ്യമാണ്?

**ഉള്ളടക്കം**

ലോകത്ത് വ്യവസ്ഥാപിതമായ വിദ്യാഭ്യാസരീതി നിലവിൽ വന്നിട്ട് 150 - 200 കൊല്ലം മാത്രമേ ആയിട്ടുള്ളൂ. ചിലരാജ്യങ്ങളിൽ കേവലം 50 കൊല്ലം മാത്രം.

ലോകത്തെ പുരാതന നാഗരികതകളിലെല്ലാം അവരുടേതായ വിദ്യാഭ്യാസരീതി ഉണ്ടായിരുന്നു. 3500 ബി.സിയിൽ തന്നെ ഈജിപ്തിൽ വികസിതമായ ഹിരോഗ്ലിഫിക്സ് ലിപികൾ ഉപയോഗിച്ച് എഴുതിയിരുന്നു. പാപ്പിറസ് ഇലകളിലായിരുന്നു അന്ന് എഴുതിയിരുന്നത്.

**1. പ്രാചീനഈജിപ്തിലെ വിദ്യാഭ്യാസം**

ഈജിപ്തിലെ വിദ്യാഭ്യാസത്തിന് 3000 ബി.സി മുതൽ ഉള്ള ചരിത്രമുണ്ട്. വിദ്യസമ്പന്നരും ബുദ്ധിശാലികളുമായ പുരോഹിതന്മാരായിരുന്നു വിദ്യാഭ്യാസത്തെ നിയന്ത്രിച്ചിരുന്നത്. പൗരോഹിത്യ പരിശീലനത്തിനുള്ള വിദ്യാലയങ്ങളും പകർപ്പെഴുത്തുകാർക്കുള്ള (Scribes) വിദ്യാലയങ്ങളും ഈജിപ്തിലുണ്ടായിരുന്നു. 5 വയസ്സിൽ ആരംഭിക്കുന്ന പഠനം 16,17 വയസ്സുവരെ നീണ്ടുനിന്നിരുന്നു. ഇതിൽ 13,14 വയസ്സാകുമ്പോൾ പ്രായോഗികപരിശീലനം നൽകിത്തുടങ്ങും. പൗരോഹിത്യ പരിശീലനം നടക്കുന്ന ക്ഷേത്രകലാലയ (Temple College) ങ്ങളിൽ 17-ാം വയസ്സിലാണ് പഠനം ആരംഭിച്ചിരുന്നത്. അത് ആവശ്യാനുസരണം നീണ്ടുനിൽക്കുമായിരുന്നു. കാണാപാഠം പഠിക്കലിനും ഓർമശക്തി വർധിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിൽ വലിയ പ്രാധാന്യം ഉണ്ടായിരുന്നു.

എഴുത്ത്,വായന, ഗണിതം, മതകാര്യങ്ങൾ, ദൂമിശാസ്ത്രം, നക്ഷത്രശാസ്ത്രം, വൈദ്യം മുതലായ വിഷയങ്ങൾ ആണ് സ്കൂളിൽ നിന്നും പഠിച്ചിരുന്നത്. ഇവ പഠിച്ചതിനുശേഷം കുട്ടികൾ അവരുടെ കുലത്തൊഴിലുകൾ അഭ്യസിച്ചിരുന്നു.

മരപ്പലകകളിലായിരുന്നു ചെറിയകുട്ടികൾ എഴുതിയിരുന്നത്. മുതിർന്ന കുട്ടികൾ പാപ്പിറസ് ഇലകളിലും എഴുതിയിരുന്നു.

കർശനമായ അച്ചടക്കം വിദ്യാലയങ്ങളിൽ നിർബന്ധമായിരുന്നു. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വിനിമയത്തിൽ വീഴ്ചകൾ സംഭവിക്കാതിരിക്കാനാണ് ഇങ്ങനെ അച്ച ടക്കം പാലിച്ചിരുന്നത്. പരമ്പരാഗതരീതിയിൽ നിന്നും ചിന്തകൾ വ്യതിചലിക്കുന്നതിന് പുരാതന ഈജിപ്തിലെ വിദ്യാഭ്യാസത്തിൽ അനുവാദമുണ്ടായിരുന്നില്ല. സമൂഹത്തിലെ ഉച്ചനീചത്വം വിദ്യാഭ്യാസത്തിലും അതേപോലെ പാലിച്ചുപോന്നു.

## 2. മെസപ്പൊട്ടോമിയയിലെ വിദ്യാഭ്യാസം:

പുരാതന ഈജിപ്തിലെ വിദ്യാഭ്യാസത്തിനു സമാനമായ രീതിയിലുള്ള വിദ്യാഭ്യാസമായിരുന്നു മെസപൊട്ടോമിയൻ സംസ്കാരത്തിലും നിലനിന്നിരുന്നത്. വിദ്യാഭ്യാസരംഗത്ത് നേതൃത്വം വഹിച്ചിരുന്നത് പുരോഹിതവർഗമായിരുന്നു. വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നത് ക്ഷേത്രങ്ങളോടനുബന്ധിച്ചായിരുന്നു. എല്ലാക്ഷേത്രങ്ങളിലും ലൈബ്രറി പ്രവർത്തിച്ചിരുന്നു.

മെസപ്പൊട്ടോമിയൻ വിദ്യാഭ്യാസത്തിൽ എഴുത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നു. ബി.സി. 3000ത്തിലെ ക്യൂനിഫോം എഴുത്ത് വളരെ സങ്കീർണ്ണമായിരുന്നതിനാൽ അത് പഠിക്കാൻ 12 കൊല്ലത്തോളം വേണ്ടിയിരുന്നു. പണമുള്ളവർക്ക് മാത്രമായിരുന്നു അന്ന് വിദ്യാഭ്യാസം ലഭിച്ചത്. പ്രഭുകുമാരന്മാർ, സമ്പന്നകച്ചവടക്കാർ, പുരോഹിതന്മാർ മുതലായവരാണ് അന്ന് പഠിച്ചിരുന്നത്. പെൺകുട്ടികൾ വിദ്യാലയത്തിൽ പോയി വിദ്യയഭ്യസിച്ചിരുന്നില്ല.

കുട്ടികളെ എഴുത്ത്, വായന, ഗണിതം, ചരിത്രം, എന്നിവ പഠിപ്പിച്ചു. ഭാവിയിലെ തൊഴിൽ സാധ്യത മുൻനിർത്തി വൈദ്യം, സംഖ്യാശാസ്ത്രം, എൻജിനീയറിങ്, ജന്തുശാസ്ത്രം, നക്ഷത്രശാസ്ത്രം, വാസ്തുവിദ്യ എന്നിവയും പഠിപ്പിച്ചു.

കുട്ടികൾക്ക് മരക്കഷ്ണങ്ങളുടെ പുറത്തായിരുന്നു അധ്യാപകർ എഴുതിക്കൊടുത്തിരുന്നത്. ശിഷ്യന്മാർ അത് ആവർത്തിച്ച് പകർത്തി എഴുതി പഠിക്കുകയായിരുന്നു പതിവ്. വിദ്യാഭ്യാസത്തിൽ കർശനമായ അച്ചടക്കത്തിന് പ്രാധാന്യമുണ്ടായിരുന്നെങ്കിലും അധ്യാപകർ ഒരു മുതിർന്ന സഹോദരനെപോലെ വിദ്യാർഥിയെ പഠനത്തിൽ സഹായിച്ചു.

## 3. പുരാതനഗ്രീസിലെ വിദ്യാഭ്യാസം

ലോകവിദ്യാഭ്യാസചിന്തയ്ക്ക് അമൂല്യമായ സംഭാവന നൽകിയ മഹത്തായ പാരമ്പര്യമാണ് ഗ്രീസിനുള്ളത്. ഗ്രീസിലെ നഗരരാജ്യങ്ങളുടെ ആവിർഭാവത്തോടെ വിദ്യാഭ്യാസത്തിന് വ്യക്തവും നിശ്ചിതവുമായ രൂപം കൈവന്നു. പ്രധാന നഗരരാജ്യങ്ങളായ സ്പാർട്ടയും ഏഥൻസും രണ്ടുതരം വിദ്യാഭ്യാസത്തെയാണ് പ്രതിനിധാനം ചെയ്തിരുന്നത്. അനുസരണയും കൂറും സത്യസന്ധതയുമുള്ള ധീരന്മാരായ മാതൃകായോദ്ധാക്കളെ വളർത്തിയെടുക്കുക എന്നതായിരുന്നു സ്പാർട്ടൻ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒരു കുട്ടി ഏഴു വയസ്സുവരെ മാതാവിന്റെ മേൽനോട്ടത്തിലായിരിക്കും. അതിനുശേഷം സർക്കാർ ചെലവിൽ വിദ്യാലയങ്ങളിൽ വച്ച് ഓട്ടം, ചാട്ടം, മൽപ്പിടുത്തം, സൈനിക കവാത്ത് മുതലായ കായികാഭ്യാസങ്ങൾ പരിശീലിക്കുന്നു. പതിനെട്ടുമുതൽ ഇരുപതു വയസ്സുവരെ സൈനിക ശാസ്ത്രവും ആയുധവിദ്യയും അഭ്യസിക്കുന്നു. പിന്നെ പത്തുകൊല്ലം സൈനികസേവനം നടത്തണം. മുപ്പതാമത്തെവയസ്സിൽ അവനു പൂർണപൗരത്വവും വിവാഹത്തിനുള്ള അനുമതിയും ലഭിക്കുന്നു. പെൺകുട്ടികൾക്കും ഇപ്രകാരമുള്ള വിദ്യാഭ്യാസമാണ് ലഭിച്ചിരുന്നത്. സൈനികാക്രമണങ്ങൾ സാധാരണമായിരുന്നതിനാൽ ഇത്തരത്തിലുള്ള വിദ്യാഭ്യാസം അന്നു പ്രസക്തമായിരുന്നു.

ഏഥൻസിൽ കുട്ടികളുടെ വിദ്യാഭ്യാസച്ചുമതല മുഖ്യമായും കുടുംബത്തിനായിരുന്നു. പൊതുവിദ്യാലയങ്ങൾ അന്നില്ലായിരുന്നു. ഏഴുവയസ്സിലാരംഭിക്കുന്ന വിദ്യാഭ്യാസം കുടുംബത്തിന് സാമ്പത്തിക സ്ഥിതിയുണ്ടെങ്കിൽ 15,16 വയസ്സുവരെ തുടർന്നിരുന്നു. പ്രധാനമായും സംഗീതവിദ്യാലയം, കായികാഭ്യാസവിദ്യാലയം എന്ന് രണ്ടുതരം വിദ്യാലയങ്ങൾ അവിടെ ഉണ്ടായിരുന്നു. സംഗീതവിദ്യാലയങ്ങളിൽ തുടക്കത്തിൽ സംഗീതവും കാവ്യവും മാത്രം പഠിപ്പിക്കുന്നു. തുടർന്ന് നാടകം, ചരിത്രം, പ്രഭാഷണകല, ശാസ്ത്രം എന്നിവയും പഠിപ്പിക്കും. കളികളും വ്യായാമമുറകളും കായികമത്സരങ്ങളും മറ്റുമായിരുന്നു കായികാഭ്യാസവിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നത്. 16-ാം വയസ്സിൽ ബാലന്മാർ ഇത്തരം പഠനങ്ങൾ നിർത്തിവച്ച്

സ്റ്റേറ്റ് നിയന്ത്രണത്തിലുള്ള ജിംനേഷ്യത്തിൽ പ്രവേശിക്കുകയും അവിടെ പഠിക്കുകയും ചെയ്യുന്നു. കായിക മത്സരങ്ങൾ, രാഷ്ട്രീയ സംവാദങ്ങൾ, മുതിർന്നവരുമായുള്ള സമ്പർക്കം എന്നിവയിൽ കൂടി അവർ പ്രായപൂർത്തിയായവരുടെ ചുമതലകൾ നിർവ്വഹിക്കാൻ പ്രാപ്തി നേടുന്നു. പിന്നീട് വിവിധ പരീക്ഷകൾ വിജയിച്ചു കഴിഞ്ഞാൽ അവർ പൂർണ്ണപൗരത്വത്തിന് അർഹരാകുന്നു.

### ഉന്നത വിദ്യാഭ്യാസം

ഗ്രീസിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയപരിവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസം കൂടുതൽ ധൈഷണികമായിത്തീർന്നു. സോഫിസ്റ്റുകൾ എന്നറിയപ്പെടുന്ന പുതിയ വിഭാഗം അധ്യാപകർ ആവിർഭവിച്ചു. ഇവരുടെ പ്രയത്നഫലമായി രണ്ടുതരം വിദ്യാലയങ്ങൾ ആവിർഭവിച്ചു.

1. പ്രഭാഷണപരം
2. ദാർശനികം

ബുദ്ധിജീവികൾക്കു പ്രായോഗിക പ്രവർത്തനങ്ങളിൽ പരിശീലനം നൽകുകയായിരുന്നു പ്രഭാഷണപരമായ വിദ്യാലയങ്ങളുടെ ലക്ഷ്യം. രണ്ടാമത്തേതാകട്ടെ ന്യായവാദത്തിനും ദാർശനിക ചിന്തയ്ക്കും പ്രാധാന്യം കൊടുത്തു പ്ലേറ്റോ സ്ഥാപിച്ച അക്കാദമിയും അരിസ്റ്റോട്ടിലിന്റെ ലൈസിയവും രണ്ടാമത്തേതിന് ഉദാഹരണമാണ്. ഏഥൻസ്, അലക്സാണ്ട്രിയ തുടങ്ങിയ സർവ്വകലാശാലകൾ വളർന്നു വന്നത് ഈ രണ്ടിനം വിദ്യാലയങ്ങളിൽ നിന്നാണ്.

### 4. മധ്യകാല വിദ്യാഭ്യാസം

യൂറോപ്പിൽ കത്തോലിക്കരുടെ മൊണാസ്ട്രികളായിരുന്നു മധ്യകാലത്തെ വിദ്യാകേന്ദ്രങ്ങൾ എ.ഡി. 312 ൽ കോൺസ്റ്റൻന്റിയിൻ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതോടെ ക്രിസ്തുമതം റോമാസാമ്രാജ്യത്തിലെ അംഗീകൃതമതമായിത്തീർന്നു. മെഡിറ്ററേനിയൻ തടത്തിലെ മിക്ക വിദ്യാലയങ്ങളും ക്രിസ്തുമതപ്രചാരണം ഏറ്റെടുത്തു. വിദ്യനേടിയവർക്ക് സമൂഹത്തിലും ഭരണത്തിലും പ്രധാനപ്പെട്ട സ്ഥാനം ലഭിച്ചിരുന്നതിനാൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എല്ലാവരും ബോധവാന്മാരായിരുന്നു,

12-ാം നൂറ്റാണ്ടിലെ മധ്യകാല നവോത്ഥാനത്തോടെ വിദ്യാഭ്യാസരംഗത്ത് പരിവർത്തനങ്ങളുണ്ടായി. സന്യാസവൃത്തി പഠിക്കാനുദ്ദേശിക്കുന്നവർക്ക് 15 വയസ്സിനു മുമ്പുതന്നെ ധാരാളം പഠിക്കാനുണ്ടായിരുന്നു. വായന, ധ്യാനം, പ്രാർഥന എന്നിവയായിരുന്നു പ്രധാനമായും പഠനവിഷയങ്ങൾ. നഗരപ്രദേശങ്ങളിൽ ജീവിതത്തിന് കുറെക്കൂടി ഉപകാരപ്രദമായ വിഷയങ്ങൾ പഠിക്കാനുണ്ടായിരുന്നു. ലാറ്റിൻ, വ്യാകരണം, പ്രഭാഷണം, ന്യായം, ക്ഷേത്രഗണിതം, അംങ്കഗണിതം (Arithematic) ഊർജതന്ത്രം, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം മുതലായ വിഷയങ്ങൾ അവിടെ പഠിപ്പിച്ചിരുന്നു. കൂടാതെ നൂൽനൂൽക്കൽ, കൃഷി, വൈദ്യം തുടങ്ങിയ തൊഴിലുകളും പഠിപ്പിച്ചിരുന്നു.

ഇറ്റലി, ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ സർവ്വകലാശാലകൾ ഉദയം കൊണ്ടതും ഇക്കാലത്താണ്.

യൂറോപ്പിനും പുറത്തും മധ്യയുഗങ്ങളിൽ വിദ്യാഭ്യാസവളർച്ചയുണ്ടായിരുന്നു. ബാഗ്ദാദ് ഇത്തരത്തിലുള്ള ഒരു കേന്ദ്രമായിരുന്നു. ബാഗ്ദാദിലെ 'House of Wisdom' എന്ന ഗ്രന്ഥശാല 9 മുതൽ 13-ാം നൂറ്റാണ്ടുവരെ അറിവിന്റെ കേന്ദ്രമായിരുന്നു. അവിടെ പൈത്തഗോറസ്, പ്ലേറ്റോ,

അരിസ്റ്റോട്ടിൽ, ഹിപ്പോക്രിറ്റസ്, യൂക്ലിഡ്, സുശ്രുതൻ, ചരകൻ, ആര്യഭട്ടൻ, ബ്രഹ്മഗുപ്തൻ തുടങ്ങിയവർ ലോകത്തിനു നൽകിയ വിജ്ഞാനം മുഴുവൻ പകർത്തിയെഴുതി സൂക്ഷിച്ചിരുന്നു. ഒരു ലക്ഷത്തോളം ജനസംഖ്യായുണ്ടായിരുന്ന ബാഗ്ദാദ് അക്കാലത്ത് വൈദ്യശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഭൂമിശാസ്ത്രം എന്നിവയുടെ പ്രശസ്തമായ പഠനകേന്ദ്രമായിരുന്നു..

### 5. വിദ്യാഭ്യാസം വ്യാവസായികയുഗത്തിൽ

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയം ശക്തമാകുന്നത് വ്യാവസായികയുഗത്തിലാണ്. വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും ലോകത്ത് കുടുങ്ങിക്കിടക്കുന്ന സമൂഹത്തെ അതിൽ നിന്നും മോചിപ്പിച്ച് പുതിയതൊഴിൽ മേഖലയിൽ അണിനിരത്തുന്നതിനു വിദ്യാഭ്യാസം അത്യാവശ്യമായിരുന്നു.

ബ്രിട്ടനിൽ 1833-ൽ ഉണ്ടായ ഫാക്ടറി ആക്ട് അനുസരിച്ച് ഫാക്ടറിത്തൊഴിലാളികളുടെ മക്കൾക്ക് ദിവസം 2 മണിക്കൂർ സമയത്തെ നിർബന്ധിത വിദ്യാഭ്യാസം കൊടുക്കണമെന്നു തീരുമാനിച്ചു. 1880 ആകുമ്പോഴേക്കും 10 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ ബ്രിട്ടനിൽ തീരുമാനിച്ചു. ഇക്കാലത്താണ് അധ്യാപകപരിശീലനങ്ങൾ ആരംഭിക്കുന്നത്.

ഇരുപതാംനൂറ്റാണ്ടിൽ ലോകയുദ്ധങ്ങൾക്കുശേഷം വിദ്യാഭ്യാസമേഖലയിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. അറിവിന്റെ വിസ്ഫോടനം നടക്കുകയും ശാസ്ത്രാധിഷ്ഠിത വ്യവസായങ്ങൾ വ്യാപിക്കുകയും ചെയ്തു. സംഘടിതതൊഴിലാളിവർഗം, ടെലിവിഷൻ എന്നിവയുടെ വരവും സാമൂഹ്യ രാഷ്ട്രീയ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ച സംഭവങ്ങ ളായിരുന്നു. യുദ്ധാനന്തരം മിക്കവാറും രാജ്യങ്ങൾ സ്വാതന്ത്ര്യം നേടുകയും അവിടങ്ങളിൽ വിദ്യാഭ്യാസരംഗത്ത് എടുത്തുപറയത്തക്ക മാറ്റങ്ങളുണ്ടാവുകയും ചെയ്തു. വ്യാവസായിക പുരോഗതിക്ക് വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്നായിത്തീർന്നു.

- വിദ്യാർഥികളുടെ എണ്ണം വർധിച്ചു.
- ഉന്നതവിദ്യാഭ്യാസത്തിന് പ്രാധാന്യം കൂടി.
- വിദ്യാഭ്യാസവും സമ്പത്തും തമ്മിലുള്ള ബന്ധം പ്രകടമായി
- ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ചിന്ത ശക്തമായി.
- വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിന്റെ സ്വാധീനം വർധിച്ചു,

എന്നിവയും ഇക്കാലത്തെ എടുത്തുപറയത്തക്ക മാറ്റങ്ങളാണ്.

### 6. ലോകവിദ്യാഭ്യാസത്തിലെ സമകാലികപ്രവണതകൾ:

ലോകത്തെ മിക്ക രാജ്യങ്ങളിലും നിർബന്ധിത വിദ്യാഭ്യാസം നിലനിൽക്കുന്നു എന്നതാണ് വർത്തമാനകാലത്തിന്റെ ഒരു പ്രധാനസവിശേഷത. 30 കൊല്ലങ്ങൾക്കുള്ളിൽ ചരിത്രത്തിൽ ഇന്നുവരെയുള്ളതിൽ കൂടുതൽ ആളുകൾക്കു ഔപചാരിക വിദ്യാഭ്യാസം ലഭിക്കുമെന്ന് യുനെസ്കോ നിരീക്ഷിച്ചിട്ടുണ്ട്.

നിരക്ഷരരുടെയും സ്കൂളിൽ പോകാത്തവരുടെയും എണ്ണം കുറെദശകങ്ങളായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1960 ൽ 36% നിരക്ഷരരുണ്ടായിരുന്നെങ്കിൽ 2000 ൽ അത് 25% ആയി.

**World Declaration as Education for All UNESCO – 1990**

1990 ൽ തായലന്റിലെ ജോമ്തീനിൽ വച്ചു നടന്ന ലോകവിദ്യാഭ്യാസ കോൺഫറൻസ് അടിസ്ഥാന വിദ്യാഭ്യാസങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു പ്രവർത്തനരൂപരേഖ തയാറാക്കി, കുട്ടികൾ, ചെറുപ്പക്കാർ, മുതിർന്നവർ എന്നിങ്ങനെ ആരുമായിക്കൊള്ളട്ടെ, അവർക്കെല്ലാം വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ട് എന്ന് കോൺഫറൻസ് പ്രഖ്യാപനം നടത്തി.

വികസ്വരരാജ്യങ്ങളിൽ 1970 ൽ നിന്നും 2000 ആയതോടെ നിരക്ഷരരുടെ എണ്ണം പകുതിയായി. വികസിത നാടുകളിലാകട്ടെ 6% എന്നത് 1% ആയി കുറഞ്ഞു. ഇരുപതാംനൂറ്റാണ്ടിന്റെ പകുതിയാകുമ്പോഴേക്കും ലോകം സാങ്കേതികമായും സാമ്പത്തികമായും വളർന്നു. ഇത് തൊഴിൽമേഖലയിലും ജീവിതത്തിലും വലിയ പരിവർത്തനങ്ങൾ വരുത്തി. 1980 കളോടെ ഗവൺമെൻറുകളും വിദ്യാഭ്യാസ വിദഗ്ധരും പ്രമുഖരായ തൊഴിൽദാതാക്കളും ഡിജിറ്റൽ (Digital) തൊഴിലിടങ്ങൾക്കാവശ്യമായ വൈദഗ്ധ്യം. വിദ്യാഭ്യാസത്തിലൂടെ ഉണ്ടാക്കുന്നതിനെക്കുറിച്ചു ചിന്തിച്ചുതുടങ്ങി. ഇരുപത്തൊന്നാം നൂറ്റാണ്ടിന് ഈ മേഖലയിലുള്ള വൈദഗ്ധ്യം അത്യന്താപേക്ഷിതമാണ്.

പരമ്പരാഗതമായ അക്കാദമിക അറിവുകളുടെ സ്ഥാനത്ത് വിശകലനാത്മചിന്ത, പ്രശ്നപരിഹരണശേഷി, ടീംവർക്ക് എന്നിവ ആവശ്യമുള്ളതാണ് പുതിയ കാലത്തെ തൊഴിലുകൾ.

**വികസിതരാജ്യങ്ങളിലെ വിദ്യാഭ്യാസമാതൃകകൾ**

1. ഫിൻലാന്റ്

- 6 വയസ്സു മുതൽ ഒരു കൊല്ലത്തെ പ്രീപ്രൈമറി വിദ്യാഭ്യാസം
- 7 വയസ്സു മുതൽ 16 വയസ്സുവരെ 9 കൊല്ലത്തെ അടിസ്ഥാന സ്കൂൾ വിദ്യാഭ്യാസം.
- രാവിലെ 8, 9 മണി മുതൽ സ്കൂൾ ദിനങ്ങൾ ആരംഭിക്കുന്നു. 1, 2 മണിക്ക് അവസാനിക്കുന്നു.
- അധ്യാപകന്റെ ശരാശരി വാർഷിക ശമ്പളം 70000 ഡോളർ.
- 9 കൊല്ലത്തെ വിദ്യാഭ്യാസത്തിനുശേഷം അക്കാദമികമോ തൊഴിലധിഷ്ഠിതമോ ആയ ഉന്നതവിദ്യാഭ്യാസം തിരഞ്ഞെടുക്കാവുന്നതാണ്.
- ബോധനമാധ്യമം ഫിനിഷ് ഭാഷ. (Finish)
- സ്വീഡിഷ്, ഇംഗ്ലീഷ് ഭാഷകളും പഠിക്കുന്നു.
- ലോകത്ത് ഗണിതം, സയൻസ്, ഭാഷ എന്നിവയിൽ മുന്നിട്ടു നിൽക്കുന്നു.
- മികച്ച അധ്യാപകർ, സ്കൂളുകൾക്ക് സ്വയഭരണാധികാരം എന്നിവ ഫിൻലന്റ് വിദ്യാഭ്യാസത്തിന്റെ പ്രത്യേകതയാണ്.

**ജപ്പാൻ**

- ജനനം മുതൽ സ്കൂൾപ്രായം ആരംഭിക്കുന്നു എന്നു കരുതുന്ന രാജ്യമാണ് ജപ്പാൻ.
- പ്രീസ്കൂൾ വിദ്യാഭ്യാസം ജപ്പാനിൽ ശക്തിപ്രാപിച്ചുവരുന്നു.
- എലിമെന്ററി വിദ്യാഭ്യാസം 6 വർഷം
- മിഡിൽ സ്കൂൾ 3 വർഷം
- ഹൈസ്കൂൾ 3 വർഷം
- സർവ്വകലാശാല 4 വർഷം

ഇങ്ങനെയാണ് വിദ്യാഭ്യാസകാലം. ഇതിൽ എലിമെന്ററി മിഡിൽ സ്കൂൾ വിദ്യാഭ്യാസം (9 വർഷത്തെ) നിർബന്ധമാണ്.

- ബോധനമാധ്യം ജാപ്പനീസ് ഭാഷ.

ക്ലാസുകൾ രാവിലെ 8.45 മുതൽ ഉച്ചയ്ക്ക് 3.15 വരെ.

(6½ മണിക്കൂർ പ്രവർത്തി സമയം)

- സ്കൂളിൽ പോഷക സമൃദ്ധമായ ഭക്ഷണമുണ്ട്.
- ക്ലാസ്മുറികൾ വൃത്തിയാക്കുന്നത് വിദ്യാർഥികളുടെ ചുമതലയാണ്.
- സ്കൂൾ സമയത്തിനുശേഷം കുട്ടികൾ പലതരം വർക്ക്ഷോപ്പുകളിൽ പോയി തൊഴിലുകൾ പഠിക്കുന്നു.
- സ്കൂൾ പ്രവേശനം 100%
- സാക്ഷരത 100%
- കൂടുതൽ രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ചർച്ച ചെയ്യുമല്ലോ?

**തുടർപ്രവർത്തനങ്ങൾ**

1. ഇന്റർനെറ്റ് ഉപയോഗിച്ച് ലോകവിദ്യാഭ്യാസത്തിലെ നൂതന പ്രവണതകൾ കണ്ടെത്തി ക്ലാസിൽ പൊതുവായി അവതരിപ്പിക്കുക.
2. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്കൻ, വൻകരകളിലെ വികസിത വികസ്വരരാജ്യങ്ങൾക്കിടയിലെ വിദ്യാഭ്യാസപ്രവണതകൾ കണ്ടെത്തി താരതമ്യം ചെയ്യുക.
3. വേദകാലവിദ്യാഭ്യാസവും പ്രാചീനനാഗരികതകളിലെ വിദ്യാഭ്യാസവും തമ്മിൽ താരതമ്യം ചെയ്യുക.
4. വ്യവസായികയുഗം വിദ്യാഭ്യാസത്തിൽ പരിവർത്തനം വരുത്തിയിട്ടുണ്ടോ? അതിന്റെ കാരണം എന്താണ്?
5. ലോകരാജ്യങ്ങളിലെ സ്കൂൾ വിദ്യാഭ്യാസ ഘടന, സ്വഭാവം എന്നിവ ശേഖരിക്കുക.

Ref:- 1. Encyclopaedia Britanica – Volume – 6

2. വിശ്വവിജ്ഞാനകോശം - N.B.S volume 9

3. History of Education – Wikipedia,

4. History of Education – Nirmalkaur, Mittal Publications –NewDelhi 2005.

# ഇന്ത്യൻവിദ്യാഭ്യാസം കമ്മീഷനുകൾ റിപ്പോർട്ടുകൾ

**ആമുഖം**

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പുമായി നിരവധി വിദ്യാഭ്യാസ കമ്മീഷനുകൾ രൂപപ്പെട്ടിട്ടുണ്ട്. അവയെ വിമർശനാത്മകമായി സമീപിക്കാൻ ഒരു ഭാവിഅധ്യാപകന് കഴിയണം. എങ്കിൽ മാത്രമേ വർത്തമാന വിദ്യാഭ്യാസ പ്രശ്നങ്ങളെ കൃത്യതയോടെ സമീപിക്കാനും വിശകലനം ചെയ്ത് പരിഹാരങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കാനും കഴിയൂ.

ഏതെല്ലാം കമ്മീഷനുകളാണ് സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിൽ നിലവിൽ വന്നത്?

അവയുടെ നിർദ്ദേശങ്ങളും ശുപാർശകളും ഇന്ത്യയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ എത്രമാത്രം ധനാത്മകമായി (Positive) മുന്നേറാൻ സഹായിച്ചു?

സ്വാതന്ത്രത്തിനുശേഷം വന്ന വിദ്യാഭ്യാസ കമ്മീഷനുകളും നിയമനിർമ്മാണങ്ങളും ഏതെല്ലാം?

നാം നേരിടുന്ന വിദ്യാഭ്യാസസമസ്യകളെ അവ എങ്ങനെ പ്രതിരോധിച്ചു?

അവയിലെ നിർദ്ദേശങ്ങളും ശുപാർശകളും നടപ്പിലാക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ? എന്തുകൊണ്ട്?

തുടങ്ങിയ നിരവധി ചോദ്യങ്ങൾ സ്വയം ചോദിച്ചുകൊണ്ടു വേണം അവയെ സമീപിക്കാൻ.

ഒന്നാം യൂണിറ്റിൽ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സഹായകമായ നിരവധി നിയമനിർമ്മാണങ്ങൾ, വിദ്യാഭ്യാസ കമ്മീഷനുകൾ, റിപ്പോർട്ടുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ ഉള്ളടക്കം അറിയാനും വിശകലനം ചെയ്യാനുമാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

ഇവിടെ ചർച്ച ചെയ്യപ്പെടുന്ന രേഖകൾ

| | | |
|---|---|---|
| 1. | മെക്കാളെ മിനുട്സ് | 1835 |
| 2. | വുഡ്സ് ഡെസ്പാച്ച് | 1854 |
| 3. | ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് | 1882 |
| 4. | ഹർടോഗ് കമ്മറ്റി റിപ്പോർട്ട് | 1929 |
| 5. | സാർജന്റ് റിപ്പോർട്ട് | 1944 |
| 6. | ഇന്ത്യൻ ഭരണഘടന | 1950 |
| 7. | സെക്കന്ററി വിദ്യാഭ്യാസ കമ്മീഷൻ | 1953 |
| 8. | ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷൻ | 1966 |
| 9. | ദേശീയ വിദ്യാഭ്യാസനയം | 1968 |
| 10. | ദേശീയ വിദ്യാഭ്യാസനയം | 1986 |
| 11. | പ്രോഗ്രാം ഓഫ് ആക്ഷൻ | 1992 |
| 12. | യശ് പാൽ കമ്മറ്റി റിപ്പോർട്ട് | 1993 |
| 13. | ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് | 2005 |

14. വിദ്യാഭ്യാസ അവകാശനിയമം 2009

15. എൻ.സി.എഫ്.ടി.ഇ 2009

എന്നീ കമ്മീഷൻ റിപ്പോർട്ടുകളുടെ പ്രസക്തി, പ്രാധാന്യം, അവയുടെ വിശകലനം എന്നിവ പഠനവിഷയമാക്കുകയാണ്.

### 1. മെക്കാളെ മിനുട്സ് (1835)

ആധുനിക ഇന്ത്യൻ വിദ്യാഭ്യാസത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ച നിയമനിർമ്മാണ രേഖയാണ് 1835 ലെ മെക്കാളെയുടെ മിനുട്സ്. വർത്തമാനകാല വിദ്യാഭ്യാസത്തെപ്പോലും സ്വാധീനിക്കുന്ന ഈ രേഖയുടെ വിശകലനം അധ്യാപക വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും പാശ്ചാത്യ ആശയങ്ങൾക്കും ഊന്നൽ നൽകുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടാണ് നിശ്ചിതരേഖ അടിസ്ഥാനമാക്കിയ വിദ്യാഭ്യാസം നടപ്പിലാക്കിയത്. സ്വാഭാവികമായും ഈ രേഖ കൊളോണിയൻ താൽപ്പര്യങ്ങളുടെ ഭാഗമാണ്.

> സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മാതൃഭാഷയിലൂന്നിയ പഠനത്തെ നിരാകരിക്കുന്ന പ്രവണതയാണ് നമുക്ക് കാണാൻ കഴിയുക. മഹാത്മാഗാന്ധി, ടാഗോർ, തുടങ്ങിയ വിദ്യാഭ്യാസചിന്തകരുടെ ആശയങ്ങളെ മറികടന്ന് ഇന്നും പാശ്ചാത്യഭാഷയോടും വിദ്യാഭ്യാസ രീതിയോടും ഉള്ള അഭിനിവേശം എന്തുകൊണ്ട് എന്ന ചോദ്യം നാം ഉന്നയിക്കേണ്ടിയിരിക്കുന്നു. വിശദമായ പഠനവും ചർച്ചകളും വിശകലനവും അനിവാര്യമാകുകയാണിവിടെ.

1813 മുതൽ നാൽപ്പതു വർഷക്കാലം ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിൽ വിവാദങ്ങളുടെ കാലമായിരുന്നു. 1806–1813 വരെ ഇന്ത്യയിൽ ഗവർണർ ജനറലായിരുന്നത് മിന്റോ പ്രഭുവായിരുന്നു. ഇംഗ്ലീഷുകാർ ഭാരതീയ സംസ്ക്കാരത്തിന് വേണ്ടത്ര പ്രോത്സാഹനം നൽകണമെന്ന് അദ്ദേഹം ശക്തമായി വാദിച്ചു. അങ്ങനെ പൗരസ്ത്യവാദികളായ കമ്പനി ഉദ്യോഗസ്ഥരും മിഷനറിമാരെ അനുകൂലിക്കുന്ന പാശ്ചാത്യവാദികളും രണ്ടുചേരിയായി മാറി. കമ്പനി ഡയറക്ടർ ബോർഡിലും ഈ രണ്ടു വീക്ഷണങ്ങൾക്കും ഏതാണ്ട് തുല്യപ്രാതിനിധ്യമാണ് ഉണ്ടായത്. 1835 ൽ ഈ പ്രശ്നം അന്നത്തെ ഗവർണർജനറലായിരുന്ന വില്യംബെന്റിക്ക് പ്രഭുവിന്റെ തീരുമാനത്തിന് വിടാൻ ബോർഡ് തീരുമാനിച്ചു.

അന്ന് പബ്ളിക്ക്ഇൻസ്ട്രക്ഷൻ ജനറൽകമ്മറ്റിയുടെ പ്രസിഡന്റും ഗവർണർ ജനറലിന്റെ കാര്യനിർവ്വഹണസമിതിയിലെ നിയമകാര്യാംഗവും മെക്കാളെ പ്രഭുവായിരുന്നു. അദ്ദേഹത്തെയാണ് ഈ വിവാദവിഷയത്തിൽ തീരുമാനമെടുക്കാൻ ചുമതലപ്പെടുത്തിയത്. അങ്ങനെയാണ് മെക്കാളെയുടെ പ്രസിദ്ധമായ 'മിനിട്സ്' ജന്മമെടുത്തത്.

1835 ഫെബ്രുവരി മാസത്തിലാണ് ഇന്ത്യൻ വിദ്യാഭ്യാസ ചരിത്രത്തിലെ അടിസ്ഥാന രേഖകളിലൊന്നായ 'മെക്കാളെ മിനുട്സ്' പുറത്തുവന്നത്. 1813-ലെ ചാർട്ടറിലെ വ്യവസ്ഥയ്ക്കൊത്ത് ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണ് ഭാരതത്തിൽ നടപ്പിലാക്കേണ്ടത് എന്ന് വ്യക്തമായി നിർവചിക്കേണ്ടത് മെക്കാളെയുടെ ചുമതലയായിരുന്നു. മെക്കാളെയുടെ വാദങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- 1813 ലെ ചാർട്ടറിൽ ഉപയോഗിച്ചിരുന്ന 'സാഹിത്യം' എന്നത് ഇംഗ്ലീഷ് സാഹിത്യമാണെന്നും 'പണ്ഡിതനായ ഇന്ത്യക്കാരൻ' എന്നതുകൊണ്ട് അർഥമാക്കിയത് ലോക്കിന്റെ തത്വശാ

സ്ത്രം, മിൽട്ടന്റെ കവിത എന്നിങ്ങനെ ഇംഗ്ലീഷ് വിജ്ഞാനത്തിൽ ആഴത്തിൽ അറിവു നേടിയ വ്യക്തിയാണെന്ന് അദ്ദേഹം വ്യാഖ്യാനിച്ചു.

- ശാസ്ത്രവിജ്ഞാനം ഇംഗ്ലീഷ്ഭാഷയിലൂടെ മാത്രമേ നേടാനാകൂ എന്ന് തറപ്പിച്ചു പറഞ്ഞു.
- പൗരസ്ത്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടർന്നു നടത്തുന്നതിനോട് വിയോജിപ്പു രേഖപ്പെടുത്തി.
- ഇന്ത്യൻ നാട്ടുഭാഷകളെ ഇംഗ്ലീഷ് സാഹിത്യത്തിൽ നിന്നും ശാസ്ത്രത്തിൽ നിന്നും തെരഞ്ഞെടുത്ത പദങ്ങളുപയോഗിച്ച് സമ്പന്നമാക്കുക.
- ഇന്ത്യക്കാരുടെ ഇടയിൽ യൂറോപ്യൻ സാഹിത്യവും ശാസ്ത്രവും പ്രചരിപ്പിക്കണം.
- പഠനമാധ്യമം ഇംഗ്ലീഷ് ആക്കുന്നതിൽ ഒരു വിഭാഗത്തിനും എതിർപ്പില്ലെന്നു പ്രത്യേകം പ്രസ്താവിച്ചു.
- 'ഇന്ത്യയിലെയും, അറേബ്യയിലെയും സകലസാഹിത്യത്തെക്കാളും വിലമതിക്കപ്പെട്ടതാണ് ഒരു അലമാരയിലൊതുങ്ങുന്ന യൂറോപ്യൻ സാഹിത്യം' എന്ന് അഭിപ്രായപെട്ടു.
- ഇംഗ്ലീഷ് ഭാഷയുടെ അപാരമായ കഴിവും വിദ്യാഭ്യാസ മാധ്യമമായി അംഗീകരിക്കപ്പെടാൻ അതിനുള്ള എല്ലാ അർഹതയും എടുത്തു പറഞ്ഞു.
- ഭരണരംഗത്തെ ഇന്ത്യയിലെ ഉന്നതകുലജാതർക്ക് ഭരണഭാഷയായ ഇംഗ്ലീഷിൽ പ്രാവീണ്യമുണ്ട്. ഇംഗ്ലീഷ് പൗരസ്ത്യനാടുകളിലെ മുഴുവൻ പ്രദേശത്തെയും ഭാഷയാകാൻ സാധ്യതയുള്ളതാണ്.
- 'ഭരണകർത്താക്കളായ നമ്മളും നാട്ടുകാരായ ഇന്ത്യക്കാരും തമ്മിൽ ആശയ വിനിമയം ചെയ്യാൻ സഹായിക്കുന്നതും രക്തത്തിലും വർണ്ണത്തിലും ഇന്ത്യക്കാരാണെങ്കിലും വീക്ഷണത്തിലും ബുദ്ധിശക്തിയിലും സദാചാരബോധത്തിലും ഇംഗ്ലീഷുകാരുമായ ഒരു വർഗത്തെ സൃഷ്ടിക്കാൻ കഴിയുന്നതെല്ലാം നാം ചെയ്യേണ്ടിയിരിക്കുന്നു,' എന്ന പ്രസ്താവന യിലൂടെ ഇന്ത്യയിലെ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അദ്ദേഹം വ്യക്തമാക്കി.

മെക്കാളെയുടെ ലക്ഷ്യം ഇന്ത്യയിൽ നടപ്പിലായതിന്റെ ഫലമായി ഉപരിവർഗത്തെ ഇംഗ്ലീഷിന്റെ സ്വാധീനത്തിന് ഒരു പരിധിവരെ ഇന്നും അടിമപ്പെടുത്താൻ കഴിയുന്നുണ്ട്. വർത്തമാനകാലത്ത് ഈ മിനിട്സ് വിശകലനവിധേയമാക്കി. അതിന്റെ സ്വാധീനത്തിൽ നിന്നും ഇന്ത്യൻ വിദ്യാഭ്യാസത്തെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയേ തീരൂ.

## 2. വുഡ്സ് ഡസ്പാച്ച് (1854)

ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മറ്റൊരു നാഴികക്കല്ലാണ് 1854 ലെ വുഡ്സ് ഡസ്പാച്ച് എന്ന രേഖ. 1853 ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ചാർട്ടർ പുതുക്കുന്നതോടനുബന്ധിച്ച് ഇന്ത്യയുടെ വിദ്യാഭ്യാസനിലയെപ്പറ്റി ബ്രിട്ടീഷ് പാർലമെന്റിന്റെ സെലക്ട് കമ്മിറ്റി ഒരു സമഗ്രഅന്വേഷണം നടത്തിയിരുന്നു. കഴിഞ്ഞ കാലത്തെ വിദ്യാഭ്യാസനയങ്ങൾ അവലോകനം ചെയ്യുകമാത്രമല്ല ഭാവിവിദ്യാഭ്യാസനയം രൂപീകരിക്കുക കൂടിയായിരുന്നു അതിന്റെ മുഖ്യലക്ഷ്യം. ആ അന്വേഷണത്തിന്റെ ഫലമായാണ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ഡയറക്ടർമാർ 1854 ജൂലൈ 19 ന് ചരിത്രപ്രസിദ്ധമായ വുഡ്സ് ഡെസ്പാച്ച് എന്ന രേഖയിലൂടെ ഇന്ത്യയിലെ ബ്രിട്ടീഷ് ഗവർണർ ജനറലിന് വിദ്യാഭ്യാസപരമായ മാർഗനിർദ്ദേശങ്ങൾ നൽകിയത്. അന്നത്തെ ഈസ്റ്റിന്ത്യാ കമ്പനിയുടെ കൺട്രോൾബോർഡിന്റെ അധ്യക്ഷനായിരുന്ന ചാൾസ്വുഡിന്റെ പേരിലാണ് ആ രേഖ അറിയപ്പെടുന്നത്.

**അക്കാലംവരെ വിദ്യാഭ്യാസരംഗത്ത് അവഗണിക്കപ്പെട്ട പല കാര്യങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് 1854ലെ നയം രൂപവൽക്കരിച്ചിട്ടുള്ളത്.**

- പാശ്ചാത്യശാസ്ത്രങ്ങളുടേയും വിജ്ഞാനത്തിന്റെയും സംസ്ക്കാരത്തിന്റെയും മഹത്തായ പ്രയോജനങ്ങൾ ഇന്ത്യൻ ജനതയ്ക്ക് എത്തിച്ചുകൊടുക്കണം.
- ഇത് ഇന്ത്യൻജനതയുടെ കർമ്മശേഷിയും സന്മാർഗ്ഗികബോധവും വികസിപ്പിക്കും. ഇന്ത്യയിൽ ലഭ്യമായ വിഭവങ്ങളുടെ വികാസത്തിന് ഇത് സഹായിക്കും. അതുവഴി സാമ്പത്തികവർധനവിനും വാണിജ്യവികാസത്തിനും വഴിതെളിക്കും.
- യൂറോപ്യൻ വിജ്ഞാനം ഉൾക്കൊള്ളുന്ന കലകൾ, ശാസ്ത്രങ്ങൾ, ദർശനം, സാഹിത്യം എന്നിവയുടെ അഭ്യസനമാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത്.
- ഇംഗ്ലീഷ് ഭാഷയിലൂടെ പഠനം നടത്താനാഗ്രഹിക്കുന്നവരെയെല്ലാം അതിനു സഹായിക്കും.
- സാധാരണക്കാർക്ക് പ്രാദേശികഭാഷയിൽ വിദ്യാഭ്യാസം നടത്താൻ അവസരമുണ്ട്. എന്നാൽ പ്രാദേശികഭാഷയിൽ വിദ്യാഭ്യാസം നടത്തുന്നവരും ഇംഗ്ലീഷ് ഭാഷ നിർബന്ധമായും പഠിച്ചിരിക്കണം.
- ഈ രേഖ പൗരസ്ത്യവിദ്യാഭ്യാസത്തെ തള്ളിപ്പറയുന്നില്ല. എന്നാൽ അത് അബദ്ധ ജടിലമാണെന്നും ആധുനിക വൈജ്ഞാനിക ധാരണകൾ വ്യക്തമാക്കാൻ കഴിയില്ലെന്നും പ്രതിപാദിക്കുന്നു.

**ഈ രേഖയെ ആധാരമാക്കിയുള്ള ചില പ്രവർത്തനങ്ങളും നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്.**

- ബംഗാൾ, മദ്രാസ്, ബോംബെ, പഞ്ചാബ്, വടക്കുപടിഞ്ഞാറൻ പ്രവിശ്യ എന്നിവിടങ്ങളിലോരോന്നിലും വിദ്യാഭ്യാസവകുപ്പുകൾ തുടങ്ങി.
- ഓരോ സംസ്ഥാനത്തിലും ഈ വകുപ്പിന്റെ തലവനായി പൊതുവിദ്യാഭ്യാസ ഡയറക്ടറെയും അദ്ദേഹത്തെ സഹായിക്കാൻ പരിശോധനോദ്യോഗസ്ഥൻമാരെയും നിയമിച്ചു.
- കൽക്കത്ത, ബോംബെ, മദ്രാസ് എന്നീ സംസ്ഥാനങ്ങളിൽ സർവ്വകലാശാലകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകി.
- രാജ്യത്തുടനീളം സ്കൂളുകളും കോളേജുകളും സ്ഥാപിക്കാനുള്ള നിർദ്ദേശവും വുഡ്സ് ഡസ്പാച്ചിലുണ്ടായിരുന്നു.
- ഇംഗ്ലീഷിലോ ഇന്ത്യൻഭാഷകളിലോ അധ്യാപനം നടത്തുന്ന ഹൈസ്കൂളുകളും മിഡിൽ സ്കൂളുകളും പ്രാദേശികഭാഷകൾ അധ്യയനമാധ്യമമായുള്ള പ്രാഥമിക വിദ്യാലയങ്ങളും നാടൊട്ടുക്കും സ്ഥാപിക്കുകയായിരുന്നു ലക്ഷ്യം.
- ഗവൺമെന്റിന്റെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനായി സ്വകാര്യ ഏജൻസികൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് നൽകി വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിച്ചു.
- ഗവൺമെന്റ് സഹായം പറ്റുന്ന സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പരിശോധനക്കായി ഉദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തി.
- അദ്ധ്യാപകപരിശീലന കേന്ദ്രങ്ങൾ ഓരോ സംസ്ഥാനത്തും തുടങ്ങാൻ നിർദ്ദേശിച്ചു.
- ഗവ. ഉദ്യോഗങ്ങളിൽ ഇംഗ്ലീഷ് പ്രാവീണ്യമുള്ളവരെ നിയമിക്കാൻ നിർദ്ദേശിച്ചു.

- സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാൻ വേണ്ടനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചു.
- വുഡ്സ് ഡസ്പാച്ചിലൂടെ തുടങ്ങിയ പലപരിഷ്കാരങ്ങളും ഇന്നും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്.

### 3. ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് (1882)

1882 ൽ ഈസ്റ്റ് ഇന്ത്യകമ്പനിയുടെ രാഷ്ട്രീയ അധികാരം അവസാനിപ്പിക്കുകയും ഭരണം ബ്രിട്ടീഷ് രാജാവ് നേരിട്ട് നടത്താൻ തീരുമാനിക്കുകയും ചെയ്തു. പതിനാലുവർഷങ്ങൾക്കു ശേഷം 1882ൽ ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഇന്ത്യൻ വിദ്യാഭ്യാസകമ്മീഷൻ നിയമിതമായി. 1854 ലെ വുഡ്സ് ഡസ്പാച്ച് പ്രകാരമല്ല ഇന്ത്യയിലെ വിദ്യാഭ്യാസം നടന്നുകൊണ്ടിരിക്കുന്നതെന്ന പരാതികളും ശക്തമായിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് വില്യം ഹണ്ടറുടെ നേതൃത്വത്തിൽ 21 അംഗങ്ങളടങ്ങിയ ഒരു കമ്മറ്റി വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയമിച്ചു.

### കമ്മീഷന്റെ പ്രധാന ശുപാർശകൾ

1. പ്രാഥമികവിദ്യാഭ്യാസം ഉറപ്പാക്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്. അതിന്റെ ഉദ്ദേശ്യം സാമാന്യ ജനത്തിനു വിദ്യാഭ്യാസം നൽകുകയായിരിക്കണം. ഉന്നതവിദ്യാഭ്യാസത്തിനുള്ള ചവിട്ടുപടിയായല്ല പ്രാഥമിക വിദ്യാഭ്യാസത്തെ കാണേണ്ടത്. പ്രാഥമികഘട്ടത്തിൽ അധ്യയന മാധ്യമം പ്രാദേശികഭാഷകൾ തന്നെയായിരിക്കണം.
2. പിന്നാക്ക സമുദായങ്ങളിലേക്കും ഗോത്രവർഗങ്ങളിലേക്കും വിദ്യാഭ്യാസം വ്യാപിപ്പി ക്കാൻ വേണ്ടത്രശ്രദ്ധനം നീക്കിവയ്ക്കണം. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി ബ്രിട്ടീഷ് ഭരണപ്രദേശത്ത് ഒന്നു തന്നെയായിരിക്കണം.
3. പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക ഫണ്ട് ഏർപ്പെടുത്തണം. അവയ്ക്ക് ഗവൺമെന്റ് ധനസഹായം നൽകണം.
4. എല്ലാ പ്രൈമറി അധ്യാപകരും അധ്യാപക പരിശീലനം സിദ്ധിച്ചിവരായിരിക്കണം. അതിനുവേണ്ട നടപടികൾ സ്വീകരിക്കണം.
5. സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ വേണ്ടി പെൺപള്ളിക്കൂടങ്ങൾക്ക് വേണ്ടത്ര ധനസ്സഹായം നൽകേണ്ടതാണ്.

തുടങ്ങി നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ ബ്രിട്ടീഷ് ഗവൺമെന്റിനു മുന്നിൽ സമർപ്പിച്ചു.

### 4. ഹർടോഗ് കമ്മിറ്റി (1929)

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇന്ത്യയിൽ ദേശീയ പ്രസ്ഥാനം ശക്തിയാർജിച്ചിരുന്നു. 1921 ൽ നിസ്സഹകരണ പ്രസ്ഥാനത്തെ തുടർന്ന് പ്രക്ഷുബ്ധമായ ഇന്ത്യൻ രാഷ്ട്രീയരംഗം ലോക ശ്രദ്ധ പിടിച്ചുപറ്റി. 1919 ലെ നിയമപ്രകാരമുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കാൻ 1927 ൽ നിയമിതമായ സൈമൺ കമ്മീഷനെ ഇന്ത്യൻ നേതാക്കൾ ബഹിഷ്കരിച്ചു. എങ്കിലും ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ അന്ന് ഡാക്കാ യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലറായിരുന്ന സർ ഫിലിപ്പ് ഹർടോഗ് ചെയർമാനായി കമ്മറ്റിയെ ചുമതലപ്പെടുത്തി. ഇന്ത്യൻ വിദ്യാഭ്യാസത്തെ മുന്നോട്ടു നയിക്കാൻ പ്രാപ്തമായ നിരവധി ശുപാർശകൾ കമ്മറ്റി റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

### പ്രധാന ശുപാർശകൾ

1. പ്രായോഗിക ജീവിതത്തിന് വിദ്യാഥികളെ തയാറാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ മിഡിൽ സ്കൂൾ തലത്തിൽ തുടങ്ങേണ്ടതാണ്.
2. വിദ്യാഭ്യാസരംഗത്തെ അപവ്യയം (Wastage) ഗതിരോധം (Stagnation) മൂലമുണ്ടാകുന്ന നഷ്ടം, വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീ പുരുഷൻമാർ തമ്മിലുള്ള അന്തരം എന്നിവ ദൂരീകരിച്ച് കാര്യക്ഷമത വർധിപ്പിക്കണം.
3. സ്ത്രീവിദ്യാഭ്യാസത്തിനും സ്ത്രീകൾക്കു വിദ്യാഭ്യാസമേഖലയിലെ വിവിധ തലങ്ങളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും വേണ്ടനടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തു.
4. അധ്യാപകരംഗത്തേക്ക് സമർത്ഥരായവരെ ആകർഷിക്കുവാൻ പരിശീലനം, വേതനം, സേവന വ്യവസ്ഥകൾ എന്നിവ മെച്ചപ്പെടുത്താൻ ശുപാർശ ചെയ്തു.
5. പ്രാഥമിക വിദ്യാഭ്യാസം നാലുവർഷമാക്കുക, പ്രാദേശിക സൗകര്യങ്ങൾക്കും കാലാവസ്ഥയ്ക്കും അനുസൃതമായി സ്കൂൾ സമയവും ഒഴിവുകാലവും നിർണയിക്കുക, പാഠ്യപദ്ധതിയെ ഗ്രാമീണ ജീവിതവുമായി ബന്ധിപ്പിക്കുക തുടങ്ങിയ ശുപാർശകളും നൽകി.

എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ ക്രിയാത്മകമായ ഈ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് 1930 – 31 കാലത്തെ ആഗോള സാമ്പത്തികമാന്ദ്യം തടസ്സമായി.

## 5. സാർജന്റ് റിപ്പോർട്ട് (1944)

ഇന്ത്യയിലെ വിദ്യാഭ്യാസനയങ്ങൾ എന്തായിരിക്കണമെന്നതിനെപ്പറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ വിദ്യാഭ്യാസ ഉപദേഷ്ടാവായിരുന്ന സർ ജോൺ സാർജൻറിനോട് ഗവൺമെന്റ് ആവശ്യപ്പെട്ടു. 1944-ൽ അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടാണ് സാർജന്റ് റിപ്പോർട്ട് എന്നറിയപ്പെടുന്നത്. ഈ റിപ്പോർട്ടിന്റെ ഭാഗമായ ശുപാർശകളിൽ ഇന്ത്യൻ ദേശീയ നേതാക്കളുടെ വീക്ഷണവും സ്വാധീനവും പ്രതിഫലിച്ചിരുന്നു എന്ന പ്രത്യേകത കാണാനാവും.

### പ്രധാന ശുപാർശകൾ

1. ആളോഹരി 11 രൂപയെങ്കിലും വിദ്യാഭ്യാസത്തിനുവേണ്ടി ഇന്ത്യയിൽ ചെലവിടണം. (ഇത് ബ്രിട്ടണിൽ 33 രൂപയാണ്)
2. വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കണം.
3. 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം പ്രൈമറി വിദ്യാലയങ്ങളുടെ ഭാഗമായി ഏർപ്പെടുത്തണം. സെക്കന്ററി ഘട്ടത്തിൽ ശരാശരി കഴിവിൽ മികച്ചു നിൽക്കുന്നവർക്കു മാത്രം പ്രവേശനം നൽകണം. സാങ്കേതികവും അക്കാദമികവുമായ കോഴ്സുകൾ നടപ്പാക്കണം.
4. അധ്യയനമാധ്യമം മാതൃഭാഷയായിരിക്കണം. എന്നാൽ ഒരു ഭാഷയെന്നനിലയിൽ ഇംഗ്ലീഷ് പഠിക്കണം.
5. പാവപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകുക, എല്ലാവർക്കും ആരോഗ്യപരിരക്ഷ, കുട്ടികൾക്ക് ഉച്ചഭക്ഷണം, ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക പഠന സൗകര്യം ഉറപ്പാക്കുക.
6. അധ്യാപകപരിശീലനം മെച്ചപ്പെടുത്തുക.
7. വിദ്യാഭ്യാസം ഗവൺമെന്റിന്റെ അനിവാര്യമായ ഉത്തരവാദിത്തമാണെന്നും രാഷ്ട്രത്തിന്റെ

വികാസം വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു എന്നും റിപ്പോർട്ട് നിരീക്ഷിക്കുന്നു.

8. പ്രൈമറി, മിഡിൽ ഘട്ടത്തിലുള്ള വിദ്യാഭ്യാസത്തിനു ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസ ആശയങ്ങൾ നടപ്പിലാക്കാൻ ശുപാർശ ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ ഒരു വിദ്യാഭ്യാസകാര്യമന്ത്രാലയം സ്ഥാപിതമായി. ഇന്ത്യൻ യൂണിവേഴ്സിറ്റി ഗ്രാൻറ് കമ്മീഷൻ, ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്കനിക്കൽ എജ്യുക്കേഷൻ, ജനറൽ ബ്യൂറോ ഓഫ് എജ്യുക്കേഷൻ എന്നീ സ്ഥാപനങ്ങളും രൂപീ കരിക്കപ്പെട്ടു.

ഈ റിപ്പോർട്ടിലെ ശുപാർശകൾ ഫലപ്രദമാക്കാൻ ബ്രിട്ടീഷ് ഗവൺമെന്റിന് സാധിച്ചില്ലെങ്കിലും പിന്നീടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാവാൻ സാർജന്റ് റിപ്പോർട്ട് സഹായകമായി.

### 6. ഇന്ത്യൻ ഭരണഘടന (1950)

സ്വാതന്ത്ര്യാനന്തരഭാരതത്തിന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിന് അടിസ്ഥാനമായത് ഇന്ത്യൻഭരണഘടനയാണ്. ഒരു സോഷ്യലിസ്റ്റ് ജനാധിപത്യമതേതര രാഷ്ട്രത്തിലെ പൗരൻമാരുടെ നാനാവിധത്തിലുള്ള ജനാധിപത്യഅവകാശങ്ങൾ സംരക്ഷിക്കുകയും കെട്ടുറപ്പുള്ള ഒരു രാഷ്ട്രം പടുത്തുയർത്താനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുകയും ചെയ്യുന്ന അതിപ്രധാനരേഖയാണിത്.

ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിന് ജനതയുടെ വിദ്യാഭ്യാസം അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഭരണഘടനയിലെ ചില വകുപ്പുകൾ വിദ്യാഭ്യാസ ത്തിന് വളരെയധികം പ്രാധാന്യം നൽകുന്നത്.

**പ്രധാന ഭരണഘടനാവ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.**

1. സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം
2. ന്യൂനപക്ഷങ്ങളുടെ പ്രത്യേക വിദ്യാഭ്യാസ അവകാശങ്ങൾ
3. മതപരമായ വിദ്യാഭ്യാസം
4. ദുർബലവിഭാഗങ്ങളുടെ വിദ്യാഭ്യാസം
5. വിദ്യാഭ്യാസകാര്യത്തിൽ കേന്ദ്രസംസ്ഥാനസർക്കാരുകളുടെ പങ്ക്.

#### 6.1. സൗജന്യവും നിർബന്ധിതവുമായ പ്രാഥമികവിദ്യാഭ്യാസം

ഭരണഘടനയുടെ 45-ാം വകുപ്പാണ് സൗജന്യവും നിർബന്ധിതവുമായ സാർവ്വത്രിക വിദ്യാഭ്യാസത്തെപ്പറ്റി പ്രതിപാദിക്കുന്നത്. ഭരണഘടന നടപ്പിലാക്കുന്നതു മുതൽ പത്തു വർഷത്തിനുള്ളിൽ രാഷ്ട്രത്തിലെ എല്ലാകുട്ടികൾക്കും പതിനാലുവയസ്സു പൂർത്തിയാക്കു ന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നാണ് ഈ വകുപ്പ് അനുശാസിക്കുന്നത്. എന്നാൽ ഈ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ശ്രമങ്ങൾ ഇന്നും തുടരുകയാണ്.

#### 6.2. ന്യൂനപക്ഷങ്ങളുടെ പ്രത്യേക വിദ്യാഭ്യാസ അവകാശങ്ങൾ

തങ്ങളുടേതായ പ്രത്യേകഭാഷയോ ലിപിയോ സംസ്ക്കാരമോ ഉള്ള ഏതു വിഭാഗം ഭാരതീയ പൗരന്മാർക്കും അവസംരക്ഷിക്കാനുള്ള അവകാശമുണ്ട് എന്ന് ഭരണഘടനയുടെ 29(1) വകുപ്പിൽ വ്യക്തമാക്കുന്നു.

രാഷ്ട്രത്തിന്റെ ഉടമസ്ഥതയിലുള്ളതോ അതിന്റെ സാമ്പത്തിക സഹായത്താൽ

നടത്തപ്പെടുന്നതോ ആയ ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും മതത്തിന്റെയോ ജാതിയുടേയോ വർഗത്തിന്റെയോ ഭാഷയുടെയോ പേരിലോ മറ്റേതെങ്കിലും കാരണവശാലോ ഒരു പൗരനും പ്രവേശനം നിഷേധിക്കാൻ പാടില്ലെന്ന് 29(2) വകുപ്പ് അനുശാസിക്കുന്നു.

ഭരണഘടനയുടെ 30-ാം വകുപ്പിലും ന്യൂനപക്ഷ സമുദായങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള അവകാശങ്ങളെപ്പറ്റി പറയുന്നുണ്ട്. 1) മതത്തേയോ ഭാഷയേയോ അടിസ്ഥാനമാക്കിയുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടെ ഇഷ്ടാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം ഉണ്ടായിരിക്കും. 2) മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ രാഷ്ട്രം വിവേചനം കാണിക്കാൻ പാടില്ലെന്നും ഭരണഘടന അനുശാസിക്കുന്നു.

ഭാഷ, ന്യൂനപക്ഷസമുദായത്തിൽപ്പെട്ടവരുടെ കുട്ടികൾക്ക് പ്രൈമറിതലത്തിൽ അവരുടെ മാതൃഭാഷയിൽ വിദ്യാഭ്യാസം നൽകാനുള്ള ഉത്തരവാദിത്തം സംസ്ഥാനങ്ങൾക്കുണ്ട്. ആവശ്യമെങ്കിൽ ഇത്തരം സൗകര്യം ലഭ്യമാക്കാൻ സംസ്ഥാനങ്ങൾക്കു നിർദ്ദേശം നൽകാൻ പ്രസിഡന്റിന് അധികാരമുണ്ടെന്നും 350 എ വകുപ്പു വ്യവസ്ഥ ചെയ്യുന്നു.

### 6.3. മതപരമായ വിദ്യാഭ്യാസം

ഭരണഘടനയുടെ 28-ാം വകുപ്പിലാണ് മതവിദ്യാഭ്യാസം പരാമർശിക്കുന്നത്. എന്നാൽ മതസ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും സർക്കാർ വിദ്യാലയങ്ങളിൽ യാതൊരുവിധ മതബോധനവും പാടില്ലെന്നു വ്യവസ്ഥചെയ്യുന്നു.

### 6.4. ദുർബലവിഭാഗങ്ങളുടെ വിദ്യാഭ്യാസം

ഭരണഘടനയുടെ 46-ാം വകുപ്പ് പട്ടികജാതി, പട്ടികവർഗം മുതലായ ദുർബലവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ കാര്യങ്ങളിൽ താൽപ്പര്യം കാണിക്കാനും അവരെ എല്ലാവിധ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാനും സംസ്ഥാന ഗവൺമെന്റുകളെ ഉപദേശി ക്കുന്നതോടൊപ്പം ഇത് അവരുടെ ബാധ്യതകൂടിയാണെന്ന് അനുശാസിക്കുന്നു.

17-ാം വകുപ്പ് അയിത്തം നിരോധിക്കുകയും അത് തുടച്ചുമാറ്റുകയും ചെയ്യുന്നു. 378-ാം വകുപ്പിൽ പട്ടികജാതി പട്ടികവർഗക്കാർക്കു ഭരണഘടന നൽകുന്ന സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ ഉറപ്പാക്കാൻ പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നു.

### 6.5. വിദ്യാഭ്യാസകാര്യത്തിൽ കേന്ദ്രസംസ്ഥാന ഉത്തരവാദിത്തം

ഭരണഘടനയിൽ വിദ്യാഭ്യാസം സംസ്ഥാനങ്ങൾ കൈകാര്യം ചെയ്യേണ്ടവിഷയമായാണ് നിർദ്ദേശിച്ചിരിക്കുന്നത്. 1976 ലെ 42-ാം ഭരണഘടനാഭേദഗതി പ്രകാരം അതു കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും കൂട്ടുത്തരവാദിത്തമുള്ള വിഷയമായി അംഗീകരിച്ചിരിക്കുന്നു. (കൺകറന്റ് ലിസ്റ്റ്) കേന്ദ്രഭരണപ്രദേശങ്ങളിലെ വിദ്യാഭ്യാസം കേന്ദ്രഗവൺമെന്റിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിലാണ്.

## 7. സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷൻ (1953)

നിലവിലുള്ള സെക്കണ്ടറി വിദ്യാഭ്യാസത്തെ പരിശോധിച്ച് അതിനെ മെച്ചപ്പെടുത്തുന്നതിനാ വശ്യമായ ശുപാർശകൾ സമർപ്പിക്കാൻ മദ്രാസ് സർവ്വകലാശാല വൈസ് ചാൻസിലർ ഡോ.ലക്ഷ്മണ സ്വാമി മുതലിയാരുടെ അധ്യക്ഷതയിൽ ഒരു കമ്മീഷനെ 1952ൽ ഇന്ത്യാഗവൺമെന്റ് നിയമിച്ചു. ചെയർമാൻ ഉൾപ്പെടെ 9 അംഗ കമ്മീഷൻ ഒരു വർഷം കൊണ്ട് പ്രവർത്തനം പൂർണ്ണമായി 1953 ൽ റിപ്പോർട്ട് സമർപ്പിച്ചു.

## സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷൻ (1953)

### പ്രധാനശുപാർശകൾ

- ഒരു ജനാധിപത്യസമൂഹത്തിലെ പൗരന് ആവശ്യമായ ശീലങ്ങൾ, സമീപനങ്ങൾ, സ്വഭാവഗുണങ്ങൾ എന്നിവ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി വളർന്നുവരണം. സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതി വിനിമയത്തിലൂടെ ചിന്തയിലും എഴുത്തിലും സംസാരത്തിലും വ്യക്തതകൈവരിക്കണം. ശാസ്ത്രീയ അവബോധം, നൂതനാശങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവ്, ഓരോ വ്യക്തിയുടെയും അന്തസ്സിനെയും മഹത്വത്തെയും കുറിച്ചുള്ള ബോധം, സഹജീവികളോടൊത്ത് സൈ്വരമായി കഴിയാനുള്ള കഴിവ് എന്നിവ ആർജിക്കണം.
- 4/5+3+4+3 എന്ന ക്രമത്തിൽ വിദ്യാഭ്യാസഘട്ടങ്ങൾ നിശ്ചയിച്ചു. (യഥാക്രമം പ്രൈമറി ജൂനിയർബേസിക്ക്, ഹയർ എലിമെന്ററി, സീനിയർ ബേസിക്, ഹയർസെക്കണ്ടറി, ബിരുദം)
- ഇന്റർ മീഡിയേറ്റ് നിർത്തലാക്കി. ഇന്റർ മീഡിയേറ്റ് ഘട്ടത്തിൽ നിന്നും ഒരു വർഷം ഹയർസെക്കന്ററിയിലേക്കും ഒരു വർഷം ഉപരിപഠനത്തിലേക്കും ചേർത്തു.
- ഹയർസെക്കന്ററി കോഴ്സ് പൂർത്തിയാക്കിയവരും ഒരു വർഷത്തെ യൂണിവേഴ്സിറ്റി കോഴ്സ് പൂർത്തിയാക്കിയവരും മെഡിക്കൽ എഞ്ചിനീയറിങ് തുടങ്ങിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാൻ അർഹരായിരിക്കും.
- പബ്ളിക് സ്കൂളുകൾ തുടരണം. എന്നാൽ അവിടത്തെ വിദ്യാഭ്യാസം സാമാന്യ വിദ്യാഭ്യാസത്തിന്റെ രീതിയുമായി ഒത്തുപോകണം.
- ഗ്രാമപ്രദേശങ്ങളിൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കണം.
- സെക്കണ്ടറി വിദ്യാഭ്യാസം പുന:സംവിധാനം ചെയ്യുന്നതിന് കേന്ദ്രങ്ങൾ ധനസഹായം നൽകേണ്ടതാണ്.
- 200 പ്രവൃത്തിദിവസം ഉറപ്പാക്കണം. ആഴ്ചയിൽ ആറു ദിവസത്തെ പഠനദിവസം. കാലാവസ്ഥ, പ്രാദേശിക ആവശ്യങ്ങൾ എന്നിവയ്ക്ക് ഇണങ്ങും വിധം പഠനസമയം ക്രമീകരിക്കാൻ വിദ്യാലയങ്ങൾക്ക് സൗകര്യം നൽകണം.
- ഗവ. പ്രഖ്യാപിക്കുന്ന പൊതുഅവധിക്കും 2 മാസത്തെ മധ്യവേനൽ അവധിക്കും പുറമെ 15 ദിവസം നീണ്ടുനിൽക്കുന്ന 2 ഒഴിവുകാലം കൂടി ഉണ്ടായിരിക്കണം.
- മിഡിൽ സ്കൂളിൽ 2 ഭാഷ, ജൂനിയർ ബേസിക്കിന്റെ ആദ്യദശയിൽ ഇംഗ്ലീഷും ഹിന്ദിയും ഒരേ വർഷം രണ്ടു പുതിയ ഭാഷ തുടങ്ങരുത്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി കാലത്ത് കുറഞ്ഞത് രണ്ടുഭാഷ. ഇവയിൽ ഒന്ന് മാതൃഭാഷയോ പ്രാദേശിക ഭാഷയോ ആയിരിക്കണം.
- സെക്കണ്ടറി ഘട്ടത്തിൽ മുഴുക്കെ അധ്യയന മാധ്യമം മാതൃഭാഷയായിരിക്കണം/ പ്രാദേശികഭാഷ. അതോടൊപ്പം ഭാഷാന്യൂനപക്ഷത്തിന് കേന്ദ്രവിദ്യാഭ്യാസ ഉപദേശകബോർഡ് നിർദ്ദേശിച്ച വിധത്തിലുള്ള സൗകര്യം വേണം.
- അധ്യയനരീതിയിൽ മാറ്റം വരുത്തണം. അറിവുകൾ കൊടുക്കുക എന്ന ലക്ഷ്യം മാത്രം പോര അഭിരുചിയും മൂല്യവും വളരണം, വാചാശിക്ഷണം, മനഃപ്പാഠം പഠിക്കൽ എന്നിവയിൽ നിന്നുംമാറി ഉദ്ദേശ്യപൂർവ്വവും മൂർത്തവും യഥാർഥ സാഹചര്യവുമായി ബന്ധപ്പെട്ടതുമായിരിക്കണം അധ്യാപനരീതി.
- വിദ്യാലയങ്ങളിൽ മതപഠനം തികച്ചും 'വളണ്ടറി' അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. അത് സ്കൂൾ പഠനസമയത്തിനു ശേഷമായിരിക്കണം. ഇത് രക്ഷിതാക്കളുടേയും മാനേജ്മെന്റിന്റെയും സമ്മതത്തോടെയായിരിക്കണം.

- ടെക്സ്റ്റ് പുസ്തകത്തിന്റെ നിലവാരം ഉയർത്തുന്നതിന് ഉന്നതാധികാരമുള്ള ഒരു ടെസ്റ്റ് ബുക് കമ്മറ്റിയെ നിയമിക്കേണ്ടതാണ്.
- പരീക്ഷാരീതിയിൽ മാറ്റം വരേണ്ടതാണ്. ഇന്നത്തെ പരീക്ഷാരീതി കരിക്കുലത്തിന്റെ സ്വഭാവം നിർണയിക്കുന്നു. അല്ലാതെ കരിക്കുലത്തെ ആസ്പദമാക്കിയല്ല പരീക്ഷ നടക്കുന്നത്.
- വിദ്യാലയത്തിന് പുറത്ത് ഈ അധികാരികൾ നടത്തുന്ന പൊതുപരീക്ഷകളുടെ എണ്ണം കുറയ്ക്കുക. ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷ ഏർപ്പെടുത്തുക.
- സെക്കണ്ടറിവിദ്യാഭ്യാസബോർഡ് രൂപീകരിക്കുക.
- 1:30 എന്ന അനുപാതത്തിൽ ക്ലാസുകൾ നിർണയിക്കുക. ഒരു സ്കൂളിൽ പരമാവധി 500 – 750 കുട്ടികളേ പാടുള്ളൂ.
- ട്രെയിനിങ് കോളേജിലെ പഠനം സൗജന്യമാക്കണം. സ്റ്റൈപ്പന്റ് നൽകണം. സേവനകാല പരിശീലനം നൽകുന്നവർക്ക് ശമ്പളം നൽകണം.
- സ്കൂൾ ലൈബ്രേറിയും ലൈബ്രേറിയനും ഉണ്ടാകണം.
- സ്കൂളിന്റെ ഭരണാനുമതി, അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്നിവ അക്കാദ മിക നിലവാരം ഉയർത്തുന്നതിന് സഹായകമായ രീതിയിലാവണം.
- അധ്യാപകരുടെ പെൻഷൻ പ്രായം 60 ആക്കണം.
- ഹെഡ്മാസ്റ്റർ ആയി മികവുള്ള ആളുകളെ ലഭിക്കാൻ വേതനം വർധിപ്പിക്കണം.
- സ്കൂൾ ഇൻസ്പെക്ഷനിൽ അക്കാദമിക കാര്യങ്ങൾക്ക് മുന്തിയ പരിഗണന നൽകണം.

സെക്കണ്ടറി വിദ്യാഭ്യാസത്തിന് സ്വതന്ത്രഭാരതത്തിൽ ദിശാബോധം നൽകുന്നതിന് ഈ കമ്മീഷന് സാധിച്ചു. വളരെ കാലികമായ വിദ്യാഭ്യാസ പ്രശ്നങ്ങൾക്കു കൂടി പരിഹാരമാകുന്ന തരത്തിൽ ദീർഘ വീക്ഷണമുള്ള ശുപാർശകൾ മുന്നോട്ടുവയ്ക്കാൻ ഈ കമ്മീഷനു കഴിഞ്ഞി ട്ടുണ്ട്.

## 8. ഇന്ത്യൻവിദ്യാഭ്യാസ കമ്മീഷൻ (1964 – 66)

ശിശുവിദ്യാഭ്യാസം മുതൽ ബിരുദാനന്തര ഗവേഷണംവരെയുള്ള വിദ്യാഭ്യാസത്തെ അതിന്റെ സമഗ്രതയിൽ കണ്ടുകൊണ്ട് പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും വേണ്ടി ഒരു വിദ്യാഭ്യാസകമ്മീഷനെ നിയമിക്കുന്നതിന് 1964ൽ ഇന്ത്യാഗവൺമെന്റ് തീരുമാനിച്ചു. അന്നത്തെ യു.ജി.സി ചെയർമാനായിരുന്ന ഡോ.ഡി. എസ്. കോത്താരിയായിരുന്നു കമ്മീഷന്റെ ചെയർമാൻ. 17 അംഗങ്ങളാണ് കമ്മീഷനിൽ ഉണ്ടായിരുന്നത്.

കമ്മീഷൻ പന്ത്രണ്ടു ടാസ്ക്ഫോഴ്സുകളെയും ഏഴു പ്രവർത്തന ഗ്രൂപ്പുകളെയും നിയമിച്ചു. ജീവിതത്തിന്റെ വിവിധ തുറകളിലുള്ള 9000 പേരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചു. 2400 മെമ്മോറാണ്ടങ്ങൾ സ്വീകരിച്ചു. 1966 ജൂൺ 29 ന് റിപ്പോർട്ട് സമർപ്പിച്ചു. കമമീഷൻ റിപ്പോർട്ടിന് നൽകിയ പേര് 'വിദ്യാഭ്യാസവും ദേശീയ വികസനവും' എന്നായിരുന്നു.

മൂന്നുഭാഗങ്ങളായാണ് റിപ്പോർട്ട് തയാറാക്കിയിട്ടുള്ളത്. റിപ്പോർട്ടിന്റെ ആദ്യത്തെ ഭാഗം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെയും എല്ലാ സ്റ്റേറ്റുകൾക്കും ബാധകമായ ചില പൊതുതത്ത്വങ്ങളെയും പ്രതിപാദിക്കുന്നു. ദേശീയലക്ഷ്യം വച്ച് വിദ്യാഭ്യാസരീതിയെ

നവീകരിക്കേണ്ട ആവശ്യകത, ഘടനാപരമായ പുനഃസംവിധാനം, വിദ്യാർഥികളെ ചേർക്കുന്നതിൽ അനുവർത്തിക്കേണ്ട പൊതുനയം, അധ്യാപകരുടെ പദവി ഉയർത്തൽ, വിദ്യാഭ്യാസത്തിനുള്ള അവസരസമത്വം ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നു.

**കമ്മീഷന്റെ നിർദ്ദേശങ്ങൾ**

ബൃഹത്തായ മൂന്നു പദ്ധതികളാണ് കമ്മീഷൻ നിർദ്ദേശിച്ചത്.

**1. വിദ്യാഭ്യാസത്തിന്റെ ആന്തരികപുനഃസംഘടന**

മനുഷ്യന്റെ ജീവിതവാവശ്യങ്ങളുമായി അഭിലഷണീയമായി പൊരുത്തപ്പെടുന്ന രീതിയിൽ വിദ്യാഭ്യാസത്തിന്റെ ആന്തരികഘടനയിൽ മാറ്റം വരുത്തണം. എന്നാൽ മാത്രമേ അത് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പരിവർത്തനങ്ങൾക്കുള്ള ഒരുപാധി യായിത്തീരുകയുള്ളൂ. അതിന് കമ്മീഷൻ അഞ്ചുമാർഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

- വിദ്യാഭ്യാസത്തെ ഉൽപ്പാദനവുമായി ബന്ധിപ്പിക്കുക. (പ്രവൃത്തി പരിചയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ)
- വിദ്യാഭ്യാസപദ്ധതികളിലൂടെ സാമൂഹികമായ ഉദ്ഗ്രഥനവും ദേശീയ ഉദ്ഗ്രഥനവും ശക്തമാക്കുക. ഭാഷാനയം, പഠനമാധ്യമം, മാതൃഭാഷ, ഇതരഭാഷാപഠനം, പൊതു വിദ്യാലയം.
- സാമൂഹിക മൂല്യങ്ങൾ വികസിപ്പിച്ച് ജനാധിപത്യം ശക്തമാക്കുക. സൗജന്യ വിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം, പഠനത്തിൽ കഴിവുള്ളവർക്ക് തുടർപഠനാവസരം. താൽപ്പര്യവും കഴിവും ഉള്ള മേഖലകളിൽ പ്രത്യേകപരിശീലനം, സ്ത്രീകൾക്ക് തുല്യഅവസരം.
- വിദ്യാർഥികളുടെ ജിജ്ഞാസ ഉണർത്തുക. ശാസ്ത്രസാങ്കേതിക പഠനങ്ങളിലൂടെ ആധുനികവൽക്കരണം ഉറപ്പാക്കുക.
- വിദ്യാർഥികളിൽ മൂല്യബോധം, ശരിയായ മനോഭാവങ്ങൾ, അടിസ്ഥാന നൈ പുണികൾ എന്നിവ വികസിപ്പിക്കുക. സാങ്കേതിക വിജ്ഞാനവും ധാർമ്മിക മൂല്യങ്ങളും പൂരകമായിരിക്കണം.

**2. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക**

വിദ്യാഭ്യാസ നിലവാരം ഓരോഘട്ടത്തിലും വികസിക്കണം.

ചില മേഖലകളിൽ അന്താരാഷ്ട്ര നിലവാരം നേടണം

**3. വിദ്യാഭ്യാസ സൗകര്യങ്ങളുടെ വികസനം**

രാഷ്ട്രത്തിനുവേണ്ട മനുഷ്യവിഭവങ്ങളുടെ നിർണയവും എല്ലാവർക്കും അവസരസമത്വം ലഭ്യമാക്കാനുള്ള രാജ്യത്തിന്റെ ബാധ്യതയും കണക്കിലെടുത്തായിരിക്കണം വിദ്യാഭ്യാസ വികസന ആസൂത്രണം നടത്തേണ്ടത്.

**2. പ്രാഥമികവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ശുപാർശകൾ**

- 7, 8 വർഷം നീണ്ടുനിൽക്കുന്ന പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രവേശനപ്രായം 6 വയസ്സിൽ കുറയരുത്.
- പ്രൈമറിഘട്ടത്തിൽ പാഠ്യപദ്ധതി ലളിതമായിരിക്കണം. ഈ ഘട്ടത്തിൽ ഭാഷാ, ഗണിതം ഇവയിൽ ഊന്നിയാൽ മതി.

- അപ്പർപ്രൈമറിഘട്ടത്തിൽ പാഠ്യപദ്ധതി ഗഹനവും വിശാലവുമായിരിക്കണം.
- പഠനലക്ഷ്യവും പഠനനിലവാരവും വ്യക്തമാക്കിയിരിക്കണം.
- ഭരണഘടന അനുശാസിക്കുന്ന നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കണം.
- 1975-76 ആകുമ്പോഴേക്കും 11 വയസ്സ് പ്രായമായ എല്ലാകുട്ടികൾക്കും 5 വർഷത്തെ മെച്ചപ്പെട്ടതും കാര്യക്ഷമവുമായ വിദ്യാഭ്യാസവും 1985-86 ആകുമ്പോഴേക്കും 7 വർഷത്തെ വിദ്യാഭ്യാസവും ലഭിച്ചിരിക്കണം.
- അപവ്യയവും (drop-out) ഗതിരോധവും (detention) കഴിയുന്നത്ര കുറച്ചു കൊണ്ടുവരിക.
- തൊഴിൽപരിശീലനത്തിന് അവസരം ഒരുക്കണം.
- പ്രാദേശിക തലത്തിൽ പ്രാഥമികവിദ്യാഭ്യാസ വികസനത്തിന് പദ്ധതി തയാറാക്കണം.
- പ്രാഥമികവിദ്യാലയങ്ങൾ ഒന്നരകിലോമീറ്റർ ചുറ്റളവിൽ ഉറപ്പാക്കൽ, 2-5 കിലോമീറ്റർ ചുറ്റളവിൽ അപ്പർപ്രൈമറി വിദ്യാലയവും.
- എല്ലാകുട്ടികളെയും വിദ്യാലയത്തിൽ പ്രവേശിപ്പിക്കുക.
- പുതിയ പ്രവേശനത്തിന് കാലേകൂട്ടി രജിസ്റ്റർ ചെയ്യുന്ന സമ്പ്രദായം ആവിഷ്കരിക്കുക.
- ക്ലാസ് കയറ്റം (എൽ.പി, യുപി) 80-100 ശതമാനമായി ഉയർത്തുക.
- കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള മാർഗങ്ങളും കമ്മീഷൻ നിർദ്ദേശിച്ചു.

> "ഇന്ന് ആവശ്യമുള്ള കാര്യങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്ന് ഇന്നത്തെ വിദ്യാഭ്യാസ രീതിയിലുള്ള നീക്കുപോക്കില്ലാത്ത സ്വഭാവത്തിനുമാറ്റം വരുത്തുകയെന്നതാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഒരു കാര്യം തീർച്ച. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഇന്നിന്റെ ആവശ്യം നിറവേറ്റുന്നിടം നാളത്തെ ആവശ്യത്തിന് അത് അത്രയും പറ്റുകയില്ല". (ഡി.എസ്. കോത്താരി)

### 9. ദേശീയവിദ്യാഭ്യാസനയം (1968)

വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടിന്റെ (1964) അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് 1968 ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിച്ചു. നിർബന്ധിത സൗജന്യവിദ്യാഭ്യാസം ഉടനെ നടപ്പിലാക്കുക എന്നതും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അതിപ്രധാനമായ ഒരു വശമായി അംഗീകരിച്ചിരിക്കുന്നു. 'സ്കൂളിൽ ചേരുന്ന ഓരോ വിദ്യാർഥിയും കോഴ്സ് പൂർത്തിയാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റിയ പരിപാടികൾ ആവിഷ്കരിക്കേണ്ട താണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു.

പഠിപ്പു നിർത്തിപ്പോകുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേക അനൗപചാരിക വിദ്യാഭ്യാസ പദ്ധതികളും ആവിഷ്കരിക്കപ്പെട്ടു.

> 'നമ്മുടെ വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്ന് പിന്നാക്കം നില്ക്കുന്നവരും അധഃസ്ഥിതരുമായ സമൂഹങ്ങളെയും വ്യക്തികളെയും അവരുടെ ദയനീയസ്ഥിതിയിൽ നിന്നും കരകയറ്റുവാനുള്ള ഒരു പിടിവള്ളിയായി വിദ്യാഭ്യാസത്തെ ഉപയോഗിക്കാനുതകും വിധം അവസരസമത്വം ലഭ്യമാക്കുകയാണ് '
>
> വിദ്യാഭ്യാസകമ്മീഷൻ

- അവസരസമത്വം എന്ന ലക്ഷ്യം ഉറപ്പാക്കാൻ വിദ്യാഭ്യാസനയം മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ

    1. നാലാം പഞ്ചവത്സര പദ്ധതിക്കു മുമ്പുത്തന്നെ പ്രാഥമിക ഘട്ടത്തിൽ ഫീസ് സമ്പ്രദായം ഒഴിവാക്കുക.
    2. പ്രാഥമികതലത്തിലെ വിദ്യാർഥികൾക്ക് പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും സൗജന്യമായി നൽകുക.
    3. പഠിപ്പിൽ താൽപ്പര്യവും ശേഷിയുമുള്ളവരെ പ്രോത്സാഹിപ്പിക്കുക. സ്കോളർഷിപ്പ് നൽകുക.
    4. പിന്നാക്കസമുദായം, എസ്.സി, എസ്.ടി, വികലാംഗർ എന്നിവരുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രോത്സാഹനം നൽകുക.

ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ ചില മാർഗങ്ങൾ അംഗീകരിച്ചിരുന്നു, അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസസൗകര്യങ്ങളുടെ കാര്യത്തിലുള്ള പ്രാദേശികഅസമത്വങ്ങൾ ദൂരീകരിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിലും മറ്റു പിന്നാക്ക മേഖലകളിലും സ്കൂൾ സ്ഥാപിക്കുക.
- പൊതുവിദ്യാലയങ്ങൾ തുടങ്ങുക.
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
- ശാരീരികവും മാനസികവുമായി വൈകല്യമുള്ള വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുക.

**ദേശീയവിദ്യാഭ്യാസനയം 1968**

ഈ നയം ദേശീയ വികസനം ലക്ഷ്യം വയ്ക്കുന്നതായിരുന്നു. ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്താനും വിദ്യാഭ്യാസ സംവിധാനത്തിന്റെ വിപ്ലവാത്മകമായ പുനർനിർമ്മാണം ഉറപ്പാക്കുന്നതിനും എല്ലാമേഖലയിലും ഗുണത വർധിപ്പിക്കുന്നതിനും ശാസ്ത്രസാങ്കേതികവിദ്യക്ക് വലിയ ശ്രദ്ധ നൽകുന്നതിനും മൂല്യബോധം വികസിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു.

ഈ നയം നടപ്പാക്കിയതിലൂടെ താഴെപ്പറയുന്ന ഗുണഫലങ്ങൾ ഇന്ത്യൻവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായി.

- വിദ്യാഭ്യാസ സൗകര്യങ്ങളുടെ വലിയതോതിലുള്ള വ്യാപനം ഇന്ത്യയിലുടനീളം സംഭവിച്ചു. ഇന്ത്യയിലെ 90% ഗ്രാമങ്ങളിലും ഒരു കിലോമീറ്ററിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായത് ഈ നയത്തിന്റെ ഭാഗമായാണ്.
- മറ്റൊരു പ്രധാനകാര്യം വിദ്യാഭ്യാസത്തിന്റെ ഘടന ഇന്ത്യയിൽ ഏറെക്കുറെ എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചു. 10+2+3 എന്ന പഠന സംവിധാനം മിക്ക സംസ്ഥാനങ്ങളിലും നിലവിൽ വന്നു.

- സ്കൂൾ പാഠ്യപദ്ധതി, ശാസ്ത്രം, ഗണിതം എന്നിവ നിർബന്ധിത വിഷയമായി. പ്രവർത്തി പരിചയ പഠനത്തിന് വിദ്യാലയത്തിൽ ഒരു സ്ഥാനം ലഭിച്ചു.
- ബിരുദപൂർവ്വ കോഴ്സുകൾ പുനഃക്രമീകരിച്ചു. ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും സൗകര്യമൊരുക്കി.

**10 ദേശീയ വിദ്യാഭ്യാസനയം (1986) (എൻ.പി.ഇ. 1986)**

1968 ലെ ദേശീയ വിദ്യാഭ്യാസനയം വിപ്ലവാത്മകമായ നിരവധി നയപരിപാടികൾ മുന്നോട്ടു വച്ചു. എന്നാൽ രണ്ടു ദശാബ്ദം തികയുന്നതിനു മുമ്പുതന്നെ 1986 ൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുകയുണ്ടായി.

എന്തുകൊണ്ടാണ് ഇത്ര ചെറിയ ഇടവേളയിൽ പുതിയ ദേശീയ വിദ്യാഭ്യാസനയം രൂപപ്പെടുത്തേണ്ടി വന്നത്?

വിദ്യാഭ്യാസമേഖലയിൽ പ്രകടമായ എന്തുമാറ്റമാണ് പുതിയ ദേശീയവിദ്യാഭ്യാസ നയം 1986 മുന്നോട്ടു വയ്ക്കുന്നത്?

1968 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സൂക്ഷ്മവും വിശദവുമായ തന്ത്രങ്ങളും സ്പഷ്ടമായ ചുമതലകളും സാമ്പത്തിക ക്രമീകരണങ്ങളും അനിവാര്യമായിരുന്നു. അത് ഫലപ്രദമായി നിർവഹിക്കാൻ കഴിഞ്ഞിരുന്നില്ല. തൽഫലമായി ഗുണപരത, ഗണപരത, ലഭ്യത, ഉപയോഗം എന്നീ മേഖലയിലുണ്ടായിരുന്ന പ്രശ്നങ്ങൾ കുന്നുകൂടുകയും ഇന്ന് അടിയന്തിര പ്രാധാന്യം നൽകി പരിഗണിക്കേണ്ട ഒരു കാര്യമായി മാറുകയും ചെയ്തു. പുതിയ ദേശീയ വിദ്യാഭ്യാസനയം രൂപപ്പെടുത്തി മുന്നേറുക എന്നതിൽ കുറഞ്ഞ ഒരു പരിഹാരവും ഈ ഘട്ടത്തിൽ ഇല്ല എന്ന നിലവന്നു.

1985 ആഗസ്റ്റിൽ "Challenges of Education - A policy perspective" എന്ന രേഖ കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചു. ഈ രേഖയുമായി ബന്ധപ്പെട്ട ചർച്ചകളുടെ തുടർച്ചയാണ് ദേശീയ വിദ്യാഭ്യാസനയം 1986.

1986-ൽ ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ച ദേശീയ വിദ്യാഭ്യാസനയം ഇന്ത്യയുടെ തുടർന്നുള്ള വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ സഗൗരവം സ്വാധീനിച്ചിട്ടുണ്ട്. ഈ രേഖ പന്ത്രണ്ട് ഭാഗങ്ങളിലായാണ് വികസിപ്പിച്ചിട്ടുള്ളത്. അവയുടെ വിശദാംശങ്ങളാണ് ചുവടെ ചേർക്കുന്നത്.

**ആമുഖം:**

വിദ്യാഭ്യാസവ്യാപനത്തിന്റെ ആവശ്യകതയെക്കുറിച്ചും സമകാലിക വെല്ലുവിളികളെ അതിജീവിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും പറയുന്നു. രാജ്യം നേടിയ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിക്കാൻ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കേണ്ടതുണ്ട്. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിന് പുതിയ ദേശീയ വിദ്യാഭ്യാസനയം രൂപീകരിക്കാൻ നാടൊട്ടുക്കും സംവാദങ്ങൾ സംഘടിപ്പിക്കുകയും ജീവിതത്തിന്റെ സമസ്തമേഖലകളിൽ ഉള്ളവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

1968 ലെ നയത്തിന്റെ മികവും പരിമിതികളും കണ്ടെത്തി. നാൽക്കവലയിൽ എത്തിനിൽക്കുന്ന ഇന്ത്യൻ വിദ്യാഭ്യാസത്തിന് വികസനത്തിന്റെ പുത്തൻ

മാതൃകയിലൂടെ മുന്നേറുന്നതിനുള്ള പദ്ധതികൾ അനിവാര്യമാക്കി. പുതിയ നിരവധി വെല്ലുവിളികളെ അതിജീവിക്കുന്നതിന് പുതിയ വിദ്യാഭ്യാസനയം നിർബന്ധമാക്കുകതന്നെ ചെയ്തു.

- വിദ്യാഭ്യാസത്തിന്റെ സത്തയും പങ്കും വിശദമാക്കുവാനാണ് അടുത്ത ഘട്ടത്തിൽ ശ്രമിക്കുന്നത്. എല്ലാവരുടേയും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും അതുവഴി ഓരോ വ്യക്തിയുടേയും സർവ്വതോമുഖമായ വളർച്ച സാക്ഷാത്കരിക്കുന്നതിനും ഇതു ലക്ഷ്യം വയ്ക്കുന്നു. വിദ്യാഭ്യാസം ഇന്നത്തേക്കും ഭാവിയിലേക്കുമുള്ള സവിശേഷമായ നിക്ഷേപമാണെന്നതാണ് ദേശീയ വിദ്യാഭ്യാസനയത്തിന്റെ സത്ത.
- ദേശീയ വിദ്യാഭ്യാസ സംവിധാനം : യാതൊരു വിധത്തിലുമുള്ള വിവേചനമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുന്ന സംവിധാനമാണിത്. 10+2+3 എന്ന വിദ്യാഭ്യാസ ഘടന ഏറെക്കുറെ എല്ലാവരും അംഗീകരിച്ചു. ആദ്യത്തെ 10 വർഷത്തെ 5+3+2 എന്നു തരംതിരിക്കാനും ഇവിടെ ഉദ്ദേശിച്ചു.

ദേശീയവിദ്യാഭ്യാസസംവിധാനം ഒരു ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കിയായിരിക്കും. ഇതിൽ പൊതുവായ ഒരു ഭാഗവും പ്രാദേശികവും അയവുള്ളതുമായ ഒരു ഇടവും ഉണ്ടായിരിക്കും.

സമാധാനപരമായ സഹവർത്തിത്തം അന്തർദേശീയ സഹകരണം എന്നീ ആശയങ്ങൾ യുവതലമുറയിലേക്ക് എത്തിക്കുക, അവസരസമത്വം ഉറപ്പാക്കുക, എല്ലാ കുട്ടികളും അടിസ്ഥാന നൈപുണികൾ നേടുന്നു എന്നുറപ്പാക്കുക, സാങ്കേതിക പഠനത്തിനും ഉപരിപഠനത്തിനും സൗകര്യമൊരുക്കൽ, ഗവേഷണം പ്രോത്സാഹിപ്പിക്കൽ, സാർവ്വത്രികമായ എലിമെന്ററിവിദ്യാഭ്യാസം, സാക്ഷരതാ പരിപാടി, വയോജന വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് ദേശീയ വിദ്യാഭ്യാസനയം ഊന്നൽ നൽകുന്നു.

### കാമ്പ് പാഠ്യപദ്ധതി (Core elements of curriculum) ഘടകങ്ങൾ

1. ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രം
2. ഭരണഘടന തത്ത്വങ്ങൾ
3. ജനാധിപത്യവും മതേതരത്വവും
4. ഇന്ത്യയുടെ പാരമ്പര്യവും സംസ്കാരവും
5. സമത്വവാദം
6. ലിംഗസമത്വം
7. പരിസ്ഥിതി സംരക്ഷണം
8. സാമൂഹിക അസമത്വ നിർമാർജനം
9. ചെറിയ കുടുംബമെന്ന സങ്കൽപ്പം
10. ശാസ്ത്രീയ മനോഭാവം

യു.ജി.സി, സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ (AICTE), കാർഷിക ഗവേഷണ കൗൺസിൽ (ICAR), ഇന്ത്യൻ മെഡിക്കൽ കൗൺസിൽ (IMA) എന്നിവ ശക്തിപ്പെടുത്തി. NCERT, NIEPA തുടങ്ങി നിരവധി ദേശീയ സ്ഥാപനങ്ങളെ ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുന്നതിനായി പങ്കെടുപ്പിച്ചു.

• **സമത്വത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം**

വിദ്യാഭ്യാസമേഖലയിലെ അസമത്വം ഇല്ലായ്മചെയ്യുന്നതിനും ഇതുവരെ അവസരം നിഷേധിച്ചവരുടെ സവിശേഷ ആവശ്യങ്ങളെ അഭിസംബോധനചെയ്യുന്നതിനും പുതിയ ദേശീയ നയം പ്രാധാന്യം നൽകി.

• **സ്ത്രീസമത്വത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം**

സ്തീകളുടെ ജീവിതത്തിൽ അടിസ്ഥാന മാറ്റങ്ങൾ വരുത്തുന്നതിനുള്ള ഒരു ഏജൻസിയായി വിദ്യാഭ്യാസത്തെ ഉപയോഗിക്കാനുള്ള അവസരമൊരുങ്ങി.

സ്ത്രീകളുടെ നിരക്ഷരത നിർമാർജനം ചെയ്യുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും നിരവധി സംവിധാനം വിഭാവനം ചെയ്തു.

• **പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ വിദ്യാഭ്യാസം**

പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസത്തിൽ മറ്റുള്ളവരുടെ വിദ്യാഭ്യാസത്തിന് തുല്യമായ നില ഉറപ്പാക്കുക, ഇതിനായി സാമ്പത്തിക സഹായങ്ങൾ സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യം, അധ്യാപക നിയമനം തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു.

പിന്നാക്ക വിഭാഗം, ന്യൂനപക്ഷം, ഭിന്നശേഷിക്കാർ, വയോജനങ്ങൾ ഇവരുടെയെല്ലാം സവിശേഷതകളെ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ പരിപാടികൾ എന്നിവ നിർദ്ദേശിച്ചിട്ടുണ്ട്.

• **വിവിധ ഘട്ടങ്ങളിലെ വിദ്യാഭ്യാസം**

**പൂർവ്വ ശൈശവകാല സംരക്ഷണവും വിദ്യാഭ്യാസവും (Early Childhood care and Education)**

ശിശുവികാസത്തിനായി. പ്രത്യേകിച്ച് പഠനത്തിൽ ഒന്നാംതലമുറയിൽപ്പെട്ടവരുടെ വളർച്ചയ്ക്കുവേണ്ടി ദേശീയ വിദ്യാഭ്യാസപദ്ധതി പ്രത്യേകം ഊന്നൽ നൽകുന്നു. കുട്ടിയുടെ വികസനത്തിന്റെ സമഗ്രസ്വാഭാവം തിരിച്ചറിഞ്ഞ് പൂർവ്വശൈശവകാല വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകുന്നു.

ഇതിനായി സാധ്യമായ ഉദ്ഗ്രഥിത സേവനങ്ങളും പരിപാടികളും മുന്നോട്ടുവയ്ക്കുന്നു. (Daycare Centre........) കുട്ടിയുടെ വ്യക്തിത്വവികാസത്തിനു സഹായിക്കുന്ന കളിയിലൂന്നിയ അനുഭവങ്ങൾക്ക് ഊന്നൽ നൽകുന്നു. അക്ഷര-അക്കപഠനം ഈ ഘട്ടത്തിൽ നിരുൽസാഹപ്പെടുത്തുന്നു.

• **എലിമെന്ററി എജ്യുക്കേഷൻ**

പതിനാലു വയസ്സുവരെയുള്ള കുട്ടികളുടെ സമ്പൂർണ്ണ സ്കൂൾ പ്രവേശനത്തിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി എലമെന്ററിവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമാണ് ഊന്നൽ നൽകുന്നത്. അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനും ലക്ഷ്യം വയ്ക്കുന്നു.

*ശിശുകേന്ദ്രിതസമീപനം:* പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ പഠനരീതിയാണ് പ്രൈമറിതലത്തിൽ വേണ്ടത്. ഒന്നാം തലമുറയിൽപ്പെട്ട കുട്ടികളുടെ പഠനവേഗത പരിഗണിക്കുകയും ആവശ്യമായ പരിഹാരബോധനം നടത്തുകയും വേണം. പ്രൈമറിഘട്ടത്തിൽ സമ്പൂർണ്ണ ക്ലാസ് കയറ്റം (non-detention policy) ഉറപ്പാക്കണം. ശാരീരികമായ ശിക്ഷ വിദ്യാഭ്യാസസംവിധാനത്തിൽ നിന്നും കർശനമായും ഒഴിവാക്കണം. കുട്ടികളുടെ സൗകര്യാനുസരണം സ്കൂൾ പ്രവർത്തനസമയം, അവധിക്കാലം എന്നിവയിൽ മാറ്റം വരുത്തണം.

• **വിദ്യാലയ സൗകര്യങ്ങൾ :** വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, ഒരു വിദ്യാലയത്തിൽ രണ്ട് അധ്യാപകരെയെങ്കിലും ഉറപ്പിക്കൽ (അതിൽ ഒരാൾ വനിതയായിരിക്കണം) ആവശ്യമായ പഠനസാമഗ്രികൾ ലഭ്യമാക്കൽ.

വിദ്യാലയത്തിൽ നിന്നും കൊഴിഞ്ഞുപോയവർക്ക് അനൗപചാരിക വിദ്യാഭ്യാസസൗകര്യം ഒരുക്കി. ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും.

**സെക്കണ്ടറി വിദ്യാഭ്യാസം:** ഈ ഘട്ടത്തിൽ സയൻസ്, സാമൂഹ്യശാസ്ത്രം, മാനവിക വിഷയങ്ങൾ എന്നിവയിൽ അനുഭവമൊരുക്കാം. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് ഈ ഘട്ടത്തിൽ അവസരമൊരുക്കും. സെക്കണ്ടറി വിദ്യാലയങ്ങളുടെ വ്യാപനം ദേശീയവിദ്യാഭ്യാസ നയത്തിന്റെ ഭാഗമാണ്. പ്രതിഭകളായ കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ അവസരമൊരുക്കും. നിർധനരായ കുട്ടികൾക്കും അവസരം ലഭിക്കും. ഇതിന്റെ ഭാഗമായി ഉന്നതനിലവാരമുള്ള മികവിന്റെ കേന്ദ്രമായ വിദ്യാലയങ്ങൾ സ്ഥാപിക്കും. റസിഡൻഷ്യൽ സ്വഭാവമുള്ള ഫീസ്രഹിത വിദ്യാലയങ്ങളായിരിക്കും സ്ഥാപിക്കുക.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം: മനുഷ്യവിഭവശേഷിയും നൈപുണികളും വികസിപ്പിക്കുന്നതിനും തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നു. എലിമെന്ററി വിദ്യാഭ്യാസത്തിനുശേഷം വൈവിധ്യമാർന്ന തൊഴിൽപഠനത്തിന് അവസരമൊരുക്കും. ആരോഗ്യമേഖല, കൃഷി, സാമൂഹ്യസേവന മേഖല, വാണിജ്യമേഖല തുടങ്ങിയ ഇടങ്ങളിലെ തൊഴിൽസാധ്യത പരിഗണിക്കാം. ഇതിനായി തൊഴിൽപഠനകേന്ദ്രങ്ങൾ സർക്കാർ, സ്വകാര്യമേഖലകളിൽ സ്ഥാപിക്കാവുന്നതാണ്.

• **ഉപരിപഠനം - ഗവേഷണപഠനം** ഉപരിപഠനത്തിനും ഗവേഷണ പഠനത്തിനും വലിയ പ്രാധാന്യമാണ് ദേശീയ വിദ്യാഭ്യാസനയം 1986 നൽകിയിട്ടുള്ളത്. മാനവരാശി നേരിടുന്ന സാമൂഹികവും സാംസ്ക്കാരികവും നൈതികവും ആത്മീയവുമായ പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കാൻ അവസരമൊരുക്കുന്നതാവണം ഉപരിപഠനം. പഠനവിഷയങ്ങളും കോഴ്സുകളും പുനർനിർവചിക്കണം. ഗവേഷണപഠനങ്ങൾ സർവ്വകലാശാലാതലത്തിൽ പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് സഹായങ്ങൾ നൽകുകയും ചെയ്തു. അതൊടൊപ്പം ഗവേഷണത്തിന്റെ നിലവാരം ഉയർത്തുകയും വേണം.

ഓപ്പൺയൂണിവേഴ്സിറ്റികളും വിദൂരവിദ്യാഭ്യാസവും ഉന്നതപഠനത്തിന്റെ ജനാധിപത്യവൽക്കരണവും വ്യാപനവും ഉറപ്പാക്കും. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിന്റെ ഭാഗമായാണ് ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിതമായത്. അതോടൊപ്പം ഗ്രാമീണ യൂണിവേഴ്സിറ്റികൾ എന്ന ആശയവും പുതിയ വിദ്യാഭ്യാസനയം മുന്നോട്ടുവച്ചു.

സാങ്കേതിക വിദ്യാഭ്യാസം, വിദ്യാഭ്യാസമാനേജ്മെന്റ് എന്നിവയുടെ വികസനം ലക്ഷ്യം വയ്ക്കണം. വിദ്യാഭ്യാസസംവിധാനത്തെ ഫലപ്രദമായി ചലിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും പ്രക്രിയകളും ദേശീയനയത്തിൽ വിശദമാക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, പ്രക്രിയ എന്നിവയിൽ നമ്മുടെ സാംസ്ക്കാരികത്തനിമ നിലനിർത്താൻ ശ്രമിക്കണമെന്നും കുട്ടികളുടെ സൗന്ദര്യദർശനാവബോധം, യോജിപ്പ് (Harmony) ശുദ്ധീകരണം (Refinement) എന്നിവയ്ക്ക് പ്രാധാന്യം നൽകുകയും വേണം. ഔപചാരിക യോഗ്യതകൾക്കപ്പുറം പ്രതിഭാധനരായ വ്യക്തികളുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കണം. ഭാഷാപഠനം, പ്രവൃത്തിപഠനം, പരിസരപഠനം, ഗണിതപഠനം, ശാസ്ത്ര പഠനം, കായിക മൂല്യവിദ്യാഭ്യാസം എന്നിവക്ക് ഊന്നൽ നൽകണം. ലൈബ്രറികൾ, ആധുനിക സാങ്കേതിക വിദ്യ. വിവിധമാധ്യമങ്ങൾ എന്നിവ വിദ്യാലയത്തിൽ പ്രയോജനപ്പെടുത്തണം.

**മൂല്യനിർണയം**

മൂല്യനിർണ്ണയ പ്രക്രിയയിലും പരീക്ഷയിലും മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.

പരീക്ഷകൾ വിദ്യാഭ്യാസത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്താൻ സഹായിക്കുന്നതാവണം.

പഠനഉദ്ദേശ്യവും പരീക്ഷാസമ്പ്രദായവും തമ്മിൽ പരസ്പരപൂരകമായിരിക്കണം. അ ത് കുട്ടിയുടെ വികാസത്തിനും പഠനബോധന പ്രക്രിയ നവീകരിക്കുന്നതിനും സഹായിക്കണം.

ഓർമപരിശോധനക്ക് പ്രാധാന്യം കുറയണം. നിരന്തരവും സമഗ്രവുമായ മൂല്യ നിർണ്ണയത്തിന് എല്ലാമേഖലയിലും ഊന്നൽ നൽകണം.

മൂല്യനിർണയം കുട്ടിക്കും അധ്യാപകനും രക്ഷിതാവിനും സഹായകമാവണം.

മാർക്കിനുപകരം ഗ്രേഡ് സമ്പ്രദായം നടപ്പിലാക്കണം.

**അധ്യാപകൻ**

അധ്യാപകന്റെ തെരഞ്ഞെടുപ്പ്, അധ്യാപകസംഘടനകളുടെ പങ്ക്, അധ്യാപക വിദ്യാഭ്യാസം ഒരു തുടർപ്രക്രിയ, നൂതനസംരംഭങ്ങൾ, ഡയറ്റുകൾ തുടങ്ങിയ കാര്യങ്ങൾ ദേശീയ വിദ്യാഭ്യാസത്തിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ മാനേജ്മെന്റ്, വിഭവങ്ങൾ, ഭാവിവിദ്യാഭ്യാസ ദർശനം എന്നിവ അവതരിപ്പിക്കുന്നു. ഹ്രസ്വമെങ്കിലും വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്നു. ദേശീയവിദ്യാഭ്യാസനയരേഖ 1986 ലെ ഭാവി ഇന്ത്യയുടെ ഒരു വഴികാട്ടിയാണ്.

**11. പ്രോഗ്രാം ഓഫ് ആക്ഷൻ 1992.**

1986 ലെ ദേശീയവിദ്യാഭ്യാസനയം വിലയിരുത്തുന്നതിനായി 1990 നവംബർ 7 ന് ആചാര്യരാമമൂർത്തി അധ്യക്ഷനും മറ്റു 16 അംഗങ്ങളുമടങ്ങുന്ന ഒരു കമ്മറ്റിയെ കേന്ദ്രഗവൺമെന്റ് രൂപീകരിച്ചു.

അതിന്റെ പരിഗണനാവിഷയങ്ങൾ ഇവയാണ്.

1. 1986 ലെ ദേശീയ വിദ്യാഭ്യാസനയവും അതിന്റെ നടപ്പാക്കലും വിലയിരുത്തുക.
2. വിദ്യാഭ്യാസനയത്തിലെ ശുപാർശകളിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുക.
3. പരിഷ്കരിച്ച നയം നിശ്ചിതസമയത്തിനകം നടപ്പാക്കുന്നതിനുള്ള പ്രവർത്തനപദ്ധതി ശുപാർശ ചെയ്യുക.

ഇതിനായി 6 സബ്കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

> **ആചാര്യ രാമമൂർത്തി** (1913-2010) സാമൂഹ്യ പ്രവർത്തകൻ, ഗാന്ധിയൻ, വിദ്യാഭ്യാസ വിചക്ഷണൻ, 1990 ലെ രാമമൂർത്തി റിവ്യുകമ്മിറ്റി അധ്യക്ഷൻ ശ്രാംഭാരതി (Shrambharathi) യുടെ ഡയറക്ടർ (NGO) പദ്മശ്രീ അവാർഡ് ലഭിച്ചു (1999)

**പ്രധാന ശുപാർശകൾ**

- പെൺകുട്ടികളുടെ സാർവ്വത്രിക വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിന് പ്രാദേശികമായ വൈജാത്യങ്ങൾ കണക്കിലെടുത്തു വേണം ആസൂത്രണം നടത്തേണ്ടത്.

- വിദ്യാഭ്യാസ കോംപ്ലക്സ് തലത്തിൽ വേണം ആസൂത്രണം നടത്തുന്നത്. വികേന്ദ്രികൃതവും പങ്കാളിത്തപരവുമായ ആസൂത്രണം പ്രാദേശിക ആവശ്യങ്ങൾ പരിഗണിക്കുന്നതിന് സഹായിക്കും.
- പാഠ്യപദ്ധതിയിൽ സ്ത്രീകളെ ധനാത്മകമായി അവതരിപ്പിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകണം. ഉദാഹരണമായി ചരിത്രപഠനത്തിൽ സ്വതന്ത്ര്യസമരത്തിലുള്ള സ്ത്രീകളുടെ പങ്കാളിത്തം എടുത്തു പറയണം.
- ഗണിതം, ശാസ്ത്രം എന്നിവ ഉയർന്ന പ്രാധാന്യത്തോടെ പെൺകുട്ടികളെ പഠിപ്പിക്കണം.
- ആൺ, പെൺ വ്യത്യാസമില്ലാതെ പാഠ്യപദ്ധതി നടപ്പാക്കണം.
- അടിസ്ഥാന നിയമങ്ങൾ സംബന്ധിച്ച അറിവ് (സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ സംബന്ധിച്ച്) ഭരണഘടന നൽകുന്ന പരിരക്ഷ എന്നിവ സംബന്ധിച്ച ആശയങ്ങൾ ചർച്ച ചെയ്യപ്പെടുന്നു.
- ലിംഗസമത്വം ഉറപ്പാക്കണം. പാഠപുസ്തകത്തിലെ ലിംഗ അസമത്വം ഒഴിവാക്കുന്നതിന് പ്രത്യേക പരിഗണനനൽകണം.
- പെൺകുട്ടികൾക്കുവേണ്ടി തൊഴിൽ വിദ്യാഭ്യാസം വിദ്യാഭ്യാസകോംപ്ലക്സ് വഴി നൽകാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കാം.
- അധ്യാപക പരിശീലനം, അധ്യാപക വിദ്യാഭ്യാസം പുനർനവീകരിക്കണം.
- സേവനകാല പരിശീലനം ഡയറ്റുകൾ സ്കൂൾ കോംപ്ലക്സുകളുമായി കൂടിയാലോചിച്ച് നടപ്പിലാക്കണം.
- സ്ത്രീകളുടെ പഠനകേന്ദ്രവും സാമൂഹ്യശാസ്ത്ര ഗവേഷണകേന്ദ്രവും എല്ലാ സർവ്വകലാ ശാലകളിലും എട്ടാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി രൂപീകരിക്കണം.
- സ്ത്രീകളെ സംബന്ധിച്ച് പഠന ഗവേഷണങ്ങളിലെ കണ്ടെത്തലുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- സ്ത്രീശാക്തീകരണത്തിനായി 'മഹിള സമാഖ്യ' പോലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.
- പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, തുടങ്ങിയവരുടെ വിദ്യാഭ്യാസ ഉന്നമനത്തിന് നിരവധി പ്രത്യേക പദ്ധതികൾ ശുപാർശ ചെയ്തു.
- പൊതുവിദ്യാലയങ്ങളുടെ വ്യാപനം എലിമെന്ററി വിദ്യാഭ്യാസത്തിന്റെ ലഭ്യത വർധിപ്പിക്കും. ഈ മേഖലയ്ക്കു കൂടുതൽ തുക വകയിരുത്തുന്നതിലൂടെ ഭൗതിക സൗകര്യവികസനം സാധിക്കും.

പ്രൈമറി തലത്തിൽ പഠനമാധ്യമം മാതൃഭാഷയായിരിക്കണം. സെക്കണ്ടറിതലത്തിൽ പ്രാദേശികഭാഷ പഠിപ്പിക്കണം. 10 വർഷത്തിനുള്ളിലായി പൊതുവിദ്യാലയങ്ങൾ ഘട്ടം ഘട്ടമായി നിർമിക്കണം. സ്കൂൾ ഫീസ്, കാപ്പിറ്റേഷൻ ഫീ എന്നിവ നിർമാർജനം ചെയ്യണം. ഇനിയും നവോദയ വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതില്ല. നിലവിലുള്ളതിനെ (261) നവീകരിക്കുകയും വിഭവസമ്പന്നമാക്കുകയും വേണം.

അവശ്യപഠന പരിപാടിയിൽ പൂർവ്വശൈശവകാല പരിചരണവും വിദ്യാഭ്യാസവും (ECCE) ഉൾപ്പെടുത്തണം. വിദ്യാഭ്യാസ അവകാശം മൗലികാവകാശത്തിന്റെ പരിധിയിൽകൊണ്ടു വരുവാൻ ശ്രമിക്കേണ്ടതാണ്.

എൻ.പി.ഇ ഖണ്ഡിക 5.5 പ്രതിപാദിച്ച എലിമെന്ററി വിദ്യാഭ്യാസം സാർവ്വത്രികമാക്കുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക തുടങ്ങിയവയോട് താഴെപ്പറയുന്ന മൂന്നുകാര്യങ്ങൾ കൂടി ഉൾപ്പെടുത്തണം.

- സേവനമേഖലയുടെ യോജിച്ചുള്ള പ്രവർത്തനം.
- സമൂഹവും വിദ്യാലയവും തമ്മിൽ ബന്ധിപ്പിക്കുക.
- വികേന്ദ്രീകൃതവും പങ്കാളിത്തരീതിയിലുള്ളതുമായ വിദ്യാഭ്യാസആസൂത്രണവും മാനേജ്മെന്റും

ഇങ്ങനെ എൻ.പി.ഇ 1986 പിന്നീട് വിദ്യാഭ്യാസമേഖലയിൽ വന്ന പരിവർത്തനങ്ങളുടെ അടിരേഖയായി പരിഗണിക്കപ്പെടുന്നു.

## 12. യശ്പാൽ കമ്മിറ്റി റിപ്പോർട്ട്

**ആർ.കെ.നാരായണൻ**

> സ്കൂൾബാഗിന്റെ ഭാരം കുട്ടിയുടെ നടുവളയ്ക്കുക മാത്രമല്ല, ചെറുപ്പം മുതൽക്കുള്ള പഠനഭാരം ദുസ്സഹമാക്കി മാറ്റുക കൂടി ചെയ്യുന്നു. ഹോംവർക്കുകളും ട്യൂഷനും പരീക്ഷകളും കാരണം കളിക്കാൻ പോലും സമയം ലഭിക്കുന്നില്ല. പഠനം അങ്ങേയറ്റം സന്തോഷരഹിതമായ പ്രക്രിയയായി മാറുന്നു. (രാജ്യസഭയിലെ ശ്രദ്ധക്ഷണിക്കൽ പ്രസംഗത്തിൽ നിന്ന്)

ആർ.കെ.നാരായണന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വീട്ടുമുറ്റത്തു വരുന്ന സ്കൂൾ ബസ്സിൽ കയറിയാണ് ഇന്ന് കുട്ടികൾ സ്കൂളിലേക്ക് പോകുന്നത്.ഇവിടെ പാഠപുസ്തക സഞ്ചിയുടെ ഭാരം പ്രശ്നമാവുന്നുണ്ടോ? ഉണ്ടെങ്കിൽ എന്താണ് പരിഹാരം? എന്തുകൊണ്ട്?

സ്കൂൾ വിദ്യാർഥികളുടെ പഠനഭാരം അത് പുസ്തകത്തിന്റെതായാലും ഉള്ളടക്കത്തിന്റേതായാലും കുട്ടിയുടെ അക്കാദമിക ഗുണമേന്മയെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്ന് നിരവധി പഠനങ്ങൾ സാക്ഷ്യപ്പെടുന്നുണ്ട്.

> ഈശ്വർഭായ് പട്ടേൽ റിവ്യുകമ്മറ്റി.1977
>
> എൻ.സി.ഇ.ആർ.ടി വർക്കിങ്കമ്മിറ്റി.1984
>
> രാമമൂർത്തി കമ്മിറ്റി 1992.

പഠനഭാരം കുറച്ചുകൊണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നത് എങ്ങനെയെന്ന് നിർദ്ദേശിക്കാൻ പ്രൊഫ. യശ്പാലിന്റെ നേതൃത്വത്തിലുള്ള ദേശീയ ഉപദേശകസമിതിയെ 1992 മാർച്ച് 1 ന് കേന്ദ്രമാനവശേഷിവികസന വകുപ്പ് നിയോഗിച്ചു. ഈ കമ്മറ്റി 1993 ജൂലൈ 15 ന് 28 പേജ് വരുന്ന ഭാരമാകാത്ത പഠനം (Learning without burden) എന്നറിയപ്പെടുന്ന റിപ്പോർട്ട് സമർപ്പിച്ചു.

### Medium of instruction

The question of medium of instruction, particularly in early life, will not be fully resolved till the time our dominant and externally connected sections of Socitey continue to

give more importance to elementary graces in foreign language, that to intimate connection with the vernacular knowledge with our children gain during every week of their growing up before they go to school. It is because of this reason that we have restrained ourselves from repeating the recommendation that mother tongue alone should be the medium of instruction at the primary stage.

**പ്രൊഫ. യശ്പാൽ കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ**

- പ്രൈമറിക്ലാസുകളിൽ പഠനമാധ്യമം മാതൃഭാഷയായിരിക്കണം.
- കുട്ടികളുടെ സംഘപ്രവർത്തനങ്ങളും സംഘനേട്ടങ്ങളും പ്രോത്സാഹിപ്പിക്കുക. വിദ്യാല യങ്ങളിൽ സഹകരണാത്മകപഠനത്തിന് അവസരമൊരുക്കുക. വ്യക്തിഗത നേട്ടങ്ങൾ ക്കായുള്ള ശ്രമങ്ങൾ കുട്ടികളിൽ പിരിമുറുക്കം ഉണ്ടാക്കുകയും സന്തോഷകരമായ പഠനത്തിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യും.
- പാഠപുസ്തകരചന വികേന്ദ്രീകരിക്കുകയും അതിൽ അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.
- ആദ്യകാല ശിശുവിദ്യാഭ്യാസം സംബന്ധിച്ച് നിയമനിർമ്മാണം നടത്തണം. ഈ ഘട്ടത്തിൽ എഴുത്തും വായനയും പഠിപ്പിക്കുന്നതും പരീക്ഷകൾ നടത്തുന്നതും നിരോധിക്കണം.
- ഭാരമേറിയ പുസ്തകങ്ങൾ പേറിപ്പോകുന്നത് ഇല്ലാതാക്കാൻ അവ കുട്ടികൾ വ്യക്തിഗതമായി വാങ്ങുന്നത് ഇല്ലാതാക്കണം. പുസ്തകങ്ങൾ സ്കൂളിന്റെ സ്വത്തായിരിക്കണം. അവ സ്കൂളിൽ സൂക്ഷിക്കുകയും വേണം.
- പ്രൈമറിക്ലാസുകളിൽ ഗൃഹപാഠം നൽകേണ്ടതില്ല. അപ്പർപ്രൈമറി ക്ലാസുകളിൽ ഗൃഹപാഠം നിർബന്ധമെങ്കിൽ അവ പാഠപുസ്തകവുമായി ബന്ധപ്പെട്ടതാകരുത്.
- അധ്യാപക വിദ്യാർഥി അനുപാതം 1:40 ൽ നിന്നും 1:30 ആക്കണം.
- പഠനത്തിൽ ഇലക്ട്രോണിക് മാധ്യമത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തണം.
- അധ്യാപക പരിശീലനങ്ങൾ കാര്യക്ഷമമാക്കണം.
- സെക്കന്ററി, പ്രൈമറി, നേഴ്സറി അധ്യാപകപരിശീലനത്തിന് വേണ്ടിയുള്ള ബി.എഡ് പ്രോഗ്രാം ആരംഭിക്കുക.
- സി.ബി.എസ്.സി പാഠ്യപദ്ധതി കേന്ദ്രീയ വിദ്യാലയങ്ങളിലും നവോദയ വിദ്യാലയ ങ്ങളിലുമായി പരിമിതപ്പെടുത്തണം.
- വില്ലേജ്, ബ്ലോക്ക്, ജില്ല തലങ്ങളിൽ വിദ്യാഭ്യാസ കമ്മറ്റികൾ രൂപീകരിക്കുകയും വിദ്യാലയ പ്ലാനിങ്ങ് സൂപ്പർവിഷനും നടത്തുകയും വേണം.
- സ്കൂൾ നടത്തിപ്പിന് ആവശ്യമായ ധനസഹായം (ശമ്പള ബില്ലിന്റെ ആകെത്തുകയുടെ 10%) സ്കൂൾ പരിപാലനത്തിനായി അറ്റകുറ്റപ്പണികൾ, പഠനോപകരണങ്ങൾ വാങ്ങുന്നതിന്, സ്കൂൾ റെക്കോഡുകൾ വാങ്ങുന്നതിന് ഉപയോഗപ്പെടുത്തണം.
- സ്കൂൾ തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുന്ന നിയമം കർശനമാക്കുകയും പൊതു മേഖലയ്ക്കും സ്വാകാര്യമേഖലയ്ക്കും ഒരേ നിയമം നിഷ്ക്കർഷിക്കുകയും വേണം.
- 10,12 ക്ലാസുകളിലെ പൊതുപരീക്ഷയിൽ പാഠപുസ്തകകേന്ദ്രീകൃതവും ക്വിസ് മാതൃകയി ലുള്ളതുമായ ചോദ്യങ്ങൾ ഒഴിവാക്കി ആശയാധിഷ്ഠിത ചോദ്യങ്ങൾ നൽകുന്ന രീതി അവലംബിക്കണം. ഈ ഒരു പരിഷ്ക്കരണം മാത്രം മതി പഠനനിലവാരം ഉയരുന്നതിനും

മനപ്പാഠപഠനം അവസാനിപ്പിക്കുന്നതിനും. ഭാഷ, ഗണിതം, സയൻസ്, ഭൂമിശാസ്ത്രം മുതലായ വിഷയങ്ങളുടെ പഠനരീതിയിൽ മാറ്റം വരുത്തണം.

### 13. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 (NCF 2005)

മാനവവിഭവ വികസന മന്ത്രി ലോകസഭയിൽ ചെയ്ത പ്രസ്താവനയനുസരിച്ച് 2004 ജൂലൈ മാസത്തിൽ എൻ.സി.ഇ.ആർ.ടി യുടെ നിർവ്വഹണസമിതി യോഗം ചേരുകയും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് പരിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 1993 ലെ 'ഭാരമാകാതുള്ള പഠനം' (Learning without burdon) എന്ന റിപ്പോർട്ടിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് തയാറാക്കിയ എൻ.സി.എഫ് 2000 പുതുക്കണമെന്ന് വിദ്യാഭ്യാസസെക്രട്ടറി എൻ.സി.ഇ.ആർ.ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി. ഇതനുസരിച്ച് പ്രൊഫ. യശ്പാൽ ചെയർമാനായി ഒരു നാഷണൽ സ്റ്റിയറിങ്ങ് കമ്മറ്റിയും 21 നാഷണൽ ഫോക്കസ് ഗ്രൂപ്പുകളും ഉണ്ടാക്കി. ഇന്ത്യയിലെ സമൂഹത്തിന്റെ എല്ലാതുറകളിലും പെട്ടവരിൽ നിന്ന് അഭിപ്രായങ്ങൾ സ്വീകരിച്ചു കൊണ്ടാണ് എൻ,സി.എഫ് 2005 തയാറാക്കിയത്.

ദേശീയ പാഠ്യക്രമത്തിന്റെ പുതുക്കിയ ചട്ടക്കൂട് ആരംഭിക്കുന്നത് രവീന്ദ്രനാഥടാഗോറിന്റെ "നാഗരികതയും പുരോഗതിയും' എന്ന പ്രബന്ധത്തിൽ നിന്നുള്ള ഉദ്ധരണിയോടുകൂടിയാണ്.

**നാഗരികതയും പുരോഗതിയും - രവീന്ദ്രനാഥ ടാഗോർ**

"കുട്ടിയായിരുന്ന കാലത്ത് ലൊട്ടുലൊടുക്കു സാധനങ്ങൾ ഉപയോഗിച്ച് ഞാനെന്റെ കളിപ്പാട്ടങ്ങളുണ്ടാക്കുമായിരുന്നു. ഭാവനയിൽ നിന്നും കളികൾക്ക് രൂപം കൊടുക്കുമായിരുന്നു. എന്റെ സന്തോഷത്തിന്റെയും സ്വതന്ത്ര്യത്തിന്റെയും ലോകത്ത് എന്റെ കൂട്ടുകാരും പങ്കാളികളായിരുന്നു. അവർ കൂടിയുണ്ടാകുമ്പോഴേ എന്റെ സന്തോഷം പൂർണ്ണമാകുമായിരുന്നുള്ളൂ. എന്റെ ശൈശവത്തിന്റെ സ്വർഗ്ഗലോകത്തേക്ക് ഒരുനാൾ മുതിർന്നവരുടെ വിപണി ലോകത്തു നിന്നൊരു പ്രലോഭനം കടന്നുവന്നു. ഒരു ഇംഗ്ലീഷ് കടയിൽ നിന്നും വാങ്ങിയ ഒരു കളിപ്പാട്ടം ഞങ്ങളുടെ കൂട്ടുകാരിൽ ഒരാൾക്കുകിട്ടി. അത് ലക്ഷണമൊത്തതായിരുന്നു. അയാൾ അതിൽ അഹങ്കരിക്കാൻ തുടങ്ങി. കളികളിൽ ശ്രദ്ധ കുറഞ്ഞു. വില പിടിച്ച ആ കളിക്കോപ്പ് ഞങ്ങളെ തൊടീച്ചില്ല. അത് തന്റേതായതിൽ അഭിമാനം കൊണ്ട് കൂട്ടുകാരെക്കാൾ മുന്തിയവനാണ് താനെന്ന് അയാൾ മേനി നടിച്ചു. കാരണം അവരുടെ കളിപ്പാട്ടങ്ങൾ വിലകുറഞ്ഞവയായിരുന്നു. അയാൾ ഞങ്ങളെക്കാൾ പരിഷ്കൃതനാണെന്ന്, അർഥശൂന്യമെങ്കിലും ലക്ഷണമൊത്ത ഒരു കളിപ്പാട്ടത്തിന്റെ ഉടമയാണല്ലോ അയാൾ! ഉത്സാഹത്തള്ളലിൽ ഒരു കാര്യം അയാൾ മനസ്സിലാക്കിയില്ല. ആസന്ദർഭത്തിൽ നിസ്സാരമെന്നു തോന്നിയ ഒരു കാര്യം ലക്ഷണമൊത്ത തന്റെ കളിപ്പാട്ടത്തെക്കാൾ വിലപിടിച്ച മറ്റൊന്ന് ഈ പ്രലോഭനത്തിനടിമപ്പെട്ടതിലൂടെ തനിക്ക് നഷ്ടമായി എന്ന് മിടുക്കനായ ഒരു കുട്ടിയുടെ സ്വയം തിരിച്ചറിവ്. കളിപ്പാട്ടം അയാളുടെ സമ്പത്തിന്റെ മാത്രം രൂപം ഉൾക്കൊള്ളുന്നു. അയാളിലെ കുട്ടിയുടെ സർഗ്ഗാത്മകതയോ, കളികളിൽ നിന്നു കിട്ടുന്ന ആനന്ദമോ കളിയുടെ ലോകത്ത് കൂട്ടുകാർ നൽകുന്ന പങ്കാളിത്തമോ ഒന്നും ഉൾക്കൊള്ളുന്നില്ല."

ബാല്യത്തിന്റെ സത്തയാണ് 'സർഗാത്മകതയും അളവറ്റ ആനന്ദവും' എന്ന് കവി അതിൽ നമ്മെ ഓർമിപ്പിക്കുന്നു. മുതിർന്നവർ അശ്രദ്ധകാരണം അതുരണ്ടും നശിപ്പിക്കാറുണ്ട്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നിരവധി പാഠ്യപദ്ധതി പരിഷ്ക്കാരങ്ങൾ നടന്നിട്ടുണ്ട്. 1986ലെ ദേശീയവിദ്യാഭ്യാസ നയമാണ്, ഒരു ദേശീയ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുക്കാനായി നിർദ്ദേശിച്ചത്. അത് ഭരണഘടനയിൽ പറഞ്ഞിട്ടുള്ള രാഷ്ട്രവികാസ പരിപ്രേക്ഷ്യത്തെ

പ്രതിഫലിപ്പിക്കുന്ന അടിസ്ഥാനഘടകത്തോടു കൂടിയ ഒരു ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് എന്ന ആശയം മുന്നോട്ടു വച്ചു. ഇതിനായി 1992 ൽ തയാറാക്കിയ കർമ്മപദ്ധതിയിൽ (POA) ഊന്നിപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രസക്തി, ഗുണമേന്മ, അയവ് (flexibiltiy) എന്നിവയാണ്.

സാമൂഹികനീതിയിലും സമത്വത്തിലും അധിഷ്ഠിതമായ മതേതരവും വൈവിധ്യത്തെ അംഗീകരിക്കുന്നതും തുല്യാവകാശങ്ങളോടു കൂടിയതുമായ ഒരു സമൂഹമായാണ് ഭരണഘടന ഇന്ത്യയെ കാണുന്നത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിശാലമായ ചില വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ഈ രേഖയിൽ കൊടുത്തിട്ടുണ്ട്. സ്വതന്ത്രമായ ചിന്തയും പ്രവർത്തനവും മറ്റുള്ളവരുടെ സൗഖ്യത്തോടും ഉള്ള ബഹുമാനം, പുതിയ സന്ദർഭങ്ങളോട് സർഗ്ഗാത്മകമായും വഴക്കത്തോടുകൂടിയും പ്രതികരിക്കാനുള്ള കഴിവ് മുതലായവയൊക്കെ ഇതിൽപെടും.

പഠനമെന്നത് കുട്ടികൾക്ക് ഭാരവും പീഡയും ആയിത്തീർന്നിട്ടുണ്ട് എന്നത് വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കും ഗുണമേന്മയ്ക്കും വന്ന ഗുരുതരമായ വ്യതിയാനത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് ശരിയാക്കാൻ പാഠ്യപദ്ധതി രൂപീകരണത്തിൽ അഞ്ച് നിയാമക തത്ത്വങ്ങളാണ് ഈ രേഖ നിർദ്ദേശിക്കുന്നത്. അവ താഴെകൊടുക്കുന്നു.

1. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക.
2. കാണാപ്പാഠം പഠിക്കുന്ന രീതി ഒഴിവാക്കുക.
3. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പാഠ്യപ്രവർത്തനങ്ങളെ വികസിപ്പിക്കുക.
4. പരീക്ഷകൾ കൂടുതൽ അയവുള്ളതാക്കുകയും ക്ലാസ് മുറിയിലെ പഠനാനുഭവങ്ങളുമായി ഉദ്ഗ്രഥിക്കുകയും ചെയ്യുക.
5. രാജ്യത്തെ ജനാധിപത്യരാഷ്ട്രീയത്തിൽ പരസ്പരം താൽപ്പര്യം എടുക്കുന്നതും വ്യത്യാസങ്ങൾക്കതീതമായ ഒരു സ്വത്വം വളർത്തിക്കൊണ്ടുവരിക.

എൻ.സി.എഫ് 2005 അഞ്ച് അധ്യായങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു. പഠനത്തെ സംബന്ധിച്ച കാഴ്ചപ്പാട്, പഠനവും ജ്ഞാനവും, പാഠ്യപദ്ധതി മേഖലകളും വിലയിരുത്തലും സ്കൂളും ക്ലാസ് അന്തരീക്ഷവും ഘടനാപരമായ മെച്ചപ്പെടുത്തലുകൾ എന്നിവയാണ് അവ.

- പ്രൈമറിക്ലാസുകൾ ആദ്യകാല ശിശു വിദ്യാഭ്യാസത്തിന്റെ തുടർച്ചയാണ്. അതിനാൽ അതിന്റെ തുടർച്ചയായാകണം പ്രൈമറി ക്ലാസുകളിലെ പാഠ്യക്രമം തീരുമാനിക്കുന്നത്.
- പഠിതാവിന്റെ വികാസം, പഠനം എന്നിവയെ സംബന്ധിച്ച് സമഗ്രമായ കാഴ്ചപ്പാടുണ്ടായിരിക്കണം.
- ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ (Inclusive Education) കാഴ്ചപ്പാട് ഉണ്ടായിരിക്കണം.
- അറിവ് നിർമ്മാണത്തിനും സർഗ്ഗാത്മകതയ്ക്കും അവസരം നൽകണം.
- നിർമ്മാണം, കണ്ടെത്തൽ, അപഗ്രഥനം, വിമർശനാത്മകശേഷി എന്നിവ വളർത്തണം.
- പ്രാദേശിക അറിവുകൾക്കും അനുഭവങ്ങൾക്കും പാഠ്യപദ്ധതിയിൽ സ്ഥാനം നൽകണം.
- പരിസരബന്ധിതമായ പ്രോജക്ടുകളിൽ ഏർപ്പെടുന്നതിനും അതുവഴി അറിവു നിർമിക്കുന്നതിനും അവസരം വേണം.
- മാതൃഭാഷ ബോധനമാധ്യമമായിരിക്കണം.

- ഇന്ത്യയുടെ ബഹുഭാഷാസ്വഭാവത്തെ സ്കൂൾ വിദ്യാഭ്യാസത്തിലെ സമ്പത്തായി ഉപയോഗിക്കുക.
- ഗണിതപഠനത്തിൽ ചിന്തയുടെ ഗണിതവൽക്കരണത്തിനായി ഊന്നൽ നൽകുക.
- ശാസ്ത്രപഠനത്തിന്റെ ഉള്ളടക്കം, പ്രക്രിയ, ഭാഷ എന്നിവ പഠിതാവിന്റെ പ്രായം, ബൗദ്ധികനിലവാരം എന്നിവയ്ക്ക് യോജിച്ചതാക്കുക.
- വസ്തുതകൾ പഠിച്ച് പരീക്ഷയെഴുതുന്നതിന് പ്രാപ്തനാക്കുന്നതിനു പകരം സാമൂഹ്യ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനുള്ള കഴിവുണ്ടാക്കുകയായിരിക്കണം സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യം.
- ഘടനാപരമായ പരിഷ്ക്കരണങ്ങളുടെ ലക്ഷ്യം വിദ്യാഭ്യാസഗുണമേന്മയായിരിക്കണം.
- പാഠ്യപദ്ധതി പരിഷ്ക്കരണത്തിലെ വ്യവസ്ഥാസംബന്ധിയായ ഏറ്റവും പ്രധാന നടപടി പരീക്ഷാപരിഷ്ക്കരണമാണ്. ചോദ്യങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തി മൂല്യനിർണ്ണയത്തിൽ ഓർമ്മശക്തിയേക്കാൾ പ്രാധാന്യം സർഗ്ഗാത്മകതയ്ക്കും യുക്തിചിന്തയ്ക്കും നൽകണം.
- നിരന്തര മൂല്യനിർണ്ണയവും ആഭ്യന്തരവിലയിരുത്തലും സുതാര്യതയും ശക്തിപ്പെടുത്തി പരീക്ഷയെ പഠനാനുഭവവുമായി കൂട്ടിയിണക്കുകയാണ് വേണ്ടത്.
- വിദ്യാഭ്യാസ സംവിധാനങ്ങളുടെ നവീകരണത്തിന് സാമൂഹികപങ്കാളിത്തം ഉറപ്പാക്കണം.

### 14. വിദ്യാഭ്യാസ അവകാശ നിയമം 2009 (RTE 2009)

**(സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കുവാനുള്ള കുട്ടിയുടെ അവകാശ നിയമം 2009)**

ജനാധിപത്യവ്യവസ്ഥയുടെ ഇഴകൾ ബലപ്പെടുത്തുന്നതിൽ സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രധാനപങ്കുണ്ടെന്ന് നമ്മുടെ ഭരണഘടന തന്നെ അംഗീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് ഇന്ത്യൻ റിപ്പബ്ളിക്കിന്റെ 60-ാം വർഷത്തിൽ പാർലമെന്റിന്റെ ഇരുസഭകളും വിദ്യാഭ്യാസ അവകാശബില്ല് പാസാക്കിയത്. ഈ ബില്ലിന് 2009 ആഗസ്റ്റ് 26 ന് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും 01.04.2010 മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുകയും ചെയ്തു. ഇതിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

- ഈ നിയമം ആറു മുതൽ പതിനാലുവയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം വ്യവസ്ഥ ചെയ്യുന്നു. പ്രാഥമിക വിദ്യാഭ്യാസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 1-8 വരെയുള്ള ക്ലാസുകളിലെ വിദ്യാഭ്യാസമാണ്. ഇതിനുള്ള എല്ലാസൗകര്യങ്ങളും ഒരുക്കുക എന്നത് സമുചിതഗവൺമെന്റിന്റെ ചുമതലയാണ്.
- വിദ്യാലയ പ്രവേശനത്തിന് യാതൊരു വിധത്തിലുള്ള തലവരിപ്പണവും പാടില്ല.
- സ്കൂളിന് ഒരു മാനേജ്മെന്റ് കമ്മിറ്റിയുണ്ടായിരിക്കണം. എല്ലാസ്കൂളുകൾക്കും സ്കൂൾ വികസനപദ്ധതിയുണ്ടായിരിക്കണം.
- ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള മൂല്യങ്ങൾക്ക് അനുസൃതമായതും കുട്ടിയുടെ സർവ്വതോന്മുഖ വികസനം ലക്ഷ്യം വച്ചുള്ളതായിരിക്കണം പാഠ്യപദ്ധതി. അത് കുട്ടിയുടെ അറിവ്, കഴിവ്, ബുദ്ധി, കായികവും മാനസികവുമായ കഴിവുകൾ എന്നിവ

വളർത്തുന്നതാകണം.

- പ്രവർത്തനാർധിഷ്ഠിതവും ശിശുകേന്ദ്രീകൃതവും പ്രക്രിയാബന്ധിതവുമായിരിക്കണം പഠനബോധനരീതി.
- കുട്ടിയുടെ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവിനെയും മനസ്സിലാക്കിയ കാര്യങ്ങൾ പ്രയോഗിക്കാനുള്ള കഴിവിനെയും സമഗ്രവും നിരന്തരവുമായി വിലയിരുത്തണം.
- 1 മുതൽ 5 വരെ ക്ലാസിലെ പഠനസമയം ഒരു വർഷം 800 മണിക്കൂർ/200 പ്രവർത്തിദിവസവും.
- 6 മുതൽ 8 വരെ ക്ലാസിലെ പഠനസമയം ഒരു വർഷം 1000 മണിക്കൂർ/220 പ്രവൃത്തി ദിവസവും ഉണ്ടായിരിക്കണം.
- ഒരാഴ്ചയിൽ അധ്യാപകന്റെ പ്രവർത്തന സമയം 45 മണിക്കൂർ ആയിരിക്കും.
- ഓരോ ക്ലാസിനും പഠനബോധന ഉപകരണങ്ങളും കളിപ്പാട്ടം സ്പോർട്ട്സ് ഗെയിംസ് എന്നിവയ്ക്കുവേണ്ട ഉപകരണങ്ങളും നൽകണം.
- പഠനത്തിൽ പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്തി നിരന്തരം പരിഹാരബോധന പ്രവർത്തനങ്ങൾ നൽകി ധാരണകൾ ഉറപ്പിക്കണം.
- 2002 – ൽ ഭരണഘടനയോടു ചേർക്കപ്പെട്ട അനുച്ഛേദം 21 എ പ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമാക്കി. ഓരോ കുട്ടിക്കും തൃപ്തികരവും ന്യായവുമായ നിലവാരത്തിലുള്ള മുഴുവൻ സമയ പ്രാഥമികവിദ്യാഭ്യാസം നേടുന്നതിനുവേണ്ടിയാണ് ഈ നിയമം നിർമ്മിച്ചിരിക്കുന്നത്.

## 15. ദേശീയ അധ്യാപകവിദ്യാഭ്യാസപാഠ്യപദ്ധതി ചട്ടക്കൂട് 2009 (NCFTE - 2009)

സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം എന്ന ഭരണഘടനാലക്ഷ്യത്തിന് അടിവരയിട്ടു കൊണ്ടുള്ള രാഷ്ട്രീയ തീരുമാനമായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസ അവകാശനിയമം 2009. ഈ നിയമത്തിന്റെ ലക്ഷ്യം കൈവരിക്കണമെങ്കിൽ വരും വർഷങ്ങളിൽ യോഗ്യതയും പരിശീലനവും ലഭിച്ച ആവശ്യമായത്ര അധ്യാപകർ വേണം.

- അധ്യാപകപരിശീലനത്തിന്റെ ദൈർഘ്യം,
- അവരുടെ അറിവ്.
- ബോധനശാസ്ത്രപരമായനൈപുണികൾ
- തൊഴിലിനോടുള്ള പ്രതിബദ്ധത
- സമകാലിക പ്രശ്നങ്ങളോടുള്ള സംവേദനശീലം
- ഭരണഘടനാമൂല്യങ്ങളോടുള്ള ആദർശവും അനുകൂലമനോഭാവവും
- ഇവയെല്ലാം അധ്യാപകനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഇത്തരമൊരു സാഹചര്യത്തിൽ അധ്യാപക വിദ്യാഭ്യാസത്തിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ വേണമെന്ന് NCF 2009 നിർദ്ദേശിക്കുന്നു.

ഭാവിയിലെ അധ്യാപകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നൈപുണികൾ. മനോഭാവങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഈ രേഖ ചർച്ച ചെയ്യുന്നു.

### പ്രധാന നിർദ്ദേശങ്ങൾ

- എലിമെന്ററി അധ്യാപക പരിശീലനത്തിനായി 4 വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകൾ യൂണിവേഴ്സിറ്റികളിലും തെരഞ്ഞെടുത്ത ഡയറ്റുകളിലും ആരംഭിക്കണം.
- അഭിരുചിയുള്ളവരെ അധ്യാപകപരിശീലനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കണം.
- അധ്യാപക വിദ്യാഭ്യാസത്തിനുള്ള സിലബസ്, കോഴ്സിന്റെ രൂപരേഖ എന്നിവ NCTE തയാറാക്കണം.
- സ്കൂൾപാഠ്യപദ്ധതി പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി അവലോകനം ചെയ്യണം.

### തുടർപ്രവർത്തനങ്ങൾ

1. ഇന്ത്യൻ വിദ്യാഭ്യാസത്തെ പാശ്ചാത്യവൽക്കരിക്കുന്നതിന് 1835 ലെ മെക്കാളെയുടെ മിനുട്ട് സുപ്രധാന പങ്കുവഹിച്ചു. ഈ പ്രസ്താവനയെ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
2. ‘‘സമകാലിക ഇന്ത്യൻവിദ്യാഭ്യാസത്ത വിശിഷ്യ കേരള വിദ്യാഭ്യാസമേഖലയെ ഗ്രസിച്ചിരിക്കുന്ന ഇംഗ്ലീഷ്വൽക്കരണ പ്രവണതയെ മെക്കാളെയുടെ യുക്തി തന്നെയാണ് സ്വാധീനിക്കുന്നത്’’ വിശകലനം സ്വാഭിപ്രായം അവതരിപ്പിക്കുക.
3. മെക്കാളെയുടെ  മിനുട്സിന് പൂരകമായിരുന്നു. 1854 വുഡ്സ് ഡസ്പാച്ച് ഇന്ത്യൻ വിദ്യാഭ്യാസത്തെ എപ്രകാരമാണ് വുഡ്സ് ഡസ്പാച്ച് സ്വാധീനിച്ചത് എന്ന് വിശദമാക്കുക.
4. വുഡ്സ് ഡസ്പാച്ച്ന്റെ ഭാഗമായി രൂപപ്പെട്ട നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാം? വിമർശനാത്മകമായി വിലയിരുത്തുക.
5. 1882 ലെ ഹണ്ടർകമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം? മുൻകാല കമ്മീഷന്റെ ശുപാർശകളിൽ നിന്നും എന്തെല്ലാം പുരോഗമനാശങ്ങളാണ് ഹണ്ടർ കമ്മീഷൻ റിപ്പോർട്ടിൽ നിരീക്ഷിക്കാനാവുക? കുറിപ്പ് തയാറാക്കുക.
6. 1929 ലെ ഹർടോഗ് കമ്മറ്റിയുടെ പ്രധാനശുപാർശകൾ എന്തെല്ലാം? ഈ കമ്മറ്റി രൂപീകരിച്ചതിന്റെ രാഷ്ട്രീയ പ്രാധാന്യം വ്യക്തമാക്കുക.
7. 1944 ലെ സാർജന്റ് റിപ്പോർട്ടിൽ ഇന്ത്യൻ ദേശീയ നേതാക്കളുടെ വീക്ഷണവും സ്വാധീനവും പ്രതിഫലിച്ചിരുന്നു. പ്രധാന ശുപാർശകളെ വിമർശനാന്മകമായി വിലയിരുത്തുക.
8. സ്വാതന്ത്യാനന്തരഭാരതത്തിലെ വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നതിലും പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുന്നതിനും വഴികാട്ടിയാകുന്നത് ഇന്ത്യൻ ഭരണഘടനയാണ്. ഇന്ത്യ നേരിടുന്ന വിദ്യാഭ്യാസപ്രശ്നങ്ങളെ മറികടക്കാൻ ഭരണഘടനാ വ്യവസ്ഥകൾ എത്രമാത്രം സഹായകമാണ്? വിശകലനം ചെയ്യുക.
9. സെക്കണ്ടറി വിദ്യാഭ്യാസക്കമ്മീഷന്റെ (1953) സവിശേഷതകളും പരിമിതികളും വിമർശനാത്മകമായി പ്രതിപാദിക്കുക.
10. ഇന്ത്യൻ വിദ്യാഭ്യാസ കമ്മീഷൻ 1966  ഉള്ളടക്കസമഗ്രത കൊണ്ടും കാഴ്ചപ്പാടിന്റെ വ്യാപ്തി കൊണ്ടും ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അതിലെ ശുപാർശകൾ ഇന്നും പ്രാവർത്തികമാക്കിയിട്ടില്ല. വിമർശനാത്മകമായി വിശകലനം ചെയ്യുക.
11. കമ്മീഷൻ റിപ്പോർട്ടിലെ പ്രാഥമികവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ശുപാർശകൾ കേരളത്തിൽ

എത്രമാത്രം പ്രവർത്തന പഥത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. വിമർശനാത്മകമായി വിശദമാക്കുക.

12. 1968 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രാധാന്യവും പ്രധാന സവിശേഷതകളും എഴുതുക.

13. 1986 ലെ ദേശീയവിദ്യാഭ്യാസ നയം 1968 ലെ നയത്തിൽ നിന്നും എങ്ങനെ വ്യത്യസപ്പെട്ടിരിക്കുന്നു.

14. 1986 ലെ ദേശീയ വിദ്യാഭ്യാസനയം കേരള വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് രൂപപ്പെടുത്തിയത്! വിശകലനം ചെയ്യുക.

15. 1992 ലെ രാമമൂർത്തി കമ്മീഷൻ ശുപാർശകൾ വിശകലനം ചെയ്യുക.

16. 1993 ലെ യശ്പാൽ കമ്മിറ്റി റിപ്പോർട്ടിലെ വിപ്ലവകരമായ നിർദ്ദേശങ്ങൾ കുറിക്കുക. നിർദ്ദേശങ്ങളുടെ സവിശേഷതകൾ വിശദമാക്കുക.

17. ഇന്ത്യൻ വിദ്യാഭ്യാസത്തെ എപ്രകാരമാണ് NCF 2005 സ്വാധീനിക്കുന്നത്. NCF ലെ നിർദ്ദേശങ്ങൾ പരിശോധിച്ച് വിലയിരുത്തുക.

18. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം, 2011 ലെ ചട്ടം എന്നിവ കേരളത്തിലെയും ഇന്ത്യയിലെയും ജനാധിപത്യം, മതേതരത്വം, സ്വതന്ത്ര്യം തുടങ്ങിയ ഭരണഘടനാമൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് എപ്രകാരമാണ് സഹായിക്കുക.

19. ഒരു രാജ്യത്തിന്റെ പുരോഗതി നിർണയിക്കുന്നതിൽ അധ്യാപകന്റെ പങ്ക് സുപ്രധാനമാണ്. അധ്യാപക ശാക്തീകരണത്തിന് NCFTE 2009 വഹിക്കുന്ന പങ്ക് വിശദമാക്കുക.

20. പ്രൈമറിതലത്തിലെ പഠനമാധ്യമത്തെ സംബന്ധിച്ച് സ്വാതന്ത്ര്യത്തിന് മുമ്പും പിമ്പുമുള്ള കമ്മീഷനുകളും കമ്മറ്റികളും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവ ക്രോഡീകരിച്ച് പഠനമാധ്യമം സംബന്ധിച്ച സ്വാഭിപ്രായം വിശദമാക്കുക.

21. വിദ്യാഭ്യാസകമ്മീഷനുകളും റിപ്പോർട്ടുകളും കാലികമായി നടപ്പിൽ വരുത്തുവാൻ നമുക്ക് കഴിയുന്നില്ല. ഇതിനുള്ള കാരണങ്ങൾ യുക്തിസഹമായി അവതരിപ്പിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

### റഫറൻസ്


1. ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ - തായാട്ട് ശങ്കരൻ (കെ.എസ്.ടി.എ.)
2. വിദ്യാഭ്യാസം ഭാരതത്തിൽ ഡോ.ടി.കെ. മുഹമ്മദ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
3. National Policy on Education – 1986 – MHRD Delhi – 1986
4. Learning without Burden – Yespal Committee Report – 1993, MHRD NewDelhi 1993.
5. National Curriculum framework 2005 MHRD, NewDelhi, 2005.
6. National Curriculum Framework for Teacher Education – 2009 MHRD, New Delhi 2009.
7. History of Education in Modern India 1857-2007. Suresh Chandraghosh – Orient Blackswam Ltd, Hydrabad.
8. History of Education of India, B,N. Dash, Dominant publishers and District buters, Delhi.
9. The Right of Children to free and Compulsory Education Act, 2009.

10. Report of the Committee for review of National Policy on Education 1986.

11. വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം - ശാസ്ത്ര സാഹിത്യപരിഷത്ത്

12. മലയാളത്തിന്റെ ഭാവി - സേതുരാമൻ ഐ.പി.എസ്, മാതൃഭൂമി പ്രസിദ്ധീകരണം

13. നമ്മുടെ ഭാഷ നമ്മുടെ സംസ്കാരം - എഡിറ്റർ ഡോ. കാവുമ്പായി ബാലകൃഷ്ണൻ
കേരള ശാസ്ത്രസാഹിത്യപരിഷത്ത്

## ഇന്ത്യൻ വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും

### പഠനനേട്ടം

സ്വാതന്ത്ര്യാനന്തരം ഇന്ത്യൻവിദ്യാഭ്യാസത്തിനുണ്ടായ പുരോഗതി വിലയിരുത്തുന്നു. പ്രശ്നപരിഹാരനിർദ്ദേശങ്ങൾ തയാറാക്കുന്നതിനു ശേഷിനേടുന്നു.

### പ്രധാനാശയങ്ങൾ

- സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്.
- ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലും വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുന്നതിനായി സംഘടിതമായ സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്,
- ഇന്ത്യാഗവൺമെന്റിന്റെ നയങ്ങളും പദ്ധതികളും എലിമെന്ററിതലം മുതൽ സർവ്വകലാശാലാതലംവരെയുള്ള വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് കാരണമായിട്ടുണ്ട്.
- ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്ക് തടസമായി ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്.
- വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം സാധാരണക്കാരന് വിദ്യാഭ്യാസം അപ്രാപ്യമാക്കി തീർക്കും.
- സാർവത്രികമായ വിദ്യാഭ്യാസഗുണമേന്മയാണ് നമ്മുടെ ദേശീയലക്ഷ്യം.

### റഫറൻസ്

1. Education In India (1781-1985)
Policies Planning and Implementation
(Centre For Research in Rural Industrial Development-1985)

2. Development of Education System in India and Statistics
Sujatha Acharya-Mohit Books International, New Delhi-2014

3. Planning for Educational and Economic Development
Sr. SHARA, TN.RATHO
K.K.SHARAMMA (Sareep Book Publisher-New Delhi-2012)

**അധ്യാപകന്റെ അനുഭവ വിവരണം**

ആന്ധ്രയിലെ ഒരു ഗ്രാമത്തിലെ വിദ്യാലയം സന്ദർശിച്ചു. അധ്യാപകർ മാത്രമാണ് അവിടെയുണ്ടായിരുന്നത്. ഉച്ചഭക്ഷണം പാകംചെയ്യൽ നന്നായി നടക്കുന്നുണ്ട്. സമയം 12 മണിയോടടുത്തപ്പോൾ പത്തിരുപത് കുട്ടികൾ വന്നു. കൈയിൽ പാത്രങ്ങളുണ്ടായിരുന്നു. അവർ ഉച്ചഭക്ഷണം കഴിച്ചു ക്ലാസിലിരുന്നു. അപ്പോഴേക്കും എവിടെ നിന്നൊക്കെയോ ഏതാനും പേർ സ്കൂളിലെത്തി. കുട്ടികളെ തിരിച്ചുവിളിക്കാൻ വന്നവരാണ്. അവർക്ക് വീട്ടിൽ പണിയുണ്ട്. ഇളയ കുട്ടികളെ നോക്കണം. മറ്റു ജോലികൾക്ക് വീട്ടുകാരെ സഹായിക്കണം. വിളിക്കാൻ വന്നവരുടെ കൂടെ കുട്ടികൾ പോയി.

ഈ സംഭവത്തോടുള്ള പ്രതികരണം എന്താണ്? ഇതിനുള്ള കാരണമെന്താണ്? ഇതെങ്ങനെ പരിഹരിക്കും?

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് നിങ്ങൾ എന്താണ് മനസ്സിലാക്കിയിട്ടുള്ളത്?

**ഉള്ളടക്കം**

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് വലിയ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടാണ് നാം മുന്നോട്ട് പോയത്. ഓരോ പഞ്ചവത്സരപദ്ധതിയിലും കൂടുതൽ കൂടുതൽ തുക വിദ്യാഭ്യാസത്തിനു വേണ്ടി നീക്കിവയ്ക്കുകയും വിദ്യാഭ്യാസത്തിന്റെ ഓരോ തലത്തിലും പുരോഗതി ആസൂത്രിതമായി ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്തതായി സ്ഥിതിവിവരകണക്കുകൾ വ്യക്തമാക്കുന്നു. ഭരണഘടന നിലവിൽ വന്നു പത്തുവർഷത്തിനിടയിൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം നൽകുക എന്നത് നമ്മുടെ രാജ്യത്തിന്റെ ലക്ഷ്യമാണ്. ദരിദ്ര്യനിർമ്മാർജനം, ശാസ്ത്രീയവും മതേതരവുമായ ചിന്ത, വികസന കാഴ്ചപ്പാട് എന്നിവ ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസത്തിനുള്ള പ്രധാനപ്പെട്ട പങ്ക് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഭരണഘടനയിൽ തന്നെ ഇത്തരമൊരു ലക്ഷ്യം ഉൾപ്പെടുത്തിയിട്ടുള്ളത്.

യുദ്ധാനന്തര വിദ്യാഭ്യാസത്തിനുവേണ്ടി (Post War Educational Development In India) ഉണ്ടായ സാർജന്റ് പ്ലാനിൽ 312.60 ലക്ഷം രൂപയായിരുന്നു വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവെച്ചത്.

**(അനുബന്ധം കാണുക)**

ഇതിൽ 200 ലക്ഷം രൂപ പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടിയായിരുന്നു. എന്നാൽ ഒന്നാം പഞ്ചവത്സര പദ്ധതിയിൽ 152.9 കോടി രൂപ വിദ്യാഭ്യാസത്തിനായി നീക്കി വച്ചു. അതിൽ പ്രൈമറി വിദ്യാഭ്യാസത്തിന് 84.8 കോടി രൂപയായിരുന്നു ഉണ്ടായിരുന്നത്.

**(അനുബന്ധം കാണുക)**

രണ്ടാം പഞ്ചവത്സരപദ്ധതിയിലാകട്ടെ 276.94 കോടി രൂപയും പ്രൈമറി വിദ്യാഭ്യാസത്തിന് 93.1 കോടിയും ഉണ്ടായിരുന്നു.

**(അനുബന്ധം കാണുക)**

തുടർന്നുള്ള പഞ്ചവത്സര പദ്ധതികളിലെ വിദ്യാഭ്യാസവിഹിതം പട്ടികകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും.

സ്വാതന്ത്ര്യാനന്തരം സാക്ഷരതയിലും വിദ്യാഭ്യാസരംഗത്തും ഉണ്ടായ പുരോഗതി രാജ്യത്തിന്റെ പുരോഗതിക്കു വളരെയധികം സഹായിച്ചിട്ടുണ്ട്.

പ്രീപ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിദ്യാഭ്യാസത്തിനായി വിദ്യാലയങ്ങൾ വ്യാപകമായി സ്ഥാപിക്കപ്പെടുകയും കുട്ടികളെ ഇവിടങ്ങളിലെത്തിക്കാൻ കഴിയുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസത്തിനായി സർവ്വകലാശാലകളും കോളേജുകളും സ്ഥാപിക്കപ്പെട്ടു. സാങ്കേതിക മേഖലയിലെ തൊഴിൽ സാധ്യതയും പുരോഗതിയും ലക്ഷ്യംവച്ചു സാങ്കേതിക വിദ്യാഭ്യാസ

ത്തിന് ഊന്നൽ നൽകുകയും ഐ.ടി.ഐ മുതൽ എഞ്ചിനീയറിങ് കോളേജു വരെ സ്ഥാപിക്കപ്പെടുകയും ചെയ്തു.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസരംഗത്ത് പൊതുമേഖലയ്ക്ക് പ്രാധാന്യം നൽകിയിരുന്നതിനാൽ സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്കടക്കം പഠിച്ചു മുന്നോറാനുള്ള അവസരങ്ങൾ ലഭിച്ചു. അവർ ഇന്ത്യയിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും തൊഴിലെടുക്കുകയും മികവുകൊണ്ട് അംഗീകാരം നേടുകയും ചെയ്തു.

സ്ത്രീ വിദ്യാഭ്യാസത്തിന്റെ പുരോഗതി രാജ്യപുരോഗതിയിൽ നിർണായകമാണ്. ഈ രംഗത്തുണ്ടായ പുരോഗതി സ്ഥിതിവിവരകണക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയും. അതുപോലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർഥികളുടെയും വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ജനവിഭാഗങ്ങളുടെയും വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും പ്രത്യേകം പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്.

2009–ലെ വിദ്യാഭ്യാസഅവകാശനിയമം അനുസരിച്ച് എലിമെന്ററിവിദ്യാഭ്യാസം സ്റ്റേറ്റിന്റെ ഉത്തരവാദിത്തമായി മാറിയിരിക്കുന്നു. രാജ്യത്തെ എല്ലാ കുട്ടികൾക്കും 8 വർഷത്തെ വിദ്യാഭ്യാസമാണ് ഇതിലൂടെ ഉറപ്പാക്കിയിരിക്കുന്നത്. ഒരു കിലോമീറ്ററിനുള്ളിൽ പ്രാഥമികവിദ്യാലയങ്ങൾ, ശിശുകേന്ദ്രീകൃതമായ പഠനരീതി, കുട്ടികളുടെ വികസനം ഉറപ്പാക്കുന്ന മൂല്യനിർണയം, യോഗ്യരായ അധ്യാപകർ എന്നിങ്ങനെ പഠനം ഉറപ്പാക്കുന്നതിനുള്ള സമഗ്രനിയമമാണ് ഇത്.

ഇപ്രകാരം വിദ്യാഭ്യാസരംഗത്ത് പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസ മേഖലയെ ഇപ്പോഴും അലട്ടുന്നുണ്ട്. 14 വയസ്സുവരെയുള്ള എല്ലാവർക്കും നിർബന്ധിത വിദ്യാഭ്യാസം എന്ന ഭരണഘടനാലക്ഷ്യം ഇതുവരെ നമുക്ക് നേടാൻ കഴിഞ്ഞിട്ടില്ല. ആദിവാസികളടക്കമുള്ള പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ കുട്ടികളെ വിദ്യാലയത്തിലയയ്ക്കണമെന്ന ബോധം ഇനിയും ഉണ്ടായിട്ടില്ല. നിരക്ഷരത, അജ്ഞത, ദാരിദ്ര്യം എന്നിവമൂലം കുട്ടികളെ സ്കൂളിലയ്ക്കാതിരിക്കുകയും വിദ്യാലയത്തിൽ എത്തിയാൽ തന്നെ പഠനം പൂർത്തിയാകാതെ കൊഴിഞ്ഞുപോകുകയും ചെയ്യുന്നത് വടക്കെ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഇന്നും യാഥാർഥ്യമാണ്.

- വിദ്യാലയങ്ങളുടെ കുറവ്.
- പരിശീലനം സിദ്ധിച്ച അധ്യാപകരുടെ അഭാവം.
- സ്ത്രീ വിദ്യാഭ്യാസത്തിന്റെ കുറവ്
- വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയില്ലായ്മ കാരണം കുട്ടികൾക്ക് അടിസ്ഥാന ശേഷികൾപോലും ലഭിക്കാത്ത അവസ്ഥ.
- ബാലവേല

മുതലായവ ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങളായി നിലകൊള്ളുന്നു.

### വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണവും കച്ചവടവൽക്കരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കാലത്ത് സർക്കാരുകൾ പൊതുമേഖലയിൽ നിന്നും ക്രമേണ പിൻവാങ്ങുന്ന പ്രവണത ഇന്ത്യയിലും ദൃശ്യമാണ്. ഇതുകാരണം നാടൊട്ടുക്കും സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുളച്ചുപൊന്തുകയാണ്. കേരളമൊഴികെയുള്ള മിക്ക സംസ്ഥാനങ്ങളിലും ഇന്ത്യയിലെ വൻനഗരങ്ങളിലുമൊക്കെ സ്കൂൾ വിദ്യാഭ്യാസം പോലും മിക്കവാറും സ്വകാര്യ വിദ്യാലയങ്ങളിലാണ് നടക്കുന്നത്. ഉന്നതവിദ്യാഭ്യാസം പ്രധാനമായും സ്വകാര്യമേഖലയിലാണ് നിർവഹിക്കപ്പെടുന്നത്. ഇത് സാധാരണക്കാർക്ക് വലിയ സാമ്പത്തികഭാരം ഉണ്ടാക്കുന്നതും അവരെ വിദ്യാഭ്യാസത്തിൽ നിന്നകറ്റുന്നതുമാണ്. കച്ചവടവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസം പണം കൊടുത്തു വാങ്ങുന്നതിനുള്ള ശേഷിയില്ലാത്തതുകൊണ്ട് കടുത്ത സാമൂഹ്യനീതി നിഷേധമാണ് സംഭവിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളെ ഫല

പ്രദമായി മോണിറ്റർ ചെയ്യുന്നതിനോ വിദ്യാർഥികൾക്ക് നീതി ഉറപ്പാക്കുന്നതിനോ ഉള്ള ഫല പ്രദമായ സംവിധാനങ്ങളൊന്നും ഇന്ന് നിലവിലില്ല. ആയതിനാൽ പൊതുമേഖലയിൽ വിദ്യാ ഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുകയും അവിടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനു കഴിയണമെങ്കിൽ ദേശീയതലത്തിൽ വിദ്യാഭ്യാസത്തിനു കൂടുതൽ തുക നീക്കിവയ്ക്കണം.

നമ്മുടെ വിദ്യാലയങ്ങളെ അലട്ടുന്ന മറ്റൊരു മുഖ്യപ്രശ്നം ഗുണമേന്മയുടേതാണ്. പരിശീലനം സിദ്ധിച്ച യോഗ്യരായ അധ്യാപകരുടെ അഭാവം പല സംസ്ഥാനങ്ങളിലും വലിയ പ്രശ്നമാണ്. ഇതു പരിഹരിക്കുന്നതിന് അധ്യാപക പരിശീലനസ്ഥാപനങ്ങൾ ആരംഭിക്കണം. വിദ്യാലയങ്ങ ളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്ന ചലനാത്കമായ വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ് വേണം. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതിയുടെ അഭാവം ഗുണമേന്മയില്ലാത്തതിന്റെ ഒരു കാരണമാണ്. ഇതു പരിഗണിക്കാനായി ഇത്തരത്തി ലുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തണം. ഇതിനായി പാഠ്യപദ്ധതിയുടെ രംഗത്ത് വളരെയധികം മുന്നേറിയ കേരളം പോലുള്ള സംസ്ഥാനങ്ങളുടെ അനുഭവം മറ്റുള്ളവർക്ക് സ്വീകരിക്കാവുന്ന താണ്.

### തുടർപ്രവർത്തനങ്ങൾ

1. ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ നിലവാരം റഫറൻസിലൂടെ കണ്ടെത്തി അവ തരിപ്പിക്കുക.
2. ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും അതുപരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും– ഈ വിഷയത്തെക്കുറിച്ചു പ്രബന്ധം തയാറാക്കി സെമിനാറിൽ അവതരിപ്പിക്കുക.
3. പുതിയ കാലത്തെ ആവശ്യങ്ങൾ അനുസരിച്ചു ഇന്ത്യൻ വിദ്യാഭ്യാസത്തിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെ?
4. വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണ്? വിവരിക്കുക.
5. സ്ത്രീകളുടെയും മറ്റു പാർശ്വവൽക്കൃതരുടെയും വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി ചെയ്യാ വുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുക.

അനുബന്ധം

## Estimated Annual Expenditure Sargent Plan

Rs in Lakhs

| Branches of Education | Estimated Gross Annual Expenditure | Estimated Income From Source other than Public Funds | Estimated Net Expenditure to be met from Public funds |
|---|---|---|---|
| 1 | 2 | 3 | 4 |
| Basic Education(Primary and Middle | 200.00 | - | 200.00 |
| Pre-Primary Education | 3.20 | - | 3.20 |
| High school Education | 79.80 | 29.00 | 50.00 |
| University Education | 9.60 | 2.90 | 6.70 |
| Technical, Commercial and Art Education | 10.00 | 2.00 | 8.00 |
| Adult Education | 3.00 | - | 3.00 |
| Training of Teachers | 6.20 | 1.70 | 4.50 |
| School Medical Services | (10% of the Gross Expenditure of the Stage medical service and education of the handicapped | | |
| Education of the Handicapped | - | - | - |
| Recreative and Social Activities | 1.00 | - | 1.00 |
| Employment | 0.60 | - | 1.00 |
| Administration | - | - | - |
| Total | 312.60 | 35.60 | 27.00 |

## TABLE II

## Expenditure on Different Branches of Education

**Rs in Crores**

| **Sub Heads** | **1951-52 Actual** | **1952-53 Actual** | **1953-54 Actual** | **1954-55 Actual** | **1955-56 Revised** | **1951-56 Total** |
|---|---|---|---|---|---|---|
| *1* | *2* | *3* | *4* | *5* | *6* | *7* |
| Education Primary Basic | 12.3 | 13.3 | 16.6 | 20.4 | 22.2 | 84.8 |
| Secondary Education | 0.8 | 1.4 | 1.7 | 6.3 | 10.0 | 20.0 |
| University Education | 2.0 | 2.2 | 2.3 | 3.1 | 4.1 | 13.7 |
| Technical, Education | 3.7 | 3.9 | 4.3 | 3.9 | 4.4 | 20.2 |
| Social Education | 00.2 | 0.8 | 0.8 | 1.0 | 1.9 | 4.7 |
| Other Schemes | 19.8 | 24.6 | 26.6 | 37.3 | 46.8 | 152.9 |

*Source  First Five Year Plan- Review 1951-56 Planning Commission 1956*

**TABLE III**

**Expenditure during the First Four Years of Second Plan**

**Rs in Crores**

| **Sub Heads** | **Second Plan Provision** | **1956-57 Actual** | **1957-58 Actual** | **1958-59 Actual** | **1959-60 Budget** | **Likely expenditure** | **1956-60** | **Column 8 as percentage Col 2** |
|---|---|---|---|---|---|---|---|---|
| *1* | *2* | *3* | *4* | *5* | *6* | *7* | | |
| Education Primary Basic | 93.1 | 6.14 | 12.65 | 17.01 | 23.68 | 26.25 | 62.05 | 66.7 |
| Secondary Education | 49.09 | 4.16 | 6.44 | 8.74 | 13.35 | 13.50 | 32.84 | 66.9 |
| University Education | 46.48 | 4.90 | 5.08 | 10.12 | 12.38 | 13.10 | 33.20 | 71.4 |
| Technical, Education | 51.23 | 5.36 | 6.83 | 8.38 | 16.10 | 13.20 | 33.72 | 65.8 |
| Social Education | 5.00 | 0.56 | 0.73 | 0.70 | 1.13 | 1.00 | 2.99 | 59.8 |
| Other Programmes | 32.12 | 2.82 | 3.83 | 4.60 | 7.45 | 6.45 | 17.70 | 55.1 |
| **Total** | **276.94** | **23.94** | **35.56** | **49.50** | **72.99** | **73.50** | **182.50** | **65.9** |

*Source Second Five Year Plan-progress Report 1959-60 Planning Commission 1960*

**TABLE IV**

**Distribution of Outlay for Education in different Five Year Plans-A Comparison**

**(Rs in Crores)**

| **Sub Heads** | **First Plan** | **Second Plan** | **Third Plan** | **First Plan%** | **Second Plan%** | **Third Plan%** |
|---|---|---|---|---|---|---|
| *1* | *2* | *3* | *4* | *5* | *6* | *7* |
| Elementary Education | 85 | 87 | 200 | 63.9 | 41.9 | 50.0 |
| Secondary Education | 20 | 48 | 88 | 15.1 | 25.1 | 21.1 |
| University Education | 14 | 45 | 82 | 10.5 | 21.6 | 19.6 |
| Other Programmes | N A | 4 | 6 | NA | 1.9 | 1.4 |
| Social Education, Physical Education and Youth welfare | 14 | 10 | 12 | 10.5 | 4.8 | 2.9 |
| Others | NA | 10 | `` | NA | 4.8 | 2.6 |
| **Total** | 133 | 204 | 408 | 100.0 | 98.1 | 97.6 |
| Cultural Programmes | **-** | **4** | **10** | **-** | **1.9** | **2.4** |
| Grand Total | **133** | **208** | **418** | **100.0** | **100.00** | **100.00** |

*Source Third Five Year Plan-1961-66-60 Planning Commission 1961*

**TABLE V**

**Progress of Expenditure under Education**

**Centre and States/Union Territories-1961-65**

**(Rs in Crores)**

| **Sub Heads** | **Third Plan Outlay 1961-66** | **1961-62 Actual** | **!962-63 Actual** | **!963-64 Actual** | **!964-65 Likely Expenditure** | **1961-65 Total expenditure** | **Col 7 As Percentage of Col 2** |
|---|---|---|---|---|---|---|---|
| *1* | *2* | *3* | *4* | *5* | *6* | *7* | *8* |
| Elementary Education | 207.00 | 20.88 | 28.02 | 38.40 | 48.59 | 136.89 | 65.6 |
| Secondary Education | 81.00 | 10.92 | 16.39 | 19.65 | 26.34 | 73.30 | 90.5 |
| University Education | 77.90 | 13.50 | 15.30 | 15.03 | 18.99 | 68.82 | 80.6 |
| Social Education | 6.00 | 0.46 | 0.46 | 0.45 | 0.60 | 1.97 | 32.8 |
| Miscellaneous | 23.00 | 4.81 | 5.65 | 9.66 | 15.43 | 35.55 | 154.6 |
| Cultural Programmes | 10.00 | 1.18 | 1.24 | 1.16 | 1.42 | 5.00 | 50.00 |
| Scholarship (Centre) | 4.10 | 0.13 | 0.30 | 1.09 | 3.06 | 4.58 | 111.7 |
| NCERT | 9.00 | 0.29 | 1.18 | 1.19 | 1.52 | 4.18 | 46.4 |
| **Total General Education** | **418.00** | **52.17** | **68.54** | **86.63** | **115.95** | **323.29** | **77.3** |
| **Total Technical Education** | **142.00** | **18.57** | **21.71** | **24.46** | **30.32** | **95.06** | **66.9** |
| **Grand Total** | **560.00** | **70.74** | **90.25** | **111.09** | **146.27** | **418.35** | **74.7** |

*Source Third Five Year Plan-Progress report 1963-65 Planning Commission 1966*

**TABLE VI**

**Number of Pupils in Corresponding Age Groups**

| Stage | 1950-51 | | | 1955-56 | | | 1960-61 (Targeted) | | |
|---|---|---|---|---|---|---|---|---|---|
| | Boys% | Girls% | Total% | Boys% | Girls% | Total% | Boys% | Girls% | Total% |
| **Primary (6-11)** | 59 | 25 | 42 | 69 | 33 | 51 | 26 | 40 | 63 |
| **Middle (11-14 Years)** | 22 | 5 | 14 | 30 | 8 | 19 | 36 | 10 | 23 |
| **Elementary (6-14 Years)** | **46** | **17** | **32** | **57** | **23** | **40** | **70** | **28** | **49** |

*Source Second Five Year Plan 1956-61 Planning Commission*

**TABLE VII**

**Pupils in the Age Group of 6-11 Years Enrollment in Classes I-V**

| Year | Boys in Lakhs | Girls in Lakhs | Total in Lakhs | Boys in Lakhs | Girls in Lakhs | Tota in Lakhs |
|---|---|---|---|---|---|---|
| 1950-51 | 137.7 | 53.8 | 191.5 | 59.8 | 24.6 | 42.6 |
| 1955-56 | 175.3 | 76.4 | 251.7 | 70.3 | 32.4 | 52.9 |
| 1960-61 | 233.8 | 109.6 | 343.4 | 80.5 | 40.4 | 61.1 |
| 1965-66 | 301.2 | 195.2 | 496.4 | 90.4 | 61.6 | 76.4 |

*SourceThird Five Year Plan 1961-66 Planning Commission*

**TABLE VIII**

**Pupils in the Age Group of 6-11 Years Enrollment in Classes I-VIII**

| Year | Boys in Lakhs | Girls in Lakhs | Total in Lakhs | Boys in Lakhs | Girls in Lakhs | Tota in Lakhs |
|---|---|---|---|---|---|---|
| 1950-51 | 163.6 | 59.1 | 222.7 | 45.9 | 17.5 | 32.1 |
| 1955-56 | 209.5 | 85.1 | 294.6 | 54.6 | 23.5 | 40 |
| 1960-61 | 282. 0 | 124.3 | 406.3 | 65.4 | 30.6 | 48.5 |
| 1965-66 | 371.2 | 222.7 | 593.9 | 73.0 | 46.1 | 59.5 |

*SourceThird Five Year Plan 1961-66 Planning Commission*

# യൂണിറ്റ് 2
# കേരളവിദ്യാഭ്യാസം വളർച്ചയും വികാസവും
**(15 മണിക്കൂർ)**

♦ പഠനനേട്ടം 1

കേരളവിദ്യാഭ്യാസത്തിന്റെ വളർച്ചയെയും വികാസത്തെയും സ്വാധീനിച്ച അനുകൂലവും പ്രതികൂലവുമായ ചരിത്രവസ്തുതകൾ വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.

**പ്രധാനാശയങ്ങൾ**

- ♦ സംഘകാലത്തിന്റെ തുടർച്ചയായ ജൈനബുദ്ധ കാലഘട്ടത്തിൽ വിവേചനരഹിതമായ വിദ്യാഭ്യാസസമ്പ്രദായം നിലനിന്നിരുന്നു.
- ♦ പള്ളിക്കൂടങ്ങൾ, എഴുത്തുപള്ളികൾ, കളരികൾ, ശാലകൾ, മദ്രസ. ക്രൈസ്തവമിഷണറിമാർ വഹിച്ച പങ്ക്.
- ♦ ജാതിജന്മിനാടുവാഴി വ്യവസ്ഥ വിദ്യാഭ്യാസത്തിൽ ചെലുത്തിയ സ്വാധീനം.

- കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? അതിനെകുറിച്ച് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?
- കേരളത്തിന്റെ വിദ്യാഭ്യാസചരിത്രം എന്നുമുതൽ ആരംഭിക്കുന്നു?
- ആദ്യകാല സ്കൂൾ മാതൃകകൾ എങ്ങനെയായിരുന്നു. അവയുടെ സവിശേഷതകൾ എന്തൊക്കെ?
- ക്രൈസ്തവമിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ കേരളവിദ്യാഭ്യാസത്തെ എപ്രകാരമാണ് സ്വാധീനിച്ചത്?
- ജാതിജന്മിനാടുവാഴി വ്യവസ്ഥയുടെ കാലത്ത് വിദ്യാഭ്യാസത്തിന് എത്രത്തോളം പ്രാധാന്യം നൽകിയിരുന്നു?

ഈ ചോദ്യങ്ങൾക്ക് നിങ്ങളുടെ പ്രതികരണമെന്താണ്?

കേരളവിദ്യാഭ്യാസത്തിന് സമ്പന്നമായ ഒരു ചരിത്രമുണ്ട്. സംഘകാലം, ജൈനബുദ്ധകാലം തുടങ്ങിയ കാലയളവിലെ നേരിട്ടുള്ള രചനകളും മറ്റു സങ്കേതങ്ങളും ലഭ്യമല്ലെങ്കിലും അക്കാലത്തേയ്ക്ക് വിരൽ ചൂണ്ടുന്ന ഒട്ടേറെ ഗ്രന്ഥങ്ങളും ലേഖനങ്ങളും നമുക്ക് ലഭ്യമാണ്. അവയെ സംബന്ധിച്ച ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ആ രചനകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ ആശയങ്ങൾ ശേഖരിക്കാൻ നിങ്ങൾ ശ്രമിക്കേണ്ടതുണ്ട്. അതിനുശേഷം ക്ലാസിൽ പൊതുചർച്ച നടത്തണം. അതിൽ നിങ്ങളുടേതായ പങ്കുവഹിക്കാൻ ശ്രദ്ധിക്കുമല്ലോ.

മുകളിൽ കൊടുത്ത ആശയങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നിങ്ങളുടെ ഡയറിയിൽ കുറിക്കണം. കൂടുതൽ കാര്യങ്ങൾ ശേഖരിക്കാനായി ചുവടെ കൊടുത്തിരിക്കുന്ന ഗ്രന്ഥങ്ങളുടെ സഹായം തേടുമല്ലോ.

- ♦ കേരളസംസ്കാരം - എ. ശ്രീധരമേനോൻ (പേജ് 21 മുതൽ 71 വരെ 157-175/189-204)
- ♦ കേരളസംസ്കാരം - പ്രൊഫ. എസ്. അച്യുതവാര്യർ (പേജ് 23 മുതൽ 162 വരെ)
- ♦ കേരളം മലയാളികളുടെ മാതൃഭൂമി - ഇ.എം.എസ്
- ♦ കുടിപ്പള്ളിക്കൂടം അക്ഷരവിദ്യയുടെ ആദ്യാങ്കണം - ഗംഗാധരൻ ചെങ്ങാലൂർ
- ♦ കേരളം : വിദ്യാഭ്യാസത്തിന്റെ പടവുകൾ - കേരള ശാസ്ത്രസാഹിത്യപരിഷത്ത്

ഈ യൂണിറ്റിന്റെ പഠനവുമായി ബന്ധപ്പെട്ട ഒരു മൾട്ടിമീഡിയ പ്രസന്റേഷൻ തയാറാക്കണം. പ്രസന്റേഷൻ തയാറാക്കാനായി സ്റ്റോറി ബോർഡുകൾ തയാറാക്കുമല്ലോ.

മുകളിൽ ചേർത്ത പ്രധാനാശയങ്ങളുമായി ബന്ധപ്പെട്ട ചില സൂചനകൾ താഴെകൊടുക്കുന്നു.

**സംഘകാലം സംഘസാഹിത്യം**

തമിഴിലെ അതിപ്രാചീന ഗാനകൃതികളാണ് സംഘസാഹിത്യമെന്ന പേരിലറിയപ്പെടുന്നത്. കേരളം പ്രാചീനകാലത്ത് തമിഴകത്തിന്റെ ഭാഗമായിരുന്നതിനാൽ സംഘകൃതികളുടെ പഠനം കേരളത്തിന്റെ ചരിത്രസാംസ്ക്കാരിക പഠനത്തിന് സഹായകമാണ്, അനുപേക്ഷണീയവുമാണ്. സംഘകവികളിൽ പലരും കേരളീയരായിരുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്.

സംഘകാലത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും എ.ഡി. ആദ്യനൂറ്റാണ്ടുകൾ എന്ന് പൊതുവിൽ പറയാൻ സാധിക്കും. പുറനാന്നൂറ്, അകനാന്നൂറ്, പതിറ്റുമുപ്പത്ത്, തൊൽക്കാപ്പിയം, ചിലപ്പതികാരം, മണിമേഖല, തിരുക്കുറൾ തുടങ്ങിയവയാണ് പ്രധാനസംഘകൃതികൾ.

കൃത്യമായ ജാതിവ്യവസ്ഥയോ സാമൂഹികമായ വേർതിരിവുകളോ സംഘകാലത്തിലുണ്ടായിരുന്നില്ല. ജനങ്ങൾ സാമൂഹികമായ സമത്വത്തിലും സ്വാതന്ത്ര്യത്തിലും കഴിഞ്ഞുകൂടി. ജാതിയില്ലായ്മയാണ് ഇക്കാലത്തെ ഒരു പ്രധാനസവിശേഷത. ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങൾ, തീണ്ടലുംതൊടീലും പോലുള്ള ദുരാചാരങ്ങൾ തുടങ്ങിയവ കേരളീയജീവിതത്തെ ബാധിച്ചിരുന്നില്ല.

സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന ഉയർന്നപദവി സംഘകാലത്തിന്റെ ശ്രദ്ധേയമായ സവിശേഷതയാണ്. ഉയർന്ന തോതിലുള്ള വനിതാവിദ്യാഭ്യാസത്തിന്റെ ഫലമായി ഔവ്വയാറിനെ പോലുള്ള പല കവയിത്രികളും അക്കാലത്തുണ്ടായിരുന്നു.

ഇങ്ങനെ സാമുദായികമായ ചേരിതിരിവുകൾ അംഗീകരിച്ചിട്ടില്ലാത്ത ഒരു ജീവിതസമ്പ്രദായം നിലനിന്നിരുന്ന കാലത്താണ് കേരളത്തിൽ ജൈനബുദ്ധമതങ്ങളും ബ്രാഹ്മണമതവും കടന്നുവരുന്നത് ജനങ്ങൾ ഒരേസമയംതന്നെ ജൈനബുദ്ധ ക്ഷേത്രങ്ങളിൽ ആരാധനകൾ അർപ്പിക്കുകയും വൈദികവിധിപ്രകാരമുള്ള കർമ്മങ്ങൾ അനുഷ്ഠിക്കുന്ന രീതിയിൽ വിദ്വേഷമോ, മാത്സര്യമോ പ്രകടിപ്പിക്കാതെ വിവിധമതങ്ങൾ ഒത്തുചേർന്ന സവിശേഷ കാഴ്ചയാണ് നിലവിലുണ്ടായിരുന്നത്.

ക്രിസ്തുവിനു മുമ്പ് ജൈനമതം കേരളത്തിൽ പ്രത്യക്ഷപ്പെട്ടു. മതിലകം ക്ഷേത്രം, കൂടൽമാണിക്യം ക്ഷേത്രം തുടങ്ങിയവ ഒരു കാലത്ത് ജൈനക്ഷേത്രമായിരുന്നു എന്നു കരുതപ്പെടുന്നു. വയനാട്ടിൽ ബത്തേരി (ഗണപതിവട്ടം), മാനന്തവാടി മുതലായ സ്ഥലങ്ങളും ജൈനകേന്ദ്രങ്ങളായിരുന്നു അവിടെ ഇന്നും ജൈനക്ഷേത്രങ്ങൾ നിലവിലുണ്ട്. കേരളത്തിൽ ജൈനമതത്തിന്റെ അധപ്പതനം എ.ഡി. എട്ടാം നൂറ്റാണ്ടിൽ ആരംഭിക്കുകയും പതിനാറാം നൂറ്റാണ്ട് ആയപ്പോഴേയ്ക്കും പൂർണ്ണമാവുകയും ചെയ്തു.

ബി.സി. മൂന്നാം ശതകത്തിൽ അശോകന്റെ കാലത്തുതന്നെ കേരളത്തിൽ ബുദ്ധമതം കടന്നുവന്നു. ഇന്നത്തെ കൊല്ലം, ആലപ്പുഴ, ജില്ലകളിലാണ് കേരളത്തിലെ പ്രധാന ബുദ്ധക്ഷേത്രങ്ങൾ പലതും സ്ഥിതിചെയ്തിരുന്നത്. അവിടെ നിന്ന് ലഭിച്ചിട്ടുള്ള ബുദ്ധവിഗ്രഹങ്ങൾ ബുദ്ധമതപ്രചാരണത്തിന് തെളിവാണ്. അമ്പലപ്പുഴയിലെ കരുമാടിക്കുട്ടൻ പ്രസിദ്ധമായ ബുദ്ധവിഗ്രഹമാണ്. നമ്പൂതിരിമാരുടെ വരവോടെ എ.ഡി എട്ടാം നൂറ്റാണ്ടിലാണ് ബുദ്ധമതത്തിന്റെ അധപ്പതനം ആരംഭിക്കുന്നത്.

ബുദ്ധമതം കേരളത്തിനു നൽകിയ അമൂല്യസംഭാവന സാക്ഷരതയും അതുകൊണ്ടുണ്ടായ വിദ്യാഭ്യാസ പ്രചാരണവുമാണ്. ബുദ്ധവിഹാരങ്ങളോടനുബന്ധിച്ച് വിദ്യാശാലകളും ആതുരശാലകളും നടത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. നമ്മുടെ എഴുത്തു പള്ളികളും പള്ളിക്കൂടങ്ങളും ബുദ്ധമതത്തിന്റെ സംഭാവനയാണ്. കുടിപള്ളിക്കൂടവും കളരികളും അങ്ങനെയുണ്ടായതാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ച് പിൽക്കാലത്ത് ഉയർന്നുവന്ന ശാലകൾ ബുദ്ധമതത്തിന്റെ സ്വാധീനത്താൽ ഉണ്ടായതാണ്. ശ്രീവല്ലഭപെരുംശാല, പാർഥിവപുരംശാല, കാന്തളൂർശാല തുടങ്ങിയവ ഉദാഹരണം.

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം കേരളത്തിലെത്തി. ബി.സിയിൽ തന്നെ കേരളത്തിന് ഗ്രീസ്, റോം തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളുമായി നിലനിന്നിരുന്ന വാണിജ്യബന്ധമാണ് ഇതിനു കാരണം. എ.ഡി. 52-ൽ സെന്റ് തോമസ് അനുചരന്മാരോടൊപ്പം മുസിരിസിൽ (ഇന്നത്തെ കൊടുങ്ങല്ലൂർ) എത്തിച്ചേർന്നു എന്ന് പറയപ്പെടുന്നു. കേരളത്തിലെ ക്രൈസ്തവർ മതപ്രചാരണത്തിൽ മാത്രമല്ല ശ്രദ്ധിച്ചത്. കാലത്തിന്റെയും സമൂഹത്തിന്റെയും മാറ്റത്തിനനുസരിച്ച് കാർഷിക, വ്യാവസായിക,

വാണിജ്യരംഗങ്ങളിൽ ഇടപെടാൻ അവർക്ക് കഴിഞ്ഞു. വിദ്യാഭ്യാസരംഗത്തുള്ള പ്രവർത്തനം പ്രത്യേകം എടുത്തു പറയേണ്ടതാണ്. എൽ.എം.എസ് (ലണ്ടൻ മിഷൻ സൊസൈറ്റി), സി.എം.എസ് (ചർച്ച് മിഷൻ സൊസൈറ്റി) ബാസൽമിഷൻ എന്നിവയുടെ പ്രവർത്തനമാണ് കേരളത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കമിട്ടതുതന്നെ. കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ക്രൈസ്തവസഭകളുടെ സംഭാവന വളരെ വിലപ്പെട്ടതാണ്. അച്ചടിവിദ്യയുടെയും പത്രമാസികാപ്രവർത്തനത്തിന്റെയും തുടക്കം ക്രിസ്ത്യൻ മിഷനറിമാരിൽ നിന്നാണ് ധാരാളം സ്കൂളുകളും കോളേജുകളും കേരളത്തിലുടനീളം സ്ഥാപിക്കാൻ അവർ മുൻകൈയെടുത്തു.

എ.ഡി ഏഴാം നൂറ്റാണ്ടിൽ മുഹമ്മദുനബിയുടെ കാലത്തുതന്നെ, ഇസ്ലാംമതസന്ദേശങ്ങൾ വ്യാപാരാർഥം വന്ന അറബികൾ കേരളത്തിലെത്തിച്ചുവെന്ന് മലബാർ മാന്വലിൽ ലോഗൻ ചൂണ്ടിക്കാണിക്കുന്നു. എ.ഡി 611–634 കാലത്തു തന്നെ ഇസ്ലാംമതം കേരളത്തിലെത്തി.

എം.ഇ.എസ്സിന്റെ (മുസ്ലീം എഡ്യുക്കേഷൻ സൊസൈറ്റി) നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്.

ആര്യന്മാരായ ബ്രാഹ്മണർ കൂടുതലായി കേരളത്തിലെത്തിയത് എ.ഡി 8-ാം ശതകത്തിലാണ് ഇവരെയാണ് പിൽക്കാലത്ത് മലയാള ബ്രാഹ്മണർ എന്നും നമ്പൂതിരിമാർ എന്നും വ്യവഹരിച്ചു പോന്നത്. ഇവരുടെ വരവോടെ ഹിന്ദുമതം കൂടുതൽ പ്രചാരം നേടി. ബുദ്ധജൈനമതങ്ങൾ ക്ഷയിച്ചു തുടങ്ങി. ബ്രാഹ്മണരുടെ പ്രവർത്തനമണ്ഡലം ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരുന്നു. ക്ഷേത്രങ്ങൾ ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല. ജനങ്ങളുടെ യോഗസ്ഥലവും അഭയസ്ഥാനവും വിദ്യാകേന്ദ്രവും കലാകേന്ദ്രവുമൊക്കെയായിരുന്നു. ബുദ്ധമതത്തിന്റെ രീതിയെ പിന്തുടർന്ന് ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാശാലകൾ സ്ഥാപിച്ചു. വിദ്യാർഥികൾക്ക് സൗജന്യമായി താമസിച്ചു പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തി. തിരുവനന്തപുരത്ത് വലിയശാല, തിരുവല്ലാശാല, മൂഴിക്കുളംശാല, പാർഥിവപുരംശാല, കാന്തളൂർശാല, ഇവയൊക്കെ അങ്ങനെയുള്ള വിദ്യാശാലകളാണ്. ഇവയിൽ പാർഥിവപുരം ഉപരിപഠനത്തിന് വേണ്ടിയുള്ളതായിരുന്നു. തർക്കം, വ്യാകരണം, മീമാംസ, വേദാന്തം, ജ്യോതിഷം ഇവയായിരുന്നു പഠനവിഷയങ്ങൾ. ഈ ശാലകളിൽ ബ്രാഹ്മണ വിദ്യാർഥികൾക്കുമാത്രമാണ് പ്രവേശനമുണ്ടായിരുന്നത്. മറ്റു വിഭാഗക്കാർക്ക് വിദ്യാഭ്യാസാവസരം നിഷേധിച്ചിരുന്നു. അതിന്റെ ഫലം പിൽക്കാല സാമൂഹ്യജീവിതത്തിൽ പ്രതിഫലിച്ചു.

### പരിണതഫലങ്ങൾ

ആര്യാധിനിവേശത്തിന്റെ ഫലമായി കേരളത്തിന്റെ സാമൂഹികജീവിതത്തിൽ കാര്യമായ മാറ്റങ്ങളുണ്ടായി. മക്കത്തായമായിരുന്നു ദായക്രമം. 11-ാംശതകം കഴിഞ്ഞതോടെ മരുമക്കത്തായമായി മാറി. സംസ്കൃതഭാഷയുടെ സ്വാധീനം വർധിച്ചു. മണിപ്രവാളം ഒരു സാഹിത്യഭാഷയായി നൂറ്റാണ്ടുകളോളം നിലനിന്നു. സന്ദേശകാവ്യങ്ങൾ, ചമ്പുക്കൾ, ആട്ടക്കഥകൾ തുടങ്ങിയവയൊക്കെ മണിപ്രവാളരീതിയിലുള്ളവയായിരുന്നു.

ആര്യാധിനിവേശത്തിന്റെ ദുഷ്ഫലങ്ങളിൽ പ്രധാനമാണ് ആര്യന്മാർ അനുശാസിച്ചു നടപ്പിലാക്കിയ ചാതുർവർണ്യവ്യവസ്ഥയുടെ തിക്തഫലങ്ങൾ. ആര്യന്മാരുടെ വരവിന് മുമ്പ് ജാതിയുടെയോ, മതത്തിന്റെയോ പേരിലുള്ള വേർതിരിവ് ഇവിടത്തെ ജനങ്ങൾ ക്കുണ്ടായിരുന്നില്ല. സംഘകാലത്ത് ഇവിടെ വിദ്യാഭ്യാസത്തിനുള്ള അവസരം എല്ലാ ജനവിഭാഗങ്ങൾക്കും തുല്യമായിരുന്നു. എന്നാൽ ആര്യാധിനിവേശത്തോടെ ബഹുഭൂരിപക്ഷം വരുന്ന ശൂദ്രവിഭാഗങ്ങൾക്ക് (ആര്യന്മാർ ഇവിടെയുണ്ടായിരുന്ന സമൂഹത്തെ പല തട്ടിലായി തിരിച്ചു. ഭരണവർഗത്തെ അരചജാതി; കച്ചവടക്കാരെ വണികജാതി, ഇതിലൊന്നുംപെടാത്ത ബഹുഭൂരിപക്ഷം പേരെ ശൂദ്രജാതി; അവരിൽ തന്നെ പറയൻ, പുലയൻ തുടങ്ങി അധ്വാനിക്കുന്ന ജനവിഭാഗത്തെ അധ:സ്ഥിതരാക്കി തരംതാഴ്ത്തി) വിദ്യാഭ്യാസത്തിനുള്ള അവസരം നിഷിദ്ധമായി. ശൂദ്രവിഭാഗങ്ങൾ വ്യക്തമായും സ്പഷ്ടമായും സംസാരിക്കുന്നതുതന്നെ നമ്പൂതിരിമാർക്ക് അത്ര രസമല്ലായിരുന്നു. 'ശൂദ്രമക്ഷരസംയുക്തം ദൂരത:പരിവർജയേത്' തുടങ്ങി നമ്പൂതിരിമാരുണ്ടാക്കിയ നിയമങ്ങൾ ഇതിനുദാഹരണമാണ്.

### ജന്മിസമ്പ്രദായം

ജന്മാവകാശമുള്ള വസ്തുക്കളനുഭവിക്കുന്നയാളാണ് ജന്മി. കേരളചരിത്രത്തിൽ ദൂരവ്യാപകഫലങ്ങളുളവാക്കിയ നൂറ്റാണ്ടുയുദ്ധമെന്ന പേരിലറിയപ്പെടുന്ന ചേരചോളയുദ്ധമാണ് ജന്മിസമ്പ്രദായത്തിന്റെ

ആവിർഭാവത്തിന് ആക്കം കൂട്ടിയത്. പന്ത്രണ്ടാം ശതകത്തോടെ, നൂറ്റാണ്ടുയുദ്ധത്തിനുശേഷം ക്ഷേത്ര സ്വത്തുക്കൾ ഊരാളരുടെ സ്വേച്ഛാഭരണത്തിന് വിധേയമായി. ഊരാളന്മാരെ വിശ്വസിച്ച നിരക്ഷരരായ കാരാളർ ഇതൊന്നും അറിഞ്ഞതേയില്ല. അതോടെ അബ്രാഹ്മണർ ദേവനു സമർപ്പിച്ച സ്വത്തുക്കൾ ബ്രാഹ്മണരുടെ സ്വത്തായി. ബ്രാഹ്മണർ അങ്ങനെ വമ്പിച്ച ഭൂസ്വത്തിനുടമകളായി തീർന്നു.

മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിൽ ഭൂനികുതി ഏർപ്പെടുത്തി (1739). കൊച്ചിയിൽ 1762 ലാണ് ഇതാംരംഭിച്ചത്. രണ്ടു രാജ്യങ്ങളിലും ദേവസ്വങ്ങൾക്കും ബ്രഹ്മസ്വങ്ങൾക്കും കരം ചുമത്തിയില്ല. കരത്തിൽ നിന്ന് ഒഴിവാക്കാനായി സാധുക്കളായ പലരും വസ്തുക്കൾ രേഖയിൽ മാത്രം ബ്രഹ്മസ്വമാക്കി എന്നാൽ അവരുടെ ഭൂമി നഷ്ടപ്പെടുന്ന സ്ഥിതിയാണുണ്ടായത്. ഭൂനികുതി പിരിക്കാൻ ചുമതലപ്പെട്ട അധികാരികളിൽ പലരും അമിതാധികാരമുപയോഗിച്ച് വമ്പിച്ച ഭൂസ്വത്തിനുടമകളായി. ടിപ്പുവിന്റെ ആക്രമണത്തെത്തുടർന്ന് മലബാറിൽ പുത്തൻ ജന്മികളുണ്ടായി. മലബാറിൽ നിന്ന് തിരുവിതാംകൂറിലേക്ക് കുടിയേറിയ നമ്പൂതിരിമാരുടെ സ്വത്തുക്കൾ കയ്യൂക്കുള്ള പ്രമാണിമാർ കൈവശപ്പെടുത്തുകയും ജന്മികളാകുകയും ചെയ്തു. ജന്മിമാർ തങ്ങൾക്കു കിട്ടിയ ഉടമസ്ഥാവകാശമുപയോഗിച്ച് പാട്ടം വർധിപ്പിക്കുക, നിലമൊഴിപ്പിക്കുക തുടങ്ങിയവയ്ക്കുള്ള അധികാരം ഉപയോഗപ്പെടുത്താൻ തുടങ്ങി.

നാടുവാഴികളും ദേശവാഴികളുമായ സാമന്തൻമാരും തങ്ങളുടെ സൈനികശക്തി വഴി ഭൂവുടമകളായി. ഭക്തികൊണ്ടാണ് കൃഷിക്കാർ നമ്പൂതിരിമാരെ ഭൂവുടമകളായി അംഗീകരിച്ചതെങ്കിൽ ആത്മരക്ഷാർഥമാണ് തമ്പുരാക്കന്മാരെ ഭൂവുടമകളായി അംഗീകരിച്ചത്.

കേരളത്തിൽ നിലവിലിരുന്ന ജാതി ജന്മി നാടുവാഴി സമ്പ്രദായത്തിന്റെ കീഴിൽ വിദ്യാഭ്യാസം മുകൾത്തട്ടിലുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താൻ സമൂഹത്തിന്റെ മേൽത്തട്ടിലുള്ളവർ ശ്രമിച്ചു. അവർണരായവർക്ക് വിദ്യാലയപ്രവേശനം അനുവദിച്ചിരുന്നില്ല. താഴ്ന്നജാതിക്കാർക്ക് തൊഴില വസരങ്ങൾ നിഷേധിച്ചു. സർക്കാർ ജോലികളിൽ അവർക്ക് പ്രവേശനം അനുവദിച്ചില്ല. നിലവാരമുള്ള ഭാഷയിൽ സംസാരിക്കുന്നതിനു പോലും വിലക്കേർപ്പെടുത്തി. ചുരുക്കത്തിൽ ഭാഷ, സാഹിത്യം, ഭൂവുടമാവകാശം, തൊഴിൽ, വിദ്യാഭ്യാസാവകാശം, പൊതുനിരത്തിലൂടെയുള്ള സഞ്ചാരം. ആഭരണങ്ങൾ അണിയാനുള്ള അവകാശം, ആരാധനാസ്വാതന്ത്ര്യം തുടങ്ങി എല്ലാകാര്യങ്ങളും ഉപരിജാതിക്കാരുടെ വകയായി മാറുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്.

- സംഘകാലത്തെയും ജൈനബുദ്ധകാലഘട്ടത്തിലെയും സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ എന്തൊക്കെയാണ്?
- 'നമ്പൂതിരിമാരുടെ കേരളത്തിലേയ്ക്കുള്ള വരവ് നമ്മുടെ സാമൂഹികജീവിതത്തെ പുരോഗതി യിലേയ്ക്ക് നയിക്കാൻ സഹായിച്ചു.' ഇതിനെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണ്?
- ക്രിസ്ത്യൻമിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ കേരളവിദ്യാഭ്യാസത്തെ മുന്നോട്ട് നയിച്ചിട്ടുണ്ടോ?
- ജാതിജന്മിനാടുവാഴി വ്യവസ്ഥ എപ്രകാരമാണ് കേരളത്തിലെ സാമൂഹ്യ വ്യവസ്ഥയ്ക്ക് ഗുണകരമായി തീർന്നത്?

നിങ്ങളുടെ പ്രതികരണങ്ങൾ ഡയറിയിൽ കുറിക്കുക.


- കേരളം മലയാളികളുടെ മാതൃഭൂമി - ഇ.എം.എസ്
- കേരളത്തിന്റെ ഇന്നലെകൾ - കെ.എൻ. ഗണേശ്
- Educational development in India – A. Abdul Salim, P.R. Gopinathan Nair
- കേരളത്തിന്റെ സാംസ്കാരിക ചരിത്രം - P.K.ഗോപാലകൃഷ്ണൻ (Page 103-219)
- കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും - ഡോ.പി.എസ്.ശ്രീകല - കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് - 2012
- ഭരണകൂടവും വിദ്യാഭ്യാസവും കേരളത്തിന്റെ അനുഭവങ്ങൾ - പ്രൊഫ.വി കാർത്തികേയൻ നായർ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2018

- ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ - തായാട്ട് ശങ്കരൻ

തുടങ്ങിയ പുസ്തകങ്ങൾ കൂടി വായിച്ച് നോട്ട് കുറിക്കുമല്ലോ.

**പഠനനേട്ടം1 (തുടർച്ച)**

2-ാം യൂണിറ്റിലെ പ്രധാനാശയങ്ങൾ  തുടരുന്നു.

- റാണി ഗൗരി പാർവതിഭായിയുടെ വിളംബരം
- ശ്രീനാരായണഗുരു, അയ്യങ്കാളി മുതലായ സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ
- 1940 ലെ തിരുവിതാംകൂറിലെ ഉച്ചഭക്ഷണപരിപാടി
- 1957 ലെ വിദ്യാഭ്യാസബിൽ , 1959 ലെ കെ.ഇ.ആർ
- വിദ്യാർഥികൾക്ക് ആനുകൂല്യങ്ങൾ
- പൊതുവിദ്യാഭ്യാസശാക്തീകരണ പ്രവർത്തനങ്ങൾ
- ശ്രീനാരായണഗുരു, അയ്യങ്കാളി, തുടങ്ങിയ സാമൂഹികപരിഷ്കർത്താക്കളുടെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
- റാണിഗൗരി പാർവ്വതിഭായിയുടെ 1817 ലെ വിളംബരത്തിന്റെ പ്രാധാന്യമെന്ത്?
- 1940 ലെ തിരുവിതാംകൂറിലെ ഉച്ചഭക്ഷണപരിപാടി കേരളവിദ്യാഭ്യാസരംഗത്തെ ഏങ്ങനെയാണ് സ്വാധീനിച്ചത്?
- 1957 ലെ കേരള വിദ്യാഭ്യാസബില്ലിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? അതിന്റെ പ്രാധാന്യമെന്ത്? ഇക്കാര്യങ്ങളിൽ നിങ്ങളുടെ പ്രതികരണമെന്താണ്?

നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ മുകളിൽ കൊടുത്തിരിക്കുന്ന പ്രധാനാശയങ്ങളുമായി ബന്ധപ്പെട്ട റഫറൻസ് നടത്തി നിങ്ങളുടെ ഡയറിയിൽ കുറിക്കുകയും ക്ലാസിൽ പൊതുചർച്ച നടത്തി ക്രോഡീകരിക്കുകയും ചെയ്യുമല്ലോ.

**റഫറൻസ് നടത്തേണ്ട പുസ്തകങ്ങൾ**

- Educational development in India – A-Abdul Salim & P.R. Gopinathan Nair (Anmol Publications Pvt. Ltd. New Delhi) (പേജ് 38-40, 71-73, 148-155)
- കേരളസംസ്കാരം-പ്രൊഫ. എസ്. അച്യുതവാര്യർ കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് (പേജ് 181 മുതൽ 208 വരെ)
- കേരളം : വിദ്യാഭ്യാസത്തിന്റെ പടവുകൾ - കേരളശാസ്ത്രസാഹിത്യപരിഷത്ത്
- ഭരണകൂടവും വിദ്യാഭ്യാസവും - കേരളത്തിന്റെ അനുഭവങ്ങൾ - പ്രൊഫ.വി. കാർത്തികേയൻ നായർ (കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് 2018)

ഈ ഭാഗത്തെ ആശയങ്ങളുൾപ്പെടുത്തി മൾട്ടിമീഡിയ പ്രസന്റേഷനാവശ്യമായ സ്റ്റോറി ബോർഡ് തയാറാക്കുമല്ലോ.

മുകളിൽ കൊടുത്ത പ്രധാനാശയങ്ങളുമായി ബന്ധപ്പെട്ട ചില സൂചനകൾ താഴെ ചേർക്കുന്നു.

**റാണിഗൗരി പാർവതിഭായിയുടെ വിളംബരം**

തിരുവിതാംകൂറിലെ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 1817 ൽ റാണി ഗൗരി പാർവതിഭായി പുറപ്പെടുവിച്ച വിളംബരം കേരള വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. പ്രസ്തുത വിളംബരത്തിന്റെ കുറച്ചു ഭാഗം ഇവിടെ ചേർക്കുന്നു.

"The state should defray the whole cost of education of its people, in order that there might be no backwardness in the spread of enlightenment among them; that by diffusion of education they might become better subjects and public servants and that the reputation of the state might be advanced thereby." ഓരോ

സ്കൂളിലും രണ്ട് അധ്യാപകരെ നിയമിക്കാനും ദൈനംദിന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും ഈ വിളംബരത്തിലൂടെ സർക്കാർ അനുവാദം നൽകി. ഉചിതമായ യോഗ്യതയുള്ളവരെ അധ്യാപകരായി നിയമിക്കാനും മാസശമ്പളമായി 50 പണം നൽകാനും പ്രസ്തുതവിളംബരത്തിലൂടെ അനുവാദം ലഭിച്ചു. വിദ്യാഭ്യാസചെലവ് സർക്കാർ വഹിക്കുന്ന വളരെ വിപ്ലവകരമായ ഒരു വിളംബരമായിരുന്നു റാണി ഗൗരി പാർവതിഭായിയുടേത്.

തിരുവിതാംകൂറിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനായി ഒട്ടേറെ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. അതിൽ പ്രധാനമാണ് വിദ്യാർഥികൾക്ക് അനുവദിച്ച ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും. സ്കൂൾ പ്രവേശനത്തിന് ഒട്ടേറെ തടസ്സങ്ങളുണ്ടായിരുന്ന ഒരു കാലയളവായിരുന്നു അത്. ഈ തടസ്സങ്ങൾ നീക്കാനുള്ള ധാരാളം നടപടികൾ സർക്കാർ സ്വീകരിച്ചു. താഴ്ന്ന ജാതിയിൽപ്പെട്ട വിദ്യാർഥികൾക്ക് സബ്സിഡികളും മെറ്റീരിയൽ ഇൻസെന്റീവും അനുവദിച്ചു. ഫീസിളവ്, ലംപ്സം ഗ്രാന്റ്, ഉച്ചഭക്ഷണം, പുസ്തകങ്ങൾ, യൂണിഫോമുകൾ തുടങ്ങിയവ അവയിൽ ചിലതാണ്. ലോവർ പ്രൈമറി ക്ലാസിലെ കുട്ടികൾക്ക് 1904 മുതൽ സൗജന്യ വിദ്യാഭ്യാസം നൽകിയിരുന്നെങ്കിലും 4-ാം ക്ലാസിലെ കുട്ടികൾ ഫീസ് കൊടുക്കേണ്ട സ്ഥിതിയുണ്ടായിരുന്നു. 1923 മുതൽ വെർണാക്കുലർ സ്കൂളുകളിലും ഇംഗ്ലീഷ് സ്കൂളുകളിലും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സൗജന്യവിദ്യാഭ്യാസവും പിന്നോക്കവിഭാഗങ്ങൾക്ക് പകുതി ഫീസിളവും അനുവദിക്കുകയുണ്ടായി. പിന്നീട് ഇത് പ്രൈവറ്റ് സ്കൂളിലേക്ക് വ്യാപിപ്പിക്കുകയും ഫീസിന്റെ മുക്കാൽ ഭാഗം സർക്കാർ മാനേജർക്ക് നൽകുകയും ചെയ്യുന്ന രീതി നിലവിൽ വരുകയും ചെയ്തു.

1936 ൽ തിരുവിതാംകൂറിലെ എല്ലാ വെർണാക്കുലർ സ്കൂളുകളിലെയും അടിച്ചമർത്തപ്പെട്ട വിഭാഗത്തിലെ മൂന്നും നാലും ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് 14 ചക്രം (Rs.0.50) ലംപ്സംഗ്രാന്റായി അനുവദിച്ചു. 1935 ൽ 60 ഹരിജൻ സ്കൂളുകൾ ആരംഭിച്ചു. 1938 ൽ ഈ സ്കൂളുകൾക്ക് ഗ്രാന്റ് ഇൻ എയ്ഡ്, സൗജന്യ പാഠപുസ്തകം എന്നിവ അനുവദിച്ചു. 1943 മുതൽ സൗജന്യയൂണിഫോം നടപ്പിലാക്കി. പരീക്ഷാഫീസിൽ നിന്ന് അവരെ ഒഴിവാക്കി.

### തിരുവിതാംകൂറിലെ ഉച്ചഭക്ഷണപരിപാടി

വോളന്ററി രീതിയിൽ പല ഏജൻസികളും 1920 മുതൽ തന്നെ തിരുവിതാംകൂറിൽ ചില സ്കൂളുകൾ കേന്ദ്രീകരിച്ച് ഉച്ചഭക്ഷണം നൽകുന്ന രീതി ഉണ്ടായിരുന്നു. ഭൂരിപക്ഷം കുട്ടികളും ആഹാരം കൊണ്ടുവരാൻ കഴിയാത്ത സ്ഥിതിയിലുള്ളവരായിരുന്നു അക്കാലത്ത്. പൊതുജനങ്ങളുടെ സംഭാവന സ്വീകരിച്ചുകൊണ്ട് ഉച്ചഭക്ഷണം കൊടുക്കുന്ന രീതി പലസ്ഥലങ്ങളിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി. വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് 1940 ൽ ഉച്ചഭക്ഷണപരിപാടി സർക്കാർ നടപ്പിലാക്കി. ഓരോ സ്കൂളിനും മാസത്തിൽ 100 രൂപ ഇതിനായി അനുവദിച്ചു. 1946 മുതൽ 100 പറ (1300kg) അരി പാവപ്പെട്ട വിദ്യാർഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായി അനുവദിച്ചു.

### കൊച്ചിയിലെ വിദ്യാഭ്യാസം

പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാംദശകം വരെ വിദ്യാഭ്യാസവ്യാപനത്തിനും പുരോഗതിക്കും ആവശ്യമായ നേരിട്ടുള്ള നടപടികളൊന്നും കൊച്ചിയിലെ സർക്കാർ ഏറ്റെടുത്തിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ മധ്യപാദത്തിലും അവസാനപാദത്തിലുമായി ചില വെർണാകുലർ സ്കൂളുകൾ കൊച്ചിയിൽ ആരംഭിച്ചു. 1837 ലും 1845 ലുമായി രണ്ട് ഇംഗ്ലീഷ് സ്കൂളുകൾ ആരംഭിച്ചു. രാജകുടുംബാംഗങ്ങളെയും ഉയർന്ന ജാതിയിലുള്ള കുട്ടികളെയും പഠിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു അവ സ്ഥാപിച്ചത്. 1875 ൽ ഈ സ്കൂൾ മഹാരാജാസ് കോളേജായി ഉയർത്തി. 1873 ൽ ജില്ലാസ്കൂളുകളും താലൂക്ക് സ്കൂളുകളും ആരംഭിച്ചു. 1890 കൾക്കുശേഷമാണ് സാധാരണ ജനത്തിന്റെ വിദ്യാഭ്യാസത്തിനുവേണ്ട ചില നടപടികൾ കൊച്ചിയിൽ ആരംഭിച്ചത്. ആൺകുട്ടികൾക്കുവേണ്ടി പത്തും പെൺകുട്ടികൾക്കുവേണ്ടി രണ്ടും വെർണാക്കുലർ സ്കൂളുകൾ അക്കാലത്ത് ആരംഭിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വിദ്യാഭ്യാസ വ്യാപനത്തിനുള്ള അടിസ്ഥാനമൊരുക്കാൻ കൊച്ചിക്ക് സാധിച്ചു.

ഇരുപതാം നൂറ്റാണ്ടിൽ കൊച്ചി രാജ്യത്ത് വിദ്യാഭ്യാസപരമായി വലിയ മാറ്റങ്ങളാണുണ്ടായത്. 1911 ലെ എജ്യുക്കേഷൻ കോഡ് 1921 ലെ എജ്യുക്കേഷൻ കോഡ്, 1944 ലെ എജ്യുക്കേഷൻ കോഡ് എന്നിവ ഏറെ ശ്രദ്ധേയമാണ്.

പെൺകുട്ടികളുടെ വിദ്യാഭ്യാസം

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കൊച്ചി സർക്കാർ കൂടുതൽ പ്രാധാന്യം നൽകി. ഫീസ് നിരക്ക് കുറയ്ക്കാനും കൂടുതൽ സ്കൂളുകൾ തുടങ്ങാനും നടപടികളെടുത്തു. 1921 ലെ വിദ്യാഭ്യാസ കോഡ് പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി. .

പിന്നോക്കക്കാർക്കും അടിച്ചമർത്തപ്പെട്ടവർക്കുമുള്ള വിദ്യാഭ്യാസം

പിന്നോക്കക്കാർക്കും അടിച്ചമർത്തപ്പെട്ടവർക്കുമുള്ള വിദ്യാഭ്യാസത്തിനായി ഉദാരസമീപനമാണ് കൊച്ചി സർക്കാർ സ്വീകരിച്ചത്. 1914 മുതൽ തന്നെ ഫീസിളവ് അനുവദിക്കാൻ സർക്കാർ നടപടികളെടുത്തു. പകൽ സ്കൂളിൽ പോകാൻ കഴിയാത്തവർക്കായി 19 രാത്രികാലസ്കൂളുകൾ തുടങ്ങി. സ്പെഷ്യൽ സ്കോളർഷിപ്പുകൾ, സൗജന്യ ആഹാരം, വസ്ത്രം, പുസ്തകങ്ങൾ, തുടങ്ങിയവ ഏർപ്പെടുത്തി. 1943 ൽ കൊച്ചിരാജ്യത്തെ എല്ലാ പ്രൈമറി സ്കൂളുകളിലും ഉച്ചഭക്ഷണപരിപാടി ഏർപ്പെടുത്തി.

## മലബാറിലെ വിദ്യാഭ്യാസം

19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ ഉന്നതനിലവാരം പുലർത്തിയ ധാരാളം വിദ്യാഭ്യാസസ്ഥാപനങ്ങൾ മലബാറിൽ ആരംഭിച്ചു. ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രദേശമായിരുന്നു മലബാർ. സ്കൂളുകളുടെ എണ്ണത്തിൽ മലബാർ ഏറെ മുമ്പിലായിരുന്നു. തിരുവിതാംകൂറിൽ 264 ഉം കൊച്ചിയിൽ 70 ഉം മലബാറിൽ 759 ഉം സ്കൂളുകളുമാണുണ്ടായിരുന്നത്.

പത്തൊൻപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വളരെ വികസിച്ച ഒരു വിദ്യാഭ്യാസപശ്ചാത്തലം മലബാറിലുണ്ടായിരുന്നു. 75 വിദ്യാർഥികൾ പഠിച്ചിരുന്ന ഒരു മെഡിക്കൽ കോളേജ് കോഴിക്കോട്ട് പ്രവർത്തിച്ചിരുന്നു. ഓരോ ജില്ലയിലും 3 താലൂക്ക് സ്കൂളുകൾ വീതം സ്ഥാപിച്ചു. പ്രാദേശിക ഭാഷയായിരുന്നു ബോധനമാധ്യമം. ബാസൽ മിഷൻ 1848 ൽ മലബാറിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ജില്ലയിൽ ആരംഭിച്ചു. ഇതാണ് പിന്നീട് മലബാർ ക്രിസ്റ്റ്യൻ കോളേജായി മാറിയത്. 1858 ൽ നോർത്ത് മലബാറിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ഡോ. ഗുണ്ടർട്ട് സ്ഥാപിച്ചു. ബ്രണ്ണൻ തലശ്ശേരിയിൽ സ്ഥാപിച്ച സ്കൂളാണ് ബ്രണ്ണൻ കോളേജായി വികസിച്ചത്. 1886 ൽ പാലക്കാട്ട് സ്ഥാപിച്ച സ്കൂൾ വിക്ടോറിയ കോളേജായും സാമൂതിരി രാജാവ് 1877 ൽ സ്ഥാപിച്ച സ്കൂൾ ഗുരുവായൂരപ്പൻ കോളേജായും മാറി.

മലബാറിലെ ആദ്യത്തെ വെർണാക്കുലർ സ്കൂൾ മലപ്പുറത്ത് 1856 ൽ ആരംഭിച്ചു. 1857ൽ അഞ്ച് താലൂക്ക് വെർണാക്കുലർ സ്കൂളുകൾ കൂടി മലബാറിൽ സ്ഥാപിക്കപ്പെട്ടു. 1864 ൽ റേറ്റ് സ്കൂളുകൾ ആരംഭിച്ചു. റിസൽറ്റ്, ഗ്രാന്റ് സിസ്റ്റം 1867 ൽ മലബാറിൽ ആരംഭിച്ചു. കുട്ടികളുടെ ഹാജരിനെ (കുറഞ്ഞത് ഒരു മാസത്തിൽ 15 ദിവസം) അടിസ്ഥാനപ്പെടുത്തി ഗ്രാന്റ് അനുവദിക്കുന്ന രീതിയാണിത്. വിദ്യാഭ്യാസമേൽനോട്ടത്തിന് ഡിസ്ട്രിക്ബോർഡുകളും ലോക്കൽ ബോർഡുകളും നിലവിൽ വന്നത് ഈ കാലയളവിലാണ്.

സ്ത്രീവിദ്യാഭ്യാസം

ഇക്കാലത്ത് മലബാറിലെ സ്ത്രീകളുടെ വിദ്യാഭ്യാസം ക്രിസ്ത്യൻ മിഷനറിമാരുടെയും മറ്റ് മതപരമായ ഏജൻസികളുടെയും നേതൃത്വത്തിലായിരുന്നു. സ്ത്രീകൾ പ്രത്യേകിച്ചും ഹിന്ദു മുസ്ലീം സ്ത്രീകളുടെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലായിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ 1880 ൽ സ്ത്രീ വിദ്യാഭ്യാസ ഇൻസ്പെക്ടർമാരെ നിയമിക്കുകയും അവരുടെ നേതൃത്വത്തിൽ വീട്ടിൽ പോയി വിദ്യാഭ്യാസം നൽകാനുള്ള നടപടികളെടുക്കുകയും ചെയ്തു. ഇത്തരം അധ്യാപകർക്ക് ശമ്പളം നൽകാനായി ഗ്രാന്റ് ഇൻ എയ്ഡ് അനുവദിച്ചു. തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിലെപ്പോലെ പെൺകുട്ടികൾക്കു സ്കോളർ ഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ മലബാറിലുണ്ടായിരുന്നില്ല. 4.1% പെൺകുട്ടികളാണ് സ്കൂളിൽ പോയിരുന്നത്. (1895-96) പൊതു സാക്ഷരത 10% ആയിരുന്നപ്പോൾ 1891-1901 കാലയളവിൽ സ്തീസാക്ഷരത 3.9% ൽ നിന്ന് 3% മായി കുറയുകയാണുണ്ടായത്.

പിന്നോക്കക്കാരുടെയും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെയും വിദ്യാഭ്യാസോന്നമനത്തിനായിട്ടുള്ള നടപടികൾ 1885 കാലയളവുവരെ ഗവൺമെന്റ് ഏറ്റെടുത്തിരുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കാനായി അധ്യാപകർക്ക് ഇൻസെന്റീവ് കൊടുക്കുന്നതിനുള്ള നടപടികൾ പിന്നീട് ആരംഭിച്ചു. രാത്രികാലസ്കൂളുകളും സായാഹ്നസ്കൂളുകളും ഇതിലേക്കായി തുടങ്ങി. "On this situation the inspector of schools in Malabar made the following observation. "They boys will not attend unless a peon is sent round every morning to fetch them. The masters have to pay frequent visits to the parents of the pupil and to beg as a personal favour to themselves that children may be sent to school."

1905-06 ൽ ഗ്രാന്റ് ഇൻ എയ്ഡിന്റെ കോഡ് പരിഷ്കരിച്ചു. അധ്യാപകരുടെയും കുട്ടികളുടെയും എണ്ണത്തിനും ഹാജരിനുമനുസരിച്ച് ഗ്രാന്റ് കൊടുക്കാനാരംഭിച്ചു. 1912-13-ൽ അധ്യാപകരുടെ ശമ്പളം വർധിപ്പിച്ചു. എയ്ഡഡ് സ്കൂളുകളുടെ ഗ്രാന്റ് 50% ആയി വർധിപ്പിച്ചു. 1921 ലെ മാപ്പിളലഹളയ്ക്കു ശേഷമാണ് സർക്കാർ വെർണാക്കുലർ സ്കൂളുകളെ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചത്. 1923 ൽ ജില്ലാസെക്കണ്ടറി എജ്യുക്കേഷൻ ബോർഡുകൾ സ്ഥാപിക്കപ്പെട്ടു. 1934-ൽ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള നിർബന്ധിത നടപടികൾ സ്വീകരിക്കപ്പെട്ടു. സ്കൂൾ പ്രായത്തിലുള്ള കുട്ടികളെ ചേർക്കാത്ത രക്ഷാകർത്താക്കൾക്ക് പിഴ ഏർപ്പെടുത്തി. ആ വർഷം താലൂക്ക് ബോർഡുകൾക്കു പകരം ഡിസ്ട്രിക് ബോർഡുകൾ സ്ഥാപിക്കപ്പെട്ടു. ഓരോ ഡിസ്ട്രിക് ബോർഡിലും ഒരു വിദ്യാഭ്യാസഓഫീസറെ നിയമിച്ചു.

### ശ്രീനാരായണഗുരു, അയ്യങ്കാളി മുതലായ സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത യുഗപ്രഭാവനും ആത്മീയ ഗുരുവുമാണ് ശ്രീനാരായണഗുരു (1856-1928). സവർണഅവർണ വിവേചനം കൊടികുത്തി വാണ കാലമായിരുന്നു അത്. അവർണ വിഭാഗത്തെ അധ:സ്ഥിതരായി കണ്ടിരുന്നു. അവർക്ക് ക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. തീണ്ടൽ, തൊടീൽ എന്നീ അനാചാരങ്ങൾക്കെതിരെ ഗുരു പൊരുതി. 1888 ലെ അരുവിപ്പുറം ശിവപ്രതിഷ്ഠ അങ്ങനെയാണുണ്ടായത്. അയിത്തോച്ചാടന പ്രക്ഷോഭത്തിലെ ആദ്യസംഭവമായ വൈക്കം സത്യാഗ്രഹത്തിനു തന്റെ സന്ദർശനംകൊണ്ട് പിന്തുണനൽകി.

1903 ൽ ഡോ. പൽപ്പുവിന്റെയും കുമാരനാശാന്റെയും സജീവസഹകരണത്തോടെ SNDP (ശ്രീനാരായണ ധർമ്മ പരിപാലനയോഗം) രജിസ്റ്റർ ചെയ്തു. മതം, സദാചാരം, വിദ്യാഭ്യാസം, വ്യവസായം, എന്നിവയിലൂന്നിയാണ് യോഗം പ്രവർത്തിച്ചത്.

ഗുരു ഒരിക്കൽ പറഞ്ഞു. 'ഇനി ക്ഷേത്രനിർമാണമല്ല വിദ്യാലയനിർമാണമാണ് ജനതയ്ക്കുവേണ്ടത്. പ്രധാനദേവാലയം വിദ്യാലയം തന്നെയാകണം.' ഇതനുസരിച്ചാണ് S.N ട്രസ്റ്റ് രൂപീകരിച്ചതും അതിന്റെ കീഴിൽ കേരളത്തിന്റെ നാനാഭാഗത്തും സ്കൂളുകളും കോളേജുകളും സ്ഥാപിച്ചതും. അവർണർക്കു വിദ്യാഭ്യാസ അവസരം ഒരുക്കാൻ ഇതിലൂടെ കഴിഞ്ഞു. കേരളത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ അവയുടെ സംഭാവന വിലപ്പെട്ടതാണ്.

അരുവിപ്പുറത്തു നടന്ന SNDP യോഗത്തിന്റെ ഒന്നാം വാർഷികസമ്മേളനത്തിൽ ഗുരു മുന്നോട്ടുവച്ച മുദ്രാവാക്യങ്ങൾ

- സംഘടിച്ചുശക്തരാകു
- വിദ്യകൊണ്ട് സ്വതന്ത്രരാകുക
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി
- ഒരുജാതി ഒരുമതം ഒരുദൈവം മനുഷ്യന്

കേരളത്തിലെ ഹരിജനങ്ങളും അധ:സ്ഥിത സമുദായങ്ങളും നൂറ്റാണ്ടുകളായി അനുഭവിച്ചു കൊണ്ടിരുന്ന യാതനകളും ദുരിതങ്ങളും കണ്ടും കേട്ടും വളർന്ന അയ്യങ്കാളി (1863-1941) ആ അവസ്ഥയ്ക്ക് മാറ്റം വരുത്താനുള്ള ശ്രമത്തിലേർപ്പെട്ടു. അതിനായി 1905 ൽ 'സാധുജനപരിപാലനസംഘ'ത്തിന് രൂപം നൽകി. ഹരിജനങ്ങൾക്ക് സ്കൂൾ പ്രവേശനം അനുവദിച്ചിരുന്നില്ല. ക്ഷേത്രപ്രവേശനമോ പൊതുവഴിയിലൂടെ സഞ്ചരിക്കാനോ പോലും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

ഹരിജനങ്ങളെ സംഘടിപ്പിച്ച് പൊതുനിരത്തിലൂടെ നടന്നുകൊണ്ട് ഈ അനീതിക്കെതിരെ പടപൊരുതി. അക്കാലത്ത് ഇത് ഒരു വിപ്ലവകരമായ സംഭവമായിരുന്നു. 1910 ൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായി. ഹരിജൻ കുട്ടികൾക്ക് വിദ്യാലയ പ്രവേശനത്തിനായി നിരവധി പ്രക്ഷോഭങ്ങളാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നത്. വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യസ്വാതന്ത്ര്യത്തിലേക്ക് എത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ജന്മിമാരുടെ നെല്ലറകൾ നിറയ്ക്കാൻ അഹോരാത്രം പണിയെടുക്കുക എന്നതു മാത്രമായിരുന്നു അധ:സ്ഥിതരുടെ ജോലി. കഷ്ടപ്പെട്ട് പണിയെടുത്തു വരുമ്പോൾ മണ്ണിൽ കുഴികുത്തി അതിൽ ഇല വച്ചാണ് ഭക്ഷണം നൽകിയിരുന്നത്. രോഗബാധിതരായാൽ ഡോക്ടർ ദേഹത്ത് തൊട്ട് പരിശോധിക്കില്ല. ഗുളികകൾ എറിഞ്ഞു കൊടുക്കും. ജാതിയുടെ അടയാളമായ കല്ലുമാല അണിഞ്ഞു നടക്കാനും അവർ

നിർബന്ധിതരായി. അരയ്ക്കുമുകളിലും മുട്ടിനുതാഴെയും വസ്ത്രം ധരിക്കാനും അനുവാദമുണ്ടായിരുന്നില്ല.

തിരുവിതാംകൂർ കർഷകത്തൊഴിലാളികളുടെ ആദ്യപണിമുടക്ക് സമരം നയിച്ചത് അയ്യങ്കാളി ആയിരുന്നു. ജന്മിമാരുടെ പാടശേഖരങ്ങളിൽ അധ:സ്ഥിത വിഭാഗത്തിൽപ്പെട്ടവർ പണിക്കിറങ്ങിയില്ല. ഒടുവിൽ ജന്മിമാർ കീഴടങ്ങി.

സഞ്ചാരസ്വാതന്ത്യത്തിനായി 1893 ൽ നടത്തിയ വില്ലുവണ്ടി സമരം കേരളചരിത്രത്തിലെ മറ്റൊരു നാഴികകല്ലാണ്. അതുപോലെതന്നെ ജാതിയുടെ അടയാളമായ കല്ലുമാല ഉപേക്ഷിക്കാനും മുലക്കച്ചകെട്ടാനും കാതിലെ ഇരുമ്പു വളയങ്ങൾ മാറ്റാനും അദ്ദേഹം ആഹ്വാനം ചെയ്തു. അതിനായി നടത്തിയ സമരമാണ് കല്ലുമാല സമരം.

സമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കും ജാത്യാചാരങ്ങൾക്കും എതിരെ പോരാടാൻ ഏറ്റവും ആവശ്യമായത് അറിവു നേടുക എന്നതാണെന്ന് അയ്യൻകാളി മനസ്സിലാക്കി. അതിനായി അധ:സ്ഥിതർക്കുവേണ്ടി 1904 ൽ വെങ്ങാനൂരിൽ ഒരു കുടിപ്പള്ളിക്കൂടം ആരംഭിച്ചു. എന്നാൽ അധ്യാപകരെ കിട്ടാത്തതു കൊണ്ട് അത് പൂട്ടേണ്ടി വന്നു. 1907 ൽ ശ്രീമൂലം തിരുനാൾ ആദ്യമായി അധ:സ്ഥിതർക്ക് സ്കൂൾ പ്രവേശനം നൽകി ഉത്തരവായി. എന്നാൽ സവർണരുടെ എതിർപ്പുമൂലം പ്രവേശനം നടന്നില്ല. 1910 ൽ വീണ്ടും ഉത്തരവിറക്കി. അതിന്റെ ഭാഗമായി 'പഞ്ചമി' എന്ന അധ:സ്ഥിത ബാലികയുമായി ഊരൂട്ടമ്പലം സ്കൂളിലേക്ക് അയ്യങ്കാളി കടന്നു ചെന്നു. ജന്മിമാർ അദ്ദേഹത്തെയും കൂട്ടരെയും ആക്രമിച്ചു. സ്കൂളിന് തീയിട്ടു. അതിനുശേഷം അയ്യങ്കാളി വെങ്ങാനൂർ ചാവടിനടയിലും പ്രവേശനത്തിനായി എത്തി. അവിടെയും ആക്രമണം നടന്നു. അതിനെതിരെ അയ്യങ്കാളി കർഷകത്തൊഴിലാളി പ്രക്ഷോഭം സംഘടിപ്പിച്ചു. നീണ്ട ചർച്ചകൾക്കുശേഷം 1914 ൽ വീണ്ടും സ്കൂൾ പ്രവേശനഉത്തരവ് ഇറക്കി. അയ്യങ്കാളി നയിച്ച ഈ സമരം 'കണ്ടല' ലഹള എന്ന് ചരിത്രത്തിൽ അറിയപ്പെട്ടു.

### 1957 – ലെ വിദ്യാഭ്യാസ ബിൽ

കേരളവിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലാണ് 1957 ലെ കേരള വിദ്യാഭ്യാസ ബില്ലിന്റെ അവതരണം. അധ്യാപകരുടെ സേവനവേതന വ്യവസ്ഥ കൃത്യമാക്കാനും അവരിൽ സുരക്ഷിതത്വബോധം ഉണ്ടാക്കാനും ഈ നിയമത്തിലൂടെ സാധിച്ചു. അധ്യാപകനിയമനത്തിലെ അഴിമതി ഒഴിവാക്കാനും ഇതിലൂടെ കഴിഞ്ഞു.

സർക്കാർ സ്കൂളിലെയും പ്രൈവറ്റ് സ്കൂളിലെയും വിദ്യാഭ്യാസത്തിന്റെ എല്ലാ സ്റ്റേജുകളെയും ക്രമീകരിച്ചു.

- എല്ലാ എയ്ഡഡ് സ്കൂളുകളിലെയും അധ്യാപകരുടെയും അധ്യാപകേതര ജീവനക്കാരുടെയും ശമ്പളം സർക്കാർ നേരിട്ടുനൽകി.
- ശേഖരിക്കുന്ന മുഴുവൻ ഫീസും സർക്കാരിൽ അടയ്ക്കണം.
- പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റിന് അറ്റക്കുറ്റപ്പണിക്കും ഭൂമി, കെട്ടിടം, ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങാനും ഗവൺമെന്റ് ഗ്രാന്റ് നൽകി.
- പ്രൈവറ്റ് സ്കൂൾ അധ്യാപകരെ PSC തയാറാക്കുന്ന ലിസ്റ്റിൽ നിന്ന് മാനേജർമാർ നിയമിക്കണം.
- പ്രൈവറ്റ്സ്കൂൾ അധ്യാപകരുടെ സേവനവ്യവസ്ഥ സർക്കാർ സ്കൂൾ അധ്യാപകരുടേതിന് തുല്യമാക്കി.
- നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന മാനേജർമാരുടെ സ്കൂളുകളെ നഷ്ടപരിഹാരം കൊടുത്ത് ഏറ്റെടുക്കാനോ അംഗീകാരം പിൻവലിക്കാനോ സർക്കാരിന് അധികാരമുണ്ടായിരിക്കും.
- പ്രാദേശികതലത്തിൽ വിദ്യാഭ്യാസഓഫീസർമാരെ നിയമിച്ചു. സംസ്ഥാനതലത്തിൽ ഒരു ഉപദേശകസമിതി രൂപീകരിച്ചു.

ഈ ബില്ല് രാഷ്ട്രപതി സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വിട്ടു. ഭരണഘടനാവിരുദ്ധമായ ചിലത് ഒഴിവാക്കിക്കൊണ്ട് 1959 ഫെബ്രുവരിയിൽ രാഷ്ട്രപതി ബില്ലിൽ ഒപ്പു വച്ച് നിയമമാക്കി. PSC ലിസ്റ്റിൽ നിന്ന് മാനേജർമാർ അധ്യാപകരെ നിയമിക്കണമെന്ന ഭാഗം ഇതോടെ പിൻവലിക്കപ്പെട്ടു. 15 ദിവസത്തിൽ കൂടാതെയുള്ള ദിവസത്തേയ്ക്ക് അധ്യാപകരെ സസ്പെൻഡ് ചെയ്യാൻ മാനേജർക്ക് ഇതിലൂടെ അധികാരം ലഭിച്ചു.

## 1959–ലെ കേരളവിദ്യാഭ്യാസനിയമം (KER)

- നിയമം നിലവിൽ വന്ന് 10 വർഷത്തിനകം സംസ്ഥാനത്തെ എല്ലാകുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് സർക്കാർ അവസരം നൽകും.
- കുട്ടികളുടെ ഹാജർ ഉറപ്പുവരുത്തുന്നതിനും ഈ നിയമം അനുസരിച്ചുള്ള മറ്റുകാര്യങ്ങൾ നടപ്പിലാക്കുന്നതിനും ഒരു പ്രാദേശിക വിദ്യാഭ്യാസക്കമ്മിറ്റിയെ നിയമിക്കും.
- എല്ലാ രക്ഷാകർത്താക്കളും അവരുടെ കുട്ടി സ്കൂളിൽ പോകുന്നുവെന്ന് നിർബന്ധമായും ഉറപ്പാക്കണം. അല്ലാത്തപക്ഷം ശിക്ഷാനടപടിക്ക് വിധേയരാകും.
- കുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം, യൂണിഫോം, പുസ്തകം, ലേഖനസാമഗ്രികൾ എന്നിവ നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്.

കേരളത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാൻ ഈ നിയമത്തിന്റെ നടപ്പിലാക്കലിലൂടെ കഴിഞ്ഞു.

## ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിനനുസരണമായി പ്രീഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തുകയും പകരം ഹയർസെക്കൻണ്ടറി സമ്പ്രദായം നിലവിൽ വരുകയും ചെയ്തു.

1990–91 കാലയളവിലാണ് ഇതിനുള്ള ആദ്യശ്രമങ്ങൾ നടന്നത്. ശാസ്ത്രം, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നീ 3 വിഭാഗങ്ങളിലായാണ് ഹയർ സെക്കൻണ്ടറി കോമ്പിനേഷനുകൾ രൂപപ്പെടുത്തിയത് ഇംഗ്ലീഷ് ഭാഷ എല്ലാ കോമ്പിനേഷനുകളിലും നിർബന്ധമാണ്. ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം സാർവ്വത്രികമായി മാറിയത് കേരള വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരമുയർത്താൻ ഏറെ സഹായിച്ചു. 2016 ൽ 7248 ബാച്ച് ഹയർ സെക്കൻണ്ടറി വിദ്യാർഥികൾ കേരളത്തിലുണ്ടായിരുന്നു. വിദ്യാർഥികളുടെ എണ്ണം 383582. 1999–2000 ത്തോടെ ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം സാർവ്വത്രികമായി.

## പൊതുവിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങൾ

കേരളത്തിൽ പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിനായി ഒട്ടേറെ നടപടികളെടുത്തിട്ടുണ്ട്. DPEP, SSA പ്രോജക്റ്റുകളുടെ ഭാഗമായി വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ ഉയർച്ച ലക്ഷ്യമാക്കി എടുത്ത നടപടികളുടെ ഭാഗമായി വിദ്യാഭ്യാസ ഗുണനിലവാരം ഉയർന്നിട്ടുണ്ട്. എന്നാലും അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുക എന്നത് അന്തസ്സിന്റെ ഭാഗമാകുന്ന രീതി സമൂഹത്തിൽ നിലനിന്നിരുന്നു. പല സ്കൂളുകളും കുട്ടികളുടെ കുറവുകൊണ്ട് അടച്ചുപൂട്ടൽ ഭീഷണിയെ അഭിമുഖീകരിച്ചു. അധ്യാപകരുടെ തൊഴിൽ നഷ്ടമായി. പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തെ ഇത് ദോഷകരമായി ബാധിക്കാൻ തുടങ്ങി.

ഈ സാഹചര്യത്തിലാണ് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുകയെന്നത് സർക്കാരിന്റെ തന്നെ ഉത്തരവാദിത്തമായി സർക്കാർ കാണുകയും നവകേരളമിഷന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പാക്കികൊണ്ടിരിക്കുന്നതും. കേരളവിദ്യാഭ്യാസ ചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ ഒരു നടപടിയാണിത്.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠനരീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസനവീകരണ പദ്ധതിയാണിത്. 2017 ജനുവരി 27 നാണ് പദ്ധതി ആരംഭിച്ചത്. ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും കൈവരിക്കേണ്ടശേഷികളും ധാരണകളും നേടി അന്തർദ്ദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം അഞ്ചു വർഷത്തിനകം പൊതുവിദ്യാലയങ്ങളിൽ ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തദ്ദേശസ്ഥാപനങ്ങൾ, പൂർവ്വവിദ്യാർഥി സംഘടനകൾ. പി.ടി.എ.കൾ, പ്രവാസികൾ, കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാഫണ്ടുകൾ എന്നിവ സമന്വയിപ്പിച്ച് വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങൾക്ക് അധികമൂലധനം സമാഹരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുക. 'പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക' എന്നതാണ് മിഷന്റെ സ്റ്റേറ്റ്മെന്റ്.

സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 4500 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള

പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതിയുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചു. ഐടി@സ്കൂൾ ആണ് പദ്ധതി നടപ്പാക്കുന്നത്. 'ഡിജിറ്റൽ ഇൻറാക്ടീവ്' പാഠപുസ്തകം, എല്ലാവിഷയങ്ങളുടെയും പഠനത്തിന് സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്കശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം. ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

- 'റാണി ഗൗരി പാർവതി ഭായിയുടെ വിളംബരം കേരള വിദ്യാഭ്യാസ ചരിത്രത്തിലെ നാഴികക്കല്ലാണ് നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുവോ?
- ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?
- 1957 ലെ വിദ്യാഭ്യാസബിൽ കേരളവിദ്യാഭ്യാസത്തെ പുരോഗതിയിലേയ്ക്ക് നയിക്കാൻ സഹായിച്ചുവോ? അതിന്റെ പ്രതിഫലനം എത്രത്തോളമെന്ന് വിലയിരുത്തുക.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസപ്രവർത്തനങ്ങൾ നമ്മുടെ വിദ്യാഭ്യാസമേഖലയെ എങ്ങനെ സ്വാധീനിക്കുന്നു?

**നിങ്ങളുടെ പ്രതികരണങ്ങൾ ഡയറിയിൽ കുറിക്കുക.**

- ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ - തായാട്ട് ശങ്കരൻ.
- കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം - പി.കെ. ഗോപാലകൃഷ്ണൻ (പേജ് 504-587)
- വിദ്യാഭ്യാസം ഭാരതത്തിൽ - ഡോ. ടി.കെ. മുഹമ്മദ്
- കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും - ഡോ. പി.എസ്. ശ്രീകല (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2012)

തുടങ്ങിയ പുസ്തകങ്ങൾ കൂടി റഫർ ചെയ്യുമല്ലോ.

അനുബന്ധമായി കൊടുത്തിരിക്കുന്ന ടേബിളുകൾ പരിശോധിച്ച് അതിൽനിന്നുള്ള നിങ്ങളുടെ കണ്ടെത്തലുകൾ ഡയറിയിൽ കുറിക്കുക. ഇക്കാര്യം ക്ലാസിൽ ചർച്ചചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**പഠനനേട്ടം 2**

♦ കേരളവിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു.

- കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരപരമായ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ചൂണ്ടിക്കാണിക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തുക.

കേരളവിദ്യാഭ്യാസത്തിന്റെ സാമാന്യമായ ചരിത്രം നമ്മൾ മനസ്സിലാക്കിക്കഴിഞ്ഞു. ഓരോ കാലഘട്ടത്തിലെയും ഭരണകൂടങ്ങൾ ഏറിയും കുറഞ്ഞും സാമൂഹ്യസമർദ്ദത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നും അതനുസരിച്ചുള്ള നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിനകം വ്യക്തമായിട്ടുണ്ട്.

ഇന്ത്യയിൽ തന്നെ പുരോഗമനോന്മുഖമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടന്നിട്ടുള്ള, നടന്നു കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. പലകാര്യങ്ങളിലും നമുക്കേറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്.

സമ്പൂർണസാക്ഷരത നേടിയ സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസരംഗത്ത് നിരവധിയായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും ഇനിയും പരിഹരിക്കേണ്ട ഒട്ടേറെ പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നുണ്ട്.

കേരളം നേരിടുന്ന വിദ്യാഭ്യാസപ്രശ്നങ്ങൾ ഏതൊക്കെയാണ്? നിങ്ങൾ ഒറ്റയ്ക്കും കൂട്ടായും ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കുകയും ആശയങ്ങൾ പങ്കിടുകയും ചെയ്യുമല്ലോ. ഇതുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ വായിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും വേണം.

മുകളിൽ കൊടുത്ത പ്രധാനാശയങ്ങളുമായി ബന്ധപ്പെട്ട റഫറൻസിങ്ങിനായി താഴെക്കൊടുത്തിരിക്കുന്ന പുസ്തകങ്ങൾ വായിക്കുമല്ലോ.

- കേരളം : വിദ്യാഭ്യാസത്തിന്റെ പടവുകൾ-കേരളശാസ്ത്രസാഹിത്യപരിഷത്ത് 2009.
- കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007 (KCF 2007)

സമകാലിക കേരളം നേരിടുന്ന വിദ്യാഭ്യാസപ്രശ്നങ്ങളെക്കുറിച്ച് ക്ലാസിൽ സംവാദം സംഘടിപ്പിക്കാനും അതിലൂടെ കൂടുതൽ ആശയങ്ങൾ ഉൾക്കൊള്ളാനും നിങ്ങൾ ശ്രമിക്കുമല്ലോ. ചില സംവാദവിഷയങ്ങളും അതുമായി ബന്ധപ്പെട്ട സൂചനകളും താഴെക്കൊടുക്കുന്നു. കൂടുതൽ സംവാദവിഷയങ്ങൾ നിങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ലഭ്യമാകുന്ന ആശയങ്ങൾ നിങ്ങളുടെ ഡയറിയിൽ കുറിക്കാൻ ശ്രദ്ധിക്കണം.

- ആഗോളവൽക്കരണത്തിന്റെ സ്വാധീനം കേരളത്തിലെ വിദ്യാഭ്യാസത്തെ പുരോഗതിയിലേയ്ക്ക് നയിച്ചിട്ടുണ്ടോ?
- DPEP, SSA പോലെയുള്ള വിദ്യാഭ്യാസ പ്രോജക്ടുകൾ കേരളത്തിൽ ഇനിയും അനിവാര്യമാണോ?
- പൊതുവിദ്യാഭ്യാസത്തിലെ ബോധന മാധ്യമങ്ങൾ (മലയാളം, ഇംഗ്ലീഷ്0 കുട്ടിയുടെ മാനസിക വും, സാമൂഹികവുമായ വളർച്ചയെ സ്വാധീനിക്കുന്നുണ്ടോ?
- 

രാജ്യത്തെ ഏറ്റവും ശ്കതമായ പൊതുവിദ്യാഭ്യാസം നിലനിൽക്കുന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലാണ്. സാർവ്വത്രികമായ പ്രവേശനം (Universal enrolment) സാർവത്രിക നിലനിർത്തൽ (Universal retention), സാർവ്വത്രിക നേട്ടം ഉണ്ടാക്കൽ (Universal achievement) തുടങ്ങിയ കാര്യങ്ങളിൽ കേരളം ബഹുദൂരം മുന്നിലാണ്. ഇത്തരത്തിൽ അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ നിലവിലുണ്ട്.

- ഗുണപരതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം
- ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത
- ഘടനാപരമായ പ്രശ്നങ്ങൾ
- പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ
- 
- 

**ഗുണപരതാപ്രശ്നങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.**

- ഇംഗ്ലീഷ് ഭാഷാ പഠനപ്രശ്നങ്ങൾ
- മൂല്യബോധവുമായി ബന്ധപ്പെട്ടത്
- കുട്ടികളുടെ സർവതോമുഖമായ വികാസം
- തൊഴിൽ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ
- കലാകായികപ്രവൃത്തിപരിചയമേഖല.
- ഗുണമേന്മയുള്ള അധ്യാപകരുടെ അഭാവം
- സാമൂഹ്യ ഇടപെടൽ

- ഐ.ടി.യുമായി ബന്ധപ്പെട്ട കാര്യങ്ങൾ
- പരിസ്ഥിതിപരമായ ബോധം
- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഊന്നൽ
- പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ ശാക്തീകരണം
- ഭൗതിക സൗകര്യങ്ങൾ (പാഠ്യപദ്ധതിക്കിണങ്ങുന്നത്)
- 

തുടങ്ങിയ മേഖലകളിൽ ഇനിയും ഒട്ടേറെ മുന്നോട്ടുപോകാനുണ്ട്. കൂടുതൽ കാര്യങ്ങൾ ചർച്ചയിലൂടെ കണ്ടെത്തുമല്ലോ.

### വിദ്യാഭ്യാസത്തിന്റെ കച്ചവടവൽക്കരണം

- വിദ്യാഭ്യാസം ലാഭമുണ്ടാക്കാനുള്ള ഒരു കമ്പോളച്ചരക്കാകുന്ന പ്രശ്നം.
- വിദ്യാഭ്യാസരംഗത്തെ അനിയന്ത്രിതമായ സ്വകാര്യവൽക്കരണം.
- പാവപ്പെട്ട ആളുകളുടെ മക്കൾക്ക് ഇഷ്ടാനുസരണമുള്ള പഠനം സാധ്യമാകുന്നില്ല.
- 
- 

കേരളവിദ്യാഭ്യാസത്തിലെ ഇത്തരം പ്രശ്നം അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്, അതിനാവശ്യമായ നിയമനിർമാണവും അതിന്റെ നടപ്പാക്കലും അനിവാര്യമാണ്.

### ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത

വിദ്യാഭ്യാസരംഗത്തെ ഗുണപരതയെ ബാധിക്കുന്ന ഒരു പ്രധാനകാര്യമാണ് ഭൗതിക സൗകര്യങ്ങളുടെ കുറവ്. DPEP, SSA, RMSA പോലെയുള്ള വിദ്യാഭ്യാസ പ്രോജക്റ്റുകളിലൂടെ നമ്മുടെ സംസ്ഥാനത്തെ സ്കൂളുകളിൽ ഭൗതികസൗകര്യങ്ങൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാലും ഇക്കാര്യത്തിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഈ രംഗത്ത് ഇടപെടൽ നടന്നുവരുന്നു. സർക്കാർ സ്കൂളുകളെ അപേക്ഷിച്ച് എയ്ഡഡ് സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ വളരെ കുറവാണ്. സ്കൂൾ കെട്ടിടങ്ങൾ, ക്ലാസുമുറികൾ, വിവിധതരം ലാബുകൾ ഹൈടെക് ക്ലാസുകൾ കോൺഫറൻസ് ഹാളുകൾ, കലാകായിക പ്രവൃത്തി പരിചയരംഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ലൈബ്രറി, ഡൈനിങ് ഹാളുകൾ, പാചകപ്പുര തുടങ്ങി നിരവധി സൗകര്യങ്ങൾ ഇനിയും നമ്മുടെ പലസ്കൂളുകളിലും നിലവിൽ വരേണ്ടതായിട്ടുണ്ട്.

### ഘടനാപരമായ പ്രശ്നങ്ങൾ

ദേശീയ വിദ്യാഭ്യാസനയവുമായി ബന്ധപ്പെട്ട് ഒട്ടേറെ ഘടനാപരമായ മാറ്റങ്ങൾ കേരളവിദ്യാഭ്യാസത്തിലുണ്ടായിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ താഴെ ചേർക്കുന്നു.

- 1 മുതൽ 5 വരെ ക്ലാസുകൾ LP തലത്തിലും 6 മുതൽ 8 വരെ ക്ലാസുകൾ UP തലത്തിലും 9,10 ക്ലാസുകൾ ഹൈസ്കൂൾതലത്തിലും 11,12 ക്ലാസുകൾ ഹയർ സെക്കൻണ്ടറി തലത്തിലും എന്ന തരത്തിൽ മാറേണ്ടതുണ്ട്.
- ഹൈസ്കൂൾ, ഹയർ സെക്കൻണ്ടറി മേഖലയിൽ ഭരണപരമായും അക്കാദമികമായും മാറ്റങ്ങൾ ഉണ്ടാകണം.
- കൂടുതൽ കുട്ടികളുള്ള സ്കൂളിന്റെ പ്രശ്നങ്ങൾ
- 1 മുതൽ 12 ക്ലാസുകൾ ഒരു സ്കൂളിൽ തന്നെ വരുന്ന അവസ്ഥ
- 
- 

**പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ**

- ആദിവാസിമേഖല, തീരപ്രദേശം തുടങ്ങിയ മേഖലകളിലെ കുട്ടികൾ പൂർണമായും സ്കൂളുകളിൽ പ്രവേശനം നേടുന്നില്ല. നേടുന്നതിനുള്ള അവസരമില്ല.
- ഭിന്നശേഷിവിഭാഗക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ
- ട്രാൻസ് ജൻഡേഴ്സ് വിഭാഗക്കാരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ
- സ്ത്രീകൾ, ദുർബലവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, തുടങ്ങിയവരുടെ പ്രശ്നങ്ങൾ
- ബാലവേല തുടങ്ങിയ പ്രശ്നങ്ങൾ
-
-

**പ്രശ്നപരിഹാരമാർഗങ്ങളിൽ ചിലത് താഴെ ചേർക്കുന്നു. മറ്റു പരിഹാരമാർഗങ്ങൾ കണ്ടെത്തുക.**

- ഗുണമേന്മ ഉറപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളും അവയുടെ കാരണങ്ങളും കണ്ടെത്തി പരിഹരിക്കുക.
- അധ്യാപകവിദ്യാഭ്യാസം കാര്യക്ഷമമാക്കുക.
- പൊതുവിദ്യാഭ്യാസരംഗം ശാക്തീകരിക്കുക.
- രക്ഷാകർത്തൃ വിദ്യാഭ്യാസം സാർവത്രികമാക്കുക.
- വിദൂരവിദ്യാഭ്യാസ സംവിധാനം കാര്യക്ഷമമാക്കുക.
- ഇംഗ്ലീഷ് പറയുന്നതിനുള്ള പേടി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ഇംഗ്ലീഷ് സംസാരിക്കാനുള്ള ശേഷി അധ്യാപകർക്കും കുട്ടികൾക്കും ഉണ്ടാക്കുകയും ചെയ്യുക.
- വിദ്യാഭ്യാസത്തിന്റെ എല്ലാ ലക്ഷ്യങ്ങൾക്കും ഊന്നൽ നൽകുക.
- എല്ലാ വിഷയങ്ങൾക്കും യോഗ്യതയുള്ള അധ്യാപകരുടെ നിയമനം.
- വിവിധതരം വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ പരിഹരിക്കുക. നിങ്ങളുടെ പ്രതികരണം ഡയറിയിൽ കുറിക്കുക.
- MGLCs (Multi Grade Learning Cetnres), ആശ്രമസ്കൂളുകൾ തുടങ്ങിയ ബദൽ സ്കൂളുകൾ സ്ഥാപിക്കുക.

> - ആഗോളവത്കരണത്തിന്റെ സ്വാധീനം കേരളവിദ്യാഭ്യാസത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ട്?
> - 'കേരളത്തിലെ വിദ്യാഭ്യാസരംഗം കുറ്റമറ്റതാണ്' ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണമെന്താണ്?

**റഫറൻസ് സാമഗ്രികൾ**


1. കേരളസംസ്കാരം - എ. ശ്രീധരമേനോൻ ഡി.സി. ബുക്സ്
2. കേരളസംസ്കാരം - പ്രൊഫ. എസ്. അച്യുതവാര്യർ, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്
3. Educational development in India - A. Abdul Salim, P.R. Gopinathan Nair Anmol publishers pvt. Ltd.(New Delhi)
4. കേരളം മലയാളികളുടെ മാതൃഭൂമി - ഇ.എം,എസ് ചിന്ത പബ്ലിക്കേഷൻസ്.
5. കേരളത്തിന്റെ സാംസ്കാരിക ചരിത്രം - P.K. ഗോപാലകൃഷ്ണൻ കേരള ഭാഷാഇൻസ്റ്റ്യറ്റ്യൂട്ട്
6. വിദ്യാഭ്യാസം ഭാരതത്തിൽ - ഡോ. ടി.കെ. മുഹമ്മദ്, കേരള ഭാഷാഇൻസ്റ്റ്യറ്റ്യൂട്ട്

7. കേരളത്തിന്റെ ഇന്നലെകൾ - കെ.എൻ. ഗണേശ്, സാംസ്ക്കാരിക പ്രസിദ്ധീകരണ വകുപ്പ് 1997

8. കുടിപ്പള്ളിക്കൂടം അക്ഷരവിദ്യയുടെ ആദ്യാങ്കണം - ഗംഗാധരൻ ചെങ്ങാലൂർ കേരള സാഹിത്യ അക്കാഡമി 2014

9. കേരളം: വിദ്യാഭ്യാസത്തിന്റെ പടവുകൾ - കേരള ശാസ്ത്രസാഹിത്യപരിഷത്ത് 2009

10. ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ - തായാട്ടു ശങ്കരൻ കെ, എസ്.ടി.എ

11. കേരളത്തിലെ വിദ്യാഭ്യാസം പശ്ചാത്തലവും പരിവർത്തനവും - ഡോ. പി.എസ്. ശ്രീകല, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് 2012

12. ഭരണകൂടവും വിദ്യാഭ്യാസവും കേരളത്തിന്റെ അനുഭവങ്ങൾ - പ്രൊഫ. വി. കാർത്തികേയൻ നായർ കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട് 2018.

13. പുരോഗമന വിദ്യാഭ്യാസ ചിന്തകർ - ഡോ.പി.വി.പുരുഷോത്തമൻ കേരള ശാസ്ത്രസാഹിത്യപരീഷത്ത്.

**Literacy Rates in Provinces/States in India, 1901 (per cent)**

| *Province/State* | *Males & Females* | *Females* |
|---|---|---|
| Cochin | 13.40 | 4.50 |
| Travancore | 12.40 | 3.10 |
| Baroda | 8.80 | 0.08 |
| Bombay Presidency | 7.00 | 1.10 |
| Ajmer-Merwara | 6.70 | 0.09 |
| Madras Presidency | 6.30 | 0.09 |
| Mysore | 5.10 | 0.08 |
| Berar | 4.50 | 0.03 |
| Assam | 3.60 | 0.04 |
| Central Province | 2.80 | 0.02 |
| Gwalior | 2.40 | 0.01 |
| All India | 5.30 | 0.70 |

Source: Census of India, 1901.

**Literacy Rates in Travancore and other Selected Regions in India, 1875-1951 (Per cent)**

| *Area* | *Male and Female* | | | | | | | |
|---|---|---|---|---|---|---|---|---|
| | *1875* | *1891* | *1901* | *1911* | *1921* | *1931* | *1941* | *1951* |
| Travancore State | 5.7 | 11.0 | 12.4 | 15.0 | 24.2 | 23.9 | 47.1 | 46.7 |
| Cochin State | 4.4 | 18.0 | 13.4 | 15.1 | 18.5 | 28.2 | 41.0 | 43.7* |
| Malabar District | 5.3 | 9.1 | 10.1 | 11.1 | 12.7 | 14.4 | NA | 30.9 |
| Madras Presidency | 5.0 | 6.3 | 7.5 | 8.6 | 9.3 | 13 | NA | 19.3 |
| All India | NA | 5.8 | 5.3 | 5.9 | 7.1 | 9.5 | 15.1 | 16.6 |
| *Area* | *Female* | | | | | | | |
| Travancore State | 0.5 | 3.5 | 3.1 | 5.0 | 15.0 | 13.9 | 36.1 | 37.7 |
| Cochin State | 0.4 | 5.5 | 4.5 | 6.1 | 9.4 | 18.5 | 30.6 | 34.7 |
| Malabar District | NA | 3.9 | 3.0 | 3.5 | 4.9 | 7.5* | NA | 21.7 |
| Madras Presidency | 0.2 | 0.7 | 0.9 | 1.3 | 2.1 | 2.6 | 6.6* | 10.0 |
| All India | NA | 0.5 | 0.7 | 1.1 | 1.9 | 2.4 | 6.9 | 12.9 |

NA = Not Available; * Persons aged 7 years and above
Source: Census of India, Relevant Years

**Growth of Schools and School Enrolment in Travancore, 1873/74-1900/01**

| *Year* | *Schools* | | | | *Total Enrolment* |
|---|---|---|---|---|---|
| | *Govt.* | *PA* | *PUA* | *Total* | |
| 1873/4 | 197 | 20 | NA | 217 | 11499 |
| 1882/3 | 246 | 443 | NA | 689 | 38354 |
| 1893/4 | 280 | 1410 | NA | 1690 | 89131 |
| 1894/5 | 324 | 1338 | 1153 | 2815 | 131180 |
| 1900/1 | 428 | 937 | 2313 | 3678 | 184445 |

*Note: PA — Private Aided, PUA—Private Unaided, NA—Not available*
Source: *Report of the Education Expenditure Committee*, 1920: 4-9.

**Incomplete Primary Schools in Travancore, 1933**

| *Management* | *One class* | *Two class* | *Three class* | *Total* |
|---|---|---|---|---|
| Departmental | 3 | 9 | 62 | 74 |
| Private | 265 | 687 | 654 | 1606 |
| Total | 268 | 696 | 716 | 1680 |

Source: Education Reforms Committee, 1933:89.

**Growth in the Number of Schools and Colleges In Travancore, 1900/1-1946/7**

| *Category* | *1900/1* | | | | *1946/7* | | | |
|---|---|---|---|---|---|---|---|---|
| | *G* | *PA* | *PUA* | *Total* | *G* | *PA* | *PUA* | *Total* |
| Colleges | 3 | - | 3 | 6 | - | - | - | * |
| English HS | 6 | 7 | 4 | 17 | 42 | 18 | 153 | 213 |
| English MS | 21 | 13 | 7 | 41 | 233 | 129 | 226 | 588 |
| English PS | 2 | 10 | 37 | 49 | - | - | - | - |
| Total English Schools | 32 | 30 | 51 | 113 | 275 | 147 | 379 | 801 |
| Vernacular HS&MS | 88 | 14 | 1 | 103 | - | - | - | - |
| Vernacular PS | 303 | 893 | 2261 | 3457 | 2171 | 1456 | 48 | 3675 |
| Total Vernacular S | 391 | 907 | 2262 | 3560 | 2171 | 1456 | 48 | 3675 |
| Special S | 6 | 4 | 1 | 11 | 18 | 59 | 24 | 101 |
| Grand Total | 429 | 941 | 2341 | 3684 | 2464 | 1662 | 451 | 4577 |

*From 1937 onwards, colleges were handed over to the Travancore University.

Note: G-Government, PA-Private Aided, PAU-Private Unaided, HS-High Schools, MS-Middle Schools, PS-Primary Schools, S-Schools.

Source: Travancore Administration Report, Respective Years.

**Growth of Enrolment in Travancore, 1900/1-1946/7 (in '000)**

| *Category* | *1900/1* | | | | *1946/7* | | | |
|---|---|---|---|---|---|---|---|---|
| | *G* | *PA* | *PUA* | *Total* | *G* | *PA* | *PUA* | *Total* |
| Colleges | 0.26 | - | 0.08 | 0.34 | - | - | - | - |
| English HS | 2.43 | 2.28 | 1.49 | 6.20 | 28.82 | 5.45 | 78.16 | 112.43 |
| English MS | 2.92 | 1.53 | 1.06 | 5.51 | 37.36 | 22.63 | 39.44 | 99.43 |
| English PS | 0.12 | 0.80 | 1.29 | 2.21 | - | - | - | - |
| Total English Schools | 5.73 | 4.61 | 3.92 | 14.16 | 66.18 | 28.08 | 117.60 | 211.86 |
| Vernacular HS&MS | 15.81 | 1.30 | 0.13 | 17.24 | - | - | - | - |
| Vernacular PS | 23.88 | 45.38 | 83.25 | 152.51 | 671.45 | 276.99 | 3.98 | 952.42 |
| Total Vernacular S | 39.69 | 46.68 | 83.38 | 169.75 | 671.45 | 276.99 | 3.98 | 952.42 |
| Special S | 0.31 | 0.09 | 0.12 | 0.52 | 0.97 | 7.31 | 1.12 | 9.40 |
| Grand Total | 45.73 | 51.38 | 87.42 | 184.63 | 738.60 | 312.38 | 122.71 | 1173.68 |

Source: As Above

**Schools and enrolment by Management in Cochin, 1900/1**

| *Category* | *Schools* | | | *Enrolment* | | |
|---|---|---|---|---|---|---|
| | *Government* | *PA* | *PUA* | *Government* | *PA* | *PUA* |
| Colleges | 1 | - | - | 57 | - | - |
| HS | 2 | 4 | 2 | 410 | 150 | 244 |
| LSS | 7 | 10 | 2 | 787 | 718 | 191 |
| PS | 45 | 104 | 726 | 5527 | 9277 | 14335 |
| Special* | 2 | 6 | 378 | 50 | 176 | 7678 |
| Total | 57 | 124 | 1108 | 6831 | 10321 | 22448 |

*Training Schools included.

**Institutions and Pupils by Agencies in Malabar, 1865/6-1882/3**

| *Agency* | *Institutions* | | | | *Pupils* | | | |
|---|---|---|---|---|---|---|---|---|
| | *1865/6* | *1870/1* | *1876/7* | *1882/3* | *1865/6* | *1870/1* | *1876/7* | *1882/3* |
| PG | 11 | 29 | 9 | 17 | 1116 | 2330 | 1164 | 999 |
| BM | 0 | 0 | 23 | 32 | 0 | 0 | 1833 | 1288 |
| PA | 4 | 147 | 498 | 684 | 439 | 8051 | 21664 | 29149 |
| PUA | 1 | 20 | 169 | 217 | 42 | 740 | 6049 | 7891 |
| Total | 16 | 196 | 699 | 950 | 1597 | 11121 | 30710 | 39327 |

Note: PG=Provincial Govt., BM=Boards and Municipalities, PA Private aided, PUA = Private Unaided

Source: Report on Public Instruction, Madras Presidency, Relevant Years.

**Institutions and Pupils by Agencies in Malabar, 1865/6-1882/3**

| *Agency* | *Institutions* | | | | *Pupils* | | | |
|---|---|---|---|---|---|---|---|---|
| | *1865/6* | *1870/1* | *1876/7* | *1882/3* | *1865/6* | *1870/1* | *1876/7* | *1882/3* |
| PG | 11 | 29 | 9 | 17 | 1116 | 2330 | 1164 | 999 |
| BM | 0 | 0 | 23 | 32 | 0 | 0 | 1833 | 1288 |
| PA | 4 | 147 | 498 | 684 | 439 | 8051 | 21664 | 29149 |
| PUA | 1 | 20 | 169 | 217 | 42 | 740 | 6049 | 7891 |
| Total | 16 | 196 | 699 | 950 | 1597 | 11121 | 30710 | 39327 |

Note: PG=Provincial Govt., BM=Boards and Municipalities, PA= Private aided, PUA = Private Unaided

Source: Report on Public Instruction, Madras Presidency, Relevant, Years.

**Number of Schools, Pupils and Population in Malabar, 1870/1-1895/6**

| *Category* | *1870/1* | *1880/1* | *1885/6* | *1890/1* | *1895/6* |
|---|---|---|---|---|---|
| Population | 1856378 | 2326237 | 2365035 | 2651211 | 2652565 |
| Institutions | 196 | 787 | 891 | 1546 | 1690 |
| Pupils | 11121 | 31894 | 40603 | 70329 | 80251 |
| Proportion of pupils to population | 1:166 | 1:73 | 1:58 | 1:38 | 1:33 |

Source: Report on Public Instruction, Relevant Years.

**Growth of Schools and Enrolment by Regions**

| *Regions* | *Schools* | | | | *Enrolment* | | | |
|---|---|---|---|---|---|---|---|---|
| | *1820* | *1870/1* | *1900/1* | *1946/7* | *1820* | *1870/1* | *1900/1* | *1946/7* |
| Travancore | 264 | 217 (1873/4) | 3678 | 4577 | NA | 11499 (1873/4) | 184445 | 1173680 |
| Cochin | 70 | 13 | 1289 | 1526 (1947/8) | NA | 655 | 36600 | 252739 (1947/8) |
| Malabar | 759 | 196 | 1690 (1895/6) | 5038 (1950/1) | 14155 | 11121 | 80251 (1895/6) | 707618 (1950/1) |

Note: NA = Not Available; figures in parentheses show the year in which data were available

**Area, Population and Educational Institutions in Travancore-Cochin and Malabar, 1964/5**

| *Category* | *Malabar* | *Travancore-Cochin* | *Total* |
|---|---|---|---|
| Area (Sq. km) | 16,563 | 22,293 | 38,856 |
| Population (1961 Census) | 62,37,962 | 1,06,65,753 | 1,69,03,715 |
| High Schools | 298 | 850 | 1,148 |
| Arts and Science Colleges | 14 | 36 | 50 |
| Junior Colleges | 7 | 43 | 50 |
| Other colleges | 8 | 14 | 22 |
| Total High Schools & Colleges | 327 | 943 | 1270 |
| Literacy (1961 Census) | 39.8 | 50.9 | 46.8 |
| Pupils in High Schools | 1,25,083 | 4,47,472 | 5,72,555 |
| Pupils in Colleges | 10,469 | 52,061 | 62,530 |

Source: *Kumara Pillai Commission Report* 1965:73-4.

**Table 6.3**

**Growth in the Number of Schools between Travancore-Cochin and Malabar; 1950/1-1995/6 (selected years)**

| Type | | *Schools in Travancore-Cochin* | | | | | | *Schools in Malabar** | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | *1950/1* | *1960/1* | *1970/1* | *1980/1* | *1990/1* | *1995/6* | *1950/1* | *1960/1* | *1970/1* | *1980/1* | *1990/1* | *1995/6* |
| Primary | Government | 1510 | 1602 | 1693 | 1537 | 1519 | 1485 | 91 | 1083 | 1123 | 1095 | 1046 | 1036 |
| | Private aided | 1556 | 2057 | 1933 | 1962 | 2017 | 1895 | 3469 | 2226 | 2158 | 2187 | 2185 | 2145 |
| Middle | Government | 227 | 267 | 475 | 490 | 530 | 527 | 25 | 248 | 334 | 377 | 430 | 433 |
| | Private aided | 438 | 682 | 886 | 917 | 919 | 862 | 588 | 735 | 848 | 969 | 1035 | 1013 |
| High | Government | 114 | 144 | 284 | 473 | 571 | 579 | 14 | 100 | 158 | 316 | 390 | 397 |
| | Private aided | 404 | 512 | 733 | 895 | 1100 | 1013 | 95 | 132 | 189 | 292 | 391 | 381 |
| Total | Government | 1851 | 2013 | 2452 | 2500 | 2620 | 2591 | 130 | 1431 | 1615 | 1788 | 1866 | 1866 |
| | Private aided | 2398 | 3251 | 3552 | 3774 | 4036 | 3770 | 4152 | 3093 | 3195 | 3448 | 3611 | 3539 |
| Grand Total | | 4249 | 5264 | 6004 | 6274 | 6656 | 6361 | 4282 | 4524 | 4810 | 5236 | 5477 | 5405 |

In the Malabar area schools under local boards and municipalities are included under private schools.

Source: Director of Public Instruction, Various Years: *Administration Report of Education Department*, Various Years; *Statistics for Planning*, State Planning Board, Thiruvananthapuram, Various Years; *Economic Review*, 1997:S129

**Growth of Enrolment of Males and Females in Kerala, 1950/1-1994/5 (in '000)**

| *Category* | | *Travancore-Cochin* | | | | | | *Malabar* | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | *1950/1* | *1960/1* | *1970/1** | *1980/1* | *1990/1* | *1994/5* | *1950/1* | *1960/1* | *1970/1** | *1980/1* | *1990/1* | *1994/5* |
| Primary | Male | 570.7 | 645.8 | 1782.2 | 754.4 | 645.7 | 581.1 | 215.0 | 267.5 | 1025.9 | 578.8 | 619.5 | 571.7 |
| | Female | 484.4 | 580.1 | | 716.8 | 614.6 | 557.2 | 157.2 | 221.3 | | 543.1 | 591.1 | 541.9 |
| Middle | Male | 155.4 | 246.5 | 897.7 | 549.4 | 524.4 | 490.3 | 78.0 | 168.7 | 402.9 | 334.7 | 467.6 | 457.3 |
| | Female | 147.2 | 209.8 | | 515.4 | 495.2 | 463.0 | 48.2 | 108.5 | | 294.8 | 438.5 | 428.6 |
| High | Male | 146.7 | 291.4 | 547.9 | 457.8 | 437.0 | 442.7 | 40.4 | 90.8 | 176.6 | 221.8 | 326.5 | 358.5 |
| | Female | 119.8 | 248.7 | | 448.8 | 444.7 | 463.8 | 16.1 | 52.9 | | 185.5 | 310.1 | 361.1 |
| Total | Male | 872.8 | 1183.7 | 3227.8 | 1761.6 | 1607.1 | 1514.1 | 333.4 | 527.0 | 1605.4 | 1135.3 | 1413.6 | 1387.5 |
| | Female | 751.4 | 1038.6 | | 1681.0 | 1554.5 | 1484.0 | 221.5 | 382.7 | | 1023.4 | 1339.7 | 1331.6 |
| Grant total | | 1624.2 | 2222.3 | 3227.8 | 3442.6 | 3161.6 | 2998.1 | 554.9 | 909.7 | 1605.4 | 2158.7 | 2753.3 | 2719.1 |

Source: As Above.

* In this year, seperate data for males and females were not available.

**Proportion of Enrolment in the Malabar Region in Total Enrolment in Kerala by Levels and Sex**

| *Year* | *Primary* | | | *Middle* | | | *Secondary* | | | *All stages* | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | *Male* | *Female* | *Total* | *Male* | *Female* | *Total* | *Male* | *Female* | *Total* | *Male* | *Female* | *Total* |
| 1960/61 | 29.3 | 27.6 | 28.5 | 40.6 | 34.1 | 37.8 | 23.8 | 17.5 | 21.0 | 30.8 | 26.9 | 29.0 |
| 1980/81 | 43.4 | 43.1 | 43.3 | 37.9 | 36.4 | 37.2 | 32.6 | 29.2 | 31.0 | 39.2 | 37.8 | 38.5 |
| 1990/91 | 49.0 | 49.0 | 49.9 | 47.0 | 47.1 | 47.1 | 42.6 | 41.1 | 41.9 | 47.8 | 46.3 | 46.5 |

*Sources: Joseph A. Thomas, 1996.*

**State-wise Literacy Rates (Per cent)**

| *Major States* | *Persons* | | | | *Males* | | | | *Females* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1961 | 1971 | 1981 | 1991 | 1961 | 1971 | 1981 | 1991 | 1961 | 1971 | 1981 | 1991 |
| Kerala | 55 | 50 | 82 | 91 | 65 | 67 | 88 | 94 | 46 | 54 | 76 | 87 |
| Tamil Nadu | 36 | 39 | 54 | 64 | 52 | 52 | 68 | 75 | 21 | 27 | 40 | 52 |
| Maharashtra | 35 | 39 | 56 | 63 | 49 | 51 | 70 | 75 | 20 | 26 | 41 | 51 |
| Gujarat | 36 | 36 | 52 | 61 | 49 | 46 | 65 | 73 | 23 | 25 | 38 | 49 |
| West Bengal | 35 | 33 | 49 | 58 | 47 | 43 | 60 | 67 | 20 | 22 | 36 | 47 |
| Punjab | 32 | 34 | 38 | 57 | 41 | 40 | 56 | 64 | 21 | 26 | 40 | 50 |
| Karnataka | 30 | 32 | 46 | 56 | 42 | 42 | 59 | 67 | 17 | 21 | 33 | 44 |
| Haryana | 24 | 27 | 44 | 55 | 35 | 37 | 58 | 68 | 11 | 15 | 26 | 41 |
| Assam | 33 | 29 | — | 53 | 44 | 37 | — | 62 | 20 | 19 | — | 44 |
| Orissa | 25 | 26 | 41 | 49 | 40 | 38 | 56 | 62 | 10 | 14 | 25 | 34 |
| Andhra Pradesh | 25 | 25 | 36 | 45 | 35 | 33 | 47 | 56 | 14 | 16 | 24 | 34 |
| Madhya Pradesh | 21 | 22 | 33 | 42 | 32 | 32 | 47 | 55 | 8 | 11 | 17 | 26 |
| Uttar Pradesh | 21 | 22 | 33 | 42 | 32 | 32 | 47 | 55 | 8 | 11 | 17 | 26 |
| Rajasthan | 18 | 19 | 30 | 39 | 28 | 29 | 45 | 55 | 7 | 8 | 14 | 25 |
| Bihar | 22 | 20 | 32 | 39 | 35 | 31 | 47 | 53 | 8 | 9 | 17 | 23 |
| India | 28 | 29 | 44 | 52 | 40 | 39 | 56 | 64 | 15 | 19 | 30 | 39 |

Source: Economic Review, 1997: 122.

**SC/ST Students in Schools in the Total School Enrolment in Kerala, 1964/5-1994/5**

| *Category* | *1964/5* | | *1994/5* | |
|---|---|---|---|---|
| | *Number* | *Per cent* | *Number* | *Per cent* |
| **Total** | 4005998 | 100 | 5717345 | 100 |
| **SC** | 304571 | 7.6 | 629591 | 11.0 |
| **ST** | 23087 | 0.6 | 63477 | 1.1 |
| **Ezhavas** | 905447 | 22.6 | NA | NA |
| **Muslims** | 543806 | 13.6 | NA | NA |

Note: NA-Not available

Source: *Kumara Pillai Commission*, 1995:118-125; *Economic Review*, 1995:5 145.

**Literacy Rates Among SC/ST Population (7 years and above) in Kerala, 1961-1991**

| *Year* | *General* | | | *SC* | | | *ST* | | |
|---|---|---|---|---|---|---|---|---|---|
| | *Male* | *Female* | *Total* | *Male* | *Female* | *Total* | *Male* | *Female* | *Total* |
| 1961 | 55.0 | 38.9 | - | 31.6 | 17.4 | - | 22.6 | 11.9 | - |
| 1971 | 66.6 | 54.3 | 60.4 | 47.1 | 33.4 | 40.2 | 32.0 | 19.4 | 25.7 |
| 1981 | 75.3 | 65.7 | 70.4 | 65.3 | 49.7 | 55.9 | 37.5 | 26.0 | 31.6 |
| 1991 | 80.9 | 75.4 | 78.1 | 73.9 | 65.0 | 69.4 | 53.7 | 43.5 | 48.6 |

Source: Compiled from *Census of India 1981*, Series 10:19; *Economic Review*, 1995:130-1; V. K. Ramachandran, 1995: Table 27.

**Region-wise Literacy Rate among SC/ST population in Kerala, 1991**

| *Region* | *SC* | | | *ST* | | |
|---|---|---|---|---|---|---|
| | *Male* | *Female* | *Total* | *Male* | *Female* | *Total* |
| Travancore-Cochin | 76.90 | 68.73 | 72.77 | 65.09 | 57.28 | 61.18 |
| Malabar | 70.33 | 60.38 | 65.34 | 48.42 | 37.91 | 43.17 |

Source: Calculated by the authors from *Economic Review*, 1997: 123.

## യൂണിറ്റ് 3

# വിദ്യാഭ്യാസദർശനങ്ങൾ

ഏതൊരു രാജ്യത്തെയും/പ്രദേശത്തെയും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഉള്ളടക്കം, പഠന ബോധനരീതി, തുടങ്ങിയവയെയെല്ലാം സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് ആ രാജ്യത്തെ/പ്രദേശത്തെ സമൂഹം പൊതുവായി സ്വീകരിക്കുന്ന ദർശനങ്ങളാണ്. ഉദാഹരണമായി, നമ്മുടേത് ഒരു ജനാധിപത്യ സമൂഹമാണല്ലോ.ജനാധിപത്യ സ മൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അനുയോജ്യമായ ദർശനങ്ങളാണല്ലോ നാം വിദ്യാഭ്യാസ ത്തിലും ജീവിതത്തിലും സ്വീകരിക്കേണ്ടത്. ഇതിനായി പാശ്ചാത്യവും പൗരസ് ത്യവും ആയ വിവിധ ദർശനങ്ങൾ പരിചയപ്പെടുകയും വിശകലനം ചെയ്യുകയും അനുയോജ്യമായവ സ്വീകരിക്കുകയും സ്വാംശീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അർഥപൂർണമായി പ്രയോജനപ്പെടുത്തുകയും വേണം. ഇതിനുള്ള അവസരം സൃഷ്ടിക്കുകയാണ് ഈ യൂണിറ്റിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം

- **യൂണിറ്റിലെ പഠനനേട്ടങ്ങൾ-വിശദാംശങ്ങൾ**

❖ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, നിർവചനം, സംബന്ധിച്ച് വിവിധ ദാർശനികരും ദർശനങ്ങളും മുമ്പോട്ടു വച്ച കാഴ്ചപ്പാടുകൾ, പൊതുസമൂഹം, രക്ഷിതാവ്, വിദ്യാർഥി എന്നിവർക്കുള്ള പൊതുകാഴ്ചപ്പാടുകൾ എന്നിവ താരതമ്യം ചെയ്യുകയും നമ്മുടെ ജനാധിപത്യ സമൂഹത്തിനനുയോജ്യമായ നിഗമനങ്ങൾ വികസിപ്പിക്കുകയുമാണ് ഈ യൂണിറ്റിന്റെ ഒരു പ്രധാന ഉദ്ദേശ്യം

❖ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, ബോധനരീതി, സ്വാതന്ത്ര്യം, എന്നീ കാര്യങ്ങളിൽ വിവിധ ദർശനങ്ങൾ(ആശയവാദം, പ്രകൃതിവാദം, പ്രായോഗിക വാദം, മാനവികതാ വാദം) എന്നിവയിലെ നിലപാടുകൾ പരിശോധിച്ച് നമ്മുടെ സാമൂഹ്യാവസ്ഥക്ക് അനുയോജ്യമായ ആശയഗതികൾ സ്വീകരിക്കുകയും അവ സ്കൂൾ-ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പ്രായോഗികമായി പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്നതാണ് മറ്റൊരു ലക്ഷ്യം

❖ റൂസ്സോ,ഫ്രോബൽ, ജോൺ ഡ്യൂയി, കൊമീനിയസ്, പൗലോ ഫ്രയർ, തുടങ്ങിയ പാശ്ചാത്യ ദാർശനികരുടെയും, ഗാന്ധിജി, വിവേകാനന്ദൻ, ടാഗോർ, അരബിന്ദോ തുടങ്ങിയ പൗരസ്ത്യ ദാർശനികരുടെയും കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുകയും ജനാധിപത്യ വിദ്യാഭ്യാസത്തിനനുയോജ്യമായവ സ്വീകരിക്കുകയും ചെയ്യുക.

❖ നമ്മുടെ പാഠ്യപദ്ധതിയിൽ വിവിധ ദർശനങ്ങൾ ഏതെല്ലാം വിധത്തിൽ പ്രതിഫലിക്കുന്നു എന്ന് പരിശോധിക്കുക-

**എന്താണ് ദർശനം(philosophy)?**

താഴെ പറയുന്ന കാര്യങ്ങളിൽ നിങ്ങളുടെ അഭിപ്രായമെന്താണ്??

- സ്തീകൾക്ക് സമസ്തമേഖലകളിലും പുരുഷനോടൊപ്പം അവസരം നൽകേണ്ടതുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
- സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം നൽകുന്നതിനെ കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?
- വധശിക്ഷയ്ക്ക് നിങ്ങൾ അനുകൂലമാണോ?
- കടുത്ത രോഗം ബാധിച്ച്, വേദനയനുഭവിച്ച്, മരണാസന്നനായി കിടക്കുന്ന ഒരാൾക്ക് ദയാവധം അനുവദിക്കാമോ?

ഓരോരുത്തർക്കും വ്യത്യസ്തമായ നിലപാടുകളാണല്ലേ? ലളിതമായ അർഥത്തിൽ ഈ നിലപാടുകൾ നിങ്ങളുടെ ദർശനത്തിന്റെ ഭാഗം തന്നെയാണ്. **ഇങ്ങനെ സാമാന്യബുദ്ധി യുടെ അടിസ്ഥാനത്തിൽ നാം സ്വീകരിക്കുന്ന കാഴ്ചപ്പാടുകളെ ഒരർഥത്തിൽ ദർശനം എന്നു പറയാം.** നമ്മുടെ സാമൂഹ്യാനുഭവങ്ങളുടെയും ജീവിതവീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലാണല്ലോ നാം ഈ നിലപാടുകൾ സ്വീകരിക്കുക.

അതേ സമയം "ദർശനം" ഒരു വൈജ്ഞാനിക ശാഖ എന്ന നിലയിൽ പരിഗണിക്കുമ്പോൾ കുറെക്കൂടി വിശാലവും ആഴമുള്ളതുമായ അർഥത്തിൽ വേണം സമീപിക്കാൻ.

ദർശനം(Philosophy-) എന്ന വാക്ക് രണ്ടു ഗ്രീക്കു പദങ്ങൾ കൂടിച്ചേർന്നതാണ് 1) Philos- Sophia. Philos എന്നു പറഞ്ഞാൽ Love –Sophia എന്നു പറഞ്ഞാൽ Wisdom/Knowledge അതായത് Philosophy എന്ന വാക്കിന്റെ പദാനുപദതർജമ Love of Wisdom/ Knowledge.. 'വിജ്ഞാനത്തിനുവേണ്ടിയുള്ള സ്നേഹം' എന്നാണ്. വിവിധ വൈജ്ഞാനിക ശാഖകളിൽ കൂടുതൽ അറിവുകൾക്ക് വേണ്ടിയുള്ള ശാസ്ത്രീയമായ അന്വേഷണമാണ് ദർശനം.. മറ്റൊരുവിധത്തിൽ പറഞ്ഞാൽ യുക്തിയുടേയും പഠനത്തിന്റെയും ചിന്തയുടെയും ഫലമായുണ്ടായ ആഴത്തിലുള്ള നിഗമനങ്ങളും നിരീക്ഷണങ്ങളുമാണ് ദർശനങ്ങൾ..

| |
|---|
| വിവിധ വിഷയങ്ങളിലെ ഉന്നതഗവേഷണ ബിരുദമാണല്ലോ പി.എച്ച്.ഡി. (ഡോക്ടർ ഓഫ് ഫിലോസഫി ). ഏത് വൈജ്ഞാനിക ശാഖയിലും ശാസ്ത്രീയവും ആഴത്തിലുമുള്ളതുമായ പഠനത്തെ ദർശനം എന്നാണ് അഭിസംബോധന ചെയ്യുന്നത് എന്നർഥം |

**വിദ്യാഭ്യാസവും ദർശനവും**

സമൂഹത്തിന്റെ ഗതിവിഗതികളെ നിർണായകമായി സ്വാധീനിക്കുന്ന സുപ്രധാനമായൊരു മനുഷ്യവികാസ പ്രക്രിയയാണ് വിദ്യാഭ്യാസം. അതുകൊണ്ടു തന്നെ .വിദ്യാഭ്യാസത്തെക്കുറിച്ച് വിവിധങ്ങളായ ദാർശനികരും ദാർശനികചിന്താധാരകളും അവർ ജീവിക്കുന്ന

സാമൂഹ്യ ചുറ്റുപാടുകൾക്കും ജീവിത വീക്ഷണങ്ങൾക്കും അനുസരിച്ച് വിവിധ കാഴ്ചപ്പാടുകൾ മുമ്പോട്ടുവച്ചിട്ടുണ്ട്. ഇത് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെയും രീതിശാസ്ത്രത്തെയും ഗണ്യമായി സ്വാധീനിച്ചിട്ടുമുണ്ട്. അതേക്കുറിച്ചുള്ള ധാരണ നമ്മുടെ വിദ്യാഭ്യാസ ഇടപെടലുകളെ വികസിപ്പിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനും സഹായിക്കും

***ഓർക്കുക***
*നമ്മുടേത് ഒരു ജനാധിപത്യ സമൂഹമാണ് മാനവികതയും തുല്യനീതിയും പല കാരണങ്ങളാൽ പിന്നാക്കാവസ്ഥനേരിടുന്നവരും പയാസങ്ങളുമുള്ളവരുമായവരോട് അർഹമായ പരിഗണനയും എല്ലാവർക്കും അവരുടെ കഴിവിനും പരിമിതിക്കും അനുയോജ്യമായ രീതിയിൽ വളരുന്നതിനും വികാസം സാധ്യമാക്കുന്നതിനുമുള്ള അവസരങ്ങളുമുള്ള ഒരു സാമൂഹ്യാവസ്ഥയാണ് നാം വിഭാവനം ചെയ്യുന്നത്. ഇതിനനുയോജ്യമായ ദർശനങ്ങളാണ് നാം സ്വീകരിക്കേണ്ടത്*

***എന്തിനാണ് പഠിക്കുന്നത്?*(വിദ്യാഭ്യാസ ലക്ഷ്യവും ദർശനങ്ങളും)**

എന്തിനാണ് വിദ്യാഭ്യാസം? പലർക്കും പല ഉത്തരമാവുമല്ലേ? നമുക്കൊരു അന്വേഷണമായാലോ?

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്താണ് എന്ന ചോദ്യത്തിന് ഒന്നോ രണ്ടോ വാചകത്തിലുള്ള പ്രതികരണം വിവിധ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ, അധ്യപകർ, വിദ്യാർഥികൾ, സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ എന്നിവരിൽ നിന്നും ശേഖരിക്കാം. നമ്മുടെ ക്ലാസിലെ എല്ലാ കുട്ടികളുടെയും പ്രതികരണങ്ങൾക്കൂടി ചേർത്ത് ഒന്ന് പട്ടികപ്പെടുത്തി നോക്കൂ. തീർച്ചയായും വലിയ വൈവിധ്യം തോന്നുന്നില്ലേ?

- അറിവ് ലഭിക്കാൻ
- സാമൂഹ്യബോധമുള്ള മനുഷ്യനായി മാറാൻ
- മികച്ച തൊഴിൽ ലഭിക്കാൻ
- എല്ലാതരം ശേഷികളുടെയും വികാസം സാധ്യമാവാൻ
- സംസ്കാര സമ്പന്നനായി മാറാൻ
- അനീതികൾക്കെതിരെ പ്രതികരിക്കാൻ
- 

അങ്ങനെ വിവിധ പ്രതികരണങ്ങൾ ഉണ്ടായേക്കാം. എല്ലാം നമ്മുടെ സാമൂഹ്യാനുഭവങ്ങളുടെയും ജീവിതലക്ഷ്യങ്ങളുടെയും ഒക്കെ അടിസ്ഥാനത്തിലുള്ളതാണ്. ഒരർഥത്തിൽ നമ്മുടെ മൗലികമായ ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളത്. ഇനി നമുക്ക് പ്രധാന ദാർശനികരും ദർശനങ്ങളും എന്തുപറയുന്നു എന്നു നോക്കാം

**ആശയവാദവും വിദ്യാഭ്യാസ ലക്ഷ്യവും**

പ്ലേറ്റോ, അരിസ്റ്റോട്ടിൽ,ഫ്രോബൽ, ടാഗോർ, അരബിന്ദോ തുടങ്ങിയവരുടെ വിദ്യാഭ്യാസ ദർശനങ്ങൾ പരിശോധിച്ചു നോക്കൂ. എന്തെങ്കിലും പൊതുസാദൃശ്യം കാണുന്നുണ്ടോ?

ഭൗതികാതീതം (Metaphysics) എന്ന വാക്കാണ് ആശയവാദികളെ സംബന്ധിച്ചിടത്തോളം പരമപ്രധാനം. നാം കാണുന്നവയും അനുഭവിക്കുകയും ചെയ്യുന്ന ഈ ഭൗതികലോകം അപ്രധാനമാണെന്നും അതിനപ്പുറം ആശയങ്ങൾ, ചിന്തകൾ, എന്നിവയാണ് പ്രധാനമെന്നും അവർ വിശ്വസിച്ചു. സത്യം, സൗന്ദര്യം,. എന്നിവ ഉൾക്കൊള്ളുന്ന ആശയലോകം മാത്രമാണ് സ്ഥായിയായുള്ളത്. ഈ ഭൗതികാതീതലോകമാണ് പ്രധാനമെന്നും ആശയവാദികൾ പൊതുവെ സിദ്ധാന്തിക്കുന്നുണ്ട്..കണ്ടും കേട്ടും തൊട്ടും രുചിച്ചും മണത്തും നാം അനുഭവിക്കുന്ന ഈ ഭൗതികലോകം ശാശ്വതമല്ല.

"ഇരുട്ട് നിറഞ്ഞ ഒരു ഗുഹ പോലെയാണ് ഈ ഭൗതികലോകം" യുക്തിചിന്തകൊണ്ടും സത്യാന്വേഷണം കൊണ്ടും ഈ ഇരുട്ടിനെ മറികടക്കുകയും യഥാർഥ സത്യം കണ്ടെത്തുകയുമാണ് വേണ്ടത്' പ്ലേറ്റോ പറയുന്നു. ഓരോ വ്യക്തിയുടെയും ആന്തരിക നന്മയെയും കഴിവുകളെയും സംസ്കരിച്ചെടുക്കുകയും ആത്മ സാക്ഷാൽക്കാരത്തിനു സജ്ജരാക്കുകയുമാണ് വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത് എന്നും പ്ലേറ്റോ ഉൾ പ്പെടെയുള്ള ആശയവാദികൾ സിദ്ധാന്തിക്കുന്നു

ജർമ്മൻ വിദ്യാഭ്യാസ ചിന്തകനായ ഫ്രഡറിക്ക് അഗസ്റ്റ് ഫ്രോബൽ പറയുന്നതിങ്ങനെ:

"തന്റെ ഉള്ളിലുള്ള ചൈതന്യത്തിന്റെ പ്രതിഫലനമായി, ചിന്താശേഷിയും മനസ്സാന്നിധ്യവുമുള്ള ഒരു വ്യക്തിയുടെ പിറവിക്ക് സഹായിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം' വിദ്യാഭ്യാസ ലക്ഷ്യവുമായി ബന്ധപ്പെട്ട് പ്ലേറ്റോ, ഫ്രോബൽ എന്നിവരുടെ നിരീക്ഷണങ്ങൾ തമ്മിൽ എന്ത് പൊതുസാദൃശ്യമാണുള്ളത്?

" മനുഷ്യൻ രണ്ട് ലോകങ്ങളിൽ ഉൾപ്പട്ടവനാണ്. ഒരെണ്ണം ബാഹ്യമാണ്. ഒരെണ്ണം ആന്തരികവും. ആന്തരികമായ മാനവശേഷികളെ സംസ്കരിച്ചെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം", എന്ന് രവീന്ദ്രനാഥടാഗോർ നിരീക്ഷിക്കുന്നു. ടാഗോറിനെയും ഒരാശയവാദി യായി പരിഗണിക്കാമോ?

പുസ്തകറഫറൻസിങ്ങിലൂടെ കണ്ടെത്തിയ മറ്റ് ആശയവാദ നിരീക്ഷണങ്ങൾ എന്തൊക്കെ?
വിദ്യാഭ്യാസ ലക്ഷ്യത്തെക്കുറിച്ചുള്ള ഗാന്ധിജി,കൊമീനിയസ്, അരബിന്ദോ എന്നിവരുടെ കാഴ്ചപ്പാടുകൾ പരിശോധിച്ചുവോ?

' വിദ്യാഭ്യാസത്തിന്റെ അന്തിമമായ ലക്ഷ്യം ആത്മസാക്ഷാൽക്കാരമാണ് എന്നു ഗാന്ധിജി പറയുന്നു. ഭൗതികമായ നേട്ടങ്ങളല്ല ആത്മീയമായ സംസ്കരണമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാവേണ്ടത് എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം.. എന്നാൽ വിദ്യാഭ്യാസത്തിന്റെ അടിയന്തിര ലക്ഷ്യങ്ങളായി ഗാന്ധിജി മറ്റുചില കാര്യങ്ങൾ കൂടി പറഞ്ഞു.

1) സ്വാശ്രയത്വം- സ്കൂൾ വിദ്യാഭ്യാസം തന്നെ തൊഴിൽ ചെയ്തുകൊണ്ട് സ്വാശ്രയമാക്കണമെന്ന് പറഞ്ഞ ഗാന്ധിജി ജീവസന്ധാരണത്തിനുള്ള ഒരു തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിന്റെ പ്രധാന ഊന്നലാവണമെന്ന് നിർദ്ദേശിച്ചു

2) വ്യക്തിത്വസംസ്കരണത്തെ വിദ്യാഭ്യാസത്തിന്റെ സംസ്കാരിക ലക്ഷ്യമായി ഗാന്ധിജി പരിഗണിച്ചു
3) മനുഷ്യന്റെ എല്ലാ ശേഷികളുടേയും സമതുലിതമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി ഗാന്ധിജി ചൂണ്ടിക്കാട്ടിയ മറ്റൊരു സംഗതി. തല, ഹൃദയം, കൈ എന്നിവയുടെ സർവതോമുഖവികാസമാണ് കേവലമായ എഴുത്തും വായനയും കണക്കും പഠിക്കുന്നതിനെക്കാൾ പ്രധാനം', എന്ന് ഗാന്ധിജി പറഞ്ഞു
4) കുട്ടികളിൽ സന്മാർഗചിന്തയും സൽസ്വഭാവവും വികസിപ്പിക്കലും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി ഗാന്ധിജി പരിഗണിച്ചു
5) വിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യത്തെക്കുറിച്ചും ഗാന്ധിജി അടിവരയിട്ട് സൂചിപ്പിച്ചു. ആത്മസംസ്കരണത്തോടൊപ്പം സാമൂഹ്യബോധമുള്ള മികച്ച പൗരനായി വളരാനും വിദ്യാഭ്യാസം ഉതകണമെന്നാണ് ഗാന്ധിജി മുമ്പോട്ടു വെച്ച നിലപാട്

മേൽ സൂചിപ്പിച്ച വിദ്യഭ്യാസലക്ഷ്യങ്ങൾ പൂർണമായും ആശയവാദവുമായി പൊരുത്തപ്പെടുന്നതാണോ? മറ്റ് വിദ്യാഭ്യാസ ചിന്തകളുടെയും സ്വാധീനം അതിലുണ്ട് അല്ലേ? ഏതൊക്കെയാണവ

**റൂസ്സോയും പ്രകൃതിവാദവും**

''പ്രകൃതി എന്നെ സന്തുഷ്ടനും നല്ലവനുമായാണ് സൃഷ്ടിച്ചത്. ഞാൻ അങ്ങനെ അല്ലെങ്കിൽ അതിനു കാരണം ഈ സമൂഹമാണ്''.

''അപകടകരമായ സ്വാതന്ത്ര്യത്തെയാണ് ഞാൻ ശാന്തമായ അടിമത്തത്തെക്കാൾ വിലമതിക്കുന്നത്''.

''ജനിക്കുന്ന സമയത്ത് എല്ലാ കുട്ടികളും എല്ലാ നന്മകളോടും കൂടിയാണ് ജനിക്കുന്നത്. സമൂഹവുമായുള്ള സംസർഗമാണ് അവരെ ചീത്തയാക്കുന്നത്''.

മുകളിൽ കൊടുത്തതെല്ലാം കടുത്ത പ്രകൃതിവാദിയായിരുന്നു ജീൻ ജാക്വിസ് റൂസ്സോയുടെ നിരീക്ഷണങ്ങളാണ്..

ആത്മപ്രകാശനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി റുസ്സോയും പ്രകൃതിവാദികളും കണ്ടത്. ജന്മനാതന്നെ കുട്ടികൾ നന്മനിറഞ്ഞവരും കഴിവും പ്രതിഭയുമുള്ളവരുമാണെന്ന് സിദ്ധാന്തിച്ച പ്രകൃതിവാദികൾ സ്വാഭാവികമായും ആ സ്വതസിദ്ധ നന്മകളുടെ പ്രകാശനമാണ് വിദ്യാഭ്യാസത്തിന്റെ പ്രധാനമായ ലക്ഷ്യമായി നിരീക്ഷിച്ചത്.

''നാം ദുർബലരായാണ് ജനിക്കുന്നത്. അതുകൊണ്ട് വളരാനാവശ്യമായ കരുത്ത് വേണം.നിസ്സഹായതയുണ്ട് അതുകൊണ്ട് സഹായം വേണം-അങ്ങനെ ജനനസമയത്ത് എന്തെല്ലാം പരിമിതികളുണ്ടോ അതു പരിഹരിക്കൽ മാത്രമാണ് വിദ്യാഭ്യാസ ലക്ഷ്യം''. സ്വാഭാവികമായ വളർച്ചയ്ക്കുള്ള അവസരം സൃഷ്ടിക്കലാണ് വിദ്യാഭ്യാസം എന്നാണ് പ്രകൃതിവാദത്തിന്റെ സിദ്ധാന്തം. പ്രകൃതിയുമായി ഇണങ്ങി ആരോഗ്യകരമായി

വളരണം.സ്വതന്ത്രവികാസത്തിനുമുള്ള കഴിവുകൾ പ്രദാനം ചെയ്യുന്നതാവണം വിദ്യാഭ്യാസം എന്ന് റൂസ്സോയും പ്രകൃതിവാദികളും പറയുന്നു

| |
|---|
| പ്രകൃതിവാദം ഗാന്ധിജിയും സ്വാംശീകരിച്ചിട്ടുണ്ടോ. ഗാന്ധിജിയുടെ കാഴ്ചപ്പാടുകളിൽ പ്രകൃതിവാദത്തിന്റെ പ്രതിഫലനം എന്തുമാത്രമുണ്ട്? |

"പ്രായോഗിക ജീവിതത്തിൽ ഫലപ്രദമായി ജീവിക്കാനാവശ്യമായ നൈപുണികൾ ആർജ്ജിക്കലാണ് വിദ്യാഭ്യാസം", എന്നാണ് ജോൺ ഡ്യൂയി ഉൾപ്പെടെയുള്ള പ്രായോഗിക വാദികൾ വാദിച്ചത്.ഓരോ കുട്ടിയുടെയും നിലവിലുള്ള ശേഷികളും നൈപുണികളും വ്യത്യസ്തമാവുമെന്നതുകൊണ്ടു തന്നെ പൊതുവായി പഠനോദ്ദേശ്യങ്ങൾ നിർണയിക്കുന്നത് ശരിയല്ലെന്ന് ഡ്യൂയി പറയുന്നു. ജനാധിപത്യ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകിയ ദാർശനികനാണ് ജോൺ ഡ്യൂയി.. നീതിപൂർണമായ ഒരു സാമൂഹ്യാവസ്ഥയുടെ സൃഷ്ടിയാവണം വിദ്യാഭ്യാസം എന്ന് ജനാധിപത്യവാദിയായ ഡ്യൂയി അഭിപ്രായപ്പെടുന്നു.

| |
|---|
| ക്ലാസ്മുറി തന്നെ ഒരു ജനാധിപത്യപരിശീലന വേദിയാവണമെന്ന ഡ്യൂയിയുടെ നിർദ്ദേശം നമ്മുടെ സ്കൂൾ പാർലിമെന്റ് സമ്പ്രദായത്തിൽ പ്രതിഫലിക്കുന്നുണ്ടോ? |

**മാനവികതാ വാദം**

മനുഷ്യന്റെ അനന്തമായ ശേഷികളിൽ വിശ്വാസമർപ്പിച്ച് ഓരോരുത്തർക്കും തന്റെ വവിധങ്ങളായ ശേഷികളും അഭിരുചികളും പരമാവധി വികസിപ്പിക്കുന്നതിനും അങ്ങനെ ആത്മസാക്ഷാൽക്കാരം അനുഭവിക്കാനും ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് മാനവികതാവാദം വിദ്യാഭ്യാസത്തിൽ വിഭാവനം ചെയ്തത്.

"വിമർശനാവബോധം സൃഷ്ടിക്കലും അതുവഴി വിമോചനം നേടലുമാണ് വിദ്യാഭ്യാസ ലക്ഷ്യം " എന്ന് അഭിപ്രായപ്പെട്ട പൗലോ ഫ്രെയർ, "ആധുനിക ജീവിതസങ്കീർണതകളെ നേരിടാനുള്ള പരിശീലനം നൽകലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം" എന്നു പറഞ്ഞ അരബിന്ദോ തുടങ്ങിയ നിരവധി ദർശനങ്ങളും ദാർശനികരും വിദ്യാഭ്യാസലക്ഷ്യത്തെക്കുറിച്ച് നിരീക്ഷണങ്ങളും നിഗമനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്..

***എന്താണ് പഠിക്കേണ്ടത്?*(വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും വിവിധ ദർശനങ്ങളും)**

എന്ത് പഠിക്കണം അഥവാ എന്തെല്ലാം പഠനവിഷയങ്ങളാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടേണ്ടത് എന്നതു സംബന്ധിച്ചും വിവിധ ദർശനങ്ങൾക്കും ദാർശനികർക്കും അവർ മുമ്പോട്ട് വച്ച വിദ്യാഭ്യാസലക്ഷ്യങ്ങൾക്കനുസരിച്ചുള്ള നിരീക്ഷണങ്ങളുണ്ട്.

ആത്മീയമായ സാക്ഷാൽക്കാരവും വ്യക്തിത്വസംസ്കരണവും വിദ്യാഭ്യാസലക്ഷ്യമായി ക്കണ്ട ആശയവാദികൾ ഭാഷ, തത്ത്വശാസ്ത്രം,സാമൂഹ്യശാസ്ത്രം ഗണിതം എന്നിവയ്ക്ക് പുറമെ കലകൾ, സംഗീതം ,ജിംനാസ്റ്റിക്സ് ,അത്‌ലറ്റിക്സ് തുടങ്ങിയ കായിക ഇനങ്ങൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടണമെന്ന് വാദിച്ചു.

പ്രകൃതിയെ അറിയലും അതിനോട് ഇണങ്ങലുമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന് നിർവചിച്ച പ്രകൃതിവാദികൾ അതിനു സഹായകമായ ശാസ്ത്രവിഷയങ്ങൾക്ക് പാഠ്യപദ്ധതിയിൽ അനുയോജ്യമായ പ്രാധാന്യം നൽകണമെന്ന് അനുശാസിച്ചു. ഭാഷയിലും ഗണിതത്തിലും ഉപരിപഠനത്തിനു സഹായകമായ കാര്യങ്ങൾ മാത്രം ഉൾ പ്പെടുത്തിയാൽ മതി എന്നാണ് അവരുടെ വാദം. സങ്കീർണമായ കവിതകളോ സാഹിത്യമൊ പഠിപ്പിക്കേണ്ടതില്ലെന്നാണ് അവരുടെ അഭിപ്രായം.. ആത്മീയകാര്യങ്ങൾ, സംഗീതം, ചിത്രകല എന്നിവയൊന്നും പ്രകൃതിവാദികൾക്ക് പ്രധാനമുള്ളവയല്ല, പ്രായത്തിനനുസരിച്ച് പാഠ്യപദ്ധതി വിഷയങ്ങളിലെ ഊന്നലിന് മാറ്റം വേണം എന്ന് കുട്ടിയുടെ സ്വാഭാവിക പ്രകൃതത്തെ മാനിച്ചുള്ള വിദ്യാഭ്യാസസമ്പ്രദായത്തിനുവേണ്ടി നിലക്കൊണ്ട റൂസ്സോ ഉൾ പ്പെടെയുള്ള പ്രകൃതിവാദികൾ വാദിച്ചു.

പ്രായോഗികവാദികളാവട്ടെ പേരു സൂചിപ്പിക്കുന്നതു പോലെത്തന്നെ ''പ്രയോജനകരമായ'' വിഷയങ്ങൾ ആണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്ന അഭിപ്രായക്കാരായിരുന്നു വ്യക്തിജീവിതവും സാമൂഹികജീവിതവും ഏറ്റവും ഫലപ്രദമായി നിർവഹിക്കാൻ സഹായകമായ അറിവുകളും ശേഷികളും നൈപുണികളുമാണ് കുട്ടികൾ സ്വായത്തമാക്കേണ്ടത്. കേവലമായ ആത്മസാക്ഷാൽക്കാരത്തിനും വ്യക്തിസം സ്കരണത്തിനും വേണ്ട വിഷയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന ആശയവാദ നിർദ്ദേശങ്ങളോട് പ്രായോഗികവാദികൾ വിയോജിച്ചു. ഒരു നിശ്ചിതമായ പാഠ്യപദ്ധതി എല്ലാ കുട്ടികൾക്കും നിർദ്ദേശിക്കുന്ന സമ്പ്രദായത്തോടു തന്നെ പ്രായോഗികവാദികൾക്ക് യോജിപ്പുണ്ടായിരുന്നില്ല. കുട്ടിയുടെ അഭിരുചികൾ, താൽപ്പര്യം സർവോപരി ഭാവി ജീവിതത്തിലെ പ്രയോജനം എന്നിവ പരിഗണിച്ചുള്ള വൈവിധ്യവൽക്കരണമാണ് പ്രായോഗിക വാദികളുടെ പാഠ്യപദ്ധതി സങ്കൽപ്പത്തിന്റെ അടിസ്ഥാനശില.

മനുഷ്യന്റെ കഴിവുകൾ അഭിരുചികൾ,താൽപ്പര്യങ്ങൾ എന്നിവ പരിഗണിക്കുന്നതും അവന്റെ ശേഷികളുടെ സമ്പൂർണ വികാസം സാധ്യമാക്കുന്നതുമായ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് മാനവികതാവാദികൾ നിർദ്ദേശിച്ചു, സാമൂഹ്യവികാസത്തെക്കാൾ വ്യക്തിവികാസത്തിനാണ് മാനവികതാവാദികൾ ഊന്നൽ നൽകിയത്. സ്വയം തിരിച്ചറിയാനും സ്വയം വളരാനുമുള്ള അനുഭവങ്ങളാണ് ഓരോ പഠിതാവിനും ലഭിക്കേണ്ടതെന്ന് അവർ വിശ്വസിച്ചു

### *എങ്ങിനെ പഠിക്കണം?*(ബോധനരീതിയും ദർശനങ്ങളും)

ആശയവാദം സൂക്ഷ്മമായി ഒരു ബോധനരീതി നിർദ്ദേശിച്ചില്ല. ഗുരുമുഖത്തുനിന്നും വിദ്യ അഭ്യസിക്കുക എന്ന പൊതു തത്ത്വമാണ് പൊതുവെ പ്ലറ്റോ അരിസ്റ്റോട്ടിൽ തുടങ്ങിയവർ

സ്വീകരിച്ചത്. ചോദ്യങ്ങൾ ചോദിക്കുക, സംവാദത്തിലേർപ്പെടുക, ഉരുവിട്ടു പഠിക്കുക, അനുകരിച്ച് പഠിക്കുക തുടങ്ങിയ വിവിധ ബോധനതന്ത്രങ്ങൾ അവർ നിർദ്ദേശിച്ചു. ആശയവാദിയായ ഹെഗൽ യുക്തിചിന്ത ഉണർത്തുന്ന ബോധനരീതികൾ വേണമെന്ന് അഭിപ്രായപ്പെട്ടപ്പോൾ കളികളാണ് ബോധനമാധ്യമാവേണ്ടതെന്ന് മറ്റൊരു ആശയവാദിയായ ഫ്രോബൽ നിർദ്ദേശിച്ചു. ബോധനരീതികളുടെ കാര്യത്തിൽ ആശയവാദികൾക്കിടയിലുള്ള വൈവിധ്യത്തിന്റെ സൂചനകളാണിതൊക്കെ.

ബോധനരീതിയിലാണ് വിപ്ളവകരമായ നിർദ്ദേശങ്ങൾ പ്രകൃതിവാദം മുമ്പോട്ടു വച്ചത് വാചികമായ ബോധനങ്ങളെ അടിമുടി എതിർത്ത റൂസ്സോ നിരീക്ഷണം, അനുഭവങ്ങൾ എന്നിവ വഴിയുള്ള സ്വയം പഠനത്തെ മാത്രമെ അംഗീകരിച്ചിട്ടുളളു. ഔപചാരിക സ്കൂൾ പഠനത്തെ അവലംബിക്കുന്നതിനു പകരം പ്രകൃതിയെ പാഠപുസ്തകമാക്കാൻ റൂസ്സോ ഉപദേശിച്ചു. കുട്ടിയെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവാക്കാൻ നിർദ്ദേശിച്ചതാണ് റൂസ്സോവിന്റെ മറ്റൊരു സുപ്രധാന ബോധന നിർദ്ദേശം

പ്രകൃതിവാദികളെപ്പോലെത്തന്നെ കുട്ടിയെ കേന്ദ്രീകരിച്ചുള്ള പഠനരീതിക്ക് തന്നെയാണ് പ്രായോഗികവാദികളും ഊന്നൽ നൽകിയത്. പ്രായോഗികപ്രവർത്തനങ്ങൾക്കാണ് പ്രായോഗികവാദികളുടെ പഠന സമീപനങ്ങളിലെ ഊന്നൽ. യഥാർഥമായ അനുഭവങ്ങളിൽ നിന്ന് പഠനാവസരങ്ങൾ സൃഷ്ടിക്കാൻ ആഹ്വാനം ചെയ്ത പ്രായോഗികവാദികളാണ് പ്രൊജക്റ്റ് രീതി പഠനത്തിനായി നിർദ്ദേശിച്ചത്. 'പ്രവർത്തിച്ചു പഠിക്കുക' എന്നതാണ് പ്രായോഗിക വാദ വിദ്യാഭ്യാസ ആശയങ്ങളുടെ മുഖ്യമാർഗനിർദ്ദേശം .

The School is to be a reflection of the larger society outside its walls,in which life can be learnt by living. But it should be a purified well balanced society' John Dewi

കുട്ടിയെ കേന്ദ്രീകരിച്ചുള്ള പഠനരീതികൾ തന്നെയാണ് മാനവികതാവാദികളും നിർദ്ദേശിച്ചത്. കുട്ടിയുടെ പ്രകൃതം, ആവശ്യങ്ങൾ, അഭിരുചികൾ, ആഗ്രഹങ്ങൾ എന്നിവ പ്രതിഫലിക്കുന്നതാവണം പഠനരീതി എന്നാണ് മാനവികതാവാദികളും അഭിപ്രായപ്പെട്ടത്. കർക്കശമായ പരീക്ഷകളെയും നിരുത്സാഹപ്പെടുത്തുന്ന തരതമ്യങ്ങളെയും മാനവിക്താ വാദികൾ എതിർത്തു.

**സ്വാതന്ത്ര്യം-അച്ചടക്കം**

ആത്മസാക്ഷാൽക്കാരം സാധ്യമാവണമെങ്കിൽ കർക്കശമായ അച്ചടക്കം ആവശ്യമാണെ ന്നാണ് ആശയവാദികളുടെ മതം. ആന്തരികമായ അച്ചടക്കത്തോടൊപ്പം ബാഹ്യമായ അച്ചടക്ക നിബന്ധനകളിലും അവർ നിഷ്ക്കർഷ പുലർത്തി.

കുട്ടിക്ക് വ്യക്തിഗതമായി സമ്പൂർണമായ സ്വാതന്ത്ര്യം നൽകിയെങ്കിൽ മാത്രമെ അവളുടെ/അവന്റെ നൈസർഗിക ശേഷികളുടെ ശരിയായ വികാസം നടക്കൂ എന്ന് റൂസ്സോയും മറ്റ് പ്രകൃതിവാദികളും അഭിപ്രായപ്പെട്ടു. ബാഹ്യമായ എല്ലാ അച്ചടക്ക നിബന്ധനകളോടും വിയോജിച്ച പ്രകൃതിവാദികൾ അച്ചടക്കം കുട്ടിയുടെ

പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങളിൽ നിന്നും സ്വയം പരിശീലിക്കേണ്ടതാണെന്നാണ് അഭിപ്രായപ്പെട്ടത്.

ജനാധിപത്യ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ആശയങ്ങൾ മുമ്പോട്ടുവച്ചവരാണ് പ്രായോഗികവാദികൾ. ''വിദ്യാഭ്യാസം ഒരു കൂട്ടായ്മയാണ്. കുട്ടികളുടെ പരസ്പര സഹകരണത്തിലൂടെയും ആശയവിനിമയത്തിലൂടെയുമാണ് പഠനം മുന്നേറേണ്ടത്.' പ്രായോഗികവാദം നിർദ്ദേശിച്ചു. സ്വയം നിയന്ത്രിതമായ അച്ചടക്കത്തിന്റെ പക്ഷത്തായിരുന്നു പ്രായോഗികവാദികൾ.

''കുട്ടികളിൽ ശരിയായ അഹംബോധവും ആത്മാഭിമാനവും ഉയർത്തുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം'', എന്നു വാദിച്ച മാനവികതാവാദികൾ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പക്ഷത്ത് അടിയുറച്ചു നിൽക്കുന്നവരാണ്. കർക്കശമായ അച്ചടക്ക നിബന്ധനകൾ കുട്ടികളുടെ ആത്മാഭിമാനത്തെ തകർക്കും എന്നാണ് മാനവികതാവാദികളുടെ പക്ഷം

വിദ്യാഭ്യാസ ലക്ഷ്യങ്ങൾ, ഉള്ളടക്കം, ബോധനരീതി, സ്വാതന്ത്ര്യവും അച്ചടക്കവും തുടങ്ങിയ മേഖലകളിൽ വിവിധ ദർശനങ്ങളുടെ കാഴ്ചപ്പാടുകൾ വളരെ ഹ്രസ്വമായി മുകളിൽ കൊടുത്തിട്ടുണ്ട്, കൂടുതൽ വിപുലമായ വായനയിലൂടെ കൂടുതൽ വിവരങ്ങൾ കണ്ടെത്തൂ.. ഈ ദർശനങ്ങൾ ഏതെല്ലാം വിധത്തിൽ നമ്മുടെ പാഠ്യപദ്ധതിയിലും അനുബന്ധ സാമഗ്രികളിലും പ്രതിഫലിക്കുന്നുണ്ട്?? ഒരന്വേഷണം നടത്തി നോക്കൂ.

- വിവിധ വിഷയങ്ങളിലെ പഠന നേട്ടങ്ങൾ പരിശോധിക്കൂ. മുകളിൽ സൂചിപ്പിച്ച ഏതെല്ലാം ദർശനങ്ങളിലെ വിദ്യാഭ്യാസ ലക്ഷ്യങ്ങളുമായി അതിന് പൊരുത്തമുണ്ട്?
- പാഠപുസ്തകത്തിലും അധ്യാപകസഹായിയിലും നിർദ്ദേശിച്ച പഠന പ്രവർത്തനങ്ങൾക്ക് ഏതെല്ലാം ദർശനങ്ങളിലെ ബോധന നിർദ്ദേശങ്ങളോടാണ് പൊരുത്തമുള്ളത്?
- നിങ്ങൾ നിരീക്ഷിച്ച ക്ലാസ് മുറികളിലെ അധ്യാപക വിദ്യാർഥി ബന്ധവും വിവിധ ദർശനങ്ങളിലെ സ്വാതന്ത്ര്യ-അച്ചടക്ക സങ്കൽപവും എങ്ങനെ പൊരുത്തപ്പെടുന്നു?
- ഒരു ജനാധിപത്യ മാനവികസമൂഹമാണല്ലോ നമ്മുടേത്. മുകളിൽ കൊടുത്ത വിദ്യാഭ്യാസ നിർദ്ദേശങ്ങളിൽ ഏതൊക്ക നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്വാംശീകരിക്കാം?

  എല്ലാ നിരീക്ഷണങ്ങളും സമാഹരിച്ച് നമുക്കൊരു സെമിനാറാവാം.

**വിദ്യാഭ്യാസ ദർശനങ്ങൾ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ**

വിദ്യാഭ്യാസത്തിന്റെ വിവിധ ഘടകങ്ങളെ സ്വാധീനിക്കുന്ന ദർശനങ്ങളെക്കുറിച്ചാണല്ലോ നാം ചർച്ച ചെയ്തിരുന്നത്. വിദ്യാഭ്യാസത്തിന്റെ സുപ്രധാന മേഖലകളായ പാഠ്യപദ്ധതി ഉള്ളടക്കം, ബോധന രീതി,അച്ചടക്കം, സ്വാതന്ത്ര്യം എന്നിവയിലുള്ള വിവിധ ദർശനങ്ങളുടെ കാഴ്ചപ്പടുകൾ-ഈ കാഴ്ചപ്പാടുകൾ ഏതു രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ

പ്രതിഫലിക്കുന്നു എന്നു കണ്ടെത്തുകയും അനുയോജ്യമായവ സ്വാംശീകരിക്കുകയുമാണ് ഈ പഠനനേട്ടം കൊണ്ട് ഉദ്ദേശിക്കുന്നത്.

താഴെ പറയുന്ന കാര്യങ്ങളോട് നിങ്ങളുടെ പ്രതികരണമെന്താണ്?

- ആരോഗ്യ-കലാ-കായിക- നിർമ്മാണ പ്രവർത്തനങ്ങൾ സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രാധാന്യത്തോടെ ഉൾപ്പെടുത്തേണ്ടതാണോ? എന്തു കൊണ്ട്?
- തോൽപ്പിക്കുക, താരതമ്യം ചെയ്യുക തുടങ്ങിയവ പരമാവധി നിരുത്സാഹപ്പെടുത്തുന്നത് ജോൺ ഡ്യൂയിയുടെ പ്രായോഗിക-ജനാധിപത്യ വിദ്യാഭ്യാസ സങ്കൽപ്പങ്ങളോട് എന്തുമാത്രം പൊരുത്തമുള്ളതാണ്?
- ശിക്ഷ, ശകാരം എന്നിവയെ ഗാന്ധിജിയുടെ ദർശനങ്ങളുമായി ബന്ധപ്പെടുത്തി വിശദീകരിക്കാമോ?
- കുട്ടി വളർന്നുവരുന്നത് ഒരു ചെടി വളർന്നുവരുന്നതു പോലെയാണ്. ഒരു തോട്ടക്കാരനെപ്പോലെ അവയെ പരിചരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്നതാണ് അധ്യാപകന്റെ ചുമതല എന്ന് അഭിപ്രായപ്പെട്ട സ്വാമി വിവേകാനന്ദൻ ആശയവാദിയാണോ പ്രകൃതിവാദിയാണോ? അതോ വിവിധ ദർശനങ്ങളുടെ സമന്വയമാണോ വിവേകാനന്ദന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകളിൽ പ്രകടമാവുന്നത്?
- ഉൾച്ചേർന്ന വിദ്യാഭ്യാസം ഏതെല്ലാം വിദ്യാഭ്യാസ ദർശനങ്ങളുടെ അടിസ്ഥാനത്തിലാണ് നാം സ്വീകരിച്ചിട്ടുണ്ടാവുക?
- മാനവികതാ വാദം, ജനാധിപത്യവിദ്യാഭ്യാസം എന്നീ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ ലിംഗനീതി എന്ന ആശയത്തെ എങ്ങനെയാണ് നാം സമീപിക്കേണ്ടത്?

- ആത്മപ്രകാശനമാണ്(self expression) വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
  ആത്മസാക്ഷാൽക്കാരമാണ് (Self Realisation)വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
- മേൽപ്പറഞ്ഞ രണ്ട് ലക്ഷ്യപ്രസ്താവനകളും പരസ്പര വിരുദ്ധമാണോ? ഏത് ദർശനങ്ങളായിരിക്കും ഈ ലക്ഷ്യം മുമ്പോട്ടുവച്ചിട്ടുണ്ടാവുക?

**വിവിധ ദർശനങ്ങളും വിദ്യാഭ്യാസ കാഴ്ചപ്പാടുകളും**

വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ വിവിധ തലങ്ങളെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് വിവിധദർശനങ്ങൾക്കും ബന്ധപ്പെട്ട ദാർശനികർക്കുമുള്ളത് എന്നു നാം കണ്ടു. ചില സൂചനകൾ താഴെ ചേർക്കുന്നു.

- **വിദ്യാഭ്യാസ ലക്ഷ്യം**

  ആശയവാദം- ആത്മസാക്ഷാൽക്കാരമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

  പ്രകൃതിവാദം- കുട്ടികളുടെ നൈസർഗിക ശേഷികളുടെ വികാസമാണ് വിദ്യാഭ്യാസ ലക്ഷ്യം.

  പ്രായോഗികവാദം - പ്രായോഗികജീവിതം ഫലപ്രദമായും കാര്യക്ഷമമായും മുമ്പോട്ട് പോവുന്നതിനാവശ്യമായ ധാരണകളും ശേഷികളും ആർജിക്കുക

  മാനവികതാ വാദം- മനുഷ്യന്റെ സർവതോമുഖ വികാസം.

- **ബോധനരീതി**

  ആശയവാദം

പ്രായോഗികവാദം- വിദ്യാർഥി കേന്ദ്രബിന്ദു- സമൂഹകേന്ദ്രീകൃത വിദ്യാഭ്യാസം- പ്രവർത്തനാധിഷ്ഠിത പഠനം-പ്രഭാഷണരീതി അംഗീകരിക്കുന്നില്ല-
പ്രകൃതിവാദം- വിദ്യാലയങ്ങളും പാഠപുസ്തകങ്ങളും വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. -പ്രകൃതിയാണ് പഠനോപാധിയാവേണ്ടത്-

- **അച്ചടക്കം, സ്വാതന്ത്ര്യം**
  ആശയവാദം- നിയമങ്ങൾ അനുസരിക്കാനുള്ള ശീലം വികസിപ്പിക്കണം.
  പ്രകൃതിവാദം-വ്യക്തി സ്വാതന്ത്ര്യമാണ് പ്രധാനം-
  പ്രായോഗികവാദം- അച്ചടക്കം സ്വയം വികസിപ്പിക്കേണ്ടതാണ്-സ്വാതന്ത്ര്യം അനുവദിച്ചാലേ ഇത് സാധ്യമാവൂ.

ഇവയുടെ അടിസ്ഥാനത്തിൽ മുകളിൽ കൊടുത്ത ചോദ്യങ്ങളോടുള്ള നിങ്ങളുടെ പ്രതികരണങ്ങളെ വിശകലനം ചെയ്തുനോക്കൂ. നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏതെല്ലാം ദർശനങ്ങൾ ഏതു രീതിയിലാണ് പ്രതിഫലിക്കുന്നത്?
ക്ലാസ് മുറിയിലും പൊതുവായ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും അറിഞ്ഞും അറിയാതെയും വിവിധ ദർശനങ്ങ സമ്മിശ്രമായി പ്രതിഫലിക്കുന്നുണ്ടാവും. പ്രഭാത അസംബ്ലി, അച്ചടക്ക നിബന്ധനകൾ, ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾ, ,പാഠപുസ്തകങ്ങൾ, കുട്ടികൾ വരുത്തുന്ന തെറ്റുകളോടുള്ള സമീപനം, അധ്യാപക ഇടപെടലുകൾ തുടങ്ങിയ മേഖലകളിൽ ഏതൊക്കെ ദർശനങ്ങൾ പ്രതിഫലിക്കുന്നുണ്ട്? സ്കൂൾ പ്രവർത്തനങ്ങൾ, പഠന സാമഗ്രികൾ തുടങ്ങിയവ നിരീക്ഷിക്കുകയാണ് ഇതിനുള്ള വഴി. മുകളിൽ ചർച്ച ചെയ്ത കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ഒരു സൂചക പത്രിക നിർമിക്കാം
സൂചകങ്ങൾ തയാറാക്കുമ്പോൾ നൽകേണ്ട ചില പരിഗണനകൾ


- കുട്ടികളുടെ വൈവിധ്യം അംഗീകരിക്കുന്നതാണ് പ്രകൃതി വാദത്തിന്റെ പൊരുൾ. സ്കൂൾ യൂണിഫോം ഈ നൈസർഗികതയെ നിഷേധിക്കുന്നതാണോ?
- പൂർണമായും പ്രകൃതിവാദത്തെ അംഗീകരിച്ചുകൊണ്ട് വ്യവസ്ഥാപിത വിദ്യാഭ്യാസം സാധ്യമാണോ? സ്കൂൾ യൂണിഫോമിനെ പ്രായോഗികവാദത്തെ അടിസ്ഥാനമാക്കി ന്യായീകരിച്ചു കൂടെ?
- പരിശോധിച്ച പാഠപുസ്തകങ്ങൾ, പഠന സാമഗ്രികൾ എന്നിവയിൽ മാനവികതാ വാദം എന്തുമാത്രം പ്രതിഫലിക്കുന്നു?
- ക്ലാസ് മു
- റിയിൽ നടക്കുന്നപ്രവർത്തനങ്ങളിൽ മാനവിക-ജനാധിപത്യ ദർശനങ്ങൾ പ്രതിഫലിക്കുന്നുണ്ടോ?
- അച്ചടക്കത്തെക്കുറിച്ചുള്ള അധ്യാപക സങ്കൽപ്പം ഏതു ദർശനങ്ങളോടാണ് പൊരുത്തപ്പെടുന്നത്?

നമ്മുടേത് ഒരു ജനാധിപത്യ വ്യവസ്ഥയാണ്. നീതിയിലും മാനവികതയിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെയാണ് നാം വിഭാവനം ചെയ്യുന്നത്. നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഈ ആശയങ്ങൾ പൂർണമായും പ്രതിഫലിക്കുന്നുണ്ടോ? നിങ്ങളുടെ സ്വതന്ത്രമായ അഭിപ്രായം എന്താണ്? വിദ്യാഭ്യാസം(ഗാന്ധിജി), വിദ്യാഭ്യാസത്തിൽ വിപ്ലവം(ഓഷോ), പരിവർത്തനോന്മുഖവിദ്യാഭ്യാസം(യതി).. തുടങ്ങിയ പുസ്തകങ്ങൾ കൂടി പരിശോധിക്കുമല്ലോ)

**പാശ്ചാത്യ-പൗരസ്ത്യ ദാർശനികരുടെ കാഴ്ചപ്പാടുകൾ ഒരു താരതമ്യം**

വിവിധ ദാർശനികരുടെ കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുന്ന ഒരു ഡിജിറ്റൽ ആൽബം നമുക്ക് തയാറാക്കാം.

എല്ലാ ദാർശനികരുടെയും ഹ്രസ്വമായ ജീവചരിത്രവും ഫോട്ടോയും അവരുടെ വിദ്യാഭ്യാസ കാഴപ്പാടുകളും ഉദ്ധരണികളും അനായാസം വെബ്സൈറ്റുകളിൽ നിന്നും ലഭിക്കും. അവയുടെ ആധികാരികത ഉറപ്പു വരുത്തുകയും ലളിതമായ ഭാഷയിലേക്ക് വിവർത്തനംചെയ്ത് അനുയോജ്യവും ആകർഷവുമായ ലേഔട്ട് നൽകി നമുക്ക് ഒരു സചിത്ര വിവരണാത്മക ആൽബം തയാറാക്കാം



**ജീൻ ജാക്വിസ് റൂസ്സോ** **ദരിദ്രനായ ഒരു വാച്ചു നിർമാണ തൊഴിലാളിയുടെ മകനായി 1712 ജൂൺ 28 ന് ജനീവയിൽ ജനിച്ചു. ദുരിതപൂർണമായ കുട്ടിക്കാലത്ത് ഔപചാരിക വിദ്യാഭ്യാസം ലഭിക്കാൻ സാഹചര്യമില്ലാതെ പോയ റൂസ്സോ പിതാവിൽ നിന്നും വീട്ടിൽ നിന്നുമാണ് ആദ്യകാല അറിവുകൾ നേടിയത്. 13-ാമത്തെ വയസ്സിൽ നാടുവിട്ടു. പല ജോലികൾ ചെയ്തു ജീവിച്ച റൂസ്സോ പിൽക്കാലത്ത ഫ്രഞ്ച് വിപ്ലവത്തിന്റെ മുന്നണിപ്പോരാളിയായി. സ്വാതന്ത്യം സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ലോകത്തിനു സംഭാവന ചെയ്തത് റൂസ്സോയാണ്. Emile, Social Contract,New Heloise എന്നീ ഏറെ പ്രശസ്തങ്ങളായ പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. എമിലി ആണ് റൂസ്സോയുടെ വിദ്യാഭ്യാസ കാഴ്ച പ്പാടുകൾ വിശദമാക്കുന്ന കൃതി.**

**ശൈശവം,കുട്ടിക്കാലം, കൗമാരം, യൗവനം, സോഫിയ എന്നിങ്ങനെ അഞ്ചു ഭാഗങ്ങളുള്ള ഈ കൃതി എമിലി എന്ന കുട്ടിക്ക് പ്രകൃതിയുമായി ഇണങ്ങുന്ന സ്വാഭാവികമായ അന്തരീക്ഷത്തിൽ വിദ്യാഭ്യാസം നൽകുന്ന കഥയാണ് അവതരിപ്പിക്കുന്നത്.**

റൂസ്സോയുടെ വിദ്യാഭ്യാസകാഴ്ചപ്പാടുകളെ നമുക്ക് ഇങ്ങനെ ക്രോഡീകരിക്കാം

- കുട്ടിത്തത്തെ ബോധനശാസ്ത്രപരമായി (“Pedagogical Way") നോക്കിക്കാണണം.
- കുട്ടിയാണ് വിദ്യാഭ്യാസത്തിന്റെ കേന്ദ്രബിന്ദു .
- കുട്ടികൾ യഥാർഥത്തിൽ നന്മ നിറഞ്ഞവരാണ്;
- സമൂഹമാണ് മനുഷ്യരെ ദുഷിപ്പിക്കുന്നത്.
- കുട്ടിയുടെ പ്രകൃതത്തിനനുസരിച്ചാവണം വിദ്യാഭ്യാസം.
- ജന്മതാൽപ്പര്യമനുസരിച്ചാണ്പ്രവർത്തിക്കേണ്ടത് അല്ലാതെ ബാഹ്യനിയമങ്ങൾക്കനുസൃതമല്ല.
- ആത്മപ്രകാശനമാണ് വിദ്യാഭ്യാസലക്ഷ്യം .
- പ്രയോഗത്തിലൂടെയാണ് സിദ്ധാന്തം രൂപപ്പെടേണ്ടത്;

➢ പ്രകൃതിയാണ് പ്രഥമാധ്യാപകൻ.

➢ ഇന്ദ്രിയപരിശീലനമാണ് ആദ്യം നൽകേണ്ടത്.പിന്നീട് മതി സന്മാർഗിക-ബൗദ്ധിക വിദ്യാഭ്യാസം .

**ഫ്രെഡറിക്ക് അഗസ്റ്റസ് ഫ്രോബൽ**


**കിന്റർഗാർട്ടൺ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവായ ഫ്രോബൽ ജർമനിയൈൽ 1792 ഏപ്രിൽ 12-ന് ജനിച്ചു. മാതാവിന്റെ മരണത്തെത്തുടർന്ന് പിതാവ് ഉപേക്ഷിച്ച ഫ്രോബൽ അമ്മാവന്റെ സംരക്ഷണയിലാണ് പഠനം പൂർത്തിയാക്കിയത്. മതവിശ്വാസത്തോടും പ്രകൃതിയോടും അഗാധമായ അടുപ്പമുണ്ടായിരുന്ന ഫ്രോബൽ പെസ്റ്റലോസിയുടെ സ്ഥാപനത്തിൽ ചേർന്നാണ് തന്റെ വിദ്യാഭ്യാസ ചിന്തകൾക്ക് തുടക്കം കുറിച്ചത്. 1832-ൽ ആദ്യത്തെ കിന്റർഗാർട്ടൺ ഫ്രോബൽ ആരംഭിച്ചുവെങ്കിലും സ്വതന്ത്രചിന്തയെ ഭയപ്പെട്ട സർക്കാർ അത് നിരോധിക്കുകയായിരുന്നു. ഫ്രോബലിന്റെ മരണശേഷമാണ് കിന്റർഗാർട്ടൺ സമ്പ്രദായം ലോക സ്വീകാര്യത നേടിയത് .**

**ഫ്രോബലിന്റെ വിദ്യാഭ്യാസ ചിന്തകൾ**

✓ എല്ലാം ഉദ്ഭവിക്കുന്നത് ദൈവത്തിൽ നിന്നാണ്.

✓ സ്വയം പ്രവർത്തനങ്ങളിലൂടെ പ്രകാശിതമാവുന്ന ഒരാത്മീയ ചൈതന്യം എല്ലാ കുട്ടികളിലുമുണ്ട്.


✓ കളിയാണ് ഈപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു.



✓ സ്വതന്ത്ര വളർച്ച, ആരോഗ്യ സാമൂഹ്യശീലങ്ങൾ, വളർത്തൽ , ബുദ്ധിപരവും കായികവും വൈകാരികവുമായ വികാസം, സർഗശേഷികൾ വളർത്തൽ എന്നിവയാണ് വിദ്യാഭ്യാസ ലക്ഷ്യം.

✓ കഥപറയൽ, നിർമ്മാണപ്രവർത്തനങ്ങൾ, കരകൗശല പ്രവർത്തനങ്ങൾ,കളിപ്പാട്ട നിർമ്മാണവും ഉപയോഗിക്കലും, താളാത്മക പ്രവർത്തനങ്ങൾ, പസ്സിലുകൾ, ബിൽഡിങ്ങ് ബ്ലോക്കുകൾ, മുത്ത് കോർക്കൽ, തോട്ടം പരിചരിക്കൽ ചിത്രരചന ചുമരുകൾ അലങ്കരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു


✓ കമ്പിളിപ്പന്തുകൾ, ചതുരക്കട്ടകൾ, ഗോളങ്ങൾ തുടങ്ങിയ പഠനോപകരണങ്ങൾ സമൃദ്ധമായി ഉപയോഗിച്ചു.



**ജോൺ ഡ്യൂയി(1859-1952) ജീവിതം തന്നെ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് മുമ്പോട്ട് വച്ച വിഖ്യാതദാർശനികനാണ് ജോൺഡ്യൂയി. 1859-ൽ അമേരിക്കയിലെ ബർലിങ്ങ്ടണിൽ ജനിച്ചു.1903ൽ ചിക്കാഗോയിൽ സ്ഥാപിച്ച സ്കൂളിൽ ആണ് തന്റെ വിദ്യാഭ്യാസാദർശങ്ങൾ അദ്ദേഹം പരീക്ഷിച്ചത് How we think? The School and the Society, Democracy and Education, experience and Education, Schools of Tomorrow തുടങ്ങി നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് ഡ്യൂയി.**

**ഡ്യൂയിയുടെ പ്രധാന വിദ്യാഭ്യാസ ചിന്തകൾ**

- ❖ കുട്ടിയുടെ അടിസ്ഥാനപ്രകൃതം സൃഷ്ടിപരവും, പ്രകടനപരവും ആകാംക്ഷ നിറഞ്ഞതുമാണ്. അത് പ്രയോജനപ്പെടുത്തുന്നതാവണം വിദ്യാഭ്യാസം.
- ❖ സാമൂഹ്യജീവിതം ഏറ്റവും മികച്ചതാക്കാൻ വേണ്ട നൈപുണികളും ശേഷികളുമാണ് വിദ്യാഭ്യാസത്തിലൂടെ നാം സ്വായത്തമാക്കേണ്ടത്.
- ❖ ജനാധിപത്യമാണ് ഫലപ്രദമായ സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനശില, ജനാധിപത്യപരിശീലന കളരികളാവണം വിദ്യാലയങ്ങൾ.
- ❖ തുല്യതയും സഹകരണവുമാണ് ജനാധിപത്യത്തിന്റെ മുഖ്യആശയങ്ങൾ. വിദ്യാലയപ്രവർത്തനങ്ങളിൽ ഇത് പ്രകടമാവണം.
- ❖ "ഉപയോഗയോഗ്യത' യാണ് ഡ്യൂയിയുടെ മുഖ്യ പാഠ്യപദ്ധതി പരിഗണന. കുട്ടിയുടെ വികാസത്തിന്റെ ഓരോ ഘട്ടത്തിലും ഉള്ള ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി പാഠ്യപദ്ധതി ക്രമീകരിക്കണം.



കുട്ടികളുടെ താൽപ്പര്യങ്ങൾക്കും അഭിരുചികൾക്കും അനുസരിച്ച് അയവുള്ളതാവണം പാഠ്യപദ്ധതി.

- ❖ അനുഭവാധിഷ്ഠിതമാവണം പഠനം എന്നു ഡ്യൂയി നിഷ്ക്കർഷിച്ചു(" Knowledge gained through experience is best understood, more useful, and retained longer)
- ❖ പ്രശ്നപരിഹരണവും പ്രൊജക്ടുകളുമാണ് പഠനരീതിയായി ഡ്യൂയി നിർദ്ദേശിച്ചത്. പഠിതാവിന്റെ താൽപ്പര്യമനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ക്ലാസിൽ നടക്കേണ്ടത് എന്നും സംഘസഹകരണ പ്രവർത്തനങ്ങൾ ജനാധിപത്യ പരിശീലനത്തിനായി ഉൾ പ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.


**പൗലൊഫ്രെയർ (1921-1993) ബ്രസീലിലെ റാസിഫെ എന്ന സ്ഥലത്ത് 1921 ൽ ജനിച്ചു. 13-ാമത്തെ വയസ്സിൽ പിതാവ് നഷ്ടപ്പെട്ടു.ദാരിദ്ര്യം നിറഞ്ഞ കുട്ടിക്കാലം.** "I didn't understand anything because of my hunger. I wasn't dumb. It wasn't lack of interest. My social condition didn't allow me to have an education. " ഫ്രെയർ പറഞ്ഞു. എങ്കിലും പഠനം മുമ്പോട്ട് കൊണ്ടുപോയ ഫ്രെയർ 1946-ൽ സാംസ്കാരിക വകുപ്പ് ഡയറക്ടറായി നിയമിതനായി സാക്ഷരതാ പ്രസ്ഥാനത്തിൽ സജീവമായ ഫ്രെയറിന്റെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വ്യവസ്ഥയെ ചോദ്യംചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നതായിരുന്നു എന്ന ആരോപണമുയരുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. ജയിൽ മോചിതനായശേഷം തുടർന്ന് ചിലിയിലായിരുന്നു വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.Pedagogy of the oppressed, Cultural action for freedom എന്നിവ ഫ്രയറുടെ പ്രശസ്ത പുസ്തകങ്ങളാണ്.

**ഫ്രയറുടെ വിദ്യാഭ്യാസ ദർശനങ്ങൾ.**

അധിനിവേശത്തിനും ചൂഷണത്തിനുമെതിരെ നടന്ന ഐതിഹാസിക പോരാട്ടങ്ങളുടെ ചരിത്രമുള്ള ലാറ്റിനമേരിക്കൻ സാമൂഹ്യപശ്ചാത്തലത്തിലാണ് ഫ്രെയർ വിദ്യാഭ്യാസത്തെ നോക്കിക്കണ്ടത്..

മനുഷ്യവിമോചനത്തിനുവേണ്ടിയുള്ള ഒന്നായാണ് വിദ്യാഭ്യാസത്തെ ഫ്രെയർ കണ്ടത്. അപമാനവീകരണത്തിനു വിധേയമായവരെ മാനവീകരിക്കുന്ന പ്രവർത്തനമാണ് വിദ്യാഭ്യാസം .മർദ്ദിതന്റെ മർദ്ദകലോകത്തെ അനാവരണം ചെയ്യുകയും അതിൽ നിന്ന് മോചനം നേടുകയും പിന്നീട് മാനുഷികത നഷ്ടപ്പെട്ട ചൂഷകന് മനുഷ്യത്ത്വം വീണ്ടെടുത്ത് നൽകുകയും ചെയ്യുന്ന രണ്ട് ഘട്ടങ്ങളിലായാണ് വിമോചന പ്രവർത്തനങ്ങളെ ഫ്രെയർ തരം തിരിച്ചത്.

- വിമർശനത്തെ വിദ്യാഭ്യാസത്തിന്റേയും പഠനത്തിന്റേയും കാതലായി ഫ്രെയർ നിരീക്ഷിച്ചു.




- സാമൂഹ്യപ്രശ്നങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള ഒരു പാഠ്യപദ്ധതി ഉള്ളടക്കമാണ് ഫ്രെയർ വിഭാവനം ചെയ്തത്.
- പഠനം ഒരു പുന:സൃഷ്ടിയാണ്: പുതിയത് കണ്ടെത്തലാണ്.
- നിലവിലുള്ള പഠനരീതി അറിവുകൾ കുത്തി നിറയ്ക്കുന്ന "ബാങ്കിങ്ങ്" രീതിയാണ്. അത് വിമർശന ചിന്ത, സൃഷ്ടിപരത എന്നിവയെ പ്രോത്സാഹിപ്പിക്കുന്നില്ല.
- വിമർശനാത്മക ചിന്തയിലൂടെ അറിവുകൾ മാറ്റിപ്പണിയാൻ അവസരം വേണം.
- സമൂർത്ത ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ടാണ് വിദ്യാഭ്യാസം നൽകേണ്ടത്.
- നിലവിലുള്ള വിദ്യാഭ്യാസ രീതി വ്യവസ്ഥയെ നിലനിർത്തുന്നതാണ് (*പോറ്റിവളർത്തൽ വിദ്യാഭ്യാസം*)

- കൂട്ടായ അന്വേഷണവും സംവാദവും ആശയവിനിമയവുമാണ് വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ നടക്കേണ്ടത്

## സ്വാമി വിവേകാനന്ദൻ

**1863 ജനുവരി 12 ന് വിശ്വനാഥദത്ത എന്ന അഭിഭാഷകന്റെ മകനായി കൽക്കത്തയിൽ ജനിച്ചു. നരേന്ദ്രൻ എന്നായിരുന്നു ആദ്യത്തെ പേര്. പഠനത്തിൽ സമർത്ഥനായിരുന്ന നരേന്ദ്രൻ കൽക്കത്തയിലെ സ്കോട്ടിഷ് ചർച്ച് കോളേജിൽ നിന്നും ബിരുദം നേടിയ ശേഷം ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യനായി. ഭാരതത്തിലെ ദർശനങ്ങൾ, വേദങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ എന്നിവയിൽ അവഗാഹം നേടിയ വിവേകാനന്ദൻ ആധുനിക സാമൂഹ്യജീവിതത്തിലെ പ്രശ്നങ്ങളെ സമഗ്രമായി വിശകലനം ചെയ്താണ് തന്റെ കാഴ്ചപ്പാടുകൾക്ക് രൂപം നൽകിയത്.**

## വിവേകാനന്ദന്റെ വിദ്യാഭ്യാസ ദർശനങ്ങൾ

വിദ്യാഭ്യാസം മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദൈവികസമ്പൂർണതയുടെ പ്രകാശനമാണ് എന്നാണ് വിവേകാനന്ദൻ വിദ്യാഭ്യാസത്തെ നിർവചിച്ചത്. ഒരു ചെടി വളരുന്നതുപോലെ കുട്ടിയും വളരുമെന്നും അധ്യാപകന് ഒരു തോട്ടക്കാരൻ ചെയ്യുന്നത് പോലെ തടസങ്ങൾ ഒഴിവാക്കുന്ന ചുമതല മാത്രമെ ഉള്ളൂ എന്നും വിവേകാനന്ദൻ അഭിപ്രായപ്പെട്ടു. അറിവുകൾ ജന്മസിദ്ധവും അന്തർലീനവുമാണ്. അതിനെ പുറത്തു കൊണ്ടുവരികയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

കായിക ശേഷികളുടെ വികാസം,സൻമാർഗവിദ്യാഭ്യാസം, തൊഴിലഭ്യസനം, ബ്രഹ്മചര്യം, തുടങ്ങിയവ വിവേകാനന്ദന്റെ കാഴ്ചപ്പാടനുസരിച്ചുള്ള വിദ്യാഭ്യാസ ലക്ഷ്യങ്ങളാണ്.


ദേശീയബോധം, സ്വാതന്ത്ര്യബോധം, ശാസ്ത്ര-വേദാന്ത സമന്വയം തുടങ്ങിയവയും അദ്ദേഹത്തിന്റെ ഊന്നലുകളാണ്.
സ്ത്രീപുരുഷ തുല്യത, സമസ്ത ജനങ്ങളുടേയും സാഹോദര്യവും ക്ഷേമവും എന്നീ ആശയങ്ങളും സ്വാമി വിവേകാനന്ദൻ മുമ്പോട്ടു വെച്ചു.

**രവീന്ദ്രനാഥ ടാഗോർ** 1861 മെയ് 7-ന് കൽക്കത്തയിൽ ജനിച്ചു. മാതാവ് മരണപ്പെടുകയും പിതാവ് ദേബേന്ദ്ര ടാഗോർ നിരന്തരയാത്രയിൽ ആവുകയും ചെയ്തതുകൊണ്ട് വീട്ടിലെ ജോലിക്കാരുടെ സംരക്ഷണയിൽ ആയിരുന്നു രവീന്ദ്രനാഥ ടാഗോറിന്റെ കുട്ടിക്കാലം. സംഗീതം,നൃത്തം, സാഹിത്യം എന്നിവയെല്ലാം നിറഞ്ഞു നിന്ന ഒരു കുടുംബമായിരുന്നു ടാഗോറിന്റേത്. കവിത, നോവൽ,നാടകം തുടങ്ങി സമസ്ത സാഹിത്യ ശാഖകളിലും വ്യക്തിമുദ്ര പതിപ്പിച്ച രവീന്ദ്രനാഥ ടാഗോറിന് 1913 ൽ നോബൽ സമ്മാനം ലഭിച്ചു. 1901-ൽ സ്ഥാപിച്ച ശാന്തിനികേതനം ആണ് ടാഗോറിന്റെ പ്രശസ്തമായ ആദ്യ വിദ്യാഭ്യാസ സംരംഭം. പിന്നീട് 1921-ൽ പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് വിശ്വഭാരതി സർവകലാശാല സ്ഥാപിച്ചു

**ടാഗോറിന്റെ വിദ്യാഭ്യാസ ദർശനങ്ങൾ**

ഭാരതീയ തത്വചിന്തയിലും സംസ്കാരത്തിലും അടിയുറച്ച വിശ്വാസമുണ്ടായിരുന്ന ടാഗോർ, സാർവദേശീയതയെ ആണ് പ്രഥമമായി കണ്ടത്. ഭാരതീയ സംസ്കാരത്തെ ലോകസംസ്കാരത്തിന്റെ ഭാഗമായി ടാഗോർ പരിഗണിച്ചു. അന്തർദേശീയ സഹകരണം, വിശ്വപൗരത്വം തുടങ്ങിയ ആശയങ്ങൾ മുമ്പോട്ടുവച്ച ടാഗോർ ഒരർഥത്തിലും ഒരു സങ്കുചിത ദേശീയവാദിയായിരുന്നില്ല

- ആത്മസാക്ഷാൽക്കാരമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
- ഭാവനാശേഷി,സർഗപരത, യുക്തിചിന്ത തുടങ്ങിയ ബൗദ്ധികശേഷികൾ വികസിപ്പിക്കണം.
- കുട്ടിക്ക് തന്റെ പഠനരീതികൾ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടാവണം.
- വിശ്വമാനവികതയോട് ആദരവും സ്നേഹവും വികസിപ്പിക്കണം.
- മാതൃഭാഷയാവണം ബോധനമാധ്യമം.
- തദ്ദേശീയമായ അറിവുകൾക്കൊപ്പം ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയിലും നൈപുണ്യം നേടണം.




- മാനസികവും സദാചാരപരവുമായ വികാസം സാധ്യമാക്കണം.
- പ്രകൃതിയുമായി ഇണങ്ങിയുള്ള വിദ്യാഭ്യാസമാണ് നൽകേണ്ടത്.
- കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വൈവിധ്യമുള്ള പഠന വിഷയങ്ങൾ വേണം
- ക്ലാസ് മുറിക്കപ്പുറത്ത് വിശാലമായ ലോകമാണ് കുട്ടികൾ പഠനവിഷയമാക്കേണ്ടത്

**ഗാന്ധിജി** 1869ൽ ഗുജറാത്തിലെ പോർബന്ധറിൽ ജനിച്ചു. 1893–മുതൽ 20 വർഷത്തോളം ദക്ഷിണാ ഫ്രിക്കയിൽ താമസിച്ച് വർണവിവേചനത്തിനും അടിമത്തത്തിനുമെതിരെ പ്രവർത്തിച്ചു. 1914 ൽ ഇന്ത്യയിൽ തിരിച്ചെത്തി സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി. അതോടൊപ്പം വിദ്യാഭ്യാസപ്രവർ ത്തനങ്ങളും ആരംഭിച്ചു.1937–ൽ വാർധാ പദ്ധതിക്ക് രൂപം നൽകി.

**ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനങ്ങൾ**

- വിദ്യാഭ്യാസം എന്നതു കൊണ്ട് ഗാന്ധിജി അർഥമാക്കുന്നത് മനസ്സ്, ശരീരം, ആത്മാവ് എന്നിവയിലെ എല്ലാ നന്മകളുടെയും പരിപൂർണ പ്രകാശനമാണ് അല്ലാതെ, കേവലമായ അക്ഷരാഭ്യാസമല്ല.
- ആത്മസാക്ഷാൽക്കാരമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം.
- നന്മ-തിന്മകളെ വേർതിരിച്ചറിയാൻ പ്രാപ്തനാക്കാത്ത വിദ്യാഭ്യാസം നിഷ്പ്രയോജനമാണ്.
- ഗ്രാമത്തിലെ ദരിദ്രന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതാവണം വിദ്യാഭ്യാസം.
- ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സമന്വയത്തിലുടെ സമ്പൂർണവികാസം സാധ്യമാക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.
- വിദ്യാഭ്യാസം സാർവത്രികവും സൗജന്യവുമാവണം.
- വിദ്യാഭ്യാസം സൗജന്യമാക്കാനുള്ള പോംവഴി അതിനെ സ്വാശ്രയമാക്കലാണ്: കുട്ടികൾക്ക് പ്രതിഫലം ലഭിക്കുന്ന ഭാഗികതൊഴിൽ കൂടി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം.
- വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭാഗിക തൊഴിൽ കൂടി നിർബന്ധമാക്കുന്നത് കേവലം വിദ്യാഭ്യാസത്തിനു വേണ്ട പണമുണ്ടാക്കാനല്ല. തൊഴിൽ ചെയ്യുന്നത് വ്യക്തിത്വപരിശീലനം കൂടിയായിട്ടാണ് ഗാന്ധിജി വിഭാവനം ചെയ്തത്.




- ഭാവി ജീവിതത്തിനുതകുന്ന തൊഴിൽ പരിശീലനവും വിദ്യാഭ്യാസ പദ്ധതിയിലുണ്ടാവണം.
- സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാം ആരംഭിക്കേണ്ടത് വിദ്യാഭ്യാസത്തിലൂടെയാവണം.
- പരിസ്ഥിതിബന്ധിതമാവണം വിദ്യാഭ്യാസം.
- ഭാഷയും സാഹിത്യവും പഠിക്കണം-എന്നാൽ മാതൃഭാഷയെ വിസ്മരിക്കരുത്.

**ഡിജിറ്റൽ ആൽബത്തിലേക്ക്**

ചില പാശ്ചാത്യ-പൗരസ്ത്യ ദാർശനികരുടെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ സംബന്ധിച്ച ചില സൂചനകൾ മാത്രമാണ് മുകളിൽ കൊടുത്തത്. വെബ് സൈറ്റുകളിൽ നിന്നും മറ്റും കൂടുതൽ വിവരങ്ങൾ ഉചിതമായ ഉദ്ധരണികൾ, ചിത്രങ്ങൾ എന്നിവ ലഭിക്കും. എല്ലാം ചേർത്ത് സചിത്രവിവരണ ആൽബം തയ്യാറാക്കാമല്ലോ. പൗരസ്ത്യ-പാശ്ചാത്യ ദർശനങ്ങൾ തമ്മിലുള്ള താരതമ്യം കൂടി ചേർക്കുമല്ലോ

താരതമ്യം ചെയ്യുമ്പോൾ--

- വിദ്യാഭ്യാസ ലക്ഷ്യങ്ങളെ എങ്ങനെയാണ് പൗരസ്ത്യ-പാശ്ചാത്യ ദർശനങ്ങൾ സമീപിക്കുന്നത്? സാമ്യവ്യത്യാസങ്ങൾ ഏതൊക്കെ?
- ബോധനരീതിയിലെ സാമ്യവ്യത്യാസങ്ങൾ- ശിശുകേന്ദ്രീകൃതമായ രീതികൾ ആരൊക്കെ നിർദ്ദേശിക്കുന്നു? പ്രവർത്തനാധിഷ്ഠിത രീതികൾ നിർദ്ദേശിക്കുന്നത് ആരൊക്കെ? പരിസ്ഥിതി ബന്ധിത രീതികൾ ആരൊക്കെ നിർദ്ദേശിക്കുന്നു?
- അച്ചടക്കം, സ്വാതന്ത്ര്യം എന്നീ കാര്യങ്ങളെ എങ്ങനെയാണ് ഓരോരുത്തരും സമീപിക്കുന്നത്? അറ്റു സാമ്യവ്യത്യാസങ്ങൾ ഏതൊക്കെ?

**നമ്മുടെ സ്കൂൾ പാഠ്യപദ്ധതിയും ദർശനങ്ങളും**

നമ്മുടെ നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി പരിശോധിക്കൂ? മുകളിൽപ്പറഞ്ഞ ദർശനങ്ങളും നമ്മുടെ പാഠ്യപദ്ധതിയുടെ വിവിധ സമീപനങ്ങളും ദർശനങ്ങളും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യൂ,

.

- *വിദ്യാഭ്യാസത്തിന്റെ ദാർശനികഭൂമിക -(വേദമണി മാന്വൽ,ടി കെ ഡി നായർ,), ഭാരതീയവിദ്യാഭ്യാസം(ടി കെ മുഹമ്മദ്) വിദ്യാഭ്യാസം(കെ ഡോ.ശിവദാസൻ പിള്ള. പേജ് 72 മുതൽ 104 വരെ )*

# യൂണിറ്റ് 4
# അധ്യാപകവിദ്യാഭ്യാസം

## ആമുഖം

അധ്യാപകവിദ്യാഭ്യാസം നേടുന്ന ഏതൊരു വിദ്യാർഥിക്കും അധ്യാപക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഉള്ളടക്കം, വിനിമയരീതി, വിലയിരുത്തൽ എന്നിവയെ ക്കുറിച്ചും അതിലൂടെ ഭാവി അധ്യാപകരിൽ രൂപപ്പെട്ടുവരേണ്ട ശേഷികളെക്കുറിച്ചും കൃത്യമായ ധാരണ ഉണ്ടാകേണ്ടതുണ്ട്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പഠനപദ്ധതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് അധ്യാപകവിദ്യാഭ്യാസത്തിന്റേത്. അത് സ്കൂൾപാഠ്യപദ്ധതി, പാഠ്യപദ്ധതികൾക്കു അടിസ്ഥാനമായി വർത്തിക്കുന്ന ദാർശനികപരിസരം, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സാമൂഹികസംവിധാനങ്ങൾ, പിന്തുണാസംവിധാനങ്ങൾ എന്നിവയൊക്കെയുമായി ബന്ധപ്പെട്ടിരിക്കുന്നു. മറ്റു തൊഴിലുകളിൽ നിന്നും വ്യത്യസ്തമായി വളരെയധികം മൂല്യബോധവും മനോഭാവവും നൈപുണികളും രൂപപ്പെട്ടുവരേണ്ട അധ്യാപന ജോലിക്ക് അനുസൃതമായ പഠനപദ്ധതിയാണ് അധ്യാപകവിദ്യാഭ്യാസത്തിന്റേത്. പ്രീസർവീസ്, ഇൻസർവീസ് അധ്യാപകപരിശീലനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട സംവിധാനങ്ങളെക്കുറിച്ചും അധ്യാപകവിദ്യാർഥികൾക്കു സാമാന്യമായ ധാരണ രൂപപ്പെടുത്തുകയാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യം.

**പഠനനേട്ടം** :

പ്രീ സർവ്വീസ് അധ്യാപക പരിശീലനത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.

**പ്രധാനാശയങ്ങൾ**

- ടി.ടി.സി, ഡി.എഡ് എന്നീ പേരുകളിൽ അറിയപ്പെട്ട കേരളത്തിലെ പ്രൈമറി അധ്യാപക പരിശീലനകോഴ്സാണ് ഡി.എൽ.എഡ് ആയി മാറിയത്.
- എലിമെന്ററി ക്ലാസുകളിൽ പഠിപ്പിക്കുന്നതിനാവശ്യമായ ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, നൈപുണികൾ എന്നിവ രൂപപ്പെടുത്തുക യാണ് ഡി.എൽ.എഡ് കോഴ്സിന്റെ ലക്ഷ്യം.
- ഡി.എൽ.എഡ് (D.El.Ed) കോഴ്സിന് രണ്ടുവർഷം നീണ്ടുനിൽക്കുന്ന നാലുസെമസ്റ്ററുകൾ ഉള്ള ഒരു പാഠ്യപദ്ധതിയുണ്ട്.

നിങ്ങൾക്ക് നിങ്ങളുടെ അധ്യാപകരെക്കുറിച്ചുള്ള ഓർമകളില്ലേ? ഏറ്റവും പ്രിയപ്പെട്ട അധ്യാപകർ, ഒട്ടും ഇഷ്ടമില്ലാത്ത അധ്യാപകർ അങ്ങനെയുള്ളവരെക്കുറിച്ചുള്ള ഓർമകൾ അവതരിപ്പിക്കൂ.

- എന്തുകൊണ്ടാണ് നിങ്ങൾ അധ്യാപകനെ ഏറ്റവുമധികം ഇഷ്ടപ്പെടുന്നത് / ഇഷ്ടപ്പെടാത്തത്?
- അധ്യാപകവൃത്തിക്കാവശ്യമായ അടിസ്ഥാനശേഷികൾ എന്തൊക്കെയാണ്?
- നിലവിലെ അധ്യാപക സമൂഹത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്താണ്?

**ഉള്ളടക്കം**

പ്രീസ്കൂൾ വിദ്യാഭ്യാസത്തിനും സെക്കണ്ടറിവിദ്യാഭ്യാസത്തിനും ഇടയിലുള്ള ഔപചാരിക വിദ്യാഭ്യാസഘട്ടത്തെ എലിമെന്ററി വിദ്യാഭ്യാസം എന്നു പറയുന്നു. ഇന്ത്യയിൽ ഇത് 1 മുതൽ 8 വരെ ക്ലാസുകളാണ്. ഔപചാരികവിദ്യാഭ്യാസത്തിന്റെ ഈ ആദ്യഘട്ടത്തിൽ എഴുത്ത്, വായന, ഗണിതം, സമീപപരിസരം കലാകായികമികവ് എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ ആർജിക്കേണ്ടതുണ്ട്.

ഒരു വിദ്യാർത്ഥിയുടെ ഔപചാരികവിദ്യാഭ്യാസത്തിന്റെ അടിത്തറയിടുന്ന ഘട്ടമായതിനാൽ ഇത് വിദ്യാഭ്യാസപരമായി ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ്. ഓരോ വിഷയ മേഖലയുടെയും അടിസ്ഥാനാശയങ്ങൾ, നൈപുണികൾ എന്നിവ എലിമെന്ററി ഘട്ടത്തിൽ ഉറയ്ക്കേണ്ടതുണ്ട്. വികാസം പൂർണമാകുകയോ ആവശ്യമായ പഠനനേട്ടങ്ങൾ കൈവരിക്കുകയോ ചെയ്യാത്ത പഠിതാവാണ് എലിമെന്ററി ഘട്ടത്തിലെ കുട്ടി എന്നതുകൊണ്ട് ഇവരെ പഠിപ്പിക്കുന്ന അധ്യാപകർക്ക് മുതിർന്ന കുട്ടികളെ പഠിപ്പിക്കുന്നവരെക്കാൾ കൂടുതൽ അധ്യാപനശേഷികൾ ആവശ്യമാണ്. കുട്ടിയുടെ വളർച്ച, വികാസം, പഠനം എന്നിവയെക്കുറിച്ച് ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ അധ്യാപകർക്കുണ്ടായിരിക്കണം. ഇതോടൊപ്പം വിവിധങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പഠനതന്ത്രങ്ങളെക്കുറിച്ചും പഠനസാമഗ്രികളെക്കുറിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരിക്കണം. ഇതിനുള്ള അവസരങ്ങൾ ഡി.എൽ.എഡ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ആശയപരമായി നേടിയ അറിവുകളെ പ്രയോഗിച്ചു നോക്കാനും മെച്ചപ്പെടുത്താനുമുള്ള 100 ദിവസം നീണ്ടുനിൽക്കുന്ന പ്രായോഗിക അധ്യാപകപരിശീലനവും കോഴ്സിന്റെ ഭാഗമാണ്. ആകെക്കൂടി എലിമെന്ററി ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനാവശ്യമായ ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, നൈപുണികൾ എന്നിവ ആർജിക്കുകയാണ് ഡി.എൽ.എഡ് കോഴ്സിന്റെ ലക്ഷ്യം.

**പഠനനേട്ടം**

പ്രീസർവീസ് അധ്യാപക പരിശീലനത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുന്നു.

**ആശയമേഖലകൾ**:

- ഡി.എൽ.എഡ് വിഷയപരമായ ഉള്ളടക്കം.
- സ്കൂൾ അനുഭവപരിപാടി
- ക്യാമ്പ്
- പഠനയാത്ര
- ശില്പശാലകൾ

**ഡി.എൽ.എഡ് പാഠ്യപദ്ധതി പരിശോധിച്ചു കണ്ടെത്തുക**

- ഏതൊക്കെ വിഷയങ്ങളാണ് പഠിക്കാനുള്ളത്?
- ഏതൊക്കെ വിഷയങ്ങൾക്ക് ഏതൊക്കെ സെമസ്റ്ററുകളിലാണ് എഴുത്തു പരീക്ഷ?
- നിരന്തരവിലയിരുത്തൽ എന്നാൽ എന്താണ്? ഡി.എൽ.എഡ് കോഴ്സിൽ നിരന്തരവിലയിരുത്തലിനുള്ള പ്രാധാന്യം എത്രത്തോളം?
- സ്കൂൾ അനുഭവപരിപാടിക്കു തയ്യാറാകേണ്ടത് എങ്ങനെ?
- ക്യാമ്പ്, പഠനയാത്ര എന്നിവയുടെ ഉദ്ദേശ്യം എന്താണ്?

- ശില്പശാലകളിൽ പങ്കെടുക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണ്?
- ഇതുവരെ പഠിച്ച കോഴ്സുകളിൽ നിന്നും ഈ കോഴ്സിനുള്ള വ്യത്യാസം എന്താണ്?

**ഉള്ളടക്കം**

- വിദ്യാഭ്യാസമന:ശാസ്ത്രം, വിദ്യാഭ്യാസത്തിന്റെ ദാർശനികാടിത്തറ, മാതൃഭാഷാ ബോധനശാസ്ത്രം, ഇംഗ്ലീഷ് ബോധനശാസ്ത്രം, ഗണിതബോധനം, പരിസരപഠനം, ശാസ്ത്രപഠനം, സാമൂഹ്യശാസ്ത്രപഠനം, കലാകായിക പ്രവൃത്തിപരിചയം, വിവര വിനിമയ സാങ്കേതികവിദ്യ എന്നിവയുമായി ബന്ധപ്പെട്ട് 4 സെമസ്റ്ററുകളിലെ 35 പേപ്പറുകളിലായി ഉള്ളടക്കം വിന്യസിച്ചിരിക്കുന്നു.
- 100 ദിവസത്തെ പ്രായോഗിക വിദ്യാലയാനുഭവപരിപാടി കോഴ്സിന്റെ ഭാഗമാണ്. 1,2 സെമസ്റ്ററുകളിൽ 5 ദിവസം വീതവും 3,4 സെമസ്റ്ററുകളിൽ 45 ദിവസം വീതവുമാണ് പ്രായോഗിക പരിശീലനം. ഇതിൽ 1,2 സെമസ്റ്ററുകളിലെ വിദ്യാലയാനുഭവ പരിപാടികൾ വിഷയമേഖലകളുമായി ബന്ധപ്പെട്ട ട്രൈഔട്ടുകൾക്കുവേണ്ടിയുള്ളതാണ്. മൂന്നാം സെമസ്റ്ററിൽ ലോവർപ്രൈമറി തലം അടിസ്ഥാനമാക്കിയും നാലാം സെമസ്റ്ററിൽ അപ്പർ പ്രൈമറിതലം അടിസ്ഥാനമാക്കിയും ആയിരിക്കും വിദ്യാലയാനുഭവപരിപാടി. വിശദാംശങ്ങൾ ഡി.എൽ.എഡ് പദ്ധതിയിൽ നിന്നും മനസ്സിലാക്കുക.
- 15 ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ സ്വഭാവത്തോടുകൂടിയ ക്യാമ്പാണ് ഉണ്ടായിരിക്കുക. അധ്യാപക വിദ്യാർഥിയുടെ സാമൂഹിക ഗുണങ്ങൾ, ആശയ വിനിമയപാടവം, നേതൃപാടവം, കലാകായിക സർഗശേഷികളുടെ പരിപോഷണം, പ്രശ്നപരിഹരണശേഷി എന്നിവയുടെ വികസനമാണ് സമൂഹസമ്പർക്ക ക്യാമ്പു കൊണ്ട് ഉദ്ദേശിക്കുന്നത്. ക്യാമ്പിന് പ്രവർത്തന വിശദാംശങ്ങൾ അടങ്ങിയ മൊഡ്യൂൾ ഉണ്ടായിരിക്കും. ക്യാമ്പിന്റെ ആസൂത്രണം, നടത്തിപ്പ് എന്നിവ അധ്യാപക വിദ്യാർഥികളുടെ നേതൃത്വത്തിലാണ് നടക്കേണ്ടത്.
- ഒരു പഠനതന്ത്രമെന്ന നിലയിൽ പഠനയാത്രകൾ ആസൂത്രണം ചെയ്യാനും സംഘടിപ്പിക്കാനുമുള്ള അനുഭവങ്ങളും ശേഷികളും നേടുകയാണ് പഠനയാത്രയുടെ ഉദ്ദേശ്യം. പഠനയാത്രയുടെ നിർവഹണം, സാമ്പത്തിക വിനിമയം, വരവുചെലവു കണക്കുകൾ എന്നിവ അധ്യാപകവിദ്യാർഥികൾ സ്വയം നിർവ്വഹിക്കണം. പഠനയാത്രയുടെ വിശദാംശങ്ങൾ ഡി.എൽ.എഡ് പാഠ്യപദ്ധതിയിൽ കൊടുത്തിട്ടുണ്ട്.
- ഒന്നു രണ്ടു സെമസ്റ്ററുകളിൽ നടത്തേണ്ട വിദ്യാലയാനുഭവ പരിപാടികൾക്ക് ഓരോ വിഷയവുമായും ബന്ധപ്പെട്ട് ട്രൈഔട്ട് മേഖലകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയമേഖലകളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ളതാണ് പാഠ്യപദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശില്പശാലകൾ.

**പഠനനേട്ടം**

അധ്യാപക യോഗ്യതാപരീക്ഷകൾ, കോഴ്സുകൾ എന്നിവയുടെ ഘടന, പരസ്പര ബന്ധം എന്നിവ കണ്ടെത്തുന്നു.

**ആശയമേഖലകൾ**

**അധ്യാപക പരിശീലനകോഴ്സുകൾ.**

പി.പി.ടി.ടി.സി

ഡി.എൽ.എഡ്

ബി.എഡ്

എം.എഡ് തുടങ്ങിയവ.

**അധ്യാപക യോഗ്യതാപരീക്ഷകൾ**

കെ.ടെറ്റ്

സി.ടെറ്റ്

സെറ്റ്

നെറ്റ്

**ഉള്ളടക്കം:**

**1. പ്രീ.പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്** (PPTTC)

പ്രീപ്രൈമറി തലത്തിലുള്ള അധ്യാപകരെ സജ്ജമാക്കുന്നതിനുള്ള സേവനപൂർവ്വ പരിശീലനമാണ് പ്രിപ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്. ഹയർ സെക്കൻഡറിയാണ് ഇതിനുള്ള അടിസ്ഥാന യോഗ്യത. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലാണ് കോഴ്സ് നടക്കുന്നത്. കോഴ്സ് കാലാവധി രണ്ട് വർഷമാണ്.

**2. ഡിപ്ലോമ ഇൻ. ലാഗ്വേജ് എഡ്യൂക്കേഷൻ**

ഹിന്ദി,സംസ്കൃതം തുടങ്ങിയ വിഷയങ്ങൾക്കുള്ള ഭാഷാധ്യാപകരെ രൂപപ്പെടുത്തുന്ന കോഴ്സാണ് ഡിപ്ലോമ ഇൻ. ലാഗ്വേജ് എഡ്യൂക്കേഷൻ (D.L.Ed.), D.El.Ed. എന്ന നിങ്ങളുടെ കോഴ്സുമായി ഇതിനുള്ള വ്യത്യാസം തിരിച്ചറിയേണ്ടതുണ്ട്.

**3. ഡി.എൽ.എഡ്** (D.El.Ed) **എലിമെന്ററി അധ്യാപക പരിശീലന കോഴ്സ്.**

**4. ബി.എഡ്** (B.Ed.) **സെക്കന്ററി അധ്യാപക പരിശീലന കോഴ്സ്.**

**5. എം.എഡ്** (M.Ed.) **വിദ്യാഭ്യാസത്തിന്റെ ബിരുദാനന്തര ബിരുദം.**

അധ്യാപകപരിശീലന കോഴ്സുകൾ മാത്രം പൂർത്തിയാക്കിയാൽ അധ്യാപകരായി ജോലി ചെയ്യാൻ കഴിയില്ല. അധ്യാപകയോഗ്യതയ്ക്കായി പ്രത്യേകം പരീക്ഷകൾ കൂടി വിജയിക്കേണ്ടതുണ്ട്.

- എലിമെന്ററി അധ്യാപക യോഗ്യതാ പരീക്ഷ

  കെ.ടെറ്റ് (K.TET) (കേരളഗവൺമെന്റ് നടത്തുന്ന പരീക്ഷ)

  സി.ടെറ്റ് (C.TET) (കേന്ദ്ര ഗവൺമെന്റ് നടത്തുന്ന പരീക്ഷ)

- സെറ്റ് (SET) (ഹയർസെക്കന്ററി അധ്യാപകനാകാനുള്ള യോഗ്യതാ പരീക്ഷ കേരളം)
- നെറ്റ് (NET) ദേശീയ കോളേജ് അധ്യാപക യോഗ്യതാ പരീക്ഷ എന്നിവയാണവ.

**പഠനനേട്ടം**

സേവനകാല പരിശീലനത്തിന്റെ ആവശ്യകത, ഉദ്ദേശ്യം എന്നിവ തിരിച്ചറിയുന്നു.

**പ്രധാനാശയങ്ങൾ**

- അധ്യാപനം ആജീവനാന്തപഠനം ആവശ്യമുള്ള തൊഴിൽ.
- അധ്യാപകൻ അന്വേഷകനും ഗവേഷകനുമാണ്.
- അധ്യാപകർക്കായി സേവനകാലപരിശീലനങ്ങളുണ്ട്.
- പാഠ്യപദ്ധതിയിൽ വരുന്ന മാറ്റങ്ങൾ അധ്യാപകർ ഉൾക്കൊള്ളേണ്ടതുണ്ട്. ഉള്ളടക്കം, വിനിമയതന്ത്രങ്ങൾ, പഠനബോധനസാമഗ്രികൾ എന്നിവയെക്കുറിച്ച് അധ്യാപകർക്ക് ധാരണയുണ്ടായിരിക്കണം.

**ഉള്ളടക്കം**

മറ്റുതൊഴിലുകളിൽ നിന്നും വ്യത്യസ്തമായി അധ്യാപനം നിരന്തരം പഠനവും അന്വേഷണവും ആവശ്യമുള്ള തൊഴിലാണ്. ജിജ്ഞാസുക്കളായ കുട്ടികളെയാണ് അധ്യാപകർ അഭിമുഖീകരിക്കേണ്ടത്. അവരുടെ സംശയങ്ങൾക്കു പരിഹാരം കാണാനും അതുവഴി അവരുടെ ലോകം വികസിപ്പിക്കാനുമുള്ള ഉത്തരവാദിത്വം അധ്യാപകനുണ്ട്. വിജ്ഞാന വിസ്ഫോടനത്തിന്റെയും ഡിജിറ്റൽ വിവരവിനിമയത്തിന്റെയും കാലഘട്ടത്തിൽ സ്വന്തം അറിവും ആയുധങ്ങളും മൂർച്ചകൂട്ടിക്കൊണ്ടേയിരിക്കുകയാണ് വേണ്ടത്. ഇതിനായി അധ്യാപകർ നിരന്തരം പഠിച്ചുകൊണ്ടിരിക്കണം. വിദൂരപഠനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ധാരാളം പഠനാവസരങ്ങൾ ഇന്നുണ്ട്. ഇതോടൊപ്പം വിദ്യാഭ്യാസവകുപ്പിന്റെയും എസ്.എസ്.എ, ആർ.എം.എസ്.എ, കൈറ്റ് (KITE- Kerala Infrastructure and Technology for Education) തുടങ്ങിയ ഏജൻസികളുടെയും നേതൃത്വത്തിൽ നടക്കുന്ന സേവനകാലപരിശീലനങ്ങളിലും അധ്യാപകർ പങ്കെടുക്കണം.

അധ്യാപകവൃത്തിക്കിടയിൽ ഭിന്നനിലവാരക്കാരായ വിദ്യാർഥികളെയും പ്രത്യേക പരിഗണനയുള്ളവരെയും കൈകാര്യം ചെയ്യുന്നത് എപ്പോഴും വലിയ വെല്ലുവിളിയുമാണ്. ഓരോ പ്രവർത്തനങ്ങളുടേയും ഭിന്നനിലവാരസാധ്യതയെക്കുറിച്ചും പ്രത്യേകപരിഗണ നയർഹിക്കുന്നവർക്കുവേണ്ടി അവയെ അനുരൂപീകരണം നടത്തുന്നതിനെക്കുറിച്ചും അധ്യാപകൻ ഒരു ഗവേഷകനെപ്പോലെ അന്വേഷണം നടത്തേണ്ടതുണ്ട്. പുതിയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും പഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനും ഉള്ള ഗവേഷണ പ്രവർത്തനമായിരിക്കണം ഇത്. ഇത്തരം പ്രവർത്തന രൂപകല്പനകൾക്ക് അടിത്തറയായി ശിശു മന:ശാസ്ത്രത്തെക്കുറിച്ചും പഠനസിദ്ധാന്തങ്ങളെക്കുറിച്ചും വിദ്യാഭ്യാസദർശനങ്ങളെക്കുറിച്ചും അധ്യാപകർ കൂടുതൽ കൂടുതൽ മനസ്സിലാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കണം.

**പഠനനേട്ടം**

വിവിധ അധ്യാപകപരിശീലനസംവിധാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഘടനയും പ്രവർത്തനങ്ങളും വിശകലനം ചെയ്യുന്നു.

**ആശയമേഖലകൾ**:

കേന്ദ്ര സംസ്ഥാന അധ്യാപക പരിശീലന സ്ഥാപനങ്ങളും സംവിധാനങ്ങളും

- NCERT, RIE, NCTE
- SCERT, IASE, CTE, DIET, I.T.E
- BRC, CRC

### (1) NCERT (National Council for Educational Research and Training)

ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമാണിത്. ഡൽഹി ആസ്ഥാനമായി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനം രാജ്യത്തിന്റെ സ്കൂൾ വിദ്യാഭ്യാസത്തിൽ സുപ്രധാനസ്ഥാനം വഹിക്കുന്നു. ദേശീയതലത്തിൽ CBSE സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും തയാറാക്കൽ, സംസ്ഥാനങ്ങൾക്കു മാർഗദർശകമായി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഗവേഷണങ്ങൾ നടത്തൽ, ദേശീയപാഠ്യപദ്ധതിചട്ടക്കൂടുകൾ തയ്യാറാക്കൽ, പുതിയ പഠനതന്ത്രങ്ങളും സാമഗ്രികളും വികസിപ്പിക്കൽ, പ്രീസർവീസ് ഇൻസർവീസ് പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ, വിവരവിനിമയ സാങ്കേതിക വിദ്യയുടെ വികാസം എന്നിവ ഈ സ്ഥാപനത്തിന്റെ ചുമതലയാണ്.

### (2) RIE (Regional Institute of Education)

എൻ.സി.ഇ ആർ.ടി യുടെ മേഖല തിരിച്ചുള്ള യൂണിറ്റുകളാണ് ആർ.ഐ.ഇകൾ.

1. ആർ.ഐ.ഇ അജ്മീർ
2. ആർ.ഐ.ഇ ഭോപ്പാൽ
3. ആർ.ഐ.ഇ ഭുവനേശ്വർ
4. ആർ.ഐ.ഇ ഷില്ലോംഗ്
5. ആർ.ഐ.ഇ മൈസൂർ

എന്നീ അഞ്ചു ആർ.ഐ.ഇകളാണുള്ളത്. ഇവ പ്രീസർവീസ് അധ്യാപകപരിശീലനങ്ങളും ഇൻ സർവീസ് പരിശീലനങ്ങളും നടത്തുന്നുണ്ട്. അജ്മീർ, ഭോപ്പാൽ, ഭുവനേശ്വർ, മൈസൂർ ആർ.ഐ.ഇകളോടനുബന്ധിച്ചു Demonstration Multipurpose School (DMS) പ്രവർത്തിക്കുന്നുണ്ട്. ഇവ നൂതനമായ പഠനബോധന മാതൃകകൾ വികസിപ്പിക്കുന്നതിനും ട്രൈഔട്ട് നടത്തുന്നതിനുമുള്ള കേന്ദ്രങ്ങളാണ്. പ്രീസ്കൂൾ മുതൽ സെക്കന്ററിതലം വരെയുള്ള അധ്യാപക പരിശീലനപരിപാടികൾ ആർ.ഐ.ഇകൾ സംഘടിപ്പിച്ചുവരുന്നു.

### (3) NCTE (National Council for Teacher Education )

രാജ്യത്തെ അധ്യാപക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. കോഴ്സിനും സ്ഥാപനത്തിനും എൻ.സി.ടി.ഇ.യുടെ അംഗീകാരം ആവശ്യമാണ്.

### (4) SCERT (State Council for Education Research and Training)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസ്ഥാപനം എന്നത് സംസ്ഥാന ത്തെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പഠന ഗവേഷണപരിശീലനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമാണ്. സ്വയംഭരണ സ്വഭാവത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ആറ് ഡിപ്പാർട്ട്മെൻറുകൾ പ്രവർത്തിക്കുന്നു.

1. Curriculum,Textbooks & Evaluation
2. Teacher Education & Extension
3. Educational Technology

4. Art, Physical, Health and Vocational Education.

5. Research Documentation and Dissemination

6. Special Education

- സംസ്ഥാനത്തെ പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററിവരെയുള്ള വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതി, പഠനസാമഗ്രികൾ, മൂല്യനിർണയോപാധികൾ, മാർഗരേഖകൾ എന്നിവ വികസിപ്പിക്കുക.
- പാഠ്യപദ്ധതി, പഠനസാമഗ്രികൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണ ങ്ങളും നടത്തുക.
- സേവനകാലപരിശീലനത്തിന് നേതൃത്വം വഹിക്കുക.
- കലാകായികപ്രവൃത്തി വിദ്യാഭ്യാസത്തിന് ആവശ്യമായ സാമഗ്രികൾ വികസിപ്പിക്കുക.
- അധ്യാപകപരിശീലന പാഠ്യപദ്ധതി, പഠനസാമഗ്രി എന്നിവ തയ്യാറാക്കി നടപ്പാക്കുക.
- വിദ്യാഭ്യാസവകുപ്പു നടത്തുന്ന വ്യത്യസ്ത പരീക്ഷകൾക്കുള്ള ചോദ്യമാതൃകകൾ വികസിപ്പിക്കുക

**IASE ( Institute of Advanced Studies in Education & CTE (College of Teacher Education)**

സെക്കന്ററി, ഹയർസെക്കന്ററി അധ്യാപകർക്ക് സേവനകാല പരിശീലനം നൽകുന്ന സ്ഥാപനങ്ങളാണ് IASE ഉം CTE ഉം. B.Ed, M.Ed തുടങ്ങിയ സേവനപൂർവ അധ്യാപക പരിശീലനങ്ങളും ഈ സ്ഥാപനങ്ങളിൽ നടക്കുന്നു. ഇതു കൂടാതെ B.Ed ട്രെയിനിങ് കോള ജുകളും യൂണിവേഴ്സിറ്റി നേരിട്ടു നടത്തുന്ന B.Ed സെന്ററുകളും ഉണ്ട്.

**DIET (District Institute of Education and Training)**

ജില്ലാവിദ്യാഭ്യാസപരിശീലന സ്ഥാപനങ്ങൾ അഥവാ ഡയറ്റുകൾ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഇന്ത്യയിലെ ജില്ലകളിൽ സ്ഥാപിക്കപ്പെട്ടു. എലിമെന്ററി വിദ്യാഭ്യാസ ത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും പ്രീസർവീസ് അധ്യാപകപരിശീലനങ്ങൾ നടത്തുകയുമാണ് ഈ സ്ഥാപന ത്തിന്റെ പ്രധാന ചുമതല. ഡയറ്റിൽ ഏഴുഫാക്കൽറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

1. P.S.T.E (Pre Service Teacher Education)
2. P & M (Planning and Management)
3. ET (Educational Technology)
4. IFIC (In service Field Interaction Innovation Coordination)
5. W.E (Work Experience)
6. DRU (District Resource Unit)
7. CMDE (Curriculum Material Development and Evaluation)

ഏഴ് ഫാക്കൽറ്റികളിൽ PSTE ഫാക്കൽറ്റി പ്രീസർവീസ് വിഭാഗവും മറ്റെല്ലാ ഫാക്കൽറ്റികളും ഇൻസർവീസ് പരിശീലനവിഭാഗവുമാണ്. പാഠ്യപദ്ധതിയുടെ ഫലപ്രദമായ വിനിമയത്തി നാവശ്യമായ സാമഗ്രികൾ വികസിപ്പിക്കുക, പ്രയോഗിച്ചുനോക്കുക എന്നിവ ഡയറ്റുകളുടെ

പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ്. DRU ഫാക്കൽറ്റി അനൗപചാരികമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുന്ന ഫാക്കൽറ്റിയാണ്. ജില്ലയിലെ അക്കാദമിക പ്രവർത്തനങ്ങൾക്കു നേതൃത്വംവഹിക്കുന്ന സ്ഥാപനങ്ങളെന്ന നിലയിൽ ഡയറ്റുകൾക്ക് കേരളത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം കൈവന്നിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്ക്കരണങ്ങളുമായി ബന്ധപ്പെട്ട അക്കാദമികപ്രവർത്തനങ്ങളിലും SSA, RMSA തുടങ്ങിയ പ്രോജക്ടുകളുടെ അക്കാദമിക നേതൃസ്ഥാനത്തും ഡയറ്റുകൾ പ്രവർത്തിച്ചു വരുന്നു.

**ഐ.ടി.ഇ (Institute of Teacher Education)**

D.El.Ed കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളാണ് ഐ.ടി.ഇ കൾ. ഗവൺമെന്റ് എയിഡഡ് അൺ എയിഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഇ കൾ കേരളത്തിലുണ്ട്.

**ബി.ആർ.സി (BRC – Block Resource Centre)**

ബ്ലോക്ക് തലത്തിലുള്ള അക്കാദമികപ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുകയും പിന്തുണ യും നൽകുന്ന സ്ഥാപനങ്ങളാണ് ബ്രോക്ക് റിസോഴ്സ് സെന്ററുകൾ. ബി.ആർ.സികളിൽ ഒരു ബ്ലോക്ക് പ്രോഗ്രാം ഓഫീസറും ട്രെയിനർമാരും (BRP – Block Resource Person) ഉണ്ടായിരിക്കും. വിദ്യാലയങ്ങൾ സന്ദർശിക്കുകയും അധ്യാപകർക്കാവശ്യമായ തത്സമയപിന്തുണ നൽകുകയും ചെയ്യുക എന്നതാണ് ബി.ആർ.സി ട്രെയിനർമാരുടെ പ്രധാനചുമതല. SSA പ്രോജക്ടിന്റെ കീഴിലുള്ള അധ്യാപകപരിശീലനങ്ങൾ നടത്തുക, പ്രത്യേകപരിഗണനയർഹിക്കുന്ന കുട്ടികൾക്കു വേണ്ട പിന്തുണ ഉറപ്പാക്കുക, MIS (Management Information System) ഡാറ്റ ശേഖരിക്കൽ, പൊതുവിദ്യാഭ്യാസ വകുപ്പ് അതാത് കാലത്തു നടത്തുന്ന പരിപാടികൾക്ക് ആവശ്യമായ പിന്തുണ നൽകൽ എന്നിവയാണ് ബി.ആർ.സി യുടെ പ്രധാന ചുമതലകൾ. DIET ന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ബ്ലോക്ക്തലത്തിൽ പിന്തുണ നൽകലും BRC കളുടെ ചുമതലയാണ്. ബി.ആർ.സിയുടെ അക്കാദമിക് കോ-ഓഡിനേറ്ററായി പ്രവർത്തിക്കുന്നത് ഡയറ്റ് ഫാക്കൽറ്റിയാണ്.

**സി.ആർ.സി (CRC – Cluster Resource Centre)**

കേരളത്തിൽ പഞ്ചായത്ത് തലത്തിലാണ് ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ബി.ആർ.സി യുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് നടപ്പാക്കുകയാണ് ക്ലസ്റ്ററുകളുടെ ചുമതല.

CRC, ക്ലസ്റ്റർ കോ ഓഡിനേറ്ററുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുക. ബി.ആർ.സി നടത്തുന്ന അക്കാദമിക പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തു നടത്തുക, പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മറ്റി വിളിച്ചുകൂട്ടുക, പൊതുവിദ്യാഭ്യാസ വകുപ്പുനടത്തുന്ന പരിപാടികൾ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ചു നടപ്പാക്കുക, സ്കൂളുകൾക്ക് തത്സമയ പിന്തുണ നൽകുക എന്നിവയാണ് സി.ആർ.സിയുടെ ചുമതലകൾ.

### തുടർപ്രവർത്തനങ്ങൾ

(1) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന അധ്യാപകപരിശീലന സ്ഥാപനങ്ങളാണ് കേരള ത്തിലുള്ളത്? അവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് അവതരിപ്പിക്കുക.

(2) കേരളത്തിലെ അധ്യാപക വിദ്യാഭ്യാസം കൊണ്ട് അധ്യാപകർക്ക് ആവശ്യമായ ശേഷികൾ, നൈപുണികൾ, ധാരണകൾ, മനോഭാവങ്ങൾ എന്നിവ ഉണ്ടാകുന്നുണ്ടോ? വിമർശനാത്മകമായി വിലയിരുത്തുക.

(3) നിലവിലുള്ള സേവനകാല പരിശീലനത്തിന്റെ സ്വഭാവം എന്താണ്? അവ അധ്യാപകരെ നവീകരിക്കുന്നതിന് എത്രമാത്രം സഹായകരമാണ്?